O32:3N243:11 K6 , SRAVU MANTHREKA

O32:3N243:11
K6

# സ്രാവ്

൧൦

(Malayalam)
Sravu
Short Stories
By BODHISATHWA MAITHREYA
Translated by
K. K. P. MENON
First Published March 1966
Copies 1500
Printed at
INDIA PRESS, KOTTAYAM
Price Rs. 2.50
Copyright
Bodhisathwa Maithreya
Publishers:
Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State
Sales Department:
NATIONAL BOOK STALL
Kottayam Kerala State India

# സ്രാവ്

(കഥകൾ)

**ബോധിസത്വമൈത്രിയ**

വിവർത്തനം

**കെ. കെ. പി. മേനോൻ**

UNIVERSITY LIBRARY.
-8 FEB 1975
MADRAS

University Grants Commission

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണസംഘം**

---

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2.50

## കെ. കെ. പി. മേനോൻെറ

## കൃതികൾ

കടലും മനുഷ്യനും (ശാസ്ത്രം)
നമ്മുടെ മത്സ്യങ്ങൾ ,,
നമുക്കു ചുററുമുള്ള കടൽ (തർജ്ജമ) ,,
ശാസ്ത്രം, സ്വാതന്ത്ര്യം, സമാധാനം ,, (പ്രബന്ധം)
ശാസ്ത്രം മുന്നോട്ട് (ലേഖനങ്ങൾ)
ശാസ്ത്രവും സാഹിത്യവും ,,
ബലിമൃഗം (കഥകൾ)
സ്രാവ് (തർജ്ജമ) ,,

284539
032:3N243:11
K6

S1785 B1102 67/65-66 1-1500

# കഥകൾ


ആദർശവാദി 7

ചീനീബാസചരിതം 53

മിസ്സിസ്സ് ഫോപ്കിൻസിന്റെ
വിചിത്രകഥ 69

സ്രാവ് 97

രണ്ടു സാഗരനാടകങ്ങൾ 143

UNIVERSITY LIBRARY
-8 FEB 1975
MADRAS

# ആദർശവാദി

എല്ലാവരും നിരാശപ്പെടാൻപോകയായിരുന്നു. കഴിഞ്ഞ അഞ്ചു ദിവസമായി അഹോരാത്രം ആ കപ്പലിനെ ശ്രദ്ധിച്ചിട്ടും യാതൊരു സൂചനയും കിട്ടിയില്ല. അറിയിപ്പുകാരൻ കൊണ്ടുവന്ന വിവരം ശുദ്ധനുണയാണെന്ന് എല്ലാവരും കരുതി. അങ്ങനെയിരിക്കെയാണ് ഒരാളെ പിടിച്ചിട്ടുണ്ടെന്നു കാവൽക്കാരൻ വന്നു പറഞ്ഞത്.

രാത്രി ഒന്നരമണിക്ക് ഈ വാർത്ത കിട്ടിയപ്പോൾ സ്ഥലത്തെ കസ്റ്റംസ് അധികാരിയായ മിസ്റ്റർ തോമസ് റോജേഴ്സ് ചതുരംഗക്കളിയിൽ അഗാധമായി മുഴുകിയിരിക്കയായിരുന്നു. പരിസരബോധംപോലുമില്ലാതെ, തൻെറ വരണ്ട തലമുടിയിൽ അലസമായി വിരലുകൾ ഓടിച്ചുകൊണ്ട്, എതിരാളിയായ മിസ്റ്റർ അയ്യരെ എങ്ങനെ തോല്പിക്കാൻ കഴിയും എന്ന് ഏകാഗ്രമായി ചിന്തിക്കയായിരുന്നു അയാൾ. എന്നാൽ അസിസ്റ്റൻറ് പോലീസ് കമ്മീഷണർ മിസ്റ്റർ രമാനാഥയ്യർ ചതുരംഗത്തിൻെറ കാര്യത്തിൽ അതിസമർത്ഥനായിരുന്നു. വിദഗ്ദ്ധചതുരംഗക്കളിക്കാരനായ മിസ്റ്റർ റോജേഴ്സ് മിസ്റ്റർ അയ്യരെ കുടുക്കാൻ എത്രയെത്ര സൂക്ഷ്മമായി വല വീശിയോ അതെല്ലാം മുൻകൂട്ടി കണ്ട മിസ്റ്റർ അയ്യരാകട്ടെ ആ കെട്ടുകളെല്ലാം വേഗം വേഗം പൊട്ടിച്ചു വെളിയിൽ ചാടി. എങ്ങനെയും മിസ്റ്റർ അയ്യരെ തോല്പിക്കണമെന്നു മിസ്റ്റർ റോജേഴ്

UNIVERSITY LIBRARY 3 FEB 1975

സിനു വാശികയറിയതിനാൽ കളി നീണ്ടു നീണ്ടു പൊ യ്ക്കൊണ്ടിരുന്നു. സമയം ഒന്നര കഴിഞ്ഞതു രണ്ടുപേരും അറിഞ്ഞതേയില്ല.

ഈ സമയത്താണ് മിസ്റ്റർ റോജേഴ്സിൻെറ കാ വല്ക്കാരിൽ ഒരാൾ വാതിൽ നിശ്ശബ്ദം തുറന്നു് അകത്തു കടന്നതു്. മിസ്റ്റർ റോജേഴ്സ് ചതുരംഗപ്പലകയുടെ മു മ്പിലിരുന്നാൽ മററു സർവ്വവും മറക്കുമെന്നു് എല്ലാവർക്കും അറിയാമായിരുന്നതുകൊണ്ടു് യജമാനൻെറ ശ്രദ്ധ ആക ർഷിക്കാൻ അയാൾ ശബ്ദമുണ്ടാക്കി മിലിട്ടറിരീതിയിൽ സല്യൂട്ടുചെയ്തു നിന്നു.

മിസ്റ്റർ റോജേഴ്സ് അസഹ്യതയോടെ ചതുരംഗ പ്പലകയിൽനിന്നു തലയുയർത്തി കാവല്ക്കാരനോടു ഗൗരവ ത്തിൽ ചോദിച്ചു: "ഉം, എന്താ? എന്താണു വേണ്ടതു്?"

"സർ, ഇവിടെനിന്നു് ആറു നാഴിക തെക്കുള്ള കോർക്കൈയിൽവെച്ചു കുറച്ചു മുമ്പു് എസ്. എസ്. സിരാജിലെ ജോലിക്കാരിൽ ഒരാളെ അറസ്റ്റ്ചെയ്തിട്ടു ണ്ടെന്ന ഒരു വാർത്ത ഇൻസ്പെക്ടർ ഗുരുനാഥ് കൊണ്ടുവ ന്നിരിക്കുന്നു."

മിസ്റ്റർ റോജേഴ്സ് അതേ ഗൗരവത്തിൽ ഗർജ്ജി ച്ചു: "അതിനു് എന്തുവേണം? ഈ രാത്രിയിൽ ഞാൻ എന്തുചെയ്യാൻ? അയാളെ അറസ്റ്റ്ചെയ്തതെല്ലാം എൻെറ മോക്ഷത്തിനുവേണ്ടിയാണെന്നപോലെ." റോജേഴ്സ് പിന്നെയും ചതുരംഗപ്പലകയുടെ മുമ്പിലെ സമാധിയിൽ മുഴുകി.

മിസ്റ്റർ റോജേഴ്സിനെ എതിർത്തുനില്ക്കാൻ മിസ്റ്റർ അയ്യർ സകല കഴിവുകളും ഉപയോഗിക്കയായിരുന്നു. എ ങ്കിലും പരാജയം ഒഴിവാക്കുക പ്രയാസമാണെന്നു മനസ്സി

ലായി. അതുകൊണ്ടു ചതുരംഗത്തിൽനിന്നു തലയുയത്തി അയാൾ മിസ്റ്റർ റോജേഴ്സിനോടു പറഞ്ഞു:

"മിസ്റ്റർ തോമസ്, നിങ്ങൾ എന്താണീ പറയുന്നതു്? 'സിറാജി'ലെ ജോലിക്കാരിൽ ആരെയെങ്കിലും സംശയം തോന്നുകയാണെങ്കിൽ അറസ്റ്റുചെയ്യാൻ നിങ്ങളുടെ ഉദ്യോഗസ്ഥന്മാരെ കഴിഞ്ഞ അഞ്ചു ദിവസമായി നിങ്ങൾ ഏല്പ്പെടുത്തിയിരിക്കയായിരുന്നു. തുടച്ച്യായി കാത്തുകാത്തു് ഈ അഞ്ചു ദിവസംകൊണ്ടു് അവർ വിഷമിച്ചുകഴിഞ്ഞു. എന്നിട്ടു് ഒരല്പം തെളിവു കിട്ടിക്കഴിഞ്ഞപ്പോൾ ഈ ചതുരംഗത്തിനുവേണ്ടി നാം അതു് ഉപേക്ഷിക്കുകയോ? ഇല്ല. അതു് അനുവദിക്കാൻ എനിക്കു സാദ്ധ്യമല്ല. എനിക്കും ചതുരംഗത്തിൽ അതിയായ താല്പര്യം ഉണ്ടെങ്കിലും ഗവണ്മെൻറുദ്യോഗസ്ഥന്മാരെന്ന നിലയിൽ നമുക്കു കൂടുതൽ ഉത്തരവാദിത്വമുണ്ടു്."

ഇതു കേട്ടപ്പോൾ റോജേഴ്സ് കൂടുതൽ ബോധവാനായി. ലജ്ജകൊണ്ടു മങ്ങിയ പുഞ്ചിരിയോടെ അയാൾ പറഞ്ഞു: "ഞാൻ കളിയിൽ മുഴുകിപ്പോയി. ശരി, ഇതു നമുക്കു പിന്നൊരിക്കൽ നോക്കാം." അയാൾ വാച്ചിൽ നോക്കി. "ഓ! എന്തു്? മണി ഒന്നേമുക്കാൽ ആകാൻ പോകുന്നു!" തിരിഞ്ഞു കാവല്ക്കാരനോടു് ആജ്ഞാപിച്ചു: "ഇൻസ്പെക്ടർ ഗുരുനാഥിനോടു വരാൻ പറയൂ."

കാവല്ക്കാരൻ പോയി മിസ്റ്റർ ഗുരുനാഥിനെ കൂട്ടിക്കൊണ്ടു വന്നു.

മിസ്റ്റർ റോജേഴ്സ് ഒരു ചുരുട്ടു കൊളുത്തി വലിച്ചുകൊണ്ടു ഗുരുനാഥിനോടു ചോദിച്ചു: "ഹേ! എന്താണു് ഉണ്ടായതു്?"

മിസ്റ്റർ ഗുരുനാഥ് വിനയസ്വരത്തിൽ ഉത്തരം നല്കി: "സർ, കഴിഞ്ഞ കുറെ ദിവസങ്ങളായി ഞങ്ങൾ

എസ്. എസ്. സിരാജിയെ ഇടവിടാതെ ശ്രദ്ധിക്കയായിരുന്നു. അതൊരു വലിയ കപ്പലാണ്. പതിനായിരം ടണ്ണിലധികം വരും. അതുകൊണ്ടു നടുക്കടലിലാണു നങ്കൂരമിട്ടിരിക്കുന്നതു്. വാസ്തവത്തിൽ അതു നമുക്കു ഗുണം ചെയ്തു സർ. ആ കപ്പലിനകത്ത് എന്തെങ്കിലും കള്ളച്ചരക്കുകളുണ്ടോ എന്ന് അവൾക്കു ചുററും മീൻ പിടിച്ചിരുന്ന തോണികളിൽക്കൂടി ഞങ്ങൾ അന്വേഷിച്ചു. പക്ഷേ, ഒന്നും പിടികിട്ടിയില്ല. എങ്കിലും അങ്ങയുടെ ഉത്തരവുപ്രകാരം ഞങ്ങൾ അന്വേഷണം തുടന്നു. അതിൻെറ എഞ്ചിന് എന്തോ തകരാറുണ്ടെന്നു പിന്നീടു മനസ്സിലായി. കഴിഞ്ഞ കുറെ ദിവസമായി ചില സ്ഥാപനങ്ങളിലെ ജോലിക്കാർ കരയിൽനിന്നു് ആ കപ്പലിൽ പോകുന്നതും വരുന്നതും ഞങ്ങൾ കണ്ടു. ഞാൻ അവരിൽ ചിലരോടു ചോദിച്ചപ്പോൾ അറിഞ്ഞതു കപ്പൽ കുറെ ദിവസംകൂടി ഇവിടെയുണ്ടാകുമെന്നാണ്. പക്ഷേ, അവക്കു കപ്പലിലെ കള്ളച്ചരക്കുകളെപ്പററി യാതൊരു വിവരവും ഞങ്ങൾക്കു തരാൻ കഴിഞ്ഞില്ല. ഇതു്—'' മിസ്റ്റർ ഗുരുനാഥ് നിർത്തി. പെട്ടെന്നു് അയാൾ പോക്കററിൽ കൈയിട്ട് എന്തോ സാധനം എടുത്തു. കൈ വിടർത്തി കാണിച്ചുകൊണ്ട് അയാൾ തുടന്നു: "ഇതു് ഒഴികെ."

മിസ്റ്റർ അയ്യർ എഴുന്നേററു് ആകാംക്ഷയോടെ നോക്കി. ഒരു സ്വർണ്ണക്കഷണം ഗുരുനാഥിൻെറ കൈയിലിരുന്നു തിളങ്ങുന്നതാണു കണ്ടതു്. പക്ഷേ, മിസ്റ്റർ റോജേഴ്സ് അതിലത്ര ശ്രദ്ധപതിപ്പിച്ചില്ല. എല്ലാം ആരംഭത്തിൽത്തന്നെ അറിയാമെന്ന മട്ടിൽ അയാൾ ഇരുന്നതേയുള്ളു. അവസാനം ശാന്തസ്വരത്തിൽ ഇത്രയും ചോദിച്ചു: "നിങ്ങൾക്ക് ഇതു് എവിടെനിന്നാണു കിട്ടിയതു്?"

“ഒരു കപ്പൽവേലക്കാരനിൽനിന്നു് ഇപ്പോൾ കിട്ടിയതാണു്.”

മിസ്റ്റർ റോജേഴ്സ് എന്തോ ആലോചിക്കുന്ന മട്ടിൽ പുരികം ചുളിച്ചു. അതിവേഗത്തിൽ ചുരുട്ടു വലിച്ചുകൊണ്ടിരുന്ന അയാളിൽനിന്നു പുറത്തുവന്നതു് ഒരേയൊരു ശബ്ദമാണു്: “ഉം.”

മിസ്റ്റർ അയ്യർ അത്ഭുതത്തോടെ ചോദിച്ചു: “അറിയിച്ചയാൾ തെറ്റായ വിവരമല്ല തന്നതെങ്കിൽ പിന്നെ—”

മിസ്റ്റർ റോജേഴ്സ് അതേ രീതിൽ ചുരുട്ടു വലിച്ചുകൊണ്ടു് വീണ്ടും മൂളി: “ഉം.”

എന്നാൽ ഇത്തവണ മൂളിയതു് അല്പംകൂടി ഉച്ചത്തിലായിരുന്നു. ഏതോ വ്യക്തമായ ദൃഢനിശ്ചയം ആ സ്വരത്തിൽ ധ്വനിച്ചിരുന്നു.

“ആ ജോലിക്കാരനെ അറസ്റ്റ്ചെയ്യുവെന്നു് തീൎച്ചയുണ്ടോ? എവിടെയാണയാളെ സൂക്ഷിച്ചിരിക്കുന്നതു്?”

“സർ, അയാളെ ഞങ്ങൾ പോലീസ്കസ്റ്റഡിയിൽ ഏല്പിച്ചിരിക്കയാണു്, ഇപ്പോൾ ലോക്കപ്പിലുണ്ടു്.”

“ഇത്ര പെട്ടെന്നു് എന്തിനാണു പോലീസിൽ ഏല്പിച്ചതു്? ഇവിടെ കൊണ്ടുവരാൻ നിങ്ങൾക്കു കഴിഞ്ഞില്ലേ?”

“സർ, അയാൾ എന്തു ഭയങ്കരനാണെന്നോ? കാണുന്നതുവരെ അങ്ങു വിശ്വസിക്കയില്ലായിരിക്കാം. അയാൾ ഏറെക്കുറെ ഒരു രാക്ഷസനാണു്. അയാളുടെ രൂപംതന്നെ ഭയങ്കരമാണു്. വലിയ ശരീരശക്തിയുണ്ടു്. അയാളെ അറസ്റ്റ്ചെയ്യുന്നതിനുള്ള ശ്രമത്തിൽ നമ്മുടെ മൂന്നു കാവല്ക്കാൎക്കു മുറിവുപോലും പററി. അവസാനം ഞങ്ങൾ ഒരു പോലീസ് ഇൻസ്പെക്ടറുടെയും കുറെ പോലീസുകാരുടെയും സഹായത്തോടെയാണു് അയാളെ അറസ്റ്റ്ചെയ്തതു്.

അയാളെ ഇവിടെ കൊണ്ടുവരുന്നതു് അത്ര സുരക്ഷിതമ ല്ലെന്നു തോന്നിയതുകൊണ്ടാണു കൊണ്ടുവരാതിരുന്നതു്. അതുകൊണ്ടു പോലീസ് ലോക്കപ്പിലാക്കി.''

മിസ്റ്റർ റോജേഴ്സ് ഒരു കോട്ടുവായിട്ടുകൊണ്ടു് എ ഴുന്നേററു. ''നമുക്കു പോകാം മിസ്റ്റർ രമാനാഥൻ. എന്റെ മാന്യാതിഥിയെ ഒന്നു കാണട്ടെ. ഈ സാധു അവഗണി ച്ചെന്നു വരരുതല്ലോ. തീർച്ചയായും അയാൾ സാധാരണ നിലയിലുള്ള ഒരാളല്ല. വേണ്ടവിധത്തിൽ സമീപിച്ചാൽ ഒരുപക്ഷേ, അയാളിൽനിന്നു് എനിക്കൊരു സ്വർണ്ണഖനി തന്നെ കിട്ടിയേക്കും. ങാ! ആരാ അവിടെ? ആ ജീപ്പ് ഡ്രൈവറെ വിളിക്കു. എനിക്കു് ഉടനെ പോകണം.''

അല്പനിമിഷങ്ങൾക്കുള്ളിൽ ജീപ്പ് വെളിയിൽ വ ന്നു. മിസ്റ്റർ അയ്യരും മിസ്റ്റർ റോജേഴ്സും അതിൽ കയറി. ജീപ്പ് പോലീസ്സ്റ്റേഷന്റെ നേരെ പായുകയുംചെയ്തു.

ജീപ്പിലിരുന്നുകൊണ്ടു് മിസ്റ്റർ രമാനാഥൻ ചോദി ച്ചു: ''മിസ്റ്റർ തോമസ്, ഈ ബുദ്ധിമുട്ടുകളെല്ലാംകൊണ്ടു നിങ്ങൾക്കെന്താണു ഗുണം? നിങ്ങൾക്കു മുമ്പു് ഇവിടെ ഉണ്ടായിരുന്ന ഓഫീസർമാർ കൈക്കൊണ്ട രീതികൾ നിങ്ങൾക്കും എന്തുകൊണ്ടു സ്വീകരിച്ചുകൂടാ?'' മിസ്റ്റർ റോജേഴ്സ് മറുപടി നല്കി: ''അതിന്നർത്ഥം ആ കള്ളന്മാ രോടും കൊള്ളക്കാരോടും കൂട്ടുചേർന്നു ഞാൻ പണം സമ്പാ ദിക്കണമെന്നാണോ? അതാണോ നിങ്ങൾ അർത്ഥമാക്കു ന്നതു്? അങ്ങനെ ചെയ്താൽ എനിക്കു വലിയൊരു ബം ഗ്ലാവും, നല്ലൊരു കാറും എല്ലാ സുഖഭോഗസാധനങ്ങളും സമ്പാദിക്കാം അല്ലേ? നിങ്ങളുടെ അഭിപ്രായത്തിന്നു് എ ന്റെ ഭാര്യയുടെ അഭിപ്രായവുമായി അത്ഭുതകരമായ സാമ്യ മുണ്ടു്. നിങ്ങൾ എന്താണു് ഒരു സ്ത്രീയേപ്പോലെ സംസാ രിക്കുന്നതു്?''

രമാനാഥന്ന തൻെറ സുഹൃത്തായ മിസ്റ്റർ തോമസ് റോജേഴ്സിൻെറ ആറടി ഉയരമുള്ള ആകാരം മാത്രമല്ല, ആദൎശസമ്പന്നമായ സ്വഭാവവും നന്നായി അറിയാം. ഏതൊരു ആൾക്കൂട്ടത്തിലും റോജേഴ്സിനെ തിരിച്ചറിയുക പ്രയാസമായിരുന്നില്ല. ഏതെങ്കിലും രീതിയിലോ, ഏതെങ്കിലും പരിതഃസ്ഥിതിയിലോ ആ തല താഴുകയില്ലെന്നു രമാനാഥന്ന് അറിയാമായിരുന്നു. ധിഷണാശാലിയും സത്യസന്ധനും നീതിമാനുമായ ഒരു ആഫീസർ മാത്രമായിരുന്നില്ല മിസ്റ്റർ റോജേഴ്സ്. അയാൾ ഒരു വലിയ ആദൎശവാദികൂടി ആയിരുന്നു. ഇന്നത്തെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഇത്തരം ആളുകളെ കാണുക വളരെ പ്രയാസമാണ് എന്നു മനസ്സിലാക്കിയിരുന്ന രാമനാഥൻ റോജേഴ്സിൻെറ ഈ സ്വഭാവസമ്പന്നതയിൽ അത്യധികം ആകൃഷ്ടനായിരുന്നു.

അതെ, ഇത്തരം ഉദ്യോഗസ്ഥന്മാരെ കാണുക ഇന്നു പ്രയാസംതന്നെയാണ്. പ്രയാസം മാത്രമല്ല ഇത്തരം ഉദ്യോഗസ്ഥന്മാർ അപൂൎവ്വംകൂടിയാണ്. കാരണമുണ്ട് ഇതിന്ന്. സാധാരണമനുഷ്യൻെറ മാനസികഭാവങ്ങൾ, അനുദിനം വ്യത്യസ്തമായിക്കൊണ്ടിരിക്കുന്ന സാമുദായിക പരിവൎത്തനങ്ങൾക്ക് അനുരൂപമായി വ്യത്യസ്തപ്പെട്ടുകയാണ്. 'അൎത്ഥം വിനാ നൈവ യശശ്ച മാനം.' അങ്ങനെ വന്നുവന്ന് സത്യസന്ധമായോ അല്ലാതെയോ എങ്ങനെയായാലും പണമുണ്ടാക്കുക എന്നതായിരിക്കുന്നു ഇന്നു് എല്ലാവരുടേയും ലക്ഷ്യം. പക്ഷേ, സത്യസന്ധമായി പണം സമ്പാദിക്കുക ദുഷ്കരവും സങ്കുചിതവും ആയ മാൎഗ്ഗമാണ്. അതിനാൽ നേരുകെട്ടതും സമുദായദ്രോഹകരവുമായരീതിയിൽക്കൂടി ധനം സമ്പാദിക്കാൻ മനുഷ്യൻ ആയിരക്കണക്കിനു സൂത്രങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. ഇവ

യിൽ ഒരുപക്ഷേ, ഏററവും എളുപ്പമുള്ളതു കസ്റ്റംസ് അധികാരികളുടെ കണ്ണിൽ പൊടിയിട്ടു കള്ളക്കടത്തുവ്യാപാരം നടത്തുക എന്നതാണ്. സ്വർണ്ണത്തിൻെറ കാര്യം തന്നെ നോക്കുക. ഇന്ത്യയിൽ നൂറോ നൂററമ്പതോ രൂപ വിലയുള്ള സ്വർണ്ണത്തിനു് സിങ്കപ്പൂരിലോ, ഹോംങ്കോങ്ങിലോ മററു സ്വതന്ത്ര തുറമുഖങ്ങളിലോ അമ്പതു രൂപ മാത്രമായിരിക്കും വില. ആ സ്വർണ്ണം നിയമപരമായ മാർഗ്ഗങ്ങളിൽക്കൂടി ഇന്ത്യയിൽ എത്തുമ്പോൾ നികുതി കൊടുക്കേണ്ടിവരികയും അതിൻെറ വില നൂറോ നൂററമ്പതോ രൂപ ആകുകയുംചെയ്യും. എന്നാൽ ഈ നികുതി എങ്ങനെയെങ്കിലും ഒഴിവാക്കാൻ കഴിഞ്ഞാൽ കിട്ടുന്നതു കുറഞ്ഞതു നൂറുശതമാനം ലാഭമാണ്. സ്വർണ്ണം മാത്രമല്ല വിലപിടിച്ച രത്നങ്ങൾ, സുഖഭോഗസാധനങ്ങൾ, കഞ്ചാവ്, കൊക്കെെൻ, വിദേശമദ്യങ്ങൾ മുതലായ പലതും നിത്യേനയെന്നോണം ഇന്ത്യയിലെ എല്ലാ തുറമുഖങ്ങളിലും വ്യാജമാർഗ്ഗങ്ങളിൽക്കൂടി നിരന്തരം വന്നുകൊണ്ടിരിക്കുന്നു! ചിലപ്പോൾ ഇതു കസ്റ്റംസ്ജോലിക്കാരുടെ കണ്ണിൽ പെട്ടില്ലെന്നിരിക്കും. എന്നാൽ സത്യത്തിൽ മിക്ക അവസരങ്ങളിലും കസ്റ്റംസ് ഉദ്യോഗസ്ഥന്മാരുടെ കൺമുമ്പിൽവെച്ചുതന്നെയാണ്, ഈ കള്ളക്കടത്തുവ്യാപാരം നടക്കുന്നതു്. ഉണർന്നിരിക്കയാണെങ്കിലും ഉറങ്ങുന്നവൻെറ ഭാവമാണ് അവരിൽ മിക്കവർക്കും. ചെറിയ ചെറിയ വ്യാജവ്യാപാരത്തിലാണെങ്കിൽ കച്ചവടക്കാർ കസ്റ്റംസ് ഉദ്യോഗസ്ഥന്മാരുടെ കണ്ണിൽനിന്നു രക്ഷപെടുവാൻ ശ്രമിക്കുകയും, എന്നാൽ പലപ്പോഴും തൊണ്ടിസഹിതം പിടിക്കപ്പെടുകയും ചെയ്യുന്നു. പക്ഷേ, മാസങ്ങളും വർഷങ്ങളുമായി യാതൊരു അസ്വാസ്ഥ്യങ്ങളും ഇല്ലാതെ അനുസ്യൂതം നടന്നുവരുന്ന വൻകള്ളക്കടത്തുകളിലാകട്ടെ പല

കസ്റ്റംസ് ഉദ്യോഗസ്ഥന്മാരും ആ കച്ചവടക്കാരും തമ്മിൽ രഹസ്യവും സ്ഥിരവുമായ ഏൎപ്പാടുകൾ ഉണ്ടാകാം. അതിനാൽ കസ്റ്റംസ് വകുപ്പിലെ മിക്ക ജോലിക്കാരും തുച്ഛശമ്പളക്കാരാണെങ്കിൽക്കൂടി ചുരുങ്ങിയകാലത്തിനുള്ളിൽ വലിയ സമ്പന്നരാകുന്നു. എന്നാൽ വലിയ കച്ചവടക്കാരും ചിലപ്പോൾ പിടിക്കപ്പെടാറുണ്ടു്. പക്ഷേ, വളരെ അപൂൎവ്വമായാണു് ഇതു നടക്കുന്നതു്. അതും മററുള്ളവരുടെ മുമ്പിൽ സത്യസന്ധന്മാരും കഴിവുള്ളവരുമാകാൻവേണ്ടി കസ്റ്റംസുകാരും ഈ കച്ചവടക്കാരും തമ്മിൽ ധാരണയുണ്ടായശേഷം. പത്തോ പതിനഞ്ചോ കൊല്ലം അഭംഗുരമായി കള്ളക്കച്ചവടം നടത്തിയതിനു ശേഷമായിരിക്കും ഒരിക്കൽ ഇങ്ങനെ പിടികൊടുക്കുന്നതു്. അതിലും യഥാൎത്ഥകുററവാളി പലപ്പോഴും രക്ഷപെടുകയും ചെയ്യും—നേരിട്ടുള്ള തെളിവുകളുടെ അഭാവത്തിൽ!

ഇങ്ങനെ ഈ വ്യാജവ്യാപാരത്തിൻെറ വേരുകൾ ഇന്ത്യയിലെ ഓരോ തുറമുഖത്തിലും വ്യാപിച്ചുകഴിഞ്ഞിട്ടുണ്ടു്. അതിൻെറ ഫലമായി മിസ്റ്റർ റോജേഴ്സിനുമുമ്പു് ഈ തുറമുഖത്തിൽ ജോലിചെയ്ത കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ അല്പം വൎഷങ്ങൾക്കുള്ളിൽ വളരെയധികം പണം സമ്പാദിച്ചാണു പോയിട്ടുള്ളതു്. ഈ കീഴ്വഴക്കത്തിനു് ഒരപവാദമായി രമാനാഥൻ മിസ്റ്റർ റോജേഴ്സിനെ മാത്രമേ കണ്ടിട്ടുള്ളു.

വളരെക്കാലമായി ഇവിടെ ജോലിചെയ്യുന്ന ഒരു പോലീസ് ഓഫീസറാണു് രമാനാഥൻ. മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ പരിചയവും അഗാധമാണു്. പൂൎവ്വകാലാനുഭവങ്ങൾമൂലം മിസ്റ്റർ റോജേഴ്സ് ആദ്യമായി ഇവിടെ വന്നപ്പോഴും രമാനാഥൻ അയാളെ മുൻഗാമികളെപ്പോലെതന്നെ കരുതി. രമാനാഥനെ

സംബന്ധിച്ചിടത്തോളമാണെങ്കിൽ, മറ്റുള്ളവരിൽനിന്നു കൈക്കൂലി വാങ്ങാൻ വേണ്ടത്ര നട്ടെല്ലുറപ്പ് അയാൾക്കില്ല. കൈക്കൂലി വാങ്ങണമെന്നു മനസ്സിൽ ആഗ്രഹമുണ്ടെങ്കിൽക്കൂടി വൃദ്ധനായ പിതാവിനെ ഭയന്ന് അയാൾക്ക് അതു ചെയ്യാൻ കഴിഞ്ഞിരുന്നില്ല. രമാനാഥന്റെ അച്ഛൻ ഒരു റിട്ടയർഡ് പോലീസ് ഓഫീസറാണ്. ഉദ്യോഗത്തിലിരുന്നകാലത്തു സത്യസന്ധനും ആത്മാർത്ഥതയുള്ളവനുമായ ഒരു ഓഫീസർ എന്ന സൽപ്പേരു സമ്പാദിച്ചിരുന്നു. കൈക്കൂലി വാങ്ങി പണം ഉണ്ടാക്കുന്നതിലും ഭേദം ദരിദ്രനായി ജീവിക്കുന്നതാണു നല്ലതെന്ന് ആയിരുന്നു അദ്ദേഹത്തിൻെറ സിദ്ധാന്തം. ഇപ്പോഴും കുടുംബത്തലവൻ അദ്ദേഹംതന്നെ. രമാനാഥനു പ്രായമായെങ്കിലും പിതാവിനെ വലിയ ഭയമായിരുന്നു. പിതാവാകട്ടെ വീട്ടിലെ നിസ്സാരകാര്യങ്ങളിൽപ്പോലും ശ്രദ്ധകാണിച്ചു. ഒരല്പം ധാരാളിത്തം എപ്പോഴെങ്കിലും കണ്ടാൽ മതി, ഉടൻ അദ്ദേഹം മകനോടു ചോദിക്കും, ഈ പണം എവിടെനിന്നു കിട്ടിയെന്ന്. അദ്ദേഹത്തിൻെറ ഭരണംമൂലം കൈക്കൂലി വാങ്ങുകയെന്നതു പോകട്ടെ എന്തെങ്കിലും സമ്മാനം സ്വീകരിക്കാൻപോലും രമാനാഥനു കഴിഞ്ഞിരുന്നില്ല.

എന്നാൽ കൈക്കൂലി വാങ്ങുന്ന കാര്യത്തിൽ രമാനാഥനു മററുള്ളവരെപ്പററി യാതൊരു വിശ്വാസവും ഇല്ലായിരുന്നു. വിശേഷിച്ചും കസ്റ്റംസ്ഡിപ്പാർട്ടുമെൻറിലുള്ളവരെ. ഇതിനുമുമ്പ് ഇവിടെ കസ്റ്റംസ് സൂപ്രണ്ടായിരുന്ന സുബ്രഹ്മണ്യം മൂന്നു തലമുറയ്ക്കു വെറുതെയിരുന്നു സുഖമായി ജീവിക്കുവാനുള്ള സ്വത്തുമായി പെൻഷൻപററിയതു രമാനാഥൻ കണ്ടതാണ്. തൽസ്ഥാനത്തു മിസ്റ്റർ റോജേഴ്സ് വന്നപ്പോൾ രമാനാഥൻ തൻെറ കീഴുദ്യോഗസ്ഥനോടു പറഞ്ഞു: "ഇനി ഈ പീരങ്കി ഇവിടെ എത്ര

പണം ഉണ്ടാക്കുമെന്നു കാണാം. സുബ്രഹ്മണ്യത്തിന്നു് ആകെക്കൂടി സമ്പാദിക്കാൻ കഴിഞ്ഞതു് ഇയാൾ മൂന്നു മാസംകൊണ്ടു സമ്പാദിക്കും.''

പക്ഷേ, അതു സംഭവിച്ചില്ല. ചാർജ്ജെടുത്ത ഉടനെ റോജേഴ്സ് ശ്രദ്ധിക്കാൻതുടങ്ങിയതു് ഇവിടെനിന്നു ചരക്കുകൾ കയററി പോകുന്ന നാടൻതോണികളേയാണു്. അവയുടെ ചലനങ്ങൾ അയാൾ നിശ്ശബ്ദം വീക്ഷിച്ചു. നിശയുടെ അന്ത്യയാമങ്ങളിൽ കടൽത്തീരങ്ങളിൽക്കൂടി അയാൾ വേഷംമാറി സഞ്ചരിച്ചു. അയാളുടെ കീഴ് ജീവനക്കാക്കുപോലും മനസ്സിലാകാത്തവിധത്തിൽ ഒളിച്ചും വേഷംമാറിയുമാണു് അയാൾ പലപ്പോഴും അന്വേഷണങ്ങൾ നടത്തിയതു്. അതിൻെറയെല്ലാം ഫലമായി തുറമുഖത്തിലെ ഏറ്റവും വലിയ പത്തേമാരിയായ 'ക്യൂൻ മേരി'തന്നെ അയാളുടെ പിടിയിൽ പെട്ടു. ഒരുദിവസം പെട്ടെന്നു കസ്റ്റംസ് അധികാരികൾ അതിലെ ഒരു അറ പരിശോധിക്കുകയും അതിൽനിന്നു പത്തു മന്നു കഞ്ചാവും അമ്പതു പെട്ടി വിദേശമദ്യങ്ങളും അഞ്ഞൂറു സ്വർണ്ണക്കഷണങ്ങളും കണ്ടെടുക്കുകയുംചെയ്തു.

ആ നാടിൻെറമുഴുവൻ ശ്രദ്ധ ആകർഷിച്ച ഒരു സംഭവമായിരുന്നു അതു്. റോജേഴ്സിന്നു രക്ഷയില്ലെന്നു് എല്ലാവരും കരുതി. കടന്നൽക്കൂട്ടിലാണു് അയാൾ കല്ലെറിഞ്ഞിരിക്കുന്നതു്. ഈ നാട്ടിൽ ഏററവും അധികം സ്വാധീനശക്തിയുള്ള മിസ്റ്റർ ആൽഫ്രഡ് ഗോമസ്സിൻെറ വക 'ക്യൂൻ മേരി'യാണു് റോജേഴ്സ് പരിശോധിച്ചതു്!

ആൽഫ്രഡ് ഗോമസ് വലിയ ഒരു ധനികനാണു്. ആയാളുടെ പൂർവ്വികന്മാർ ഇതേകള്ളക്കച്ചവടം ചെയ്തു നേടിക്കൂട്ടിയതാണു് ഈ വമ്പിച്ച സമ്പത്തെല്ലാം. ധനത്തോടൊപ്പം സമുദായത്തിൽ മാത്രമല്ല, രാഷ്ട്രീയത്തിലും

അവർ സ്വാധീനം ചെലുത്തിത്തുടങ്ങിയിരുന്നു. ആൽഫ്രെഡിന്റെ സഹോദരന്മാരിൽ ഒരാൾ പാർലിമെൻറ് മെമ്പറാണ്. മററൊരാൾ സ്റ്റേററ് അസംബ്ലിയിൽ ഇരിക്കുന്നു. ഈ നാട്ടിലെ നേതാക്കന്മാരാണ് ആൽഫ്രെഡ് കുടുംബാംഗങ്ങൾ. അങ്ങനെയുള്ള അവരുടെ പ്രിയപ്പെട്ട 'ക്യൂൻ മേരി'യിലെ രഹസ്യങ്ങൾ ഇത്ര പരസ്യമാക്കുക എന്നതു് ഗോമസ് സന്തതികളിൽ ആരെയെങ്കിലും അവമാനിക്കുന്നതിനു തുല്യമായിരുന്നു. ഇതിനിടയാക്കിയ റോജേഴ്സിനെ നോക്കി എല്ലാവരും അത്ഭുതപ്പെട്ടു. "ഈ പീരങ്കിക്ക് ലോകത്തിൽ യാതൊന്നിനേയും ഭയമില്ലേ?"

വാസ്തവത്തിൽ റോജേഴ്സിൻെറ ജീവിതനിഘണ്ടുവിൽ 'ഭയം' എന്നൊരു വാക്കില്ലായിരുന്നു. യുദ്ധഭൂമിയിലെ ഒരു സാധാരണഭടനായിട്ടാണ് അയാളുടെ ഔദ്യോഗികജീവിതം ആരംഭിച്ചതു്. അന്നു ധൈര്യവും, ബുദ്ധിശക്തിയും പ്രവത്തനശേഷിയുംമൂലം മേലുദ്യോഗസ്ഥൻെറ അഭിനന്ദനങ്ങൾക്കു പാത്രമായതിനാൽ വെറുമൊരു സാധാരണഭടൻെറ നിലയിൽനിന്നു് ഒരു ജൂനിയർ ഓഫീസറുടെ പദവിയിലേക്ക് അയാൾ ഉയത്തപ്പെട്ടു. പട്ടാളത്തിലുണ്ടായിരുന്നകാലം മുഴുവൻ തൻെറ സൽപ്പേരു നിലനിത്താൻ അയാൾക്കു കഴിയുകയുംചെയ്തു.

യുദ്ധം അവസാനിച്ചപ്പോൾ സൈനികോദ്യോഗസ്ഥന്മാർ മറ്റു വകുപ്പുകളിൽചേരുവാൻ തുടങ്ങി. ആ അവസരത്തിലാണു റോജേഴ്സിൻെറ മേലുദ്യോഗസ്ഥന്റെ അടുത്ത സുഹൃത്തായിരുന്ന കാസ്റ്റംസ് വകുപ്പിലെ ഒരു ഉയന്ന മേധാവി ധീരനും മിടുക്കനും സത്യസന്ധനും ആയ ഒരാളെ തൻെറ വകുപ്പിലേക്കു കിട്ടിയാൽക്കൊള്ളാമെന്നു താല്പര്യം പ്രകടിപ്പിച്ചതു്. മേലുദ്യോഗസ്ഥൻ യാതൊരു സങ്കോചവുംകൂടാതെ മിസ്റ്റർ റോജേഴ്സിൻെറ പേർ

നിദ്ദേശിച്ചു. അങ്ങനെ കസ്റ്റംസ് വകുപ്പിൽ ചേരാനിടയായ മിസ്റ്റർ റോജേഴ്സ് അവിടെയും തൻെറ സൽപ്പേരിനും നീതിബോധത്തിനും ഉടവു തട്ടാതെയിരിക്കുവാൻ ശ്രദ്ധിച്ചു. ഉദ്യോഗത്തിൽ പ്രവേശിച്ച് ആറുമാസത്തിനിടയിൽ ബോംബെതീരത്തു സ്വർണ്ണക്കടത്തിൽ ഏർപ്പെട്ടിരുന്ന ഒരു ചൈനീസ് കപ്പൽ പിടിച്ചെടുക്കാൻ അയാൾക്കു കഴിഞ്ഞു. മേലധികാരികൾ ഇതിൽ സന്തോഷിക്കുകയുണ്ടായി. ഏറെത്താമസിയാതെ മിസ്റ്റർ റോജേഴ്സിന് ഒരു ഉദ്യോഗക്കയററവും ലഭിച്ചു.

1947-ൽ ഇന്ത്യ സ്വതന്ത്ര്യയായതോടെ ഇംഗ്ലീഷുകാരായ ഉദ്യോഗസ്ഥന്മാർ സ്വരാജ്യത്തേക്കു തിരിച്ചുപോയി. ഒരു സ്വതന്ത്ര്യരാഷ്ട്രത്തിലെ ഭരണകൂടമെന്ന നിലയിൽ ഗവണ്മെന്റിന്റെ രൂപം മാറുമല്ലോ എന്നു മിസ്റ്റർ റോജേഴ്സ് വിചാരിച്ചു. നമ്മുടെ നാടിന്റെ ഒരു ശാപമായിത്തീന്നിരിക്കുന്ന കള്ളക്കടത്തുവ്യാപാരം നിത്തുന്നതിൽ തന്റെ സ്വതന്ത്ര്യഗവണ്മെൻറിനെ കൂടുതൽ ക്രിയാത്മകമായി താൻ സഹായിക്കേണ്ടിവരും എന്നു അയാൾ പ്രതീക്ഷിച്ചു. ഗവണ്മെൻറിനോടും രാഷ്ട്രത്തോടും തനിക്കു് ഇനിമുതൽ കൂടുതൽ ഉത്തരവാദിത്വം ഉണ്ടെന്നു് അയാൾ കരുതി. അഗാധവികാരത്തോടെ അയാൾ പലവുരു ഈ ആശയം ഓത്തു. ഒരു സ്വതന്ത്ര്യരാഷ്ട്രത്തിലെ പൗരനാണെന്നതിൽ അയാൾ അഭിമാനംകൊണ്ടു. നിയമലംഘനത്തിനുള്ള എല്ലാ പ്രവണതകളിൽനിന്നും തൻെറ രാജ്യത്തെ സ്വതന്ത്ര്യമാക്കണമെന്നുകൂടി അയാൾ ആഗ്രഹിച്ചു. തൻെറ സ്വതന്ത്ര്യജന്മഭൂമിയെ സവ്വാത്മനാ സേവിക്കുകയെന്നതായിരുന്നു അയാളുടെ ആഗ്രഹം.

എന്നാൽ ഇംഗ്ലീഷുകാരായ മേലധികാരികളുടെ അഭിനന്ദനത്തിനു വിധേയമായ ഈ ആദശ്വാദിമനോഭാ

വത്തിനു മിസ്റ്റർ റോജേഴ്സിൻെറ ഇന്ത്യൻ മേലുദ്യോഗ സ്ഥന്മാരിൽനിന്നു കനത്ത പ്രഹരമാണു ലഭിച്ചതു്. മറക്കാൻ കഴിയാത്ത സംഭവങ്ങളാണവ:

ഇന്ത്യ സ്വാതന്ത്ര്യം നേടിയ അവസരത്തിൽ മിസ്റ്റർ റോജേഴ്സ് യു. പി.യിലായിരുന്നു ജോലി ചെയ്തിരുന്നതു്. പഞ്ചാബിയായ ഒരു മിസ്റ്റർ നിഹൽസിംഗ് ആയിരുന്നു അയാളുടെ മേലുദ്യോഗസ്ഥൻ. ആ അവസരത്തിൽ ഹിമാലയത്തിനപ്പുറത്തുനിന്നു നടന്നിരുന്ന ഒരു സ്വർണ്ണക്കടത്തിൻെറ വിവരങ്ങൾ അറിയാൻ മിസ്റ്റർ റോജേഴ്സ് കിണഞ്ഞു ശ്രമിക്കയായിരുന്നു. ഒരു കൊല്ലത്തെ പ്രവർത്തനത്തിനു ശേഷം അയാൾക്കു് ആ കള്ളക്കടത്തിൻെറ തുമ്പു കിട്ടി. കുമയോൺകുന്നുകളിൽ, ചുററും പഴത്തോട്ടങ്ങളുള്ള ഒരു ബംഗ്ലാവിൽ പഴവ്യാപാരിയെന്നു ഭാവിച്ചിരുന്ന ഒരു പഞ്ചാബി മാന്യൻ താമസിച്ചിരുന്നു. അയാളാണു് ഈ സ്വർണ്ണക്കച്ചവടത്തിൻെറ കേന്ദ്രബിന്ദു എന്നു റോജേഴ്സിനു മനസ്സിലായി. അയാളുടെ ബംഗ്ലാവു പരിശോധിക്കുന്നതിനു റോജേഴ്സ് മേലധികാരിയോട്ടു് അനുവാദം ചോദിച്ചു. എന്നാൽ അതിന്റെ പ്രതികരണം വിപരീതമായിരുന്നു. നിഹൽസിംഗ് ഒരക്ഷരം മറുപടി പറഞ്ഞില്ല. വീട്ടു പരിശോധിക്കുവാൻ അനുവദിക്കുകയോ പരിശോധിക്കുന്നതിൽനിന്നു റോജേഴ്സിനെ തടയുകയോ ചെയ്തതുമില്ല. അതൊരു വല്ലാത്ത പരിതഃസ്ഥിതിയായിരുന്നു. മേലധികാരിയുടെ മനസ്സിലുള്ളതു് അറിയാൻ വളരെദിവസങ്ങൾ വേണ്ടിവന്നു. പെട്ടെന്നു് ഒരുദിവസം മുതൽ നിഹൽസിംഗ് വളരെ നിസ്സാരകാര്യങ്ങൾക്കുപോലും റോജേഴ്സിനു മെമ്മോകൾ കൊട്ടക്കാൻ തുടങ്ങി. അയാളുടെ പെരുമാററം തന്നെ ആകെ വ്യത്യാസപ്പെട്ടു. ആ പഴക്കച്ചവടക്കാരനിൽനി

ന്നു നിഹൽസിംഗ് അല്പം ലക്ഷം ഉറുപ്പിക കൈക്കൂലി വാങ്ങിയിട്ടുണ്ടെന്നു വളരെ വിശ്വസ്തനായ ഒരാളിൽനിന്നു റോജേഴ്സിനു് അറിവുകിട്ടി. അതിൻെറ തണലിൽ ആ വ്യാജവ്യാപാരം അഭംഗുരം നടക്കുകയായിരുന്നു. വാസ്തവത്തിൽ അവിടെ തുടരുക എന്നതുതന്നെ റോജേഴ്സിനെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നമായിത്തീൎന്നു. അതിനാൽ അയാൾ ഉന്നതാധികാരികളെ സമീപിച്ചു് തന്നെ വേറെ എവിടെയെങ്കിലും സ്ഥലംമാററണമെന്നവരെ അപേക്ഷിച്ചു.

മിസ്റ്റർ റോജേഴ്സ് സത്യസന്ധനായിരുന്നതിനാൽ അയാൾ ഇക്കാര്യം വീണ്ടും ഗവണ്മെൻറിൻെറ ഉന്നതതലങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. ഡിപ്പാർട്ടുമെന്റു സെക്രട്ടറി അയാളോടു് ഒരല്പം താല്പര്യം കാണിച്ചു. എങ്കിലും തൊട്ടു മുകളിലുള്ള ഉദ്യോഗസ്ഥനോടു വഴക്കുണ്ടാക്കുന്നതു് ഒരു ഗവണ്മെൻറു ജീവനക്കാരനു നന്നല്ല എന്നാണു് അദ്ദേഹം ഉപദേശിച്ചതു്.

ഇതു കേട്ടു റോജേഴ്സ് പറഞ്ഞു: "മിസ്റ്റർ സിംഗ് കൈക്കൂലി വാങ്ങിയിട്ടുണ്ടെന്നു് എനിക്കു നന്നായി അറിയാം."

സെക്രട്ടറി മറുപടി നല്കി: "നിങ്ങൾ പറയുന്നതിനു മുമ്പുതന്നെ അക്കാര്യം എനിക്കു നന്നായി അറിയാം. നിഹൽസിംഗ് തീരെ സത്യസന്ധതയില്ലാത്ത ഒരു ഉദ്യോഗസ്ഥനാണെന്നും എനിക്കു് അറിയാം. എന്നാൽ നേരിട്ടുള്ള തെളിവുകൾ ഇല്ലാത്തതുകാരണം അയാളുടെ പേരിൽ കുററം ആരോപിക്കാൻ നിവൃത്തിയില്ല. ഇതുപോലെ പല നിഹൽസിംഗുമാരും ഈ ഡിപ്പാർട്ടുമെൻറിൽ കൈക്കൂലി വാങ്ങി ജീവിക്കുന്നുണ്ടു്. എന്നാൽ ഗവണ്മെൻറിനു യാതൊന്നും ചെയ്യാൻ കഴിയാത്തവിധത്തിൽ നിയമ

ത്തിൻെറ എല്ലാ കെട്ടുകളും പൊട്ടിച്ചാണ് അവർ ഇതു ചെയ്യുന്നതു്."

റോജേഴ്സ് ഇതു കേട്ടു വളരെ അത്ഭുതപ്പെട്ടു. അയാൾ അല്പം ക്ഷോഭസ്വരത്തിൽ ചോദിച്ചു: "ക്ഷമിക്കണം, സർ. ഈ നീചമായ പ്രവൃത്തിയിൽ ഏപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ സ്വകാര്യസ്വത്തു രഹസ്യമായി തിട്ടപ്പെടുത്തി അവരെ പിടിച്ചുകൂടെ? ഇവർ ഈ പണമെല്ലാം സൂക്ഷിക്കുന്ന ഏതെങ്കിലും സ്ഥലം ഉണ്ടാകുമല്ലോ? ഗവണ്മെൻറിനു വേണമെന്നുണ്ടെങ്കിൽ ഇതിനെല്ലാം വിഷമമുണ്ടോ?"

സെക്രട്ടറിയുടെ മുഖഭാവം ആകെ മാറി. അദ്ദേഹം ചോദിച്ചു: "ഈ വിഷമങ്ങളെല്ലാം സഹിച്ചിട്ട് അവസാനം നമുക്ക് എന്തു നേട്ടമാണുണ്ടാകുന്നതു്? ഈ ചരടു വളരെ വളരെ മുകളിൽവരെ എത്തിയിട്ടുണ്ടെന്നുകൂടി ഒരുപക്ഷേ, നാം അവസാനം കണ്ടെന്നുവരാം." പെട്ടെന്നു സ്വരം മാററി ഉപദേശരൂപത്തിൽ അദ്ദേഹം പറഞ്ഞു: "നിങ്ങൾ സത്യവാനായി ജീവിച്ചാൽ മതി. മററുള്ളവരുടെ കാര്യത്തിൽ തലയിടേണ്ട. പിന്നെ, തൊട്ടു മേലുദ്യോഗസ്ഥനോടു വഴക്കിനും പോകരുതു്. അങ്ങനെ ചെയ്ത് ആരും ഗവണ്മെൻറു സർവ്വീസിൽ നല്ല പേരുണ്ടാക്കിയിട്ടില്ല."

നിഹൽസിംഗിൻെറ പിടികളിൽനിന്നു മോചനം നേടി റോജേഴ്സ് ഒരു വലിയ നഗരത്തിലാണു വന്നതു്. പക്ഷേ, അവിടെ അയാൾ കണ്ടതു മനംമടുപ്പിക്കുന്ന പ്രവർത്തനങ്ങളായിരുന്നു. അവിടെയുള്ള അയാളുടെ ആഫീസിലെ ജോലിക്കാർ വളരെ പരസ്യമായും നിർഭയമായും കള്ളക്കടത്തുകാരിൽനിന്നു കൈക്കൂലി വാങ്ങുന്നതായിരുന്നു അയാൾ കണ്ടതു്. പരസ്യമായ ഒരു രഹസ്യം

പോലെയായിരുന്നു അതു്. എല്ലാവക്കും ഇതു് അറിയാമായിരുന്നെങ്കിലും എല്ലാവരും നിഷ്കളങ്കരാണെന്നു നടിച്ചു. അവിടത്തെ കസ്റ്റംസ് ഡിപ്പാർട്ടമെൻറിലെ ഒരു സാധാരണ ക്ലാക്കിന്റെ വീട്ടിൽപ്പോലും മനോഹരമായ വിദേശ സാധനങ്ങളും ആഡംബരവസ്തുക്കളും പലയിനം റേഡിയോകളും മററും സാധാരണയായിരുന്നു. ഇതിനെല്ലാം മേലെ അവർ ധാരാളം സ്വത്തു സമ്പാദിക്കുകയും ചെയ്തിരുന്നു. റോജേഴ്സ് ഇതെല്ലാം അറിഞ്ഞു് അത്ഭുതപ്പെട്ടു; വിഷമിച്ചു. വീട്ടിൽ മടങ്ങിവന്നാൽ അയാൾ ഏതെങ്കിലും ഒരു ഒഴിഞ്ഞ മൂലയിൽ പോയിരുന്നു ചിന്തിക്കും— 'ഈ പാപത്തിൻെറ വേരറുക്കുന്നതു് എങ്ങനെയാണു്?' ഈ ഭീകരാവസ്ഥ കണ്ടു് റോജേഴ്സ് പലപ്പോഴും വിറച്ചിട്ടുണ്ടു്. എന്തുചെയ്യാം! ഏററവും താഴ്ന്ന ജോലിക്കാരൻ മുതൽ മുകളിലുള്ളവർ വരെ പണത്തോടും സുഖഭോഗസാധനങ്ങളോടുമുള്ള താല്പര്യം എന്ന ദൗർബല്യത്തിനു വശംവദരാണു്.

ഇടത്തരക്കാരായ ഓഫീസറന്മാക്കു യോജിച്ച ഒരു വീട്ടിലാണു റോജേഴ്സ് താമസിച്ചതു്. ഏറ്റവും കുറഞ്ഞ ചെലവിൽ അയാൾ കിട്ടുന്ന ശമ്പളംകൊണ്ടു മാത്രം ജീവിച്ചുപോന്നു. മൂന്നു കുട്ടികളും ഭാര്യയുമുള്ള കുടുംബത്തിനു വേണ്ടി ചെലവുകൾ ചെയ്തശേഷം യാതൊന്നും സമ്പാദിക്കാൻ അയാൾക്കു കഴിഞ്ഞില്ല. അയാളുടെ ഭാര്യ ഡോറയുടെ പിറുപിറുപ്പിനാണെങ്കിൽ ഒരു അവസാനമില്ലായിരുന്നു. റോജേഴ്സിൻെറ ഈ ആദർശവാദിമനോഭാവമെല്ലാം വെറും ഭീരുത്വംകൊണ്ടാണെന്നായിരുന്നു അവളുടെ വിചാരം. റോജേഴ്സ് ഒരു വലിയ അഭിമാനിയാണെന്നുകൂടി അവൾ ചിലപ്പോൾ വിചാരിച്ചിരുന്നു. മറ്റെല്ലാവരും അന്യായമായ രീതിയിൽ പണം സമ്പാദിച്ചു

സുഖിക്കുമ്പോൾ ഇയാൾമാത്രം ഇങ്ങനെ പ്രഹ്ലാദനെപ്പോലെ എന്തിനാണു നടിക്കുന്നതെന്നായിരുന്നു അവളുടെ ഭാവം. അതും കുടുംബത്തിൽ വളരെയധികം വിഷമതകളുള്ളപ്പോൾ. സഹപ്രവർത്തകരുടെ വീടുകളിലെല്ലാം വിദേശറേഡിയോകളിലെ ശബ്ദം മുഴങ്ങുമ്പോൾ റോജേഴ്സിൻെറ വീട്ടിൽ ഡോറയുടെ അത്യുച്ചത്തിലുള്ള ഗർജ്ജനങ്ങളാണു മുഴങ്ങിയിരുന്നതു്. യാതൊരു കാരണവുംകൂടാതെ കുട്ടികളെ തല്ലിയുംമററും അവൾ അവിടെ സദാസമയവും നരകം സൃഷ്ടിച്ചിരുന്നു. പക്ഷേ, ഇതൊന്നും റോജേഴ്സിന്റെ ക്ഷമ നശിപ്പിച്ചില്ല. ഈ ജീവിതസമരത്തിൽ ജയിക്കുകതന്നെവേണമെന്നു റോജേഴ്സ് തൻെറ ആ സൈനിക ചൈതന്യത്തോടെ തീരുമാനിച്ചിരുന്നു. തന്മൂലം വീട്ടിൽ വന്നാൽ ഡോറയുടെ ഒരൊററ വാക്കുപോലും കേട്ടില്ല എന്നമട്ടിൽ ഏതെങ്കിലും ഒരു മൂലയിൽ ചുരുട്ടും വലിച്ചു് ഇരിക്കയായിരുന്നു അയാളുടെ പതിവു്. എന്നാൽ ഒരു കാര്യം അയാളെ വേദനിപ്പിച്ചു. അമ്മയുടെ ദുസ്സ്വഭാവങ്ങൾമൂലം തൻെറ കുട്ടികൾ താന്തോന്നികളായിപ്പോകുന്നതു്, അയാൾക്കു സഹിക്കാൻ സാധിച്ചില്ല. അതിനാൽ അയാൾ കുട്ടികളെ അകലെയുള്ള ഒരു കോൺവെന്റിൽ പഠിക്കാൻ അയച്ചു. പക്ഷേ, അതു വീട്ടിലെ സാമ്പത്തികനില കൂടുതൽ വഷളാക്കുകയാണു ചെയ്തതു്. കുട്ടികൾക്കുവേണ്ടി മാത്രം വലിയ ചെലവു ചെയ്യേണ്ടിവന്നു.

ഡോറ ഇത്തരം കഷ്ടപ്പാടുകൾ അധികനാൾ സഹിക്കാൻ തയ്യാറില്ലായിരുന്നു. ഒരുദിവസം ഡാർജിലിംഗിലുള്ള കുട്ടികളെ കാണാനെന്നുപറഞ്ഞു സ്ഥലംവിട്ടു. പിന്നെ മടങ്ങിവന്നില്ല. ഡാർജിലിംഗിൽ പോയി ഒരു അമേരിക്കൻ മാന്യന്റെ വെപ്പാട്ടിയായി ജീവിതം ആരംഭിക്കുകയാണു് അവൾ ചെയ്തതു്. ക്രമേണ അവൾ പലരു

ടെയും വെപ്പാട്ടിയായി. അവസാനം ഡാർജിലിംഗിലെ വിദേശീയരുടെയിടയിൽ ഒരു വേശ്യയായി ആഡംബര പൂർണ്ണമായ ജീവിതം നയിച്ചു. ഇതെല്ലാം അറിഞ്ഞിട്ടും ശുദ്ധഗതിക്കാരനായ റോജേഴ്സ് അവളെ തിരികെ കൊണ്ടുവരാമെന്ന ഉദ്ദേശത്തോടെ ഡാർജിലിംഗിൽ പോയി. എന്നാൽ അയാളെ കണ്ട ഉടനെ വാതിൽ കൊട്ടിയടച്ച് അവൾ ഗർജ്ജിച്ചു: "കടന്നുപോകൂ ഇവിടന്നു !"

റോജേഴ്സിൻെറ ജീവിതത്തിലെ ഏററവും ഉഗ്രമായ ആഘാതമായിരുന്നു ഇതു്. ഭാര്യ നഷ്ടപ്പെട്ടു എന്നതു തന്നെ കയ്പേറിയ ഒരു അവമാനമായിരുന്നു. എന്നാൽ അതോടൊപ്പം മറെറാരു തിക്തസത്യം നഗ്നരൂപത്തിൽ അയാളുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെട്ടു—ഓരോ മനുഷ്യനിലും ഓരോ ബീഭത്സമൃഗം ജീവിക്കുന്നുണ്ടെന്ന സത്യം. പരിഷ്കൃത ജനതയുടെ നേരിയ തൊലിക്കടിയിൽ ഹീന വൃത്തികൾക്കു പ്രചോദനംനല്കുന്ന ഈ ഭയങ്കരമൃഗം ഒളിച്ചിരുന്നു കുരക്കുകയാണു്. ഇതു മനസ്സിലാക്കിയ റോജേഴ്സ് നിരാശമൂലം സ്വയം പിറുപിറുക്കുമായിരുന്നു: 'ഒരൊററ മനുഷ്യനും യഥാർത്ഥമനുഷ്യനല്ല. ഓ! ദൈവമേ! എന്നെ ഏതു ലോകത്തിലാണു് അങ്ങു് അയച്ചിരിക്കുന്നതു്!'

ക്രമേണ അയാൾക്കു മനുഷ്യനെപ്പററിയുള്ള വിശ്വാസം മുഴുവൻ നഷ്ടപ്പെട്ടു. കൂട്ടത്തിൽ ദൈവത്തെപ്പററിയും. അയാൾ അങ്ങനെ ഒരു പരിപൂർണ്ണസിനിക്കായി മാറി. ബാഹ്യലോകത്തിൽനിന്നു് ഓരോ ആഘാതങ്ങളുണ്ടാകുമ്പോഴും അയാളുടെ ശക്തി കൂടിക്കൂടിവന്നു. അയാൾ മനസ്സിൽ തീരുമാനിച്ചു: 'എല്ലാം അപകടത്തിലാണു്—എല്ലാം തകർന്നാലും ഒന്നുമില്ല. അനീതിയുമായി യാതൊരു ഒത്തുതീർപ്പും സാധ്യമല്ല. പാപത്തിനു യാതൊരു അഭയവും

നല്കുകയില്ല.' അയാൾ കൂടുതൽ ഉജ്ജ്വലമായി ആത്മഗതം ചെയ്തിരുന്നു. 'മൃഗങ്ങളുടെ ഈ സാമ്രാജ്യത്തിൽ ഞാൻ ഒരിക്കലും പരാജയം സ്വീകരിക്കയില്ല. ഞാൻ ഒരു മനുഷ്യനായിട്ടാണു ജനിച്ചതു്. മനുഷ്യൻ ഈ മൃഗങ്ങളിൽ നിന്നു പരാജയം സ്വീകരിക്കുന്നതിൽ അർത്ഥമില്ല.' ഡയറിയുടെ താളുകളിൽ അയാൾ നിത്യവും ഇതുമാത്രം എഴുതി: 'ഞാൻ ഒരിക്കലും പരാജയം സ്വീകരിക്കയില്ല. ജീവിതാവസാനംവരെ എനിക്കു് എന്റെ തല ഉയർത്തിപ്പിടിക്കണം.'

എന്നാൽ ആറടി ഉയരമുണ്ടെങ്കിലും ആ മനുഷ്യനു തല ഉയർത്തിപ്പിടിക്കുക അത്ര എളുപ്പമായിരുന്നില്ല. ആഫീസുകാര്യങ്ങളിൽ വീണ്ടും കുഴപ്പം ആരംഭിച്ചു. ഇത്രയുംകാലം താൻ ഉയർത്തിപ്പിടിച്ച ആ സുദൃഢമായ സദ്വൃത്തസ്വഭാവം അയാൾക്കു് ഉപദ്രവമാണു ചെയ്തതു്. മനുഷ്യസ്വഭാവം ഓരോദിവസം ചെല്ലുന്തോറും അധഃപതിക്കുന്നതു വേദനിക്കുന്ന ഹൃദയത്തോടെ റോജേഴ്സ് വീക്ഷിക്കയായിരുന്നു. ഈ അധഃപതനത്തിന്റെ വിശാലമായ പ്രതിഫലനം മിക്ക ഗവണ്മെന്റ് സ്ഥാപനങ്ങളിലും കാണുന്നതിനു വിഷമമില്ല. സ്വാതന്ത്ര്യലബ്ധിക്കുശേഷം വിശേഷിച്ചും. ഏതു വഞ്ചനാകരമായ രീതിയിലാണെങ്കിലും കൂടുതൽ പണം സമ്പാദിക്കുകയെന്നതു് ഉദ്യോഗസ്ഥന്മാരിൽ മിക്കവരിലും ഒരു സാമാന്യസമ്പ്രദായം പോലെയായിരിക്കുന്നു. കാരണം എന്തുതന്നെയായാലും ഈ അനീതിയുടെ അനർഗ്ഗളപ്രവാഹത്തിനെതിരെ അണക്കെട്ടുകൾ ഉയരുന്നില്ല. നേരെമറിച്ചു് എന്തെല്ലാമുണ്ടോ അതെല്ലാം അപഹരിക്കാനുള്ള മനോഭാവം വളർന്നുവരുന്നതാണു കാണുന്നതു്. ഈ കൂട്ടായ്മക്കവർച്ചയിൽ കഴിവുള്ളിടത്തോളം ആളുകൾ കൈയിടുകയാണു്. ആരാണു്

അതു തടയാനുള്ളതു്? റോജേഴ്സിനെപ്പോലെയുള്ള ഒരു തൃണസദൃശനെക്കൊണ്ടു ലോകം വിഴങ്ങുന്ന ഈ ഭ്രാന്തിയിൽനിന്നു് ഗവണ്മെൻറിനെയും നാടിനെയും രക്ഷിക്കുക സാധ്യമാണോ? എങ്കിലും പിൻവാങ്ങാൻ പാടില്ല; പരാജയം വരിക്കാൻ പാടില്ല.

ഇത്തവണ റോജേഴ്സിന്റെ മേലുദ്യോഗസ്ഥനായി വന്നതു് ഒരു ആംഗ്ലോഇന്ത്യനായിരുന്നു. അതായതു് അയാളുടെതന്നെ മതത്തിൽപ്പെട്ട ഒരു ശുദ്ധക്രിസ്ത്യാനി. ആ മാന്യനു് ഈ ലോകത്തിൽ വേണ്ടിയിരുന്നതു മദ്യവും സ്ത്രീയും മാത്രമായിരുന്നു. അവിടത്തെ കള്ളക്കച്ചവടക്കാർക്കു സന്തോഷമായി. കാരണം, അയാളെ സന്തോഷിപ്പിക്കാൻ അവർ അധികം ചെലവാക്കേണ്ടതില്ലല്ലോ.

ഒരുദിവസം ഒരു കച്ചവടക്കാരൻെറ വീട്ടിൽ നടന്ന പാർട്ടിയിൽ ഈ മേലുദ്യോഗസ്ഥൻ റോജേഴ്സിനു മദ്യം വെച്ചുനീട്ടി. വാസ്തവത്തിൽ റോജേഴ്സ് ഇത്തരം പാർട്ടികളിൽ കുറെക്കാലമായി പങ്കെടുത്തിരുന്നില്ല. ഇവയിൽനിന്നു് ഒഴിഞ്ഞുനില്ക്കാൻ അയാൾ സവ്വാത്മനാ ആഗ്രഹിച്ചു. എന്നാൽ ഇത്തവണ അയാൾ ഈ പാർട്ടിക്കു പോയി. അതിനു പ്രത്യേക കാരണങ്ങളുണ്ടായിരുന്നു. ഒന്നു്, അയാൾകൂടി ചെല്ലണമെന്നു മേലുദ്യോഗസ്ഥൻ തന്നെ ആഗ്രഹം പ്രകടിപ്പിച്ചു. മറെറാന്നു് തൻെറ മേലുദ്യോഗസ്ഥൻെറ സ്വഭാവത്തെപ്പററി രഹസ്യമായി മനസ്സിലാക്കണമെന്നുണ്ടു്. ഏതായാലും മേലധികാരി നീട്ടിയ മദ്യം അയാൾ വിനയപൂവ്വം തിരസ്കരിച്ചു. മുമ്പെല്ലാം ഒന്നോ രണ്ടോ പെഗ്ഗ കുടിക്കുന്നതിൽ അയാൾ വിമുഖനായിരുന്നില്ല. എന്നാൽ ഈയിടെയായി, പ്രത്യേകിച്ചും ഡോറയുടെ പലായനത്തിനുശേഷം അയാൾ അതും നിത്തി. മദ്യവും സ്ത്രീയും തമ്മിലുള്ള അടുത്ത ബന്ധമാണു്

ഈ വെറുപ്പിന്ന് അയാളെ പ്രേരിപ്പിച്ചതു്. മദ്യത്തിന്റെ സഹായത്താൽ എങ്ങനെയാണു മനുഷ്യനിലെ മൃഗം അതിൻെറ നഗ്നരൂപത്തിൽ വെളിയിൽ ചാടുന്നതെന്നു് അയാൾ കണ്ടിട്ടുണ്ടു്. എല്ലാ സദാചാരനീതിബോധങ്ങളും തകരുന്നതു മനസ്സിലാക്കിയിട്ടുണ്ടു്. അതോടൊപ്പം മനുഷ്യഹൃദയങ്ങളിൽ ലൈംഗികമായ അരാജകത്വം അഴിഞ്ഞാടുന്നതും അറിഞ്ഞിട്ടുണ്ടു്. ആ അവസരങ്ങളിൽ നടക്കുന്ന സംഭവങ്ങൾ മൃഗങ്ങളുടെ പ്രവൎത്തനങ്ങളെക്കാൾ പലപ്പോഴും അധഃപതിച്ചവയാണു്. ഇതെല്ലാം മനസ്സിലാക്കിയ റോജേഴ്സ് അടുത്തകാലത്തായി മദ്യം കൈകൊണ്ടു തൊടുകപോലും ചെയ്യാറില്ലായിരുന്നു.

റോജേഴ്സിന്റെ ഈ സദാചാരമനോഭാവം അയാളുടെ മേലുദ്യോഗസ്ഥന്നു് ഇഷ്ടപ്പെട്ടില്ല. എന്നുതന്നെയല്ല, അയാളുടെ മനസ്സിൽ കോപവും ഉണ്ടായി. കുറച്ചു ദിവസങ്ങൾക്കുശേഷം ഒരു കച്ചവടക്കാരനുമായി രഹസ്യമായി ഒത്തുകൊണ്ടു് അയാൾ ദുഷ്പേരുള്ള ഒരു സ്ത്രീയെ രാത്രി രണ്ടുമണിക്കു റോജേഴ്സിന്റെ വീട്ടിൽ അയച്ചു. മിസ്റ്റർ റോജേഴ്സ് വളരെ ശാന്തനായി അവളെ സ്വീകരിച്ചു. സൗഹൃദഭാവത്തിൽ അവളോടു പെരുമാറി. കുറേനേരം അവളുമായി സംസാരിച്ചിരുന്നു. അവസാനം അവൾക്കു കുറച്ചു പണവും കൊടുത്തു് ഈ ഗൂഢാലോചനയുടെ കഥ മുഴുവൻ മനസ്സിലാക്കി. റോജേഴ്സിന്റെ ഉള്ളിൽ കോപാഗ്നി ആളിക്കത്തി. അവളെ യാത്രയാക്കിയശേഷം അയാൾ രാത്രിയിൽത്തന്നെ തൻെറ മേലുദ്യോഗസ്ഥന്റെ വീട്ടിൽപോയി. വാതിലിൽ മുട്ടുന്നതുകേട്ടു് കുടിച്ചു ലക്കില്ലാതെ കിടന്നിരുന്ന ആ ഉദ്യോഗസ്ഥൻ ഉണൎന്നുവന്നു വികൃതമായ ചിരിയോടെ ചോദിച്ചു:

"മിസ്റ്റർ റോജേഴ്സ്, ഒരുകുപ്പി വിസ്കിക്കാണോ നിങ്ങൾ ഈ രാത്രി ഇവിടെ വന്നതു്?"

ഇത്രയും കേൾക്കേണ്ട താമസം, റോജേഴ്സ് മേലുദ്യോഗസ്ഥന്റെ കരണത്തു നല്ലൊരടി കൊടുത്തു. അതിന്റെ ഫലമായി അയാളുടെ നാലു പല്ലു തെറിക്കുകയും ചെയ്തു. റോജേഴ്സിന്റെ മറുപടിക്ക് ഒരു ഇടിമുഴക്കത്തിന്റെ ശബ്ദമുണ്ടായിരുന്നു:

"നിങ്ങൾ വീണ്ടും ഇത്തരം വൃത്തികെട്ട തമാശകൾ എന്റെയടുക്കൽ എടുക്കുകയാണെങ്കിൽ തിരണ്ടിവാൽ കൊണ്ടടിച്ചു പുറം പൊളിക്കും."

പിറേറദിവസംതന്നെ ആ മേലുദ്യോഗസ്ഥൻ നഷ്ടപ്പെട്ട നാലു പല്ലുകൾക്കു പകരം ദന്തഡോക്ടരുടെ സഹായത്താൽ പുതിയ പല്ലുകൾ വെച്ചു. അയാൾ മനസ്സിൽ ഇങ്ങനെ പറഞ്ഞുറപ്പിക്കുകയുംചെയ്തു: 'ശരി, ഞാൻ നിന്നെ കണ്ടോളാം. നീ എത്ര വലിയ മോറലിസ്റ്റ് ആണെന്നു് എനിക്കു കാണണം. നിനക്ക് എന്തു ധൈര്യമുണ്ടെന്നു് അറിയണം.'

ഇതു കഴിഞ്ഞ ഉടനെ റോജേഴ്സിനെതിരായി അയാൾ ഗൂഢതന്ത്രങ്ങളുടെ ഒരു വലിയ വലതന്നെ വിരിച്ചു. കള്ളക്കച്ചവടക്കാർക്കും റോജേഴ്സിനെ തീരെ ഇഷ്ടമില്ലായിരുന്നു. അവരും ആ മേലുദ്യോഗസ്ഥനെ സഹായിച്ചു. അവസാനം റോജേഴ്സ് നിർഭാഗ്യവശാൽ അറിയാതെ ഈ ഗൂഢതന്ത്രങ്ങളുടെ വലയിൽ വീണു. കൈക്കൂലി വാങ്ങി എന്ന ഒരു ആരോപണം അയാളുടെ പേരിലുണ്ടായി. അയാൾ സസ്പെൻറുചെയ്യപ്പെട്ടു. പ്രാദേശിക ദിനപ്പത്രങ്ങൾ ഈ വാർത്തക്കു വലിയ പ്രചാരം നല്കി. ഇതിനെല്ലാംപുറമെ ഡാർജിലിംഗിൽനിന്നു മക്കൾ മുറിവിൽ ഉപ്പു തേയ്ക്കുകയാണുണ്ടായതു്. അമ്മയുടെ ഉപദേശ

പ്രകാരം അവർ എഴുതി, ഇങ്ങനെ കൈക്കൂലി വാങ്ങുന്ന ഒരു പിതാവിൽനിന്നു് അകന്നുനില്ക്കാൻ തങ്ങൾ ആഗ്രഹിക്കുന്നു എന്നു്. അവർ പിതാവിനെ കാണാൻ വന്നിട്ടു തന്നെ വളരെക്കാലമായിരുന്നു. ഈ സംഭവത്തോടെ അയാളുമായുള്ള എല്ലാ ബന്ധങ്ങളും അവർ വേർപെടുത്തി.

കൈയിൽ സസ്പെൻഷൻ ഉത്തരവുമായി വീട്ടിൽ വന്ന റോജേഴ്സിൻെറ ഉള്ളിൽ വാസ്തവത്തിൽ ഒരു കൊടുങ്കാററുതന്നെ വീശുകയായിരുന്നു. രണ്ടു ദിവസത്തേക്കു് അതു നീണ്ടുനിന്നു. അയാൾ ആ രണ്ടുദിവസവും ആഹാരമൊന്നും കഴിക്കാതെ കിടന്നകിടപ്പിൽ കിടന്നു. കണ്ണിൽ ഒരുതുള്ളി കണ്ണുനീരുപോലും പൊടിഞ്ഞില്ലെങ്കിൽക്കൂടി ഹൃദയത്തിൽ അഗ്നി എരിയുകയായിരുന്നു. ഈ രണ്ടു ദിവസം അയാൾ ആരെയും കണ്ടില്ല. മൂന്നാംദിവസം അല്പം വ്യത്യാസം ഉണ്ടായി. അയാൾ എഴുനേററു കുളിയും ആഹാരവും കഴിഞ്ഞു ഡയറിയിൽ എഴുതി: 'എന്നാലും ഞാൻ പരാജയം വരിക്കുകയില്ല.'

തുടന്നു് അയാൾ സവ്വീസിൽനിന്നു മൂന്നു കൊല്ലം സസ്പെൻഷനിലായിരുന്നു. അയാളുടെ ആദശ്സമ്പന്നമായ സ്വഭാവത്തിനു് ആരിൽനിന്നും യാതൊരു പിന്തുണയും ലഭിച്ചില്ല. എല്ലാവരും അയാളെ തെററിദ്ധരിച്ചു. ഗവണ്മെൻറിൻെറ ഏററവും ഉന്നതതലത്തിലുള്ളവരിൽ മിക്കവരും ഡിപ്പാർട്ടുമെൻറു മേലധികാരികൾ പറയുന്നതെന്തും അക്ഷരംപ്രതി വിശ്വസിക്കും. ഒരു റിപ്പോർട്ടിന്റെ സത്യാവസ്ഥയെപ്പററി അന്വേഷണംനടത്താൻ അവർ വളരെ അപൂവ്വമായിമാത്രമേ തീരുമാനിക്കുകയുള്ളു. ഇതെല്ലാം കാരണം റോജേഴ്സ് വഴക്കാളിയും അഹങ്കാരിയുമായ ഉദ്യോഗസ്ഥനാണെന്നു് അവർ ഐകകണ്ഠ്യേന അംഗീകരിച്ചു. മേലധികാരികളുടെ ഉത്തരവുകൾ അനുസ

രിക്കാൻപോലും കൂട്ടാക്കാത്തയാളാണ് റോജേഴ്സ് എന്നവരെ തീരുമാനിക്കപ്പെട്ടു. അതിനാൽ റോജേഴ്സിൻെറ പേരിലുള്ള ഡിപ്പാർട്ടുമെൻററൽ അന്വേഷണം വളരെക്കാലത്തേക്കു നീണ്ടുനിന്നു. അവസാനം കുററക്കാരനാണെന്നുകണ്ടു ശിക്ഷിക്കപ്പെട്ടപ്പോൾ അയാൾ അതിലും ഉന്നതസ്ഥാനങ്ങളിൽ അപ്പീൽ ബോധിപ്പിച്ചു. അവിടെയും തോൽവിയാണുണ്ടായതു്. അപ്പോൾ ഇക്കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽത്തന്നെ കൊണ്ടുവന്നു. എന്നാൽ അവിടെയും ഡിപ്പാർട്ടുമെൻറുതീരുമാനത്തിനു മാററമൊന്നും വന്നില്ല. അവസാനം അയാൾ കോടതിയെത്തന്നെ അഭയംപ്രാപിച്ചു. അയാളുടെ പേരിലുള്ള ആരോപണങ്ങൾ കെട്ടിച്ചമച്ച കള്ളങ്ങളാണെന്നു മനസ്സിലായ നീതിപീഠം റോജേഴ്സ് കുററക്കാരനല്ലെന്നു വിധിച്ചു. സസ്പെൻഷനിലായിരുന്ന ഈ കാലത്തിനിടയിൽ റോജേഴ്സ് നിരവധി യാതനകളും ത്യാഗങ്ങളും സഹിച്ചു. വളരെയധികം വേദന വിഴുങ്ങി. എങ്കിലും കോടതിവിധിയുടെ പിന്തുണയാൽ അയാൾ വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കപ്പെട്ടു. ഉടനെതന്നെ അയാളെ തെക്കേ ഇന്ത്യയിലെ ഈ തുറമുഖത്തേക്കു സ്ഥലംമാററുകയുംചെയ്തു.

* * *

റോജേഴ്സിന്റെ ജീവചരിത്രത്തിലെ ഈ അദ്ധ്യായങ്ങൾ ഇന്നാട്ടുകാക്ക് അജ്ഞാതമായിരുന്നു. രമാനാഥയ്യരും ഇക്കാര്യത്തിൽ മററുള്ളവരെപ്പോലെ അജ്ഞനായിരുന്നു. എന്നാൽ ഏറെത്താമസിയാതെ മിസ്റ്റർ റോജേഴ്സിൻെറ സ്വഭാവഗുണം അദ്ദേഹത്തിനു മനസ്സിലായി.

ആൽഫ്രെഡ് ഗോമസിൻെറ 'ക്യൻ മേരി' പരിശോധനയ്ക്കുശേഷം ആ തോണി കണ്ടുകെട്ടിയതായി

മിസ്റ്റർ റോജേഴ്സ് പ്രഖ്യാപിച്ചു. അപ്പോഴാണ് ആൽഫ്രെഡ്ഡിനു ശരിക്കു ബോധംവീണതു്. ഒരു പുതിയ ആളായതിനാൽ റോജേഴ്സ് ഒരുപക്ഷേ, തന്നെപ്പററി കേട്ടിട്ടില്ലായിരിക്കാം എന്നു് അയാൾ വിചാരിച്ചു. അതിനാൽ തൻെറ നില റോജേഴ്സിനെ മനസ്സിലാക്കാനും കുറച്ചു കൈക്കൂലി കൊടുക്കാനും അയാൾ പദ്ധതികളുണ്ടാക്കി. വാസ്തവത്തിൽ ആൽഫ്രെഡ്ഡിനു് ഈ ബുദ്ധി ഉപദേശിച്ചതു രമാനാഥനായിരുന്നു.

ഉത്തരവാദപ്പെട്ട ഒരു ഗവണ്മെൻറുദ്യോഗസ്ഥനാണ് ഈ ഉദ്ദേശത്തിനായി റോജേഴ്സിൻെറ അടുത്തേക്കു നിയോഗിക്കപ്പെട്ടതു്. അയാൾ ആൽഫ്രെഡ് ഗോമസിൻെറ മദ്യപാനസുഹൃത്തുക്കളിൽ ഒരാളായിരുന്നു. ഗോമസിനു വളരെയേറെ വശംഗതനുമായിരുന്നു. തമ്മിൽ പരിചയപ്പെടുക എന്ന സാമൂഹ്യാചാരത്തിൻെറ മൂടുപടവുമായി ഒരുദിവസം അയാൾ റോജേഴ്സിൻെറ താമസസ്ഥലത്തു ചെന്നു.

ജീവിതത്തിലെ തിക്താനുഭവങ്ങൾമൂലം റോജേഴ്സിൻെറ അബോധമനസ്സിൽ സാമൂഹ്യബന്ധങ്ങളെക്കുറിച്ച് ഒരുതരം വെറുപ്പുണ്ടായിരുന്നു. ആരുടേയും സുഹൃത്ബന്ധത്തിൻെറ . ആവശ്യം അയാൾക്കു് അധികം അനുഭവപ്പെട്ടില്ല. ആരെങ്കിലും അങ്ങോട്ടുചെന്നു പരിചയപ്പെട്ടാൽ അത്രയുമായി. മിക്കസമയവും അയാൾ ഏകനായി ജീവിച്ചു. മററെല്ലാവരെപ്പററിയും വെറുപ്പും സംശയവുമായിരുന്നു അയാൾക്കു്. അതിനാൽ അധികം കൂട്ടുകൂടാനൊന്നും പോകാതെ ഒഴിവുസമയങ്ങൾ അധികവും പുസ്തകവായനക്കായി അയാൾ ചെലവാക്കി. അയാളുടെ മറെറാരു വിനോദം ചതുരംഗംകളിയായിരുന്നു. ആരെയും കളിക്കാൻ കൂട്ടിനു കിട്ടിയില്ലെങ്കിൽ അയാൾ പുസ്തക

ത്തിലെ നിൎദ്ദേശങ്ങളനുസരിച്ച സമയമറിയാതെ തന്നെ ത്താൻ കളിക്കുമായിരുന്നു.

ആ ഉദ്യോഗസ്ഥനും റോജേഴ്സും കുറേനേരം അതു മിതും സൊള്ളിയിരുന്നശേഷം സന്ദൎശനത്തിന്റെ യഥാൎത്ഥമായ ഉദ്ദേശത്തിലേക്കു കടന്ന ഉടനെ മിസ്റ്റർ റോജേഴ്സ് എഴുനേററു് അയാളുടെ കൈപിടിച്ചു കുലുക്കിക്കൊണ്ടു പറഞ്ഞു: "അപ്പോൾ ശരി. നിങ്ങൾ ഇപ്പോൾ പോകുക. ഇനി ഇത്തരം സന്ദൎശനങ്ങളുടെപേരിൽ നിങ്ങൾ ഇവിടെ വരരുതു് എന്നു് ഒരു അപേക്ഷകൂടിയുണ്ടു്."

അടുത്തദിവസം ഒരു വൃദ്ധൻ റോജേഴ്സിനെ കാണാൻ വന്നു. അദ്ദേഹം പുതച്ചിരുന്ന അംഗവസ്ത്രത്തിനിടയിൽക്കൂടി ശരീരത്തിൽ കിടന്നിരുന്ന പൂണുനൂൽ കാണാമായിരുന്നു. അദ്ദേഹത്തെ കണ്ടപ്പോൾ റോജേഴ്സ് എഴുനേറ്റു. ആ വൃദ്ധനാകട്ടെ, വന്ന ഉടനേ റോജേഴ്സിനു സാഷ്ടാംഗപ്രണാമം അൎപ്പിക്കുകയാണു ചെയ്തതു്. ഇതു റോജേഴ്സിനെ അത്ഭുതസ്തബ്ധനാക്കി. അയാൾ പെട്ടെന്നു് ആ വൃദ്ധനെ പിടിച്ചെഴുനേല്പിച്ചു. തന്റെ പേർ രാമസുബ്രഹ്മണ്യം എന്നാണെന്നു സ്വയം പരിചയപ്പെടുത്തിയശേഷം അദ്ദേഹം തുടൎന്നു: "വളരെനാളുകളായി ലോഭരഹിതനും ആദൎശവാദിയുമായ ഒരു ഗവണ്മെൻറുദ്യോഗസ്ഥനെ കാണാൻ ഞാൻ കാത്തിരിക്കുകയായിരുന്നു. ഇന്നു് ആ ആഗ്രഹം സഫലമായി. ആ ആദൎശപരതയ്ക്കാണു ഞാൻ പ്രണാമങ്ങളൎപ്പിച്ചതു്. അല്ലാതെ, ഗവണ്മെൻറുദ്യോഗസ്ഥനായ മിസ്റ്റർ റോജേഴ്സിനല്ല." ജീവിതത്തിലെ ഏററവും നാരകീയമായ പീഡനങ്ങൾ അനുഭവിച്ചപ്പോഴും കണ്ണിൽ ഒരുതുള്ളി കണ്ണുനീർ പൊടിക്കാത്ത മിസ്റ്റർ റോജേഴ്സിന്റെ കണ്ണുകളിൽ ഇതു കേട്ടപ്പോൾ വെള്ളം നിറഞ്ഞു. അന്നു രാത്രി അയാൾ നിറഞ്ഞ

കണ്ണുകളോടെ ഡയറിയിൽ എഴുതി: 'എന്തൊരു സുഖം! ഒരു മനുഷ്യൻ ഈ ഭൂമിയിൽ ഇനിയും ജീവിക്കുന്നു—ഒരു യഥാത്ഥമനുഷ്യൻ.'

പിറേറദിവസം റോജേഴ്സ് തന്നെ ആ വൃദ്ധൻെറ വീട്ടിൽ പോയി. അപ്പോഴാണു് ആ വൃദ്ധൻെറ മകനും സ്ഥലത്തെ അസിസ്റ്റൻറ് പോലീസ് കമ്മീഷണറുമായ മിസ്റ്റർ രമാനാഥയ്യരെ പരിചയപ്പെട്ടതു്; ചതുരംഗക്കളിയിൽ രമാനാഥനും റോജേഴ്സിനുമുള്ള താല്പര്യം അവരെ പിന്നീട്ട് ഉത്തമസുഹൃത്തുക്കളാക്കി. അങ്ങനെ വളരെ വളരെ നാളുകൾക്കുശേഷം റോജേഴ്സിനു് ഒരു സുഹൃത്തിനെ കിട്ടി. രമാനാഥിനു റോജേഴ്സിൻെറ ആദശ്സമ്പന്നതയെപ്പററി വലിയ ആദരവുണ്ടായിരുന്നു. ചിലപ്പോൾ അയാൾ ഇതേക്കുറിച്ചു കളിയാക്കിയിരുന്നില്ലെന്നുമില്ല.

മിസ്റ്റർ ആൽഫ്രെഡ്ഡിൻെറ 'ക്യൂൻ മേരി' പിടിച്ചെടുക്കപ്പെട്ടശേഷം റോജേഴ്സിനെ അവിടെനിന്നു സ്ഥലം മാററിക്കിട്ടാൻ ആൽഫ്രെഡ് സഹോദരന്മാർ അങ്ങേയററം പരിശ്രമിച്ചു. എന്നാൽ കസ്റ്റംസ് ഡിപ്പാർട്ടുമെൻറിൽ ഒരു 'ദുർബുദ്ധി'യായി അറിയപ്പെട്ടിരുന്ന റോജേഴ്സിനെ തങ്ങളുടെ കീഴിൽ എടുക്കാൻ മററു മേലധികാരികൾ തയാറില്ലായിരുന്നു. തന്നെയുമല്ല, കോടതിയിൽ തന്റെ പഴയ കേസ് അയച്ചതിനുശേഷം ഡിപ്പാർട്ടുമെൻറിലുള്ള മററുള്ളവക്കു റോജേഴ്സിനെപ്പററി അല്പം ഭയവുമുണ്ടായിരുന്നു. അതെല്ലാംമൂലം വളരെയേറെ ചരടുവലികൾ നടന്നിട്ടും റോജേഴ്സിനെ സ്ഥലംമാററിക്കാൻ കഴിഞ്ഞില്ല. അങ്ങനെ മറെറല്ലാമാര്ഗ്ഗങ്ങളിലും പരാജയപ്പെട്ടപ്പോൾ റോജേഴ്സിനെ ഈ ലോകത്തിൽനിന്നുതന്നെ മാററാൻ ആൽഫ്രെഡ് സഹോദരന്മാർ ആലോചിച്ചു. അയാളെ

കൊല്ലാൻ അവർ ഏതാനും റൗഡികളെയും ഏപ്പ്പാട്ട ചെയ്യു. റോജേഴ്സാകട്ടെ ഇതൊന്നും അറിഞ്ഞതേയില്ല. എന്നാൽ സമത്ഥനായ രമാനാഥൻ ഈ വിവരങ്ങളെല്ലാം കാലാകാലങ്ങളിൽ രഹസ്യമായി അറിയുകയും, ഓരോ ഘട്ടത്തിലും റോജേഴ്സിന്റെ ജീവൻ രക്ഷപ്പെടുത്തുകയും ചെയ്തിരുന്നു. റോജേഴ്സിന്റെ കായ്യത്തിൽ സദാ ശ്രദ്ധിക്കണമെന്നു് അയാൾ തൻെറ വിശ്വസ്തരായ ചില പോലീസുകാരെ ഏപ്പ്പാട്ടും ചെയ്തിരുന്നു.

*           *           *

മിസ്റ്റർ റോജേഴ്സ് പോലീസ്‌ലോക്കപ്പിൽ ചെന്നു തടവിലുണ്ടായിരുന്ന അറബിയെ കണ്ടു. ഭീമാകാരനും ബലിഷ്ഠനുമായ ആ അറബി തൻെറ ഷട്ട് അഴിച്ച് അടുത്തുവച്ച് ലോക്കപ്പിൻെറ ഒരു മൂലയിൽ ഇരിക്കയായിരുന്നു. അയാളുടെ ശരീരത്തിലാകെ നഗ്നസുന്ദരികളുടെ ചിത്രങ്ങൾ ആലേഖനംചെയ്യപ്പെട്ടിരുന്നു. ഒന്നിനുപുറകെ ഒന്നായി സിഗററ്റു വലിച്ചുതള്ളി തന്നെ സംബന്ധിച്ചിടത്തോളം ഖേദിക്കേണ്ട യാതൊന്നും സംഭവിച്ചിട്ടില്ലെന്നമട്ടിലായിരുന്നു അയാൾ ഇരുന്നതു്. അയാളുടെ ഇടതിങ്ങിയ താടിരോമങ്ങളും, സുറുമയെഴുതിയ കണ്ണുകളും, പറെറവെട്ടിയ തലമുടിയും, പ്രഥമവീക്ഷണത്തിൽ റോജേഴ്സിനു് യാതൊരു പ്രത്യേക സൂചനയും നല്കിയില്ല. എന്നാൽ ആ അറബിയുടെ വിശാലമായ വക്ഷസ്സിലേക്കു നോക്കിയപ്പോൾ അവിടെ ഇടത്തുഭാഗത്തു് ഇംഗ്ലീഷിൽ എന്തോ എഴുതിയിരുന്നതു വായിച്ച് ഒരു നിമിഷത്തേക്കു ഞെട്ടിപ്പോയി.

അതോടെ അയാളുടെ മനസ്സ് ആകെ കലങ്ങി. കുറേക്കൂടി വിശദമായി സ്വയം അന്വേഷണംനടത്തേണ്ട

തിനാൽ അല്പംകൂടി കാക്കാൻ അയാൾ രമാനാഥനോട്ട പറഞ്ഞു.

കപ്പൽ കണ്ടുകെട്ടുവാനും അതിലെ ജോലിക്കാരെയെല്ലാം അറസ്ററുചെയ്യാനും അയാൾ ഡെപ്യൂട്ടിസൂപ്രണ്ടിനെ നിയോഗിച്ചു. ഇതെല്ലാം റോജേഴ്സ് വളരെ വേഗമാണു ചെയ്തതു്.

പക്ഷേ, അന്നുരാത്രി റോജേഴ്സിന്നു് അല്പംപോലും ഉറങ്ങാൻ കഴിഞ്ഞില്ല. ഭൂതകാലത്തിൻെറ ഏട്ടുകളിൽ മറക്കപ്പെട്ടുകിടന്നിരുന്ന ഒരു കഥ അയാളുടെ ഹൃദയഭിത്തിയിൽ തെളിഞ്ഞുവന്നു. കഴിഞ്ഞ യുദ്ധത്തിലെ ഒരു യുവഭടൻെറ കഥയായിരുന്നു അതു്.

യുദ്ധം തുടങ്ങിയ ഉടനെ ആ ഇന്ത്യൻ യുവാവ് സൗദിഅറേബ്യയിലേക്കു നിയോഗിക്കപ്പെട്ടു. മദ്ധ്യപൗരസ്ത്യദേശത്തെ എണ്ണഖനികൾ കാത്തുസൂക്ഷിക്കാൻ ബ്രിട്ടീഷ് ഗവണ്മെൻറു നിയോഗിച്ചവരിൽ ഒരാളായിരുന്നു ആ യുവാവ്. അറേബ്യയിൽ വളരെക്കാലം ജീവിച്ചതിനിടക്കു് അയാൾ അറബിഭാഷ നന്നായി സംസാരിക്കാൻ പഠിച്ചു. അയാളുടെ കമ്പനിയിലെ ഡ്രൈവറായ ദിൻമുഹമ്മദ് ആയിരുന്നു ആ യുവാവിൻെറ 'അറബി അദ്ധ്യാപകൻ.' വളരെ ചുരുങ്ങിയ കാലത്തിനിടക്കു് ദിൻമുഹമ്മദ് ആ യുവാവിനെ അറബിഭാഷയിൽ നിപുണനാക്കി. അതിനുശേഷം ആ യുവാവ് ഒരുദിവസം ദിൻമുഹമ്മദിനോട്ട പറഞ്ഞു: "ശരി, സുഹൃത്തേ, എന്നെ ഈ ഭാഷ പഠിപ്പിക്കാൻ നിങ്ങൾ വളരെയധികം ബുദ്ധിമുട്ടി. അതിനുപകരം ഞാൻ എന്താണു ചെയ്യേണ്ടതു്?" ഇതുകേട്ടു പൊട്ടിച്ചിരിച്ചുകൊണ്ടു ദിൻമുഹമ്മദ് മറുപടി നൽകി: "എനിക്കു് എന്തെങ്കിലും തരണമെന്നുണ്ടെങ്കിൽ വേറെ എന്താണു തരേണ്ടതു്? എനിക്കു നിങ്ങളുടെ ആത്മാർത്ഥ

മായ സൗഹൃദം തരിക. നിങ്ങൾക്കു് അറിയാമോ, അറബികളുടെയിടയിൽ ഏററവും ശ്രേഷ്ഠമായിട്ടുള്ളതു് സൗഹൃദം മാത്രമാണു്." ദിൻമുഹമ്മദ്‌ ആ യുവാവിനെ സ്നേഹംകൊണ്ടു് ആലിംഗനംചെയ്തശേഷം തുടന്നു: "ജാതിയുടേയും മതത്തിൻേറയും ഭാഷയുടേയും കായ്യത്തിൽ നിങ്ങളും ഞാനും തമ്മിൽ എല്ലാ വ്യത്യാസങ്ങളും ഉണ്ടെങ്കിലും നിങ്ങൾ എൻെറ സുഹൃത്താണു്. ഞാൻ നിങ്ങളുടേയും. നിങ്ങൾ സമ്മതിക്കുന്നോ?"

അങ്ങനെ അവർ ആത്മാത്ഥസുഹൃത്തുക്കളായി. ജോലിസമയം കഴിഞ്ഞാൽ അവർ രണ്ടുപേരും ഒന്നിച്ചു നടക്കാൻപോയിരുന്നു. രണ്ടുപേരും ഒരുമിച്ചു് ആഹാരം കഴിക്കുകയും വിനോദിക്കുകയും ചെയ്തു. എങ്കിലും ദിൻമുഹമ്മദിനുവേണ്ടി തനിക്കു് യാതൊന്നും ചെയ്യാൻ കഴിയുന്നില്ലല്ലോ എന്ന വേദന ആ യുവാവിൻെറ മനസ്സിലുണ്ടായിരുന്നു.

കുറച്ചുനാളുകൾക്കുള്ളിൽ ദിൻമുഹമ്മദിനോടുള്ള തൻെറ സൗഹൃദം തെളിയിക്കാൻ ആ യുവാവിനു് ഒരു അവസരം ലഭിച്ചു.

എപ്പോഴും വളരെ സന്തുഷ്ടനായി കാണപ്പെട്ടിരുന്ന ദിൻമുഹമ്മദിൻെറ സന്തോഷം മുഴുവൻ ഒരുദിവസം ആവിയായതായി ആ യുവാവു കണ്ടു. അയാൾ മ്ലാനതയും ദുഃഖവുംകലന്ന ഭാവത്തിലാണു് അന്നു വന്നതു്. ചിന്താധീനനും മനസ്സമാധാനമില്ലാത്തവനുമായിരുന്നു അയാൾ. ഈ ഭാവവ്യത്യാസത്തിന്റെ കാരണമെന്താണെന്നു് ആ യുവാവു് ആരാഞ്ഞുവെങ്കിലും ആദ്യമൊന്നും ഉത്തരം കിട്ടിയില്ല. അവസാനം അയാൾ ഗൗരവത്തിൽത്തന്നെ ദിൻമുഹമ്മദിനോടു ചോദിച്ചു: "ഞാൻ നിങ്ങളുടെ യഥാത്ഥ സുഹൃത്താണെങ്കിൽ, എന്തിനാണു് ഈ ദുഃഖത്തിൻെറ

കാരണം എന്നിൽനിന്നു മറച്ചുപിടിക്കുന്നതു്? എന്താണു നിങ്ങളുടെ വിഷമമെന്നു് എന്നോടു പറയുക.'' അന്നു രാത്രി ആ വിശാലമായ മരുഭൂമിയിലെ മണലിൽ കിടന്നുകൊണ്ടു് വേദനനിറഞ്ഞ സ്വരത്തിൽ ദിൻമുഹമ്മദു പറഞ്ഞു: ''എൻെറ സ്നേഹിതാ, എൻെറ ജീവിതം വൃഥാവിലായിരിക്കുന്നു. എൻെറ ഒരു സ്നേഹിതൻ എന്നോടു കാണിച്ച കൊടുംവഞ്ചനയാണു വാസ്തവത്തിൽ എനിക്കു കൂടുതൽ ദുഃഖകരമായിരിക്കുന്നതു്.'' അതു പറഞ്ഞു് അയാൾ നെടുതായി നിശ്വസിച്ചു. ''അതുകൊണ്ടാണോ നിങ്ങളുടെ ജീവിതം വൃഥാവിലായതു്?'' ആ യുവാവു ചോദിച്ചു. ദിൻമുഹമ്മദു പെട്ടെന്നു് എഴുന്നേററു തന്റെ പോക്കററിൽനിന്നു് എന്തോ എടുത്തു് ഉള്ളംകൈയിൽ വെച്ചു് അതിലേക്കു ടോച്ചടിച്ചു. അതൊരു ഫോട്ടോഗ്രാഫ് ആയിരുന്നു — ഭയചകിതയായ ഹരിണിയുടേതുപോലെ ഭീതിനിറഞ്ഞ നയനങ്ങളുള്ള ഒരു അറബിസുന്ദരിയുടെ ചിത്രം. മൃദുലമായ തലമുടിയും, കൃശമായ ശരീരവും, നീലക്കണ്ണുകളും ഇളംപുഞ്ചിരി തങ്ങിനിന്ന അധരപുടങ്ങളുമുള്ള അവൾ അതിസുന്ദരിയായിരുന്നു. ആ ഫോട്ടോ കണ്ടിട്ടു് യുവാവു ചോദിച്ചു: ''ഇവൾ നിങ്ങളുടെ ഭാര്യയാണോ?'' ദിൻമുഹമ്മദു മറുപടിനല്കി: ''ആയിട്ടില്ല. എന്നാൽ എല്ലാം തീരുമാനിച്ചുകഴിഞ്ഞതാണു്. ഞാൻ അടുത്തതവണ വീട്ടിൽ ചെല്ലുമ്പോൾ അവളെ വിവാഹം ചെയ്യുമായിരുന്നു. എന്നാൽ—'' അയാൾ ദീർഘനിശ്വാസത്തോടെ നിർത്തി. ആ യുവാവു വീണ്ടും ആരാഞ്ഞു: ''വീട്ടിൽ പോയശേഷം നിങ്ങൾ അങ്ങനെ അവളെ കല്യാണംകഴിക്കുമെങ്കിൽ കാര്യമില്ലാതെ എന്തിനാണു ദുഃഖിക്കുന്നതു്?'' ദിൻമുഹമ്മദു മറ്റൊരു ദീർഘനിശ്വാസത്തോടെ പറഞ്ഞു: ''ആ വഞ്ചകനായ സുലൈമാൻബേഗിനെ

എങ്ങനെയാണ കൊല്ലേണ്ടതെന്നു കഴിഞ്ഞ കുറെദിവസമായി ഞാൻ ചിന്തിക്കുകയാണ്. അവനെ കൊന്നശേഷം ഞാനും മരിക്കും.'' മുറിവേററ സിംഹത്തിന്റെ ശബ്ദം പോലെയാണ് ഈ വാക്കുകൾ വെളിയിൽ വന്നതു്. വാസ്തവത്തിൽ അയാളുടെ ഈ ഗജ്ജനസ്വരത്തിൽ ആ യുവാവു ഞെട്ടിപ്പോയി. എങ്കിലും അയാൾ ശാന്തനായി ചോദിച്ചു: ''എന്തിനാണ് നിങ്ങൾ സുലൈമാൻബേഗിനെ കൊല്ലാൻ ഉദ്ദേശിക്കുന്നതു്?''

സുലൈമാൻബേഗ് അതേകമ്പനിയിലെ മറ്റൊരു ട്രക്ക്ഡ്രൈവറായിരുന്നു. ആ യുവാവിനു് അയാളെ നല്ല പരിചയമുണ്ടു്. സുലൈമാൻബേഗിനെ ദിൻമുഹമ്മദു കൊല്ലുകയും അതോടെ പിടിക്കപ്പെട്ടുകയും ചെയ്യുകയാണെങ്കിൽ മരണത്തിൽ കുറഞ്ഞ യാതൊരു ശിക്ഷയും ലഭിക്കുകയില്ലെന്നു് ആ യുവാവു പെട്ടെന്നു് ഓർത്തു. അയാൾ ദിൻമുഹമ്മദിൻെറ രണ്ടുകൈകളും കൂട്ടിപ്പിടിച്ചു കൊണ്ടു പറഞ്ഞു: ''സ്നേഹിതാ, ദയവായി അതു ചെയ്യരുതു്. എങ്കിലും സുലൈമാനെ കൊല്ലണമെന്നു നിങ്ങൾ വിചാരിക്കുന്നതിൻെറ കാരണം എനിക്കു മനസ്സിലാകുന്നില്ല.'' സാവധാനത്തിൽ ദിൻമുഹമ്മദ് ആ കഥ മുഴുവൻ പറഞ്ഞു:

''സുലൈമാൻബേഗും അതേകമ്പനിയിലെ ഒരു ട്രക്ക്ഡ്രൈവറായിരുന്നതിനാൽ അയാളും ദിൻമുഹമ്മദും കൂട്ടുകാരായി. അങ്ങനെയിരിക്കെ ഒരുദിവസം ദിൻമുഹമ്മദ് തൻെറ പ്രതിശ്രുതവധുവിൻെറ ഫോട്ടോ സുലൈമാനെ കാണിച്ചു. അന്നുമുതൽ ആ ഫോട്ടോ വീണ്ടും വീണ്ടും കാണിക്കാൻ സുലൈമാൻ പലപ്പോഴും ദിൻമുഹമ്മദിനെ നിർബ്ബന്ധിച്ചിരുന്നു. പെട്ടെന്നു് ഒരു ദിവസം സുലൈമാൻ കുറച്ചുദിവസം അവധിയെടുത്തു

വീട്ടിൽ പോയതായി കേട്ടു. തൻെറ രോഗിയായ അമ്മയെ കാണാൻപോകയാണെന്ന് എന്നത്രെ പോകുന്നസമയത്ത് അയാൾ ദിൻമുഹമ്മദിനോടു പറഞ്ഞതു്. അവധികഴിഞ്ഞു് അയാൾ തിരികെവന്നു ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ഇതെല്ലാം ആ യുവാവിനും അറിയാവുന്ന കാര്യങ്ങളാണു്. അതുകൊണ്ടു് അയാൾ ദിൻമുഹമ്മദിനോടു ചോദിച്ചു: "പക്ഷേ, അയാളെ കൊല്ലാൻപോകുന്നതിനു് എന്താണു കാരണം." ദിൻമുഹമ്മദു വീണ്ടും ഗർജ്ജിച്ചു: "ആ വഞ്ചകൻ എൻെറ ജീവിതം നിഷ്ഫലമാക്കി." അയാൾ തുടൎന്നു: "അവൻ അവധിയെടുത്തു വീട്ടിൽ പ്പോയില്ല. നേരെ എൻെറ ഗ്രാമത്തിലേക്കാണു പോയതു്. അവിടെ അവൻ സിരാജിയുമായി പരിചയപ്പെട്ടുകയും ഞാൻ യുദ്ധത്തിൽ കൊല്ലപ്പെട്ടുവെന്നു് അവളെ പറഞ്ഞു വിശ്വസിപ്പിക്കുകയുംചെയ്തു. അതുതന്നെയല്ല, എനിക്കുവേണ്ടി ഇനിയും കാത്തിരിക്കുന്നതിൽ കാര്യമൊന്നുമില്ലെന്നും അതുകൊണ്ടു സിരാജിയെ അവൻ വിവാഹം ചെയ്യാമെന്നും പ്രലോഭിപ്പിച്ചു. ഈ തട്ടിപ്പുകളിൽ അവൻ അവസാനം ജയിച്ചു. നിങ്ങൾക്കു് അറിയാമോ എൻെറ സ്നേഹിതാ, ഞങ്ങളുടെ പെൺകുട്ടികളുടെ മനസ്സു് പച്ചവെള്ളംപോലെയാണു്. കൂടാതെ സിരാജി വളരെ ചെറുപ്പവുമായിരുന്നു. ഈ ലോകത്തിലെ തട്ടിപ്പുകളും സൂത്രങ്ങളും ഒന്നും അവളുടെ തലയിൽ ഒരിക്കലും കയറുകയില്ല. ആ പാവംപെൺകുട്ടി ഒരു ശുദ്ധഗതിക്കാരിയായിരുന്നു. ഏതായാലും അവൻെറ വലയിൽ അവൾ കുടുങ്ങി. അവൻ സിരാജിയെ എൻെറ ഗ്രാമത്തിൽനിന്നു് എവിടേക്കോ തട്ടിക്കൊണ്ടുപോകുകയുംചെയ്തു. എൻെറ ഒരു ബന്ധു അടുത്തദിവസം അയച്ച കത്തിൽനിന്നാണു് ഈ വിവരമെല്ലാം ഞാൻ അറിഞ്ഞതു്." ഇത്രയും

പറഞ്ഞു് അയാൾ ഒരിക്കൽക്കൂടി ഹൃദയഭേദകമായി ദീർഘനിശ്വാസംചെയ്തു. അല്പനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം ദിൻമുഹമ്മദ് വീണ്ടും ഗജ്ജിച്ചു: "ആ വഞ്ചകന്റെ തല ഞാൻ കോടാലികൊണ്ടു വെട്ടിമുറിക്കും."

ദിൻമുഹമ്മദ് പറഞ്ഞതെല്ലാം ആ യുവാവു് നിശ്ശബ്ദം ശ്രവിച്ചു. അല്പസമയംകൂടി നിശ്ശബ്ദനായി ഇരുന്ന ശേഷം അയാൾ പറഞ്ഞു: "നിങ്ങൾ അതുകൊണ്ടു് എന്തു നേട്ടം? നിങ്ങളുടെ ശത്രുവിനെ ശിക്ഷിക്കും. അത്രമാത്രം. എന്നാൽ സിരാജ്ജിയെപ്പററി യാതൊരു വിവരവും നിങ്ങൾക്കു കിട്ടുകയില്ല."

ദിൻമുഹമ്മദ്: "അതു ശരിയാണു്. നിങ്ങൾ പറഞ്ഞതു സത്യമാണു്."

യുവാവു തുടന്നു: "സുലൈമാൻബേഗിൽനിന്നു സിരാജ്ജിയെപ്പററിയുള്ള എല്ലാ വിവരങ്ങളും എങ്ങനെയെങ്കിലും സമ്പാദിക്കാൻ നിങ്ങൾ ശ്രമിക്കണം. എന്നിട്ടു് അവളെ ആ രഹസ്യസ്ഥലത്തുനിന്നു രക്ഷപ്പെടുത്തുകയാണു വേണ്ടതു്." അയാൾ അവസാനം ഇത്രയുംകൂടി കൂട്ടിച്ചേത്തു: "സ്നേഹിതാ, നിങ്ങൾ ആ ഉത്തരവാദിത്വം എനിക്കു വിട്ടുതരിക. പിന്നെ നാം പിണക്കമാണെന്നു നിങ്ങൾ കുറേനാളത്തേക്കു നടിക്കണം. ശരി, നിങ്ങൾക്കു വേണ്ടി എന്തുചെയ്യാൻ കഴിയുമെന്നു നോക്കട്ടെ. എന്നിട്ടു കാണാം."

അല്പദിവസത്തിനുള്ളിൽ ആ യുവാവും സുലൈമാൻബേഗും ഉററചങ്ങാതിമാരായി. അതിനിടയിൽ സുലൈമാൻ മിക്ക രാത്രികളിലും ഡ്യൂട്ടിയിൽനിന്നു് ഒളിച്ചുപോകുന്നതായും അയാൾ കണ്ടുപിടിച്ചു. ഒരുദിവസം യുവാവു് സുലൈമാനെ പിടികൂടി പറഞ്ഞു: "നിങ്ങൾ എല്ലാ രാത്രിയിലും എവിടെയാണു പോകുന്നതെന്നു പറ

യുക. പറഞ്ഞില്ലെങ്കിൽ ഓഫീസറുടെയടുത്തു വിവരങ്ങളെല്ലാം പറഞ്ഞു ഞാൻ കോർട്ടുമാർഷൽ ചെയ്യിക്കും.''

സുലൈമാൻ: ''ദിവസവും എനിക്ക് എൻെറ ബീബിയുടെ അടുത്തു പോകണം; ഞങ്ങൾ ഈയിടെ കല്യാണംകഴിഞ്ഞവരാണ്.''

യുവാവ് അത്ഭുതത്തോടെ ചോദിച്ചു: ''നിങ്ങളുടെ ബീബി ഈ മരുഭൂമിയിൽ എവിടെയാണ്?''

സുലൈമാൻ: ''അവൾ ടൗണിലുണ്ട്.''

ആ കമ്പനിയിൽനിന്ന് ഏതാണ്ട നാല്പതു നാഴിക അകലെയായിരുന്നു ടൗൺ.

ഇത്രയും വിവരം കിട്ടിയയുടനെ യുവാവു കുറച്ചുദിവസത്തെ അവധിയെടുത്തു ദിൻമുഹമ്മദിൻെറ പക്കൽനിന്നു സിരാജിയുടെ ഫോട്ടോയും വാങ്ങി ടൗണിലേക്കു പോയി. അതൊരു ചെറിയ നഗരമായിരുന്നെങ്കിലും സിരാജിയെപ്പററിയുള്ള വിവരങ്ങൾ ശേഖരിക്കാൻ അയാൾക്കു രണ്ടുദിവസം വേണ്ടിവന്നു. നഗരത്തിൻെറ ഗേററിൽ റോഡരികിലായി ഒരു വൃദ്ധഅറബിയുടെ കുടിലുണ്ടായിരുന്നു. യാത്രക്കാർക്കു വെള്ളവും പഴങ്ങളും വില്ക്കുകയായിരുന്നു ആ വൃദ്ധൻെറ തൊഴിൽ. സുലൈമാൻ ആ വൃദ്ധൻെറ കസ്റ്റഡിയിലാണു സിരാജിയെ പാർപ്പിച്ചിരുന്നത്.

ഈ വിവരങ്ങൾ സൂക്ഷ്മമായി സമ്പാദിച്ചശേഷം യുവാവു ക്യാമ്പിലേക്കു മടങ്ങിച്ചെന്നു ദിൻമുഹമ്മദിനെ അറിയിക്കുകയും, സിരാജിയെ രക്ഷപ്പെടുത്തി വേഗം കല്യാണം കഴിക്കുവാൻ നിർബ്ബന്ധിക്കുകയും ചെയ്തു. ഓഫീസറുടെ അടുത്തു പറഞ്ഞു ദിൻമുഹമ്മദിനു കുറച്ചുദിവസം അവധി വാങ്ങിക്കൊടുക്കാമെന്നും അയാളേററു.

അടുത്തദിവസം ഡ്യൂട്ടി അലോട്ടുചെയ്യുന്ന അവസരത്തിൽ യുവാവ് ഇതെല്ലാം ഓഫീസറോടു പറയുകയും

സുലൈമാനെ ക്യാമ്പിൽനിന്നു് ഏതാണ്ടു 150 മൈൽ അകലെയുള്ള ഒരു സ്ഥലത്തേക്കു് അയപ്പിക്കുകയുംചെയ്തു. ദിൻമുഹമ്മദിൻെറ അവധിയുടെ കാര്യവും അയാൾ ശരിയാക്കിക്കൊടുത്തു. ദിൻമുഹമ്മദിനു വലിയ സന്തോഷമായി. തൻെറ സുഹൃത്തിനു് എന്തെങ്കിലും ഒരല്പം സഹായം ചെയ്യാൻ കഴിഞ്ഞതിൽ യുവാവും സന്തോഷിച്ചു.

ഒരുമാസത്തിനുശേഷം പുഞ്ചിരിവിതറുന്ന മുഖവുമായി ദിൻമുഹമ്മദ് ക്യാമ്പിൽ തിരികെ വന്നു. അയാൾ ആ യുവാവിനെ മാറോടണച്ചുകൊണ്ടു പറഞ്ഞു: "നിങ്ങൾ എൻെറ സ്നേഹിതൻ മാത്രമല്ല. എൻെറ ജീവൻ്റെ ഉടമസ്ഥൻകൂടിയാണു്. ജീവിതകാലം മുഴവൻ ഞാൻ നിങ്ങളുടെ അടിമയായിരിക്കും. എൻെറ ഹൃദയത്തിൽ ഇനിമുതൽ രണ്ടു പേരുകളാണുള്ളതു്." ഇത്രയും പറഞ്ഞു് അയാൾ തൻെറ നെഞ്ചു കാണിച്ചുകൊടുത്തു. അവിടെ രണ്ടുപേരുകൾ എഴുതിയിരുന്നു—വലതുവശത്തു് അറബിഭാഷയിൽ സിരാജിയുടെയും ഇടതുഭാഗത്തു് ഇംഗ്ലീഷിൽ തോമസ്സിൻെറയും.

*　　　*　　　*

റോജേഴ്സിനു് ഒററനോട്ടത്തിൽ ദിൻമുഹമ്മദിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. അയാളുടെ മുഖം താടിമീശയാൽ മൂടപ്പെട്ടിരുന്നു. എന്നാൽ ഒരിക്കൽക്കൂടി ദിൻമുഹമ്മദിനെ സൂക്ഷിച്ചുനോക്കുകയും തൻെറതന്നെ പേർ ഇംഗ്ലീഷിലെഴുതിയിരിക്കുന്നതു കാണുകയും ചെയ്തപ്പോൾ അയാൾക്കു് ഉൾക്കിടിലമുണ്ടായി. എങ്കിലും ദിൻമുഹമ്മദ് റോജേഴ്സിനെ തിരിച്ചറിഞ്ഞതേയില്ല. മദ്ധ്യപൗരസ്ത്യദേശത്തായിരുന്നകാലത്തു റോജേഴ്സിനു ഫ്രഞ്ചു താടിയുണ്ടായിരുന്നു. തന്നെയുമല്ല, അവർ തമ്മിൽ അവ

സാനം കണ്ടതിനുശേഷം കാലം വളരെയധികം കഴിഞ്ഞു. ഇതിനിടയിൽ റോജേഴ്സ് എത്രയെത്ര ജീവിതസമരങ്ങളിൽ ഏറ്റുമുട്ടി! ആ സമരങ്ങളെല്ലാം തങ്ങളുടെ മുദ്രകൾ റോജേഴ്സിൻെറ മുഖത്തു പതിപ്പിച്ചിട്ടാണു് കടന്നുപോയതു്. കാലത്തിൻെറ കനത്ത പ്രഹരങ്ങളേറ്റു റോജേഴ്സിൻെറ മുഖഭാവംതന്നെ ആകെ മാറിയിരുന്നു.

എന്നാൽ ദിൻമുഹമ്മദിനെ തിരിച്ചറിഞ്ഞപ്പോൾ മദ്ധ്യപൗരസ്ത്യദേശത്തെ മണലാരണ്യങ്ങളിൽവച്ചു തങ്ങളുടെ ജീവിതത്തിൽ നടന്ന സംഭവങ്ങളെല്ലാം അവയുടെ വിശദാംശങ്ങളിൽത്തന്നെ റോജേഴ്സിൻെറ ഹൃദയത്തിലേക്കു കടന്നുവന്നു. ആ അതീതകാലസ്മരണകളുടെ ആക്രമണംമൂലം അയാൾക്കു് അന്നുരാത്രി ഒരുപോളക്കണ്ണടയ്ക്കാൻ കഴിഞ്ഞില്ല.

പിറേറദിവസം രാവിലെ അയാൾ കുളിയുംമററും കഴിഞ്ഞു് ഉഷാറായി. തലേദിവസം രാത്രിയിൽ ഹൃദയത്തിലേക്കു കടന്നുവന്ന വികാരങ്ങളുടെ വേലിയേററവും അയാൾ നിഷ്കാസനംചെയ്തു. ദിൻമുഹമ്മദ്—അയാൾക്കു തന്നോടുള്ള ബന്ധം എന്തായാലും അയാൾ ഈയവസരത്തിൽ ഒരു കള്ളൻ മാത്രമാണെന്നു റോജേഴ്സ് വിശ്വസിച്ചു. സമുദായത്തിൻെറയും നിയമത്തിൻെറയും ദൃഷ്ടിയിൽ അയാൾ കുററവാളിയാണു്. കൂടാതെ കിട്ടിയ വിവരംവച്ചുകൊണ്ടുനോക്കിയാൽ, അയാൾ കടത്തിക്കൊണ്ടുവന്നിരിക്കുന്ന സ്വർണ്ണം കുറച്ചൊന്നുമല്ല—ഏതാണ്ടു് അമ്പതുലക്ഷം രൂപ വിലയ്ക്കുള്ള സ്വർണ്ണം അയാളുടെ കപ്പലിലുണ്ടെന്നാണു് അറിവു്.

കസ്റ്റംസ് ഓഫീസായി ഉപയോഗിച്ചിരുന്ന കെട്ടിടത്തിൻെറ മുകളിലെ നിലയിലായിരുന്നു റോജേഴ്സിൻ്റെ താമസം. അന്നു രാവിലെ എട്ടുമണിക്കു് അയാൾ ഓഫീ

സിൽ ചെന്നു. ഉടനെ ഒരന്വേഷണവാറണ്ട് ഒപ്പിട്ട് ആ കപ്പലിൽ അന്വേഷണംനടത്താനായി തൻെറ വിശ്വസ്തരായ ഉദ്യോഗസ്ഥന്മാരിൽ കുറേപ്പേരെ അയച്ചു. ഇതിനിടയിൽ കപ്പൽജോലിക്കാരെയെല്ലാം അറസ്റ്റ്ചെയ്തിരുന്നു. കപ്പലിലെ ക്യാപ്റ്ററൻമുതൽ വെയ്യുകാരൻവരെയുള്ള എല്ലാ ജോലിക്കാരേയും പത്തുമണിക്കുള്ളിൽ റോജേഴ്സിൻെറ മുമ്പിൽ ഹാജരാക്കി. റോജേഴ്സ് ഫോൺചെയ്തു മിസ്റ്റർ അയ്യരെയും വരുത്തി. അവർ രണ്ടുപേരുംകൂടി ആ ജോലിക്കാരിൽ ഓരോരുത്തരേയും വിസ്തരിക്കാൻ തുടങ്ങി. യാത്രയാരംഭിക്കുന്നതിനു കുറച്ചുദിവസം മുമ്പു കപ്പൽ 'ഡ്രൈഡോക്കി'ലായിരുന്നെന്ന് ആ വിസ്താരത്തിനിടയിൽ അവൎക്കു മനസ്സിലായി. എഞ്ചിനും മററും നന്നാക്കുന്നതിനാണ് ആ കപ്പൽ കരയ്ക്കു കയററിയത്. 'ഡ്രൈഡോക്കി'ൽനിന്നിറക്കി ഒരാഴ്ചയ്ക്കകം യാത്രയാരംഭിക്കുകയും ചെയ്തു. ഈ കപ്പലിൻെറ യഥാൎത്ഥ ക്യാപ്റ്ററൻ അപ്പൻറിസൈററിസ് ബാധിച്ച് ആശുപത്രിയിലായതിനാൽ വേറൊരു പുതിയ ക്യാപ്റ്ററനായിരുന്നു അതിലുണ്ടായിരുന്നത്.

രണ്ടുദിവസം മുഴുവൻ ആ ജോലിക്കാരെ വിസ്തരിച്ചു മിസ്റ്റർ റോജേഴ്സും മിസ്റ്റർ അയ്യരും ക്ഷീണിച്ചു. എന്നിട്ടും യാതൊരു സൂചനയും ലഭിച്ചില്ല. അതിനാൽ ആദ്യദിവസം കിട്ടിയ അറബിയെ നിൎദ്ദയം മൎദ്ദിച്ചുനോക്കാൻ റോജേഴ്സ് അയ്യരോട്ട് അഭിപ്രായപ്പെട്ടു. അയാൾക്ക് ഒരുപക്ഷേ, എന്തെങ്കിലും സൂചന നല്കാൻകഴിഞ്ഞാൽ—

അറബിയെ മൎദ്ദിക്കാൻ അയ്യർ ഏൎപ്പെടുത്തിയ ആളുകൾ ക്രൂരതയ്ക്കും ഹൃദയശൂന്യതയ്ക്കും കുപ്രസിദ്ധരായിരുന്നു. ഭീഷണികൾക്കൊന്നും വഴങ്ങാതിരുന്ന അറബിയെ

അവർ ഭേദ്യംചെയ്യാൻതുടങ്ങി. അവർ അയാളെ ഇരുമ്പു വടികൊണ്ടടിച്ചു. നാലുദിവസം പട്ടിണിയിട്ടു. നഖങ്ങ ളിൽ സൂചി തറച്ചു. എങ്കിലും ഈ 'പോലീസ്മുറ'കളെ ല്ലാം വെറുതെയായി. പീഡിപ്പിച്ചിരുന്ന പോലീസുകാർ ക്ഷീണിച്ചതല്ലാതെ കൂടുതലൊന്നും സംഭവിച്ചില്ല. ഒരി ക്കൽ ചുണ്ടുകൾ ചേർത്ത ആ അറബി പിന്നെ തുറന്നതേ യില്ല. രമാനാഥൻ ഇതെല്ലാം റോജേഴ്സിനെ അറിയിച്ചു.

അന്നു രാത്രി റോജേഴ്സ് ഒരു അന്ത്യതീരുമാന ത്തോടെ ആ അറബിയെ കാണാൻ പോയി. ശാരീരിക മായി ആ അറബിയെ പീഡിപ്പിച്ചതുകൊണ്ടു യാതൊരു പ്രയോജനവും ഇല്ലെന്നു് അയാൾക്കു മനസ്സിലായിരുന്നു. അതിനാൽ ക്രൂരമായ ഒരു മാനസികാഘാതംമൂലം കുററം സമ്മതിപ്പിക്കാൻ അയാൾ പദ്ധതിയുണ്ടാക്കി. പെട്ടികൾ മുഴുവൻ തിരഞ്ഞു് അയാൾ ആ അറബിപ്പെൺകുട്ടിയു ടെ—സിരാജിയുടെ—ചിത്രം എടുത്തു. കല്യാണത്തിന്റെ സന്തോഷത്തിൽ മതിമറന്നിരുന്ന ദിൻമുഹമ്മദ് ആ ഫോ ട്ടോ തിരിയെ വാങ്ങിയിരുന്നില്ല. അതുകൊണ്ടു് ഏതോ ഒരു പെട്ടിയുടെ മൂലയിൽ റോജേഴ്സ് അതു സൂക്ഷിച്ചിരി ക്കയായിരുന്നു. ഇത്തരം ഒരു സുപ്രധാനകേസ്സിൽ ഈ ഫോട്ടോ ഉപകരിക്കുമെന്നു് അയാൾ സ്വപ്നത്തിൽപോലും പ്രതീക്ഷിച്ചതല്ല. സ്വന്തം പദ്ധതിയെപ്പററി അയാൾക്കു തന്നെ മതിപ്പുതോന്നി.

ലോക്കപ്പിൻെറ ഒരു മൂലയിൽ അറബി നിശ്ശബ്ദനാ യി ഇരുന്നു് ഉറക്കംതൂങ്ങുകയായിരുന്നു. അയാളുടെ ചുണ്ടി ൻെറ ഒരു കോണിൽനിന്നു് ഒലിച്ചിറങ്ങിയ രക്തം മീശ മേൽ കട്ടപിടിച്ചുകിടന്നു. റോജേഴ്സ് മുറിയിൽ പ്രവേ ശിച്ചതു് അയാൾ അറിഞ്ഞില്ല. അറബിയുടെ അടുത്തു

ചെന്നു്, എവിടെനിന്നു വരുന്നെന്നും പേരെന്താണെന്നും അയാൾ ശുദ്ധ അറബിഭാഷയിൽ ചോദിച്ചു.

അറബിഭാഷയിലെ സംസാരം കേട്ടു് ആ അറബിയുടെ ഉറക്കം വേഗം പോയി. ഒരു ഷോക്കുകിട്ടിയാലെന്ന പോലെ അയാൾ പെട്ടെന്നു് എഴുന്നേററുനിന്നു് അറബിഭാഷയിൽത്തന്നെ മുറുമുറുക്കാൻ തുടങ്ങി. തന്നെ പിടിപ്പിച്ച പോലീസുകാരെ ചീത്തപറയുകയായിരുന്നു അയാൾ. പരിതഃസ്ഥിതിയെപ്പററി ബോധമുണ്ടായ റോജേഴ്സ് അറബിയുടെകൂടെച്ചേന്നു പോലീസുകാരെ ചീത്തപറഞ്ഞു. അറബിയുടെ മനസ്സു ശാന്തമായി എന്നറിഞ്ഞപ്പോൾ റോജേഴ്സ് അറബിക്കിൽ സംഭാഷണം തുടന്നു. സംഭാഷണത്തിനിടയിൽ ഒന്നോ രണ്ടോ പ്രാവശ്യം അയാൾ ആ കപ്പലിൻെറ കായ്യം സൂചിപ്പിച്ചു. അല്പസമയത്തിനുള്ളിൽ അറബി റോജേഴ്സിനോടു സുഹൃത്ഭാവത്തിൽ രസകരമായി സംഭാഷണംതുടങ്ങി.

പെട്ടെന്നു റോജേഴ്സിൻെറ സ്വരം മാറി. രൗദ്രഭാവത്തിൽ അയാൾ ചോദിച്ചു: "കപ്പലിൽ കൊണ്ടുവന്ന സാധനമെവിടെ? എവിടെയാണതൊളിച്ചുവച്ചിരിക്കുന്നതു്?"

ഇതു കേട്ട അറബിയുടെ മുഖഭാവംതന്നെ വ്യത്യാസപ്പെട്ടു. കാട്ടിലെ കടുവായുടേതുപോലെയായി കണ്ണുകൾ. ദൃഢസ്വരത്തിൽ അയാൾ മറുപടിനല്കി: "എനിക്കു് അതേപ്പററി ഒന്നും അറിഞ്ഞുകൂടാ."

മിന്നൽവേഗത്തിൽ റോജേഴ്സ് പോക്കററിൽനിന്നു സിരാജിയുടെ ഫോട്ടോ എടുത്തു് അറബിയുടെനേരേ കാണിച്ചു: "ഇതാരാണെന്നു് അറിയാമോ? എവിടെയാണു സ്വർണ്ണം ഒളിച്ചുവച്ചിരിക്കുന്നതെന്നു പറഞ്ഞില്ലെങ്കിൽ താൻ ജീവിതകാലംമുഴുവൻ ഈ ജയിലിൽക്കിടന്നു നരകി

ക്കുകയേയുള്ളു. ഈ മുഖം ഒരിക്കൽക്കൂടി കാണാൻ തനിക്ക് അവസരം കിട്ടുകയില്ല. എന്നാൽ സത്യം തുറന്നുപറ ഞ്ഞാൽ ഞാൻ മോചിപ്പിക്കാം. സമ്മതിക്കുന്നോ? ഉം?''

തടവുപുള്ളി ആ ഫോട്ടോയിലേക്കു നോക്കിയപ്പോൾ ആദ്യം അന്ധാളിച്ചുപോയി. അയാൾ ഉടനെ മിസ്റ്റർ റോജേഴ്സിൻെറ മുഖത്തേക്കും നോക്കി. അയാളുടെ മുഖം സന്തോഷംകൊണ്ടു തെളിഞ്ഞു. പെട്ടെന്ന് അയാൾ കൈ രണ്ടും നീട്ടി റോജേഴ്സിനെ നെഞ്ചോടണച്ചുകൊണ്ടു മൃദുസ്വരത്തിൽ ചോദിച്ചു: ''സ്നേഹിതാ, നിങ്ങൾ ഇവിടെയുണ്ടോ? നിങ്ങളാണോ ഇവിടത്തെ കസ്റ്റംസ് ഓഫീസർ.''

റോജേഴ്സ് ഒരുനിമിഷം സ്തബ്ധനായി. സ്നേഹപൂർണ്ണവും മൃദുലവുമായ ഭാവത്തിലുള്ള 'സ്നേഹിതാ!' എന്ന വിളി അയാളുടെ ഹൃദയത്തിൻെറ അഗാധതയെത്തന്നെ സ്പർശിച്ചു. ദിൻമുഹമ്മദ് റോജേഴ്സിനെ ആലിംഗനത്തിൽനിന്നു വേർപെടുത്തി സന്തോഷംതുളുമ്പുന്ന മുഖത്തോടെ തുടൎന്നു: ''എൻ്റെ സ്നേഹിതാ, നിങ്ങളെ കാണാൻ ഞാൻ എത്രമാത്രം ആഗ്രഹിച്ചു! നിങ്ങളെ എവിടെയെല്ലാം തിരക്കി! നിങ്ങളേയും സിരാജിയേയും ഞാൻ ഒരുപോലെയാണു് എല്ലായ്പോഴും കരുതിയതു്. എനിക്കു് ഇംഗ്ലീഷ് അറിയാത്തതിനാൽ കത്തുകളെഴുതാൻ കഴിഞ്ഞില്ല. ഇന്ത്യയിൽ വന്നശേഷം ഞാൻ താങ്കളെപ്പററി വളരെയധികം സ്ഥലങ്ങളിലും വളരെയധികം ആളുകളോടും അന്വേഷിച്ചു.''

റോജേഴ്സിൻ്റെ ഹൃദയം അലിഞ്ഞെങ്കിലും അയാൾ അതു പുറത്തേക്കു കാണിച്ചില്ല. വീണ്ടും ഗൗരവത്തിൽ അയാൾ പറഞ്ഞു: ''ഈ വാക്കുകളൊന്നും ഇപ്പോൾ വേണ്ട. താൻ എവിടെയാണു സാധനം വെച്ചിട്ടുള്ളതു്?''

ദിൻമുഹമ്മദ് പുഞ്ചിരിച്ചു: "സ്നേഹിതാ, അതു് എവിടെയാണെന്നു നിങ്ങൾക്കു തീർച്ചയായും അറിയണമെന്നുണ്ടോ?"

മുഖമുയർത്തി ദിൻമുഹമ്മദിൻെറനേരെ നോക്കാൻ റോജേഴ്സിനു കഴിഞ്ഞില്ല. താഴെ നോക്കിക്കൊണ്ടു് അയാൾ മറുപടി നല്കി: "അതെ, എനിക്കറിയണം."

ദിൻമുഹമ്മദു ചോദിച്ചു: "അതുകൊണ്ടു നിങ്ങൾക്കു് എന്തെങ്കിലും നേട്ടമുണ്ടാകുമോ?"

അതേനില്പിൽ റോജേഴ്സ് പറഞ്ഞു: "ഉവ്വ്."

ദിൻമുഹമ്മദ്: "എങ്കിൽ എന്റെകൂടെ വരിക. സ്വർണ്ണം എവിടെയാണു വച്ചിരിക്കുന്നതെന്നു ഞാൻ കാണിച്ചുതരാം. ഞാനൊഴികെ കപ്പലിൽ ആർക്കും അതറിഞ്ഞുകൂടാ. കാരണം, കപ്പൽ ഡ്രൈഡോക്കിലായിരുന്ന കാലത്തു ഞാൻതന്നെയാണു് അതു സൂക്ഷിക്കാനുള്ള പ്രവൃത്തിയെല്ലാം ചെയ്തതു്. വരൂ, എൻെറ സ്നേഹിതാ, ഞാൻ അതു നിങ്ങളെ കാണിക്കാം. നിങ്ങൾക്കു് അതുകൊണ്ടു നേട്ടമുണ്ടാകുന്നതിനാൽ നിങ്ങളെ മാത്രമേ ഞാൻ കാണിക്കുകയുള്ളൂ. അല്ലെങ്കിൽ ഈ ലോകത്തിലെ ഒരു ശക്തിക്കും എന്നെ നിർബ്ബന്ധിച്ചു് അതേക്കുറിച്ചു യാതൊരു വിവരവും നേടാൻ സാധിക്കുകയില്ല."

സുദീർഘകാലത്തെ വേർപാടു ദിൻമുഹമ്മദിൻെറ സ്നേഹബന്ധത്തിൽ യാതൊരു മങ്ങലും സൃഷ്ടിച്ചിട്ടില്ല എന്നോർത്തു മിസ്റ്റർ റോജേഴ്സ് അത്ഭുതപ്പെട്ടു.

ആ നിശയുടെ നിശ്ശബ്ദയാമത്തിൽ റോജേഴ്സും ദിൻമുഹമ്മദും ജീപ്പിൽ കയറി പോയി. ദിൻമുഹമ്മദിനെ കണ്ടശേഷം റോജേഴ്സിന്റെ ഹൃദയം ആന്ദോളനംചെയ്യുകയായിരുന്നു. വികാരങ്ങളെ കടിച്ചമർത്താൻ അയാൾ ശ്രമിച്ചു. പക്ഷേ, ദിൻമുഹമ്മദു തന്റെ നേട്ടത്തിനുവേണ്ടി

വലിയൊരപകടത്തിൽപ്പെടാൻ സന്നദ്ധനായിരിക്കുന്നു എന്നോർത്തപ്പോൾ അയാളുടെ ഹൃദയം കൂടുതൽ ചഞ്ചലമായി. യാത്രാവസരത്തിൽ ദിൻമുഹമ്മദ് റോജേഴ്സിൻെറ തോളിൽ കൈയിട്ടു പലപ്പോഴും മൃദുസ്വരത്തിൽ ചോദിച്ചു: "ഇത്രയുംകാലം നിങ്ങൾ എവിടെയായിരുന്നു സ്നേഹിതാ? എവിടെയായിരുന്നു?"

റോജേഴ്സ് അയാളുടെ ചോദ്യങ്ങൾക്കു മറുപടി നല്കിയില്ല. അയാൾ നിശ്ശബ്ദനായിരുന്നു. ഹൃദയത്തിലെ വൈകാരികവേലിയേററം അയാളെ നിശ്ശബ്ദനാക്കി.

കുറച്ചുസമയത്തിനുശേഷം വളരെ വിഷമിച്ചു റോജേഴ്സ് ഇത്രയും പറഞ്ഞു: "ഞാൻ നിങ്ങളോടു് ഒരു കാര്യം തുറന്നുപറയാം. സ്വർണ്ണം എവിടെയാണു സൂക്ഷിച്ചിരിക്കുന്നതെന്നു വേണ്ട അറിവു കിട്ടിക്കഴിഞ്ഞാൽ നിങ്ങളെ സ്വതന്ത്രനാക്കാൻ എനിക്കു കഴിയുകയില്ല. നിങ്ങൾക്കു ശിക്ഷ കൈവരിക്കേണ്ടിവരും. അതുകൊണ്ടു നിങ്ങൾ കൊണ്ടുവന്ന സ്വർണ്ണം കാണിച്ചുതരുന്നോ ഇല്ലയോ എന്നു സ്വയം തീരുമാനിക്കുക. സ്വർണ്ണം കാണിച്ചുതന്നാൽ നിങ്ങളെ മോചിപ്പിക്കാമെന്നു ഞാൻ മുമ്പു പറഞ്ഞു. അതു നുണയാണു്. എനിക്കതു സാദ്ധ്യമല്ല. അതിനാൽ വേണമെന്നുണ്ടെങ്കിൽ ഇപ്പോൾ ഈ ജീപ്പിൽനിന്നു് എങ്ങോട്ടെങ്കിലും ഓടിപ്പോയി രക്ഷപ്പെടാം."

ദിൻമുഹമ്മദ് സ്നേഹത്തോടെ റോജേഴ്സിൻെറ മുഖത്തു മൃദുവായി അടിച്ചുകൊണ്ടു് ഉറക്കെ പൊട്ടിച്ചിരിച്ചു: "എൻെറ സ്നേഹിതാ, ഞാൻ ചിരിക്കുന്നതാണു നിങ്ങൾ കാണുന്നതു്. നിങ്ങളുടെ സത്യവും നുണയും നിങ്ങളിൽത്തന്നെ ഇരിക്കട്ടെ. ഞാൻ നിങ്ങൾക്കു് ഒരിക്കൽ വാക്കുതന്നാൽ അതു മറിച്ചാകാൻ സാദ്ധ്യമല്ല. നിങ്ങൾ ഒരിക്കൽ ഈ ജീവൻ രക്ഷിച്ചതാണു്. നിങ്ങളുടെ ഗുണ

ത്തിനുവേണ്ടി ഇനി ഈ ജീവൻ പോകുന്നതിൽ എനിക്കു ഖേദമില്ല.''

ഒരു മണിക്കൂറിനകം ദിൻമുഹമ്മദും റോജേഴ്സും കപ്പലിലെത്തി. പല മുറികളിലൂടെയും കടന്നു് അവർ എഞ്ചിൻമുറിയിലേക്കാണു പോയതു്. അവിടെവന്നു് ഒരല്പനേരം നിന്നശേഷം ദിൻമുഹമ്മദ് മുറിയുടെ മൂലയിൽ കിടന്ന കഠാരി എടുത്തു. അതു് ആ മുറിയുടെ ചുമരിൽ ഒരിടത്തു് ആഞ്ഞുതറച്ചു് അയാൾ ഒരു മൂലയിൽനിന്നു മറ്റേ മൂലവരെ കീറി; എന്നിട്ടു് എഞ്ചിൻമുറിയിലെ പുകകൊണ്ടു കരിപിടിച്ച ആ കാർഡ്ബോർഡ് വലിച്ചു താഴെയിട്ടു. അപ്പോൾ കണ്ട കാഴ്ച റോജേഴ്സിനെ അത്ഭുതപ്പെടുത്തി. ആ മുറിയുടെ ഭിത്തിപോലെ അവിടമാകെ മൂടിക്കൊണ്ടു മങ്ങിയ മഞ്ഞസ്വർണ്ണപ്പലകകൾ തൂങ്ങിക്കിടക്കുന്നു! ഏതാണ്ടു് അമ്പതുലക്ഷം രൂപാ വിലയുള്ള സ്വർണ്ണം അവിടെയുണ്ടെന്നു റോജേഴ്സ് കണക്കാക്കി.

അന്നുരാത്രി റോജേഴ്സ് ദിൻമുഹമ്മദിനെ ചാർജ്ജുചെയ്തു പോലീസ്സിനെ ഏല്പിച്ചു. ആ കള്ളക്കടത്തിനെക്കുറിച്ചു് ഒരു സുദീർഘറിപ്പോർട്ടു് അയാൾ തയ്യാറാക്കി. ശിക്ഷയിൽനിന്നു രക്ഷപ്പെടാൻ ദിൻമുഹമ്മദിനു യാതൊരു നിവൃത്തിയുമില്ലാത്തവിധത്തിലാണു കുററപത്രം എഴുതിയതു്. അനന്തരം റോജേഴ്സ് തന്റെ കിടപ്പുമുറിയിൽ വന്നു മിസ്റ്റർ അയ്യരെ ടെലഫോണിൽ വിളിച്ചു. ഉറക്കത്തിൽനിന്നു് എഴുന്നേററുവന്ന മിസ്റ്റർ രമാനാഥൻ കേട്ടതു് ഇങ്ങനെയാണു്: 'രമാനാഥൻ, എന്നെന്നേക്കുമായി ഗുഡ്ബൈ... തോമസ്സാണു സംസാരിക്കുന്നതു്. എന്റെ ആദരാഞ്ജലികൾ താങ്കളുടെ അച്ഛനെ അറിയിക്കുക.' മിസ്റ്റർ രമാനാഥനു് എന്തെങ്കിലും സംസാരിക്കാൻ കഴിയുന്നതിനുമുമ്പു് റോജേഴ്സ് നിത്തി. ഉടനെ

അയാളുടെ മുറിയിൽനിന്നു രാത്രിയുടെ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് ഒരു വെടിയൊച്ച മുഴങ്ങുകയും ചെയ്തു.

താഴെ ഡ്യൂട്ടിയിലുണ്ടായിരുന്ന കാവല്ക്കാരും സബ്ബ് ഇൻസ്പെക്ടർമാരും ഇതു കേട്ട് ഓടിയെത്തി. വാതിൽ തള്ളിത്തുറന്നപ്പോൾ കണ്ട കാഴ്ച അവരെ ഞെട്ടിച്ചു—റോജേഴ്സ് തലയിൽ വെടിവെച്ച് ആത്മഹത്യചെയ്തിരിക്കുന്നു! അയാളുടെ തലച്ചോറു തറയിലാകെ ചിതറിക്കിടന്നു. മുറിയിൽ രക്തം തളംകെട്ടി. ഒരു വാച്ച്മാൻ മിസ്റ്റർ രമാനാഥയ്യരെ ഉടനെ ഫോണിൽ വിവരം അറിയിച്ചു. അയ്യർ അതിവേഗം എത്തി ശവശരീരം പരിശോധിച്ചു. അനന്തരം മുറിയിലുള്ള മററുസാധനങ്ങൾ പരിശോധിക്കാൻ തുടങ്ങിയപ്പോൾ അയാളുടെ കണ്ണുകൾ മേശപ്പുറത്തു തടഞ്ഞു. റോജേഴ്സിൻെറ ഡയറി തുറന്നനിലയിൽ അവിടെ ഉണ്ടായിരുന്നു. അതിൽ മിസ്റ്റർ റോജേഴ്സ് തൻെറ അന്ത്യവാചകങ്ങൾ കുറിച്ചിരുന്നതു മിസ്റ്റർ അയ്യർ വായിച്ചു: 'അഗാധമായ സംതൃപ്തിയോടെയാണു ഞാൻ ഈ ലോകത്തിൽനിന്നു പോകുന്നത്. ഈ ലോകത്തിൽ ഇനിയും വിശ്വാസവും സൗഹൃദവും സ്നേഹവും അവശേഷിച്ചിട്ടുണ്ട്. ആ വിശ്വാസത്തിൻെറയും സൗഹൃദത്തിൻെറയും സ്നേഹത്തിൻെറയും മുമ്പിൽ ഞാനിതാ അവസാനം പരാജയപ്പെട്ടിരിക്കുന്നു. പരാജയം സ്വീകരിക്കുന്നതിൽ ഇത്രയേറെ സുഖമുണ്ടെന്നു ജീവിതത്തിൽ ആദ്യമായാണു ഞാൻ മനസ്സിലാക്കുന്നത്.'

# ചീനിബാസചരിതം

ഞാൻ പലപ്പോഴും ചീനിബാസണ്ണന്റെ കാര്യം ഓർക്കാറുണ്ട്. അദ്ദേഹം എന്റെ അടുത്തുനിന്നു പോയിട്ടു വളരെ വളരെ കാലമായെങ്കിലും ആ വിചിത്രമായ ജീവിതദർശനം ഇന്നും എന്റെ ഓർമ്മകളിൽ പച്ചപിടിച്ചു നില്ക്കുന്നു.

—അതോടൊപ്പം എന്റെ മുത്തശ്ശിയുടെ വാക്കുകളും ഞാൻ ഓർക്കും: 'ചീനിബാസൻ തന്നത്താൻ സ്വന്തം സ്വർഗ്ഗം സൃഷ്ടിച്ചു. അവനെ അവിടെനിന്നു നീക്കാൻ ആർക്കും ഒരിക്കലും കഴിയുകയില്ല.'

ചീനിബാസണ്ണൻ വളരെ ഉന്നതകായനായിരുന്നു. മിക്കസമയവും അരയ്ക്കുമേലോട്ടുള്ള ഭാഗം നഗ്നമായിരിക്കും. എങ്കിലും കുടവയറിനു താഴെ മുണ്ടിന്റെ ഒരറ്റം ചുറ്റിക്കെട്ടിയിരിക്കും. ചിലപ്പോൾ ആ മുണ്ടിന്റെ കെട്ട് മുറുകിയതാണെങ്കിൽ മററുചിലപ്പോൾ അയഞ്ഞതായിരിക്കും കാണുന്നതു്. മുണ്ടിന്റെ കെട്ട് ഇങ്ങനെ അയഞ്ഞും മുറുകിയും കാണുന്നതിൽനിന്നു് ചീനിബാസണ്ണന്റെ അതാതവസരത്തിലെ മനോഭാവം പെട്ടെന്നു മനസ്സിലാക്കാൻ കഴിയുമായിരുന്നു.

മുണ്ടിന്റെ കെട്ട് അയഞ്ഞ അവസരങ്ങളിൽ ചീനിബാസണ്ണൻ ഇടയ്ക്കിടയ്ക്കു വളരെ ഉറക്കെ പൊട്ടിച്ചിരിക്കുന്നതു കേൾക്കാം. ഉറക്കെ പാട്ടുപാടുകയുംചെയ്യും. ഞങ്ങളെപ്പോലെയുള്ള കുട്ടികൾ അപ്പോൾ അദ്ദേഹത്തിന്റെയടുത്തു പോയാൽ പെട്ടെന്നു് അദ്ദേഹം ഞങ്ങളെ വാരിയെടുത്തുകഴിയും. ഉടനെ തന്റെ കടയിലെ കുപ്പികളിലി

രിക്കുന്ന മിഠായികളും ബിസ്കറ്റുകളും ഞങ്ങളുടെ കൈകളിലേക്കു ചൊരിയുകയായി. എന്നിട്ടു ചോദിക്കും: "ഈ പാട്ടൊന്നു പാടാമോ? ഇതാ ഈ പാട്ട്."

"എൻെറ അമ്മാവൻ എന്നെ ക്ഷണിച്ചിട്ടുണ്ട്;
തീർച്ചയായും ഒരു സദ്യ ഉണ്ടാകണം.
ചെരുപ്പുകുത്തിയുടെ വീട്ടിൽനിന്നാണെങ്കിലും
പൂരി തിന്നുന്നതിലെന്താണു കുഴപ്പം?"

പാട്ടുപാടുമ്പോൾ നൃത്തംചെയ്യുന്നതുപോലെ നില്ക്കുക അദ്ദേഹത്തിൻെറ പതിവാണ്. കുലുങ്ങിച്ചിരിച്ചുകൊണ്ടു പാട്ടു തുടരുന്നതും സാധാരണയാണ്:

"ഞാനൊരിക്കലും തൈരു കഴിക്കുകയില്ല
മധുരരസത്തിൽ മുങ്ങിയ രസഗുളയും
ഗുലാബ്ജാനും എവിടെ?
എന്തിനാണു ഞാൻ ചീരയും വഴുതനങ്ങയുംകൊണ്ടു
വയർ നിറയ്ക്കുന്നത്?"

പാടിക്കഴിഞ്ഞു് അദ്ദേഹം എന്നോടു പറയുമായിരുന്നു: "പാടുക ഠാക്കുർ പാടുക. ഈ പാട്ടെല്ലാം നിങ്ങൾ, ബ്രാഹ്മണർക്കുവേണ്ടി മാത്രമുള്ളതാണ്, അതുകൊണ്ടു പാടുക."

ആ പാട്ടിൻെറ അടിയിലുള്ള നിഗൂഢരസതത്വം മനസ്സിലാക്കാൻ അന്ന് എനിക്കു കഴിയുമായിരുന്നില്ല. എങ്കിലും ചീനിബാസണ്ണൻെറ കടയിലെ മിഠായിക്കും ബിസ്കറ്റിനുംവേണ്ടി ഞാൻ ആ പാട്ട് ആവർത്തിക്കുമായിരുന്നു. ആ അവസരത്തിൽ ചീനിബാസണ്ണൻ വിരൽ ഞൊടിച്ചു താളംപിടിക്കുക പതിവാണ്. തലയാട്ടിക്കൊണ്ട് അദ്ദേഹം പറയും: "അതു് അസ്സലായി! ഭേഷ്! കൊള്ളാം! നീ നിൻെറ കുടുംബത്തിൻെറ പേരു നില

നിത്തും. സംഗീതവിദശ്ധന്മാരുടെ കുടുംബത്തിലാണു് നീ ജനിച്ചതെന്നതിന്നു സംശയമില്ല."

അങ്ങനെ സംസാരിച്ചിരിക്കുമ്പോഴായിരിക്കും പെട്ടെന്നു് എന്നെ താഴെ നിർത്തിയിട്ടു് ചീനിബാസണ്ണൻ പറയുന്നതു്: "നോക്കു്, 'മാജനനി'ക്കു രോഷനപ്പുല്ലു കൊണ്ടുവരുന്ന കാര്യം ഞാൻ എങ്ങനെ മറന്നുപോയി! പോ! പോ ഠാക്കൂർ! വേഗം പോ! ആ രോഷനപ്പുല്ലിൻെറ നീരു പുരട്ടിയില്ലെങ്കിൽ 'മാജനനി'യുടെ വാതം മാറുകയില്ല."

ഇതു പറയുമ്പോൾ അദ്ദേഹം തൻെറ മുണ്ടു മുറുക്കികെട്ടുന്ന തിരക്കിലായിരിക്കും. പിന്നീടു് ഇറയിൽനിന്നു കത്തി വലിച്ചെടുത്തു് മൂച്ച്നോക്കിയശേഷം മുഴങ്ങുന്ന ശബ്ദത്തിൽ വിളിക്കും: "ബഡബൗ*"

ആ അവസരത്തിൽ ബഡബൗ എവിടെയാണെങ്കിലും ശരി ചീനിബാസണ്ണൻെറ മുമ്പിൽ എത്തിക്കൊള്ളണം. അല്ലെങ്കിൽ അദ്ദേഹം കലഹമുണ്ടാക്കും. വേറെ നിവൃത്തിയൊന്നുമില്ല—അരയിലെ മുണ്ടിൻ്റെ കെട്ടു് മുറുകിക്കഴിഞ്ഞിരിക്കയാണു്! ഉടനെ ബഡബൗ കുറെ കയറും ഒരു കൊട്ടയും കൊണ്ടുവരണം. വേലക്കാരൻ പിംപ്രേയെ വിളിച്ചു് അവൻെറ മടിയിൽ നിറയെ മലരും കെട്ടി കൂട്ടത്തിൽ അയയ്ക്കുകയും വേണം. ബഡബൗ ഇതെല്ലാം ചെയ്യുമ്പോഴേക്കും ചീനിബാസണ്ണൻ പകുതിവഴി നടന്നുകഴിഞ്ഞിരിക്കും.

*　　　　*　　　　*

ചീനിബാസണ്ണൻ ജാതിയിൽ 'സത്ഗോപ'നാണു്. ഭർത്താവും ഭാര്യയും മാത്രം—കുട്ടികളൊന്നുമില്ല.

---

* കുടുംബത്തിലെ മൂത്ത മരുമകളെ ബംഗാളിൽ ബഡബൗ എന്നു വിളിക്കുന്നു.

ദ്വാദശിമി ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. ഞങ്ങൾ എന്നു പറഞ്ഞാൽ ഞാൻ, എന്റെ അമ്മായിയുടെ മകൻ ഭാണ്ടു, എന്റെ രണ്ടാമത്തെ അമ്മാവന്റെ മക്കളായ ഗദനും ഭോദനും. ദ്വാദശിമിദിവസം ഞങ്ങളെല്ലാരും ചീനിബാസണ്ണന്റെ വീട്ടിൽ പോകുക പതിവായിരുന്നു. ചീനിബാസണ്ണന്റെ കൊച്ചുവീട് ഞങ്ങളുടെ മാളികയുടെ തൊട്ടടുത്തായതിനാൽ, അയല്ക്കാരെന്നനിലയിൽ അദ്ദേഹത്തിന്റെ പൂജാമഠത്തിൽ കളിക്കാനായി ഞങ്ങൾ എപ്പോഴും പോകാറുണ്ടെങ്കിലും, ആ പ്രത്യേകദിവസം അവിടെ പോകുന്നതിൽ ഒരു പ്രത്യേക കാര്യമുണ്ടായിരുന്നു. അന്ന് ആ വീട്ടിൽ ഞങ്ങൾ പ്രത്യേകം ക്ഷണിക്കപ്പെട്ടുകയും ചെയ്യുമായിരുന്നു.

സാധാരണയുള്ള ആ അന്തരീക്ഷം ആയിരിക്കുകയില്ല അന്ന് അവിടെ ഉണ്ടാകുന്നത്. കാലപ്പഴക്കംകൊണ്ടു നിറംമങ്ങിയ ഒരു പട്ടുസോമനായിരിക്കും അന്നു ചീനിബാസണ്ണൻ ധരിക്കുന്നത്. അതേനിറത്തിലുള്ള ഒരു അങ്കവസ്ത്രം കഴുത്തിലും ചുററിയിരിക്കും. ബഡബൌ ആകട്ടെ പഴയതെങ്കിലും മേൽത്തരത്തിൽപ്പെട്ട സാരിയായിരിക്കും ധരിക്കുന്നത്. ചീനിബാസണ്ണന്റെ മുഖത്ത് അന്ന് ആകെക്കൂടി ഒരു ഗൗരവഭാവം കാണും. ഞങ്ങൾ സാധാരണകാണാറുള്ള ആ തമാശക്കാരനായ ചീനിബാസഘോഷിന്റെ യാതൊരു അംശവും അദ്ദേഹത്തിൽ കാണുകയില്ല. അന്നു ഞങ്ങൾ ചെന്നാലുടനെ അദ്ദേഹം ഞങ്ങളെ ഓരോ പീഠത്തിലിരുത്തി കാൽ കഴുകും. അനന്തരം ഞങ്ങളുടെ കാൽ കഴുകിയെടുത്ത ആ വെള്ളം തന്റെ നാവിലും തലയിലും തൊടും. ഞങ്ങളെ ഓരോരുത്തരെയും പൂവും ചന്ദനവുംകൊണ്ട് ആരാധിക്കുകയാണ് അടുത്തതായി ചെയ്യുന്നത്. പിന്നീടു ഞങ്ങൾക്ക് ഓരോരുത്തൎക്കും ഓരോ

വലിയ തളികതരും. അതിൽ ഭംഗിയായി മടക്കിയ ഓരോ ജോടി മുണ്ടും അങ്കവസ്ത്രവും, മൊണ്ടമൊയ്രയുടെ കട യിൽനിന്നു വാങ്ങിയ മധുരപലഹാരങ്ങൾ, ഒന്നോ രണ്ടോ പൂരി, ഒരു രണ്ടണത്തുട്ട് എന്നിവയും കാണും. ഇവയ്ക്കെല്ലാം പുറമേ അരി, പരിപ്പ്, ഉപ്പ്, ഒരല്പം എണ്ണ, മഞ്ഞൾ— ഇവയും അതിലുണ്ടാകും. പക്ഷേ, ആ സാധനങ്ങൾ ഞങ്ങ ളെ തെല്ലും ആകർഷിക്കുന്നവയായിരുന്നില്ല. ഇതിനെല്ലാം എന്തിനാണു ചീനിബാസണ്ണൻ വെറുതെ പണം ചെല വാക്കുന്നതെന്നു ഞങ്ങൾ പലപ്പോഴും വിചാരിക്കാറുണ്ടാ യിരുന്നു.

സത്യംപറഞ്ഞാൽ ഈ കാര്യത്തിൽ എനിക്കു ലജ്ജ തോന്നിയിട്ടുണ്ട്. ഒരല്പം പ്രായംകൂടിയായപ്പോൾ ഇത്തരം കാര്യങ്ങളെക്കുറിച്ചു ഞാൻ കൂടുതൽ ബോധവാനാകുകയും ചെയ്തു. ഒരു അഷ്ടമിദിവസം നടന്ന സംഭവം ഞാൻ ഇന്നും ഓർക്കുന്നു. "ഇന്നു ഞാൻ ചീനിബാസണ്ണന്റെ വീ ട്ടിൽ വരുന്നില്ല." ഞാൻ അന്ന് എന്റെ മച്ചുനനായ ഭാണ്ടുവിന്റെയടുത്തു പറഞ്ഞു: "അത്രയും പ്രായമുള്ള ഒരു മനുഷ്യൻ നമ്മുടെ കാൽകഴുകുകയും ആ വെള്ളം കുടിക്കു കയും ചെയ്യുക! എനിക്കു വളരെ പ്രയാസമുള്ള കാര്യമാ ണതു്."

ഭാണ്ടുവിനു് എന്നെക്കാൾ അല്പംകൂടി പ്രായമുണ്ടു്. എന്നെക്കാൾ കൂടുതൽ പ്രായോഗികബുദ്ധിയുമുള്ളതിനാൽ ഇതു കേട്ട് അയാൾ തിരിച്ചടിച്ചു: "അതിനെന്താണു്? നാം ബ്രാഹ്മണരാണു്. ചീനിബാസൻ വെറും സത്ഗോ പനും. അയാൾ നമ്മുടെ കാൽകഴുകിയ വെള്ളം കുടിക്കു ന്നതിൽ എന്താണുള്ളതു്? വരൂ, വരൂ. ഒരു ജോടി ദോ ത്തിക്കും, അങ്കവസ്ത്രത്തിനും ഇക്കാലത്തു കുറഞ്ഞതു നാലു

രൂപയെങ്കിലും വിലയുണ്ടു്. വേഗം വാ. കൈയിൽ കിട്ടിയ ഭാഗ്യം കളയാതെ.''

ഞാൻ മറുപടിനല്കി: ''ഇല്ല.''

അല്പം കഴിഞ്ഞപ്പോൾ ഭാണ്ടുവിൽനിന്നു വിവരമെല്ലാം മനസ്സിലാക്കിയ ചീനിബാസണ്ണൻ എൻെറ വീട്ടിലെത്തി. വന്ന ഉടനെ എന്നെ രണ്ടുകൈകൊണ്ടും പൊക്കി തലയ്ക്കു മുകളിൽ ഉയർത്തി ചുഴററിക്കൊണ്ടു മുത്തശ്ശിയുടെ അടുത്തു പരാതിപറയാൻ തുടങ്ങി: ''ഠാക്കൂർ പ്രായത്തിൽ വളരുകയാണു്. അതോടൊപ്പം ദുസ്സ്വഭാവങ്ങളും വളരുന്നുണ്ടു്. എന്തൊരു അസംബന്ധമാണിതു്. എന്റെ പൂജ സ്വീകരിക്കാൻ ഈ കുട്ടിക്കു ലജ്ജയാകുന്നപോലും!''

അതേനിലയിൽ എന്നെ നേരെ തൻെറ വീട്ടിലേക്കു കൊണ്ടുപോയി പീഠത്തിലിരുത്തുകയാണു ചീനിബാസണ്ണൻ ചെയ്തതു്. എൻെറ കാൽ കഴുകുന്നതിനിടയിൽ അദ്ദേഹം പറഞ്ഞു: ''ഠാക്കൂർ, നീ ഒരു വടുകഭൈരവനാ*ണു് എന്നാണു തന്നത്താൻ മനസ്സിലാക്കാൻപോകുന്നതു്? ഏതായാലും നിങ്ങളെല്ലാരും എൻെറ 'മാജനനി'യെ അനുഗ്രഹിക്കുക. അവളുടെ കാലിലെ വാതം മാറട്ടെ.''

ഭാണ്ടു ഇതുകേട്ടു മുഖത്തു ഗൗരവം വരുത്തിക്കൊണ്ടു മറുപടിനല്കി: ''ഞാൻ അതു തീർച്ചപ്പെടുത്തിക്കഴിഞ്ഞു. ഞങ്ങൾ 'മാജനനി'ക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്നുണ്ടു്. അതിനാൽ അവളുടെ സുഖക്കേടു വേഗം ഭേദമാകും.''

പെട്ടെന്നു ചീനിബാസണ്ണൻെറ കണ്ണു നിറയുന്നതു ഞാൻ കണ്ടു. അംഗവസ്ത്രത്താൽ കണ്ണു തുടച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു: ''കഴിഞ്ഞദിവസം മാത്രമാണു നിങ്ങളുടെ ഉപനയനം നടന്നതു്. നിങ്ങൾ വടുക്കളാണു്.

---

* കുട്ടിശ്ശിവൻ.

പ്രാത്ഥിക്കുക. നിങ്ങളുടെ പ്രാത്ഥന അഗ്നിപോലെ പരിശുദ്ധമായിരിക്കും. എൻെറ 'മാജനനി'യുടെ സ്ഥിതി എന്താണെന്നു നിങ്ങൾ കാണുന്നില്ലേ? എൻെറ ദൈവമേ! മുമ്പ് അവൾ എങ്ങനെ [illegible]

MUL
284539

*

ചീനിബാസണ്ണ[illegible] സംബന്ധിച്ചിടത്തോളം ഒരു ആഡംബരം മാത്രമായിരുന്നു. വെറുതെ സമയംകൊല്ലാൻവേണ്ടിയാണ് അതു നടത്തിയിരുന്നതു്. കുറച്ചു വസ്തുവകകൾ ഉള്ളതുകൊണ്ടു രണ്ടുപേരുടെയും ചെലവു സുഖമായി കഴിഞ്ഞിരുന്നു. അതിനാൽ കച്ചവടത്തിൻെറ നാട്യത്തിൽ ചീനിബാസണ്ണൻ മിഠായി, ബിസ്കറ്റ്, പട്ടം, ഏറുപമ്പരം, നിലക്കടല, മുതലായവ വാങ്ങിവെക്കും—കുട്ടികൾക്കുള്ള സാധനങ്ങൾ മാത്രം.

ഞാൻ ചിലപ്പോൾ ചീനിബാസണ്ണൻെറ കടയിൽ പോയി ബാദ്ഷ* വാങ്ങാറുണ്ടായിരുന്നു. ഒരിക്കൽ അങ്ങനെ പോയപ്പോൾ അദ്ദേഹം എന്നെ എടുത്തു പൊക്കിക്കൊണ്ടു് ഉറക്കെ പൊട്ടിച്ചിരിച്ചു പറഞ്ഞു: "വാ, വാ—ബഡബൗ. ഈ തമാശ കാണണ്ടേ? ഇവിടെ ഒരാൾ ബാദ്ഷ വാങ്ങാൻ വന്നിരിക്കുന്നു." എന്നിട്ട് എൻെറ നേരെ തിരിഞ്ഞു തുടന്നു: "എന്തു കഷ്ടം! ബാദ്ഷ തിന്നണമെന്നുണ്ടെങ്കിൽ അതിനുവേണ്ടി പണം ചെലവാക്കുന്നതു് എന്തിനാണ്?" ബഡബൗ ഇതുകേട്ടു മുറിയിൽനിന്നു് ഇറങ്ങിവന്നു ചീനിബാസണ്ണനെ വഴക്കുപറയാൻ തുടങ്ങി: "നിങ്ങൾ കച്ചവടം നടത്തും! അസംബന്ധം! യാതൊരു പ്രയോജനവുമില്ലാതെ ഉള്ള പണമെല്ലാം കളഞ്ഞു!" പിന്നീടു് എൻെറ അടുത്തുവന്നു കൈ നീട്ടി

* ഒരുതരം മധുരപലഹാരം.

284539
032:3N243:11
UNIVERSITY LIBRARY
8 FEB 1975

കൊണ്ടു് അവൾ തുടന്നു: "പൈസ തരു ഠാക്കുർ. ഉം, തരൂ. എത്ര പൈസക്കു ബാദ്ഷ വേണം?"

ഞാൻ പറഞ്ഞു: "രണ്ടു പൈസക്കു്."

ഇതു കേട്ടു് അവൾ ഗൗരവത്തോടെ മറുപടിനല്കി: "രണ്ടു പൈസക്കു രണ്ടു കുടി* ബാദ്ഷ കിട്ടും." അതുംപറഞ്ഞു് അവൾ ഒരു കടലാസെടുത്തു കോട്ടി ബാദ്ഷ എണ്ണാൻതുടങ്ങി. എന്നാൽ അവളുടെ എണ്ണം ഒരിക്കലും ശരിയാകുകയില്ല. കാരണം മററൊന്നുമല്ല. അവൾക്കു് എണ്ണാൻ അറിയാത്തതുതന്നെ.

അവൾ എണ്ണുന്നതു കണ്ടു ചീനിബാസണ്ണൻ പൊട്ടിച്ചിരിക്കാൻതുടങ്ങി. എന്നിട്ടു് ഉറക്കെ പറഞ്ഞു: "പോ, പോ. വിഡ്ഢിപ്പെണ്ണു്! രണ്ടു 'കുടി'ക്കു പകരം നീ ആറു കുടി ബാദ്ഷയാണു കൊടുക്കുന്നതു്. ആ നീയാണു പറയുന്നതു് എന്നെക്കൊണ്ടു് ഈ കച്ചവടം ശരിക്കു നടത്താൻ കഴിയുകയില്ലെന്നു്! നീ ഇക്കണക്കിനു തുടന്നാൽ അധികം താമസിയാതെ എൻെറ കച്ചവടം പൊളിയും!"

ഇത്രയും കേട്ടാൽ മതി ബഡബൗ തളരാൻ. എന്നെ ചീനിബാസണ്ണൻെറ മടിയിൽനിന്നു വലിച്ചെടുത്തു് ലജ്ജയിൽ ഓടുന്നതിനിടയിൽ അവൾ ഉറക്കെ പറഞ്ഞു: "ഞാൻ ഠാക്കുറിനെ കൊണ്ടുപോകയാണു്. നിങ്ങൾ ബാദ്ഷ എണ്ണി കെട്ടിവെക്കുക."

* * *

എൻെറ മച്ചുനന്മാരായ ഗദനെയും ഭോദനെയും ബഡബൗ വളരെ ഇഷ്ടപ്പെട്ടിരുന്നു. ബഡബൗവിന്റെ താറാവുകൾ മുട്ടയിടുന്ന സമയം അവർ 'മണത്ത'റിയും. അധികം താമസിക്കുന്നതിനു മുമ്പു് അവളുടെ മുറിയിൽ ഒളി

* ഒരു 'കുടി'—20 എണ്ണമുള്ള ഒരളവു്.

ച്ചിരുന്നു് അവർ മുട്ട ഓംലററു തിന്നുകയുംചെയ്യും. ഞങ്ങൾ ബ്രാഹ്മണരായതിനാൽ വീട്ടിൽ മുട്ട നിഷിദ്ധമായിരുന്നു. അതിനാൽ ബഡബൌ അവരെ ഒളിച്ചിരുത്തിയാണു മുട്ട തിന്നാൻ കൊടുത്തിരുന്നതു്.

എന്നാൽ ഗദനും ഭോദനും ഇങ്ങനെ രഹസ്യമായി മുട്ട തിന്നുന്നുണ്ടെന്നു് ഒരുദിവസം ഞാൻ മനസ്സിലാക്കി. ചീനിബാസണ്ണനാണു് എന്നോടു് അതു പറഞ്ഞതു്. അന്നു ഞാൻ ചീനിബാസൻെറ കൂടെയിരുന്നു് എൻെറ പട്ടത്തിൻെറ ചരടിൽ 'മഞ്ച'* പുരട്ടുകയായിരുന്നു. അതിനിടയിൽ ചീനിബാസണ്ണൻ പറഞ്ഞു: "വാ, വാ. ഞാൻ നല്ല തമാശ കാണിച്ചുതരാം."

ഞങ്ങൾ രണ്ടുപേരും മുറിക്കകത്തു കയറി. അവിടെ ഒരു വലിയ പൊക്കംകൂടിയ കട്ടിലുണ്ടായിരുന്നു. ആ കട്ടിലിൻെറ അടിയിലേക്കു ഞാൻ നോക്കിയപ്പോൾ കണ്ടതു് ഗദനും ഭോദനും ഒരു മൂലയിലിരുന്നു് ഓംലററ് തിന്നുന്നതാണു്. എന്നെ കണ്ട ഉടനെ ഭയപ്പെട്ടു് അവർ വെളിയിലേക്കു് ഓടി. ബഡബൌ അപ്പോൾ കുളത്തിൽ വസ്ത്രങ്ങൾ അലക്കുകയായിരുന്നതിനാൽ അവൾ ഇതൊന്നും അറിഞ്ഞില്ല. ഗദനും ഭോദനും ഓടുന്നതിനിടയിൽ ചീനിബാസണ്ണൻ പുറകിൽനിന്നു പൊട്ടിച്ചിരിച്ചുകൊണ്ടു് ഉറക്കെ വിളിച്ചുകൂവി: "മുള്ളുള്ള ഊരൻകായ് പുറത്തു വിതറി ഇനിയും നിങ്ങൾ എൻെറ മാജനനിയെ ഉപദ്രവിക്കുമോ?"

ഗദനും ഭോദനും പലപ്പോഴും ചീനിബാസണ്ണൻെറ 'മാജനനി'യെ പലപ്രകാരത്തിൽ ഉപദ്രവിക്കുമായിരുന്നു.

---

* മഞ്ച—ഗ്ലാസ്സുപൊടിയും പശയും മററും ചേർത്തുണ്ടാക്കുന്ന ഒരുതരം കുഴമ്പു്. ഇതു പട്ടത്തിൻെറ നൂലിൽ പുരട്ടി ഉണക്കിയാൽ നൂലിനു നല്ല ഉറപ്പുകിട്ടും.

അതിനാൽ അവരോട്ട് ഇങ്ങനെ ഒരു പ്രതികാരം ചെ യ്യതാണ്. അതേസമയം എന്നോട്ട പറകയുംചെയ്യു: "ഠാക്കുർ ഇതൊന്നും വീട്ടിൽച്ചെന്നു പറയരുത്, കേട്ടോ!"

*　　　*　　　*

ഒരുദിവസം എന്റെ മുത്തശ്ശി ചീനിബാസണ്ണനെ വഴക്കുപറയുന്നതു കേട്ടു. ചീനിബാസണ്ണൻ താഴെ നോക്കി, യാതൊന്നും പറയാതെ മുത്തശ്ശി പറയുന്നതെല്ലാം അംഗീകരിക്കുന്നമട്ടിൽ നിന്നതേയുള്ളു. മുത്തശ്ശിയുടെ പിന്നിൽ വിങ്ങിക്കരഞ്ഞുകൊണ്ടു് ബഡബൗവും നില്ക്കുന്നുണ്ടായിരുന്നു.

മുത്തശ്ശി വളരെ ഗൗരവത്തിൽ പറഞ്ഞു: "നീ എന്താണു കരുതിയതു ചീനിബാസാ? നിനക്കു യാതൊരു ബോധവും ഇല്ലേ? നിന്റെ ഭാര്യയെ ഇങ്ങനെ തല്ലുന്നോ!"

ചീനിബാസണ്ണൻ ഇതു കേട്ട ഉടനെ പൊട്ടിക്കരയാൻതുടങ്ങി. തകന്ന ശബ്ദത്തിൽ ഇങ്ങനെ പറഞ്ഞു: "കൊച്ചമ്മ ദയവുചെയ്തു് അവിടെ വന്നു് ഒന്നു നോക്കുക. ഈ മച്ചികാരണം എന്തൊരു സ്ഥിതിയാണ് എൻെറ 'മാജനനി'ക്കു വന്നിരിക്കുന്നതു്? ഇന്നു മുഴവൻ കൊയ്ത്തുണ്ടായിരുന്നു. രാവിലെമുതൽ ഇവൾ എന്റെ 'മാജനനി'യെ ശ്രദ്ധിച്ചതേയില്ല. ആ വയലിൽനിന്നു് ഞാൻ ഇപ്പോഴാണു മാജനനിയെ പിടിച്ചുകൊണ്ടുവന്നതു്. ഏതോ മഹാപാപിയുടെ ഉഴന്നുവയലിൽ അവൾ കയറി. അവൻ അവളുടെ നല്ല കാലു് ഒരുപക്ഷേ, തല്ലിയൊടിച്ചു കാണും."

ബഡബൗ കരഞ്ഞുകൊണ്ടുതന്നെ ഉത്തരം നല്കി: "ഞാൻ എന്തുചെയ്യാനാണു കൊച്ചമ്മേ? നെല്ലു കൊണ്ടുവന്നാൽ ഇടാനുള്ള ആ കളമത്രയും അടിച്ചു വൃത്തിയാക്കു

ന്നതു ചെറിയ ജോലിയാണോ? വേറെ എന്തിനെങ്കിലും ഇന്നു് എനിക്കു സമയം ഉണ്ടായിരുന്നോ?''

അതു കേട്ടനിമിഷം എനിക്കു ചീനിബാസണ്ണനെ ഇഷ്ടപ്പെടാൻ കഴിഞ്ഞില്ല. എന്നല്ല, എൻെറ മനസ്സിൽ അല്പം ഭയമുണ്ടാവുകയുംചെയ്തു. ഇത്ര നിസ്സാരമായ ഒരു കാര്യത്തിനു് ബഡബൗവിനെ തല്ലിയതിനാൽ ചീനിബാസണ്ണൻ ഒരു വൃത്തികെട്ട മനുഷ്യനാണെന്നുപോലും ഞാൻ വിചാരിച്ചു.

അവസാനം മുത്തശ്ശിയുടെ കാൽ തൊട്ടു വണങ്ങിക്കൊണ്ടു് ചീനിബാസണ്ണൻ സത്യംചെയ്തു: ''ഞാൻ എന്തും സഹിക്കാം. ക്ഷമിക്കാം. പക്ഷേ, എൻെറ മാജനനിയെ അവഗണിക്കുന്നതുമാത്രം ഞാൻ സഹിക്കുകയില്ല. ഇതു് ആ മച്ചിയോടു പറയൂ കൊച്ചമ്മേ!''

* * *

ചീനിബാസണ്ണനു് മാജനനി ജീവനു തുല്യമായിരുന്നു. ഏതോ ചന്തയിൽനിന്നു വളരെയേറെ വഷങ്ങൾക്കുമുമ്പു വാങ്ങി, ഇപ്പോൾ രോഗംബാധിച്ചുകഴിഞ്ഞ ഒരു കിഴവിപ്പശുവാണു് ഈ 'മാജനനി'. ഞാൻ കാണാൻ തുടങ്ങിയ കാലംമുതൽ അവൾ ഓരോദിവസംചെല്ലുംതോറും ഉണങ്ങിയുണങ്ങിവരുന്നതായിട്ടാണു കണ്ടിട്ടുള്ളതു്. അവസാനം അവളുടെ ദേഹത്തിൽ എല്ലും തൊലിയും മാത്രം അവശേഷിച്ചു.

ചീനിബാസണ്ണൻ അവളുടെ ഉന്തിയ വാരിയെല്ലുകൾ സ്നേഹപൂർവ്വം തടവിക്കൊണ്ടു് എന്നോടു പറയുമായിരുന്നു: ''നിനക്കറിയാമോ? ഈ മാജനനി ദിവസം അഞ്ചുസേർ പാൽ തരുമായിരുന്നു. അന്നു് ഇവളുടെ പുറത്തു് ഒരു ഈച്ചയിരുന്നാൽ ഉരുണ്ടു താഴെ വീഴുമായിരുന്നു.

പക്ഷേ, മാറാരോഗം വന്നാൽ ഈ ജന്തു എന്തുചെയ്യും? സുഖക്കേടുവന്നാൽ മലകൾപോലും തകൻുപോകുമെന്നാണു പറയുന്നതു്. അപ്പോൾപ്പിന്നെ മാജനനിയുടെ കാര്യം പറയാനുണ്ടോ? അവൾ ഒരു സാധുജീവി മാത്രമല്ലേ?''

മാജനനിയെ ശുശ്രൂഷിക്കുന്നതിനാണു് ചീനിബാസണ്ണൻെറ സമയം അധികവും ചെലവായിരുന്നതു്. ഗ്രാമത്തിൽ എവിടെയാണു റോഷനപ്പുല്ലു വളരുന്നതു്, ഏതെങ്കിലും ഒരു പച്ചമരുന്നു് എവിടെയാണു കിട്ടുന്നതു്, മൃഗഡോക്ടർ എവിടെയാണുള്ളതു്—ഇതൊന്നും പറയാൻ ചീനിബാസണ്ണനു യാതൊരു പ്രയാസവുമില്ലായിരുന്നു. മാജനനിയുടെ സുഖസൗകര്യങ്ങൾക്കുവേണ്ടി എന്തു ബുദ്ധിമുട്ടുകൾ സഹിക്കുന്നതിനും അദ്ദേഹം തയ്യാറായിരുന്നു.

ബഡബൗവിനു് ഇതൊന്നും ഇഷ്ടപ്പെടാറില്ല. അവൾ പറയും: "കുഴിച്ചിടാൻ പാകമായ ഒരു പശുവിനുവേണ്ടി ഇത്രയെല്ലാം കഷ്ടപ്പെടുന്നതു് എന്തിനാണു്?''

കണ്ണുകൾ ചുവപ്പിച്ചു്, പുരികം വളച്ചു ചീനിബാസണ്ണൻ ഉടനെ ഗജ്ജിക്കും: "അതിനു നിൻെറ തന്തയ്ക്കാണോ നഷ്ടം? ഇവളെ തീറ്റിപ്പോറ്റാൻ നിന്റെ വീട്ടിൽനിന്നു ഞാൻ ഒരു ചില്ലിയെങ്കിലും കൊണ്ടുവരുന്നുണ്ടോ?''

ബഡബൗവും വിട്ടുകൊടുക്കാറില്ല. ഈ ശവത്തിനെ രാത്രിയും പകലും നോക്കേണ്ടതുകൊണ്ടാണു ഞാൻ പറയുന്നതു്. ഇതിൻെറ തീററിക്കു ചെലവാക്കുന്ന പണംകൊണ്ടു രണ്ടു കറവപ്പശുക്കളെ വളർത്താം. ആ പാലു വിറ്റാൽ നമുക്കു കുറെ പണമെങ്കിലും കിട്ടുമല്ലോ?

ചീനിബാസണ്ണൻെറ ദേഷ്യം ഇതു കേട്ടാൽ കൂടും: "പണം! പണം! പണം! നിൻെറ ഈ പണക്കൊതി നിന്നെ നശിപ്പിക്കും. കുറച്ചു പാലു വിററിട്ടു വേണോ ഞാൻ നിന്റെ ശവസംസ്കാരത്തിനു പണം ഉണ്ടാക്കാൻ?''

ഇതു പറഞ്ഞു ചീനിബാസണ്ണൻ തൻെറ മാജനനിയുടെ ദേഹത്തിലെ വ്രണങ്ങളിൽനിന്നു ചെള്ളെടുക്കുകയായിരിക്കും ചെയ്യുന്നതു്.

അദ്ദേഹത്തിൻെറ മുഖത്തു് ഈ അവസരത്തിൽ രണ്ടുതരം ഭാവങ്ങൾ എങ്ങനെ ഇത്ര പെട്ടെന്നു മാറിമാറി പ്രതിഫലിക്കുന്നു എന്നു ഞാൻ അത്ഭുതത്തോടെ ശ്രദ്ധിക്കാറുണ്ട്. അപ്പോൾ ബഡബൗവിനെ അടുത്തുകിട്ടിയാൽ അദ്ദേഹം കടിച്ചുകീറിയെന്നുവരും. എന്നാൽ അതേസമയം എന്തൊരു അഗാധമായ സ്നേഹപ്രവാഹമാണു് ആ സാധുപശുവിൻെറമേൽ അദ്ദേഹം അടുത്ത നിമിഷം കോരിച്ചൊരിയുന്നതു്!

*　　　*　　　*

ചീനിബാസണ്ണനെ ഓക്കുമ്പോഴെല്ലാം ഒരുപക്ഷേ, ഞാൻ ഏററവും വ്യക്തമായി ഓക്കുന്നതു് അദ്ദേഹത്തിൻെറ ജീവിതത്തിൻെറ അന്ത്യനിമിഷങ്ങളാണു്. എന്തൊരു ബീഭത്സവും അതേസമയം ദൈവികവുമായിരുന്നു ആ നിമിഷങ്ങൾ!

അതു ശ്രാവണമാസമായിരുന്നു. ഒരാഴ്ചയായി അതിഭയങ്കരമായ മഴ ഞങ്ങളെ ഉപദ്രവിക്കാൻ തുടങ്ങിയിട്ട്. പുഴകളും തോടുകളുമെല്ലാം നിറഞ്ഞുകവിഞ്ഞു. മഴയുടെ ഉപദ്രവം കാരണം ഞങ്ങൾ പഠിത്തം നിത്തി. അങ്ങനെയിരിക്കെ ഒരുദിവസം തലയിൽ ടൗവല്ലുംകെട്ടി ഞങ്ങൾ പെരുമഴയത്തു് അവിടെയവിടെ അലഞ്ഞുനടക്കുയായിരുന്നു. ഭാണ്ടു പെട്ടെന്നു വെള്ളത്തിൽ ചാടി. അല്പനിമിഷം സമരംചെയ്തശേഷം അവൻ ഒരു വലിയ രോഹു മത്സ്യവുമായി കരയ്ക്കു കയറി. ഞങ്ങൾ സന്തോഷത്താൽ ആത്തുവിളിച്ച് അതുമായി വീട്ടിലേക്കു് ഓടി മുററത്തു

കൊണ്ടുപോയിട്ടു. ആ നിമിഷത്തിൽ ചീനിബാസണ്ണ് ൻെറ വേലക്കാരനായ പിംപ്രേ ഉച്ചത്തിൽ കരഞ്ഞുകൊണ്ടു മുത്തശ്ശിയുടെ അടുത്തു വരുന്നതു കണ്ടു. അവൻ പറഞ്ഞതൊന്നും ഞങ്ങൾക്കു മനസ്സിലായില്ല. എന്നാൽ പെട്ടെന്നു മുത്തശ്ശി അവൻെറകൂടെ പുറത്തേക്കു പോയി. ഞങ്ങൾ ഇതുകണ്ട് അല്പം അമ്പരക്കാതിരുന്നില്ല. ഞങ്ങളുടെ മുത്തശ്ശി ഒരിക്കലെങ്കിലും ഇങ്ങനെ പുറത്തേക്ക് ഓടുന്നതു ഞങ്ങൾ കണ്ടിട്ടില്ല.

പിടിച്ചുകൊണ്ടുവന്ന മത്സ്യത്തെ മൂടിയിട്ടശേഷം ഞങ്ങളും മുത്തശ്ശിയുടെ പുറകേ ഓടി. നേരെ ചീനിബാസണ്ണൻെറ വീട്ടിലാണു ഞങ്ങൾ എത്തിയതു്. അവിടെ ഒരു വലിയ ആൾക്കൂട്ടം ഉണ്ടായിരുന്നു. ഓരോരുത്തരുടെയും മുഖത്തു് ഉൽക്കണ്ഠയും സങ്കടവും നിഴലിച്ചിരുന്നു. കന്നുകാലിത്തൊഴുത്തിൻെറ ഭിത്തി ഇടിഞ്ഞുവീണതു മാത്രമാണു് അപ്പോൾ ഞങ്ങളുടെ ദൃഷ്ടിയിൽ പെട്ടതു്. വലിയൊരു ഭിത്തിയായിരുന്നു അതു്. ഒരു വലിയ ചെളിക്കുമ്പാരമായി കൂടിക്കിടന്ന ആ ഭിത്തിയുടെ അവശിഷ്ടങ്ങൾക്കിടയിൽ കുറെ ചെറുപ്പക്കാർ എന്തോ അത്യാകാംക്ഷയോടെ തിരയുന്നതു കണ്ടു. കുറെ സമയം കഴിഞ്ഞപ്പോൾ ആ ചെളിയിൽനിന്നു് അവർ ഒരു മനുഷ്യശരീരം വലിച്ചെടുത്തു. മാംസവും രക്തവും ചെളിയും കൂടിച്ചേർന്ന ഒരു വലിയ പിണംപോലെയാണു ഞങ്ങൾക്കു് അതു തോന്നിയതു്. പക്ഷേ, അതു ചീനിബാസണ്ണൻെറ ശരീരമായിരുന്നു. ആ കാഴ്ച കണ്ടുനില്ക്കാൻ വയ്യാത്തത്ര ഭീകരമായിരുന്നു.

മഴപെയ്തു കുതിർന്നു് ആ ഭിത്തി ആടിക്കൊണ്ടിരുന്നപ്പോൾ ചീനിബാസണ്ണൻെറ 'മാജനനി' തൊഴുത്തിനകത്തുണ്ടായിരുന്നു. ആ ഭിത്തി തകരുമെന്നു നല്ല ബോധ

മുണ്ടായിട്ടുകൂടി മാജനനിയുടെ കയർ മുറിച്ചുവിട്ട് അവ ളെ രക്ഷിക്കാൻ ചീനിബാസണ്ണൻ അകത്തു കയറി. ഇതു കണ്ടു് ബഡബൌ വിലക്കി: "ദയവായി അകത്തേക്കു കയ റരുതു്!" ആ കാഴ്ച കണ്ടുനില്ക്കാൻ കഴിയാതെ അവൾ കണ്ണുപൊത്തുകയുംചെയ്തു. അവൾ കണ്ണു തുറന്നപ്പോൾ കണ്ടതു പശു വെളിയിൽ കടക്കുന്നതും ആ ഭിത്തി മുഴു വൻ ഒരു നിമിഷത്തിനകം ചീനിബാസണ്ണന്റെ മേൽ പതിക്കുന്നതുമാണു്. ആ ഭിത്തിയുടെ ഭാരം അദ്ദേഹത്തി ന്റെ ശരീരം ഞെരിച്ചു.

ആ യുവാക്കൾ ചീനിബാസണ്ണനെ വെളിയിൽ കൊണ്ടുവന്നപ്പോൾ അദ്ദേഹത്തിന്റെ മുഖം മുഴുവൻ തക ന്നു ഞെരിഞ്ഞിരിക്കുന്നതാണു ഞങ്ങൾ കണ്ടതു്. കണ്ണും മൂക്കും ചുണ്ടും ഒന്നും തിരിച്ചറിയാൻ വയ്യായിരുന്നു. എല്ലാം കൂടി—മാംസവും രക്തവും ചെളിയുംകൂടിച്ചേർന്നു് ഒരു വലി യ പിണ്ണം മാത്രം! ആകപ്പാടെ ഭീകരമായ കാഴ്ച! മൂക്കിന്റെ ദ്വാരത്തിലും വായിലുംകൂടി രക്തം പ്രവഹിച്ചിരുന്നു. ആരോ ഉടനെ പോയി ഡോക്ടർ ഭവാനിയെ കൊണ്ടുവ ന്നു. വേഗം ആശുപത്രിയിലേക്കു നീക്കണമെന്നാണു് അ ദ്ദേഹം ഉപദേശിച്ചതു്. ഉടനെതന്നെ ചിലർ കൂടി ചീനി ബാസണ്ണന്റെ ശരീരം എടുത്തു് ഒരു ചാക്കിൽ ഇരുത്തി. ആ ചാക്കിന്റെ നാലുമൂലയും പിടിച്ചു് അവർ ആ ശരീ രം കാറിന്റെയടുത്തു കൊണ്ടുപോയി. ഞങ്ങളുടെ ഗ്രാമ ത്തിൽനിന്നു് ഏതാണ്ടു് എട്ടുനാഴിക അകലെയായിരുന്നു ആശുപത്രി. മുത്തശ്ശിയുടെകൂടെ ഞങ്ങൾ ചീനിബാസ ണ്ണന്റെ അടുത്തു ചെന്നു. ഭാഗ്യവശാൽ അപ്പോഴും അദ്ദേ ഹത്തിനു ബോധമുണ്ടായിരുന്നു. ഞങ്ങളെ കണ്ടയുടനെ മുത്തശ്ശിയുടെ പാദം തൊടാൻവേണ്ടി അദ്ദേഹം കൈകൾ നീട്ടി. രക്താഭിഷിക്തമായ ആ മുഖത്തു് അപ്പോളുണ്ടായ

പുഞ്ചിരിയിൽ അഗാധമായ സംതൃപ്തി നിഴലിക്കുന്നതാണു ഞാൻ കണ്ടതു്. അത്തരം ഒരു ഭയാനകസുന്ദരമായ പുഞ്ചിരി ആരിലെങ്കിലും ഉണ്ടാകുന്നതു് ഞാൻ ജീവിതത്തിൽ മറെറാരിക്കലും കണ്ടിട്ടില്ല. ഒരുവിധത്തിൽ അദ്ദേഹം പറഞ്ഞു: "കൊച്ചമ്മേ! ഞാനിതാ സ്വർഗ്ഗത്തിൽ പോകയാണു്. ദയവായി മാജനനിയെയും ബന്ധബൌവിനെയും നോക്കണേ!" അതേപുഞ്ചിരിയോടെ ഞങ്ങളുടെ നേരെ മുഖം തിരിച്ചു് ഇത്രയുംകൂടി പറഞ്ഞു: "ജയ് വടുകഭൈരവ!"

ചീനിബാസണ്ണൻ പിന്നീടു മടങ്ങിവന്നില്ല. വഴിയിൽവച്ചുതന്നെ അദ്ദേഹം മരിച്ചു.

ചീനിബാസണ്ണൻ പുഞ്ചിരികൊണ്ടു മരണത്തെ അവഗണിച്ചു എന്നാണു് എനിക്കു തോന്നുന്നതു്.

അന്നു രാത്രി ആഹാരം കഴിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ മുത്തശ്ശിയോടു ചോദിച്ചതു് ഇപ്പോഴും നന്നായി ഓർക്കുന്നു: "മുത്തശ്ശീ! ചീനിബാസണ്ണൻ സ്വർഗ്ഗത്തിൽപ്പോയെന്നു പറയുന്നതു ശരിയാണോ?"

മുത്തശ്ശി നിശ്ശബ്ദമായി കണ്ണീർ വാർത്തു. നനഞ്ഞുകുതിർന്ന ശബ്ദത്തിൽ അവർ മറുപടി തന്നു: "ചീനിബാസൻ തന്നത്താൻ സ്വന്തം സ്വർഗ്ഗം സൃഷ്ടിച്ചു. അവനെ അവിടെനിന്നു നീക്കാൻ ആർക്കും ഒരിക്കലും കഴിയുകയില്ല."

ഒരു രക്തസാക്ഷിയെന്നനിലയിൽ ചീനിബാസണ്ണന്റെ പേർ ഒരിക്കലും പ്രസിദ്ധമാകുകയില്ലെന്നു് എനിക്കറിയാം. എന്നാലും അദ്ദേഹത്തിന്റെ പേരിൽ ഞാൻതന്നെ ഒരു സ്മാരകം ഉണ്ടാക്കിയാലോ എന്നു് ഇടയ്ക്കിടയ്ക്കു് ആലോചിക്കാറുണ്ടു്.

# മിസ്സിസ്സ് ഹോപ്കിൻസിൻെറ വിചിത്രകഥ

ദൂരെക്കളയാൻ നിവൃത്തിയില്ലാത്തവിധത്തിലാണു് ആ കടലാസുചുരുൾ എൻ്റെ കൈയിൽ കിട്ടിയതു്. കാണാതായ ഒരു പാക്കററു ബ്ലെയ്ഡിനുവേണ്ടി ഞാൻ മേശയിലാകെ തിരയുകയായിരുന്നു. ബ്ലെയ്ഡു കിട്ടിയില്ലെങ്കിലും മേശയുടെ മൂലയിൽ ചുരുട്ടിക്കൂട്ടിയിട്ടിരുന്ന കടലാസ് എനിക്കു ലഭിച്ചു. കിട്ടിയ ഉടനെ എനിക്കു മനസ്സിലായി ആരോ അശ്രദ്ധമായി വലിച്ചെറിഞ്ഞതാണു് അതെന്നു്. ഒരുപക്ഷേ, അതിൻെറ ചുരുളുകൾക്കുള്ളിൽ ബ്ലെയ്ഡുപാക്കററ് തങ്ങിയിരിപ്പുണ്ടാകുമെന്നു കരുതി ഞാൻ ആ കടലാസു നിവത്തി. നിരാശയായിരുന്നു ഫലം. അതിനാൽ അതു വലിച്ചെറിയാൻ ഭാവിച്ചപ്പോഴാണു് അതിലെ കൈയെഴുത്തു് എൻ്റെ കണ്ണിൽപ്പെട്ടതു്—വളരെ വിചിത്രമായ രീതിയിൽ കുത്തിക്കുറിച്ച ഒരു എഴുത്തു്! അതുപോലെയുള്ള ഉരുണ്ട കൈയക്ഷരം എവിടെയോ പരിചയമുള്ളതാണല്ലോ എന്നു ഞാൻ അടുത്തനിമിഷം ഓത്തു. പെട്ടെന്നു ഞാൻ എൻെറ സന്തതസഹചാരിയായ പോക്കററ്ഡയറി എടുത്തു പേജുകൾ മറിച്ചപ്പോൾ അതിൻ്റെ അവസാനഭാഗത്തോടടുത്തു മിസ്സിസ്സ് ഹോപ്കിൻസ് തൻെറ സ്വന്തം കൈയക്ഷരത്തിൽ എഴുതിയിരുന്ന മേൽവിലാസം ശ്രദ്ധയിൽപ്പെട്ടു. എൻെറ കൈയിൽ കിട്ടിയ കടലാസിലെ അതേ കൈയക്ഷരംതന്നെയായിരുന്നു ആ മേൽവിലാസത്തിൽ കണ്ടതു്.

മിൽപോർട്ടിലെ ഈ ക്രൗൺ ഹോട്ടലിൽ ഇതേ

മുറിയിൽ ഇന്നലെവരെ മിസ്സിസ്സ് ഹോപ്കിൻസ് താമസിച്ചിരുന്നു എന്നു് എനിക്കു മനസ്സിലായി.

ജിജ്ഞാസാഭരിതനായ ഞാൻ ബ്ലെയ്ഡു തിരയുന്നതും ഷേവുചെയ്യുന്നതും മാററിവെച്ചിട്ട് ആ കടലാസിൽ എന്താണു് എഴുതിയിരിക്കുന്നതെന്നു് അറിയാൻ ആകാംക്ഷകാണിച്ചു. അതിനാൽ ആ കടലാസ് മേശമേലിട്ട് അതിൻെറ ചുരുളുകൾ നിവൎത്താനാണു ഞാൻ പിന്നീടു ശ്രമിച്ചതു്.

ഏതാനും നിമിഷങ്ങൾക്കുള്ളിൽ ആ കടലാസിലെ വരികളെല്ലാം വ്യക്തമായി. ഒരു കത്തായിരുന്നു അതു്. എന്നാൽ മേൽവിലാസമില്ലായിരുന്നു; എഴുതിയ ആളിൻെറ ഒപ്പുമില്ല! വിചിത്രമായ ഏൎപ്പാട്! ഒരുപക്ഷേ, മിസ്സിസ്സ് ഹോപ്കിൻസ്തന്നെയാകാം ഇതെഴുതിയതു്. മിസ്സിസ്സ് ഹോപ്കിൻസ്! അവരെക്കുറിച്ചോൎത്തപ്പോൾ കരയണമോ ചിരിക്കണമോ എന്നു തീരുമാനിക്കാൻ എനിക്കു കഴിഞ്ഞില്ല. ഈ കത്തുതന്നെ അവരുടെ വിചിത്രസ്വഭാവം പ്രകടിപ്പിക്കുന്നതായിരുന്നു.

ജനുവരിമാസത്തെ കൊട്ടംതണുപ്പിൽ എനിക്ക് ഒരു അത്യാവശ്യകാര്യംപ്രമാണിച്ച് മിൽപോർട്ടിൽ പോകേണ്ടതുണ്ടായിരുന്നു. ഗ്ലാസ്ഗോയിൽനിന്നു ക്ലൈഡ്തീരത്തുകൂടി നേരെ തീവണ്ടിമാൎഗ്ഗമാണു ഞാൻ യാത്ര ചെയ്തിരുന്നതു്. അതിനിടയിൽ ജട്ടിയിലുള്ള മനോഹരമായ വെയിററിംഗ്റൂമിൽ കുറേസമയം തങ്ങേണ്ടിവന്നു. ക്ലൈഡ്തീരത്തുനിന്നു് മിൽപോട്ടിലേക്കു പോകുന്ന കടത്തിന്നു് അല്പം തകരാറുണ്ടായതിനാലാണു് ആ നിൎബ്ബന്ധിതവിശ്രമത്തിനു ഞാൻ വിധേയനായതു്. ആ വെയിററിംഗ്റൂമിൽവെച്ചാണു ഞാൻ മിസ്സിസ്സ് ഹോപ്കിൻസിനെ ആദ്യമായും അവസാനമായും കണ്ടതു്.

ആ മുറിയിൽ നിരവധി ഒഴിഞ്ഞ കസേരകളുണ്ടായിരുന്നെങ്കിലും അവർ നേരേ വന്നു് എൻെറ അടുത്തുള്ള കസേരയിലിരുന്നു. ഇരുന്ന ഉടനെ ഷൂസും സോക്സും അഴിച്ചുമാററി കാലുകൾ തീയുടെനേക്കു നീട്ടുകയുംചെയ്തു. തീയുടെ പ്രയോജനം ലഭിക്കാൻവേണ്ടി മാത്രമാണു് അവർ അവിടെവന്നു് ഇരുന്നതെന്നു് എനിക്കു മനസ്സിലായി. എന്നാൽ അവർ അവിടെ വന്നു് ഇരുന്നപ്പോൾ അതൊരു സ്ത്രീയാണെന്നു് ഞാൻ അല്പംപോലും സംശയിച്ചില്ല.

പക്ഷേ, എനിക്കു തെററിപ്പോയി. എങ്കിലും മിസ്സിസ്സ് ഹോപ്കിൻസിനെ ഒററനോട്ടത്തിൽ പുരുഷനായി ആരും തെററിദ്ധരിക്കുമെന്നു ഞാൻ ധൈര്യമായി പറയും. കടുംനീലനിറമുള്ള ഒരു സ്ലാക്ഷർട്ടാണു് അവർ ധരിച്ചിരുന്നതു്. അതിനു പുറമെ തോൽകൊണ്ടുള്ള ഒരു ജെർകിനും ഇട്ടിരുന്നു. ചാരനിറത്തിലുള്ള ഒരു മഫ്ളർ കഴുത്തിലും ചുററിയിരുന്നു. ആറടി പൊക്കമെങ്കിലും അവരുടെ ആകാരത്തിനു് ആരും കണക്കാക്കും. ആകെക്കൂടി അതൊരു പുരുഷരൂപമാണെന്നു് ആരെങ്കിലും തെറ്റിദ്ധരിച്ചാൽ അയാളെ കുററപ്പെടുത്തേണ്ടതില്ല.

കുറേസമയം അങ്ങനെയിരുന്നു തീകാഞ്ഞശേഷം അവർ പെട്ടെന്നു് എൻെറ നേരെ പാശ്വവീക്ഷണംനടത്തി. എൻെറ സാന്നിദ്ധ്യത്തെപ്പററി അപ്പോൾ മാത്രമാണു് അവക്കു ബോധമുണ്ടായതു് എന്നു തോന്നുന്നു. ഉടനെ തൻെറ പോക്കററിൽനിന്നു സിഗററ്റ് എടുത്തു് ഒരു നിമിഷം പരുങ്ങിയശേഷം എനിക്കു ശുഭാശംസ നല്കിക്കൊണ്ടു് എൻെറ നേരെ നീട്ടി. എന്തൊരു വിചാരത്തോടെയാണു് അങ്ങനെ ചെയ്തതെന്നു് എനിക്കുതന്നെ അറിഞ്ഞുകൂടാ. പതിഞ്ഞ ശബ്ദത്തിൽ അവർ ഇത്രയും പറയു

ന്നതു കേട്ടു: "ഓ! എന്തൊരു തണുപ്പ്! തീയുടെ അട്ടത്തിരുന്നിട്ടുപോലും ഒരല്പം ചൂടു കിട്ടുന്നില്ല!"

ഈ ശബ്ദം ഒരുവിധത്തിലും പുരുഷൻേറതല്ലെന്ന് എനിക്കു തീൎച്ചയായി. ഒരുപക്ഷേ, ഈ സ്ത്രീ പരിചയപ്പെടാൻ ഒരു അവസരം കാത്തിരിക്കയാണെന്നു ഞാൻ വിചാരിച്ചു. അതിനാൽ അവർ നീട്ടിയ സിഗററ്റിൽനിന്ന് ഒരെണ്ണം എടുത്ത്, ശുഭാശംസ മടക്കിക്കൊടുത്ത്, സിഗററ്റു തന്നതിനു നന്ദിയും നല്കി. അവരുടെ സിഗററ്റ് ആദ്യം കത്തിച്ചുകൊടുക്കുകയും ചെയ്തു. അവരുമായി സംസാരിച്ചു കുറെ സമയം ചെലവഴിക്കാമെന്നു ഞാൻ പ്രതീക്ഷിച്ചു. എന്നാൽ സിഗററ്റു കത്തിച്ച ഉടനെ യാതൊരു ഭാവഭേദവുമില്ലാതെ അവർ ശക്തിയായി പുകവലിക്കാനാണു തുടങ്ങിയത്. എന്നിട്ടു തുമ്പികൈപോലെയുള്ള കാലുകൾ വീണ്ടും നീട്ടി ഒന്നിനുമേൽ മററൊന്നു കയററിവെച്ചുകൊണ്ടു കണ്ണുമടച്ചു സിഗററ്റുധൂമത്തിൻേറ സുഗന്ധം ആസ്വദിക്കുന്നമട്ടിൽ കിടന്നു. തുടൎന്നു സിഗററ്റു തുടരെത്തുടരെ ശക്തിയായി വലിച്ചു. കണ്ണുകൾ വീണ്ടും അടഞ്ഞുതന്നെയിരുന്നു. സംസാരിക്കാൻ താല്പൎയ്യമുണ്ടെന്ന് അവർ അല്പംപോലും നടിച്ചില്ല. ഏതായാലും അവരെ ശരിക്കൊന്നു നോക്കിക്കാണാൻ ഞാൻ ഈയവസരം വിനിയോഗിച്ചു. അവരുടെ മുഖത്തു ഗാംഭീൎയ്യം ഉണ്ടായിരുന്നെങ്കിലും ഇടയ്ക്കിടയ്ക്ക് ഒരു കുഞ്ഞിൻേറതുപോലെയുള്ള നിഷ്കളങ്കത്വം കാണാമായിരുന്നു. വീതികൂടി എല്ലു തെളിഞ്ഞ കീഴ്ത്താടിയും തടിച്ച ചുണ്ടും ചുണ്ടിൻെറ മേലെ വ്യക്തമായി കാണാമായിരുന്ന 'മീശ'യും അവൎക്കുണ്ടായിരുന്നു. അവരുടെ വയസ്സു നിൎണ്ണയിക്കാൻ എനിക്കു കഴിഞ്ഞില്ല. ഇരുപത്തിനാലിനും നാല്പതിനുമിടയിൽ എവിടെയെങ്കിലും പെട്ടതാവുന്നതായിരുന്നു അത്.

പെട്ടെന്നു് അവർ കണ്ണു തുറന്നു. അപ്പോൾ ഒരു കാര്യം ഞാൻ മനസ്സിലാക്കി—കണ്ണു തുറന്നിരിക്കുമ്പോൾ കൺപോളകൾ തുടരെത്തുടരെ അടയുകയും തുറക്കുകയും ചെയ്തിരുന്നു.

ഇത്തവണ അവർ എൻെറ നേരെ നോക്കാതെ തീയുടെ നേക്കാണു നോക്കിയതു്. എന്നിട്ട തന്നത്താൻ പറഞ്ഞു: "ഈ റയിൽവേക്കാരുടെ അസംബന്ധം കണ്ടില്ലേ? എവിടെയെങ്കിലും ഒരല്പം മഞ്ഞു വീണാൽ മതി, പിന്നെ തീവണ്ടികൾ താമസിക്കും."

ഇപ്പോൾ എനിക്കു സംസാരിക്കാൻ അവസരം ലഭിച്ചു.

"നിങ്ങൾ എവിടെ പോകുന്നു?" ഞാൻ ചോദിച്ചു.

ഉത്തരം പെട്ടെന്നു കിട്ടി: "സ്റ്റർലിംഗ്!"

"വലിയ മഞ്ഞുവീഴ്ച കാരണം ഇന്നലെ രാത്രിമുതൽ സ്റ്റർലിംഗിലേക്കുള്ള ലൈൻ തടസ്സപ്പെട്ടിരിക്കയാണെന്നു ഞാൻ അല്പംമുമ്പു കേട്ടു. അവർ ലൈനുകൾ ശരിയാക്കുന്നുണ്ടു്. ഉച്ചയാകുമ്പോഴേക്കു് എല്ലാം ശരിയാകുമെന്നു തോന്നുന്നു."

വീണ്ടും ഞങ്ങളുടെയിടയിൽ നിശ്ശബ്ദത സ്ഥാനം പിടിച്ചു. ആ വെയററിംഗ്റൂമിലാകട്ടെ മൂന്നാമതൊരു യാത്രക്കാരനുണ്ടായിരുന്നില്ല. തീയുടെ അട്ടത്തുണ്ടായിരുന്ന രണ്ടു കസേരകൾ ഞങ്ങൾ രണ്ടുപേരും മാത്രമാണു് ഉപയോഗിച്ചതു്.

ഞാൻ ഇത്രയധികം പറഞ്ഞ നിലക്കു സാമാന്യമര്യാദയുടെ പേരിൽ എന്നോടു് എന്തെങ്കിലും സംസാരിക്കണമെന്നു് ആ സ്ത്രീക്കു പെട്ടെന്നു മനസ്സിലായതുപോലെ തോന്നി. അതിനാലായിരിക്കാം ഉടനെ ചോദിച്ചതു്:

"നിങ്ങൾ എവിടെ പോകുന്നു?"

"മിൽപോർട്ടിലേക്ക്."

"എവിടെനിന്നു വരുന്നു?"

"ഗ്ലാസ്ഗോയിൽനിന്ന്."

പുരികം ചുളിച്ചുകൊണ്ട് അവർ വീണ്ടും ചോദിച്ചു: "ഗ്ലാസ്ഗോയിൽ എന്തുചെയ്യുന്നു? നിങ്ങൾ വഴിവാണിഭക്കാരനാണോ?"

ഞാൻ മറുപടി നല്കി: "അല്ല. ഈ വർഷം എനിക്കു ഗ്ലാസ്ഗോ യൂണിവേഴ്സിററിയിൽനിന്നു ഡോക്ടർ ബിരുദം കിട്ടി. അടുത്തദിവസം എന്നെ മറൈൻ ലാബറട്ടറിയിൽ ഒരു ഗവേഷകനായി നിയമിച്ചിരിക്കയാണ്."

അതു കേട്ടപ്പോൾ അവർ എൻെറ നേരേ മുഖം ശരിക്കു തിരിച്ചു. അവരുടെ മുഖത്ത് ഒരല്പം അത്ഭുതം നിഴലിച്ചതും ഞാൻ ശ്രദ്ധിക്കാതിരുന്നില്ല. ആ അത്ഭുതം അവരുടെ ശബ്ദത്തിലുമുണ്ടായിരുന്നു: "നിങ്ങൾ പിഎച്ച്. ഡി. ക്കാരനാണോ? അപ്പോൾ വളരെയധികം പഠിക്കേണ്ടിവന്നു അല്ലേ? നിങ്ങളൊരു സമർത്ഥൻതന്നെ. നിങ്ങളെ വഴിവാണിഭക്കാരനായി തെററിദ്ധരിച്ചതിൽ ഞാൻ ഖേദിക്കുന്നു. ദയവായി മറെറാന്നും വിചാരിക്കരുത്."

"ഹേയ്, ഒരിക്കലുമില്ല. അതിൽ അത്ര ഗൗരവമായി എടുക്കാൻ ഒന്നുമില്ലല്ലോ. പക്ഷേ, എങ്ങനെയാണ് ഞാനൊരു വാണിഭക്കാരനാണെന്നു നിങ്ങൾ ആദ്യം വിചാരിച്ചത്?"

അവൾ തുടന്നു: "അതോ, പറയാം. യുദ്ധത്തിനുശേഷം ഈ നാട്ടിൽ ധാരാളം കറുത്തമനുഷ്യർ എത്തിയിട്ടുണ്ട്. കൈയിൽ സൂട്ട്കേസുകളുമായി അവർ അവിടെയും ഇവിടെയും അലഞ്ഞുതിരിയുന്നതു കാണാം. സോക്സ്, അണ്ടർവെയർ മുതലായവയാണ് അവർ വില്ക്കുന്നത്. അവ വാങ്ങാൻ അവർ വളരെയധികം നിർബ്ബന്ധിക്കും.

ഓ! എന്റെ ദൈവമേ! നിങ്ങൾ എന്തെങ്കിലും വാങ്ങിയി ല്ലെന്നുണ്ടെങ്കിൽ പിന്നെ രക്ഷയില്ല. വീടിൻെറ ഉള്ളിൽ വരെ അവർ നിങ്ങളുടെ പുറകെനിന്നു മാറാതെ കയറി വരും. ഈ പ്രശ്നം പോലീസിനു വലിയ തലവേദനയു ണ്ടാക്കിയിരിക്കയാണ്. പക്ഷേ, നിങ്ങൾക്കറിയാമല്ലോ, ഞങ്ങളുടെ ഗവണ്മെന്റ് ഈ വിദേശികളുടെനേരെ വലി യ ഉദാരമനോഭാവമാണു കാണിക്കുന്നതു്. അതിനാൽ അവർ ശിക്ഷിക്കപ്പെടുന്നില്ല.''

''ഇപ്പോൾ എനിക്കു മനസ്സിലായി. ഈ തെറ്റിദ്ധാര ണയെല്ലാം കാരണം ഒരുപക്ഷേ, എന്റെ വലിയ സൂട്കേ സായിരിക്കും അല്ലേ?'' ഞാൻ പൊട്ടിച്ചിരിച്ചു.

ആ സ്ത്രീയും എന്നോടൊപ്പം ചിരിച്ചു. ആ ചിരി യോടെ അവർ പറഞ്ഞു: ''അതെ, ഈ കച്ചവടക്കാരെ ല്ലാം നിങ്ങളുടേതുപോലെ വലിയ സൂട്കേസാണ് കൊ ണ്ടുനടക്കുന്നതു്.''

ഇത്രയുമായപ്പോഴേക്കു് ആ സ്ത്രീ എന്നോടു കൂടുതൽ പരിചയപ്പെടാൻ ശ്രമിച്ചു. അവർ സ്വയം പരിചയപ്പെ ടുത്തി: ''ഞാൻ മിസ്സിസ്സ് ഹോപ്കിൻസ് ആണ്. ഇന്നു രാവിലെ ഞാൻ മിൽപോർട്ടിൽനിന്നു് ഇവിടെ എത്തി. അവിടെ കുറെ ദിവസം അവധിക്കാലം ചെലവാക്കാൻ പോയതാണ്. പക്ഷേ, കഠിനമായ തണുപ്പുകാരണം അ ധികദിവസം താമസിക്കാൻ കഴിഞ്ഞില്ല.''

കുറേനേരമായി എനിക്കു ദാഹിക്കുന്നുണ്ടായിരുന്നു. അതിനാൽ മിസ്സിസ്സ് ഹോപ്കിൻസിനോടു പറഞ്ഞു: ''ക്ഷമിക്കുക. ഞാൻ ഇപ്പോൾ വരാം.''

വെളിയിൽ വന്നു രണ്ടു കടലാസുകപ്പുകളിൽ കാ പ്പിയും കുറെ 'സാൻഡ്‌വിച്ചും' വാങ്ങി ഞാൻ തിരിയെ

എത്തി: "ഈ കാപ്പി കുടിക്കുന്നതിനു വിരോധമില്ലല്ലോ? എന്നിട്ടു നമുക്കു സംസാരിക്കാം."

മിസ്സിസ്സ് ഹോപ്കിൻസ് എന്നോടു വളരെ കടപ്പെട്ടവളെപ്പോലെ തോന്നി. നേരത്തെ മുഖത്തു കണ്ട ഗൗരവഭാവം പാടേ മാഞ്ഞു. പുഞ്ചിരിച്ചുകൊണ്ടു് അവർ പറഞ്ഞു: "വളരെ വളരെ നന്ദി."

ഞാൻ ആദ്യം വിചാരിച്ചതുപോലെയുള്ള ഒരു സ്ത്രീയല്ല അവരെന്നു് എനിക്കു് ഇപ്പോൾ മനസ്സിലായി.

കാപ്പി കുടിച്ചശേഷം ഞങ്ങൾ ഓരോ സിഗററു കൂടി കത്തിച്ചു. മിസ്സിസ്സ് ഹോപ്കിൻസ് അപ്പോഴേക്കും എന്നോടു വളരെ പരിചയത്തിലായിക്കഴിഞ്ഞിരുന്നു.

"ഈ സ്ഥലം അത്ര മോശമല്ലെന്നു് എനിക്കു് ഇപ്പോൾ തോന്നുന്നു. വെളിയിൽ നോക്കുക! വയലുകളും മലകളും എങ്ങനെ വെളുത്തുകഴിഞ്ഞിരിക്കുന്നു!"

ഞാൻ: "ശരിയാണു്. പക്ഷേ, തികഞ്ഞ ഏകാന്തത. വെളിയിലെങ്ങും ഒരൊററ യാത്രക്കാരനില്ല."

മിസ്സിസ്സ് ഹോപ്കിൻസ് തുടൎന്നു: "ഈ പ്രദേശം മുഴുവൻ ഇപ്പോൾ മഞ്ഞുപുതപ്പുകൊണ്ടു മൂടിക്കിടക്കയാണു്. ഇനി ഏപ്രിലാകണം ഇവിടം ഉണരണമെങ്കിൽ. അപ്പോൾ ഈ ഗ്ലാസുമുറിയാകെ യാത്രക്കാരുടെ പാദതാഡനങ്ങളാൽ വിറയ്ക്കും. അവരിലധികവും മിൽപോട്ടിൽ പോകുന്നവരായിരിക്കും. ചിലർ 'ആരംമല'കളിലേക്കായിരിക്കും യാത്ര. അപ്പോൾ ക്ലൈഡ്തീരത്തെങ്ങും ഒരല്പം സ്ഥലം ഇരിക്കാൻപോലും കിട്ടുകയില്ല. എന്നാൽ ഈ കൊടുംതണുപ്പിൽ എന്നെയും നിങ്ങളെയുംപോലെയുള്ള അരക്കിറുക്കന്മാരേ ഈ സ്ഥലത്തു വരികയുള്ളൂ."

അവർ ഒരു നിമിഷത്തേക്കു നിശ്ശബ്ദയായി. വീണ്ടും തുടൎന്നു: "അതുപോകട്ടെ. എനിക്കു് ഒരു സഹയാത്രികനെ

ങ്കിലും ഉണ്ടായതിൽ ഞാൻ സന്തോഷിക്കുന്നു. നിശ്ശബ്ദ മായിത്തന്നെ സമയം കളയേണ്ടിയിരുന്നെങ്കിൽ ഞാൻ കര ഞ്ഞുപോകുമായിരുന്നു. വാസ്തവത്തിൽ ട്രെയിൻ ലഞ്ചിനു ശേഷമേ പുറപ്പെടുകയുള്ളൂ എന്നു കേട്ടപ്പോൾ കരയണ മെന്നു തോന്നിയതാണ്. ഈ ഭയങ്കര തണുപ്പിൽ മറ്റൊരു മനുഷ്യനില്ലാതെ ഇവിടെ ഇരിക്കേണ്ടിവന്നാൽ! വെളി യിലിറങ്ങി ഒരല്പം ഉലാത്താൻപോലും കഴിയുകയില്ല. സംസാരിക്കാൻ മററാരാളില്ല. ശവക്കുഴിയിൽ ഇരിക്കു ന്നതുപോലെയാണ് ആ അവസരത്തിൽ എനിക്കു തോ ന്നിയതു്. അപ്പോൾ കരയാൻ തോന്നിയാൽ അതിൽ അസ്വാഭാവികമായി ഒന്നുമില്ലല്ലോ ... പിന്നെ, നിങ്ങൾ എവിടെനിന്നാണു വരുന്നതെന്നു പറഞ്ഞില്ലല്ലോ? ഏ താണ് നിങ്ങളുടെ സ്വരാജ്യം?''

''ഞാൻ ഇന്ത്യാക്കാരനാണ്. കല്ക്കട്ടയിൽനിന്നു വരുന്നു.''

മിസ്സിസ്സ് ഹോപ്കിൻസ് അല്പസമയം ചിന്താ ധീനയായിരുന്നശേഷം പറഞ്ഞു: ''ഉവ്വ്. ഞാൻ കല്ക്കട്ട യെപ്പററി കേട്ടിട്ടുണ്ട്. പക്ഷേ, ഈ ഇന്ത്യാക്കാർക്കു മുഴുവൻ നീണ്ട താടിമീശയുണ്ടാകുമല്ലോ ...''

''ഇല്ല. ഇല്ല.'' ഞാൻ ഇടയിൽ കടന്നു പറഞ്ഞു: ''എല്ലാ ഇന്ത്യാക്കാർക്കും താടിമീശ ഉണ്ടാകുകയില്ല. സാധാ രണയായി പഞ്ചാബിലെ ഒരു വിഭാഗം ആളുകൾക്കാണ് ഇതു കാണുന്നതു്. അവരെ സിക്കുകാരെന്നു പറയുന്നു.''

ഓ! അതെയതെ. ഞാൻ ഓർക്കുന്നു. യുദ്ധകാലത്ത് ഇവിടെ ധാരാളം ഇന്ത്യാക്കാർ വന്നിരുന്നു. അവരിൽ പലർക്കും മുഖത്തു നിറയെ മീശയുണ്ടായിരുന്നു. പക്ഷേ, അവരെല്ലാം നിങ്ങളെക്കാൾ തടിച്ചവരായിരുന്നല്ലോ? ചി ലരെല്ലാം എൻെറയത്ര പൊക്കമുള്ളവരായിരുന്നു.''

അത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ അവരുടെ മുഖ ഭാവം മാറി. തമാശയോടെ അവർ ചോദിച്ചു:

"നിങ്ങൾക്ക് എന്തു പൊക്കമുണ്ട്? ഒരുപക്ഷേ, എൻെറ തോൾവരെ. അല്ലേ?"

ഇതു പറഞ്ഞ് അവർ എഴുന്നേററുനിന്നു. ഉടനെ എന്നെ പിടിച്ചെഴുന്നേല്പിച്ച് അടുത്തു നിർത്തിയശേഷം പറഞ്ഞു: "ഇല്ല. നിങ്ങൾ വെറുമൊരു പിഗ്മിയാണ്."

എൻെറ ചെവിക്കു ചുററും പുകയുന്ന ഒരു പ്രതീതി യാണ് അപ്പോൾ എനിക്കുണ്ടായത്. പക്ഷേ, എനിക്കു തെററിപ്പോയി. മിസ്സിസ്സ് ഹോപ്കിൻസിൻെറ ലക്ഷ്യം മററുവഴിക്കായിരുന്നില്ല. "നിങ്ങൾ എന്നെ സംബന്ധി ച്ചിടത്തോളം ഗള്ളിവറിനു ബ്രോബ്ഡിഗ്നാഗു പോ ലെയാണ്." അവർ കണ്ണുമടച്ചു പൊട്ടിച്ചിരിക്കാൻ തുടങ്ങി.

പിടിച്ചുനിർത്തിയതുപോലെയാണ് ആ ചിരി നി ന്നത്. തുടർന്ന് അവർ ഇങ്ങനെ പറയുന്നതു കേട്ടു: "നി ങ്ങൾ ഇത്രയും പഠിച്ചസ്ഥിതിക്കു ജീവിതത്തിൽ വിജയി ച്ച ഒരാളായിരിക്കുമെന്നു ഞാൻ കരുതുന്നു. നിങ്ങൾ വി വാഹംചെയ്തിട്ടുണ്ടോ?"

ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഞാൻ ബോധം വീണ്ടെടുത്തിരുന്നു. ഒരുതരം അലസഭാവത്തിലാണ് അ വൎക്കു മറുപടി നല്കിയത്: "ഓ! അതിനൊന്നും അവസരം ആയിട്ടില്ല. ഞാനിപ്പോഴും ജീവിതം കരുപ്പിടിപ്പിക്കുക യാണ്. മററുചില കാര്യങ്ങളുമുണ്ട്—" ഞാൻ വിഷാദ ഭാവം നടിച്ചുകൊണ്ട് ഇടയ്ക്കുവെച്ചു നിർത്തി.

മിസ്സിസ്സ് ഹോപ്കിൻസ് അത്യധികമായ ജി ജ്ഞാസയോടെ ചോദിച്ചു: "എന്താണു മററു കാര്യങ്ങൾ? എന്താ നിങ്ങൾക്കു ഗേൾഫ്രണ്ട് ഉണ്ടോ? ആരെയാണു

നിങ്ങൾ പ്രേമിക്കുന്നതു്? നിങ്ങൾ, പണ്ഡിതന്മാർ ഇക്കാര്യങ്ങളിൽ അപകടക്കാരാണെന്നു് എനിക്കറിയാം. ഞങ്ങളെപ്പോലെ നിങ്ങളുടെയെല്ലാം പ്രേമബന്ധം സാധാരണരീതിയിലായിരിക്കയില്ല.''

ഈ വാക്കുകൾ വളരെ ഗൗരവത്തിലായിരുന്നു. എങ്കിലും അതിൽ ഒരല്പം കളിയാക്കൽ ഒളിഞ്ഞിരുന്നതു ഞാൻ ശ്രദ്ധിച്ചു: ''അല്ല, നിങ്ങൾ ഊഹിക്കുന്നതു ശരിയല്ല. എൻെറ സ്വന്തം രാജ്യമായ ഇന്ത്യയിലോ ഇവിടെയോ ഉള്ള പെൺകുട്ടികളെ ആരെയെങ്കിലും പ്രേമിക്കുന്നതിനുള്ള ഭാഗ്യം എനിക്കു് ഇതുവരെ ഉണ്ടായിട്ടില്ല. നിങ്ങളുടെ രാജ്യത്തു് ഒരു ഗേൾഫ്രണ്ടിനെ സമ്പാദിക്കുക കൂടുതൽ എളുപ്പമാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ, ഇന്ത്യയിലെ കാര്യം വ്യത്യസ്തമാണു്.''

മിസ്സിസ്സ് ഹോപ്കിൻസ് വളരെ അത്ഭുതത്തോടെ ചോദിച്ചു: ''അതെങ്ങനെയാണു്? നിങ്ങളുടെ നാട്ടിൽ ഒരു യുവാവിനു് ആവശ്യമുള്ളപ്പോൾ ഒരു ഗേൾഫ്രണ്ടിനെ കിട്ടുകയില്ലേ? അപ്പോൾ പിന്നെ എങ്ങനെയാണു നിങ്ങൾ വിവാഹംചെയ്യുന്നതു്?''

ഞാൻ മറുപടി നല്കി: ''എൻെറ നാട്ടിൽ ഒരു യുവാവിനു് ഒരു ഗേൾഫ്രണ്ടു് ഉണ്ടാകുക സ്വപ്നത്തിൽപ്പോലും വിഷമമുള്ള കാര്യമാണു്. അവിടെ യുവതീയുവാക്കൾ കല്യാണംചെയ്യുകയല്ല; ചെയ്യിക്കപ്പെടുകയാണു്. അതായതു് യുവാവോ യുവതിയോ വിവാഹപ്രായമെത്തിയാൽ അവരുടെ മാതാപിതാക്കളോ അമ്മാവന്മാരോ മറേറാ യോജിച്ച ഒരു ബന്ധത്തിനായി അന്വേഷണംനടത്തും. അവർ വധുവിനെയോ വരനെയോ തെരഞ്ഞെടുക്കും. വിവാഹവും തീരുമാനിക്കും. പിന്നെ, സ്ത്രീധനത്തിൻെറ പ്രശ്നം വരും. പെൺകുട്ടിയുടെ രക്ഷാകർത്താക്കളും യുവാ

വിന്റെ രക്ഷാകൎത്താക്കളുമായി ഇക്കാര്യത്തിൽ ഒത്തുതീൎപ്പു ണ്ടായാൽ ഒരു ശുഭമുഹൂൎത്തത്തിൽ സിൽക്കുവസ്ത്രങ്ങൾ ധരിച്ച്, തലയിൽ തലപ്പാവു കെട്ടി കഴുത്തിൽ പൂമാലയി ട്ട്, ബന്ധുമിത്രാദികളോടുകൂടി വരൻ ജീവിതത്തിൽ ആ ദ്യമായി വധുവിൻെറ വീട്ടിൽ വരും. ആ അവസരത്തി ലെല്ലാം വരനു വലിയ പ്രാധാന്യമൊന്നും കൊടുക്കാറില്ല. രസിക്കലും സദ്യയുണ്ണലും മററുമായിരിക്കും പ്രധാനപ്പെട്ട കാര്യങ്ങൾ.''

ഇതു പറഞ്ഞുകൊണ്ടിരുന്നപ്പോൾ മിസ്സിസ്സ് ഹോ പ്കിൻസിൻെറ കൺപോളകൾ മുമ്പു തുരുതുരെ അട ഞ്ഞിരുന്നതു നിന്നതായി ഞാൻ ശ്രദ്ധിച്ചു. ജിജ്ഞാസ കൊണ്ടു് അവരുടെ കൃഷ്ണമണികൾ പുറത്തേക്കു തള്ളി. ഒരല്പം ശ്വാസംകഴിക്കാനായി ഞാൻ നിൎത്തിയപ്പോൾ അവർ ആകാംക്ഷയോടെ ചോദിച്ചു:

''എന്നിട്ട്? പിന്നെ?''

ഞാൻ തുടൎന്നു: ''പിന്നീട്ട് യഥാൎത്ഥവിവാഹം നട ക്കും. വധുവും വരനും ആ സമയം മുഖത്തോടുമുഖംനോ ക്കി നിന്നേക്കും. ഒരുപക്ഷേ, തുറിച്ചുനോക്കിക്കൊണ്ടായി രിക്കും അവർ മാലകൾ അന്യോന്യം മാറുന്നതു്. അനന്ത രം അവർ കൈകോൎത്തുപിടിക്കും. തുടൎന്ന് അഗ്നിയെ സാ ക്ഷിയാക്കിക്കൊണ്ടു് വധുവിൻെറ മാതാപിതാക്കൾ അവ ളെ വരനെ ഏല്പിക്കും. ധാരാളം ആഭരണങ്ങളും പാത്ര ങ്ങളും മററും സമ്മാനംകൊടുക്കുകയുംചെയ്യും. ചിലയവ സരങ്ങളിൽ കാറുകൾപോലും സമ്മാനമായി കൊടുത്തേ ക്കും. വരനാകട്ടെ, തൻെറ അച്ഛൻെറ അനുസരണയുള്ള പ്രിയപുത്രനാകയാൽ ഈ സമ്മാനങ്ങളും പെൺകുട്ടിയേ യും വളരെ വിനയത്തോടെ സ്വീകരിക്കും. അങ്ങനെ വധുവിൻെറ മാതാപിതാക്കൾക്കു് ഒരു ഭാരം ഒഴിച്ചുകൊ

ട്ടക്കം. അതിനിടയിൽ വരൻ വധുവിനോട്ട് അഗ്നിസാക്ഷിയായി ഒരു സത്യം ചെയ്യേണ്ടതുണ്ട്. 'നിൻെറ ഹൃദയം എൻെറയും ഹൃദയമാണ്. എൻെറ ഹൃദയം നിൻെറയും. ഞാൻ നിന്നെ ആയുഷ്ക്കാലം മുഴവനും രക്ഷിച്ചുകൊള്ളാമെന്നു സത്യംചെയ്യുന്നു.' അങ്ങനെ കുറെ വിഷമം പിടിച്ച ശപഥങ്ങളും അയാൾ ചെയ്യണം. ഇമ്മാതിരി കാര്യങ്ങളൊന്നും ഇപ്പോൾ എന്നെക്കൊണ്ട പറവുകയില്ല. അതൊന്നും പറഞ്ഞാൽ ഒരുപക്ഷേ, നിങ്ങൾക്ക മനസ്സിലാകുകയില്ല. അതെല്ലാം പോകട്ടെ."

ശ്വാസമടക്കിപ്പിടിച്ച മിസ്സിസ്സ് ഹോപ്കിൻസ് ഞാൻ പറഞ്ഞതെല്ലാം ശ്രദ്ധിച്ചു കേട്ടു. എന്നിട്ട് ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു: "എന്തൊരു തമാശ! എന്തൊരു രസകരമായ കാര്യമായിരിക്കുന്നു ഇതു്! പക്ഷേ, നിങ്ങളുടെ വിവാഹച്ചടങ്ങുകളിലെ ഒരു കാര്യം മാത്രം എനിക്ക പിടിച്ചില്ല. യുവതീയുവാക്കൾക്ക മുൻപു കാണാനോ അവക്ക സ്വന്തമായി ഇഷ്ടമുള്ളയാളിനെ തെരഞ്ഞെടുക്കുവാനോ ഉള്ള അവകാശം ഇല്ലാതിരിക്കുന്നതു് എന്താണ്? നിങ്ങളുടെ നാട്ടിൽ വ്യക്തിസ്വാതന്ത്ര്യം ഇല്ലേ?"

ഞാൻ മറുപടി നല്കി: "അടുത്തകാലത്തു് ഈ കട്ടത്ത നിയമങ്ങളിൽ അല്പം അയവുവന്നിട്ടുണ്ട്. വിശേഷിച്ചും വിദ്യാഭ്യാസമുള്ള യുവതീയുവാക്കൾ വിവാഹത്തിനു മുമ്പു് പരസ്പരം കാണാൻ ഇടയാകുന്നുണ്ട്. പക്ഷേ, കാണാൻമാത്രം. അടുത്തു് ഇടപഴകരുതു്. എങ്കിലും അടുത്തകാലത്തായി സ്വന്തം ഉത്തരവാദിത്വത്തിൽ യുവതീയുവാക്കൾ വിവാഹംചെയ്യാറുണ്ട്. ഇതു വളരെ അപൂർവ്വമാണെന്നു മാത്രം."

മിസ്സിസ്സ് ഹോപ്കിൻസ് പെട്ടെന്നു ചോദിച്ചു: "എങ്ങനെ കല്യാണംകഴിക്കാനാണ നിങ്ങൾ താൽപര്യ

പ്പെടുന്നതു്? സ്വന്തം ഉത്തരവാദിത്വത്തിലായിരിക്കുമെന്നു ഞാൻ കരുതുന്നു.''

''കൊള്ളാം! ദൈവമേ! നല്ലകാര്യം! നിങ്ങൾക്കു് എന്റെ മാതാപിതാക്കളെ അറിഞ്ഞുകൂടാ. അവർ വലിയ യാഥാസ്ഥിതികരാണു്. എൻെറ അച്ഛൻ നേരത്തെ താക്കീതു തന്നുകഴിഞ്ഞിട്ടുണ്ടു്. ഞാൻ സ്വന്തം ഇഷ്ടപ്രകാരം കല്യാണംകഴിച്ചാൽ അദ്ദേഹത്തിൻെറ സ്വത്തിൽ നിന്നു് ഒരു ചില്ലിക്കാശുപോലും തരികയില്ലെന്നും എന്നെ പുറംതള്ളുമെന്നും പറഞ്ഞുകഴിഞ്ഞു. ഞാൻ എൻെറ ഇഷ്ടപ്രകാരം വിവാഹംചെയ്താൽ ആ ദിവസം ആത്മഹത്യചെയ്യുമെന്നു് അമ്മയും മുന്നറിയിപ്പുതന്നിട്ടുണ്ടു്.''

മിസ്സിസ്സ് ഹോപ്‌കിൻസിനു് ഇതു കേട്ടിട്ടു് അത്ഭുതമാണുണ്ടായതു്: ''എത്ര അപകടകരമാണിതു്! നിങ്ങളെപ്പോലെയുള്ള ഒരു പണ്ഡിതൻ സാധാരണക്കാരിയായ ഒരു പെൺകുട്ടിയെ കല്യാണംകഴിക്കാൻ മാതാപിതാക്കൾ നിർബ്ബന്ധിച്ചാൽ നിങ്ങളുടെ ജീവിതംതന്നെ തകരുമല്ലോ എന്നാണു ഞാൻ ചിന്തിക്കുന്നതു്. അങ്ങനെയല്ലേ?''

ദയനീയഭാവം നടിച്ചുകൊണ്ടു് ഞാൻ പറഞ്ഞു: ''ഇതെല്ലാം കൂടാതെ മറെറാരുകാര്യംകൂടി ചിന്തിക്കാറുണ്ടു്. നിങ്ങളെപ്പോലെയുള്ള ഒരു സുഹൃത്തിനോടു ഞാനതു് ഒളിച്ചുവെയ്ക്കേണ്ടതില്ല. ഞാൻ വിവാഹംചെയ്യുന്ന പെൺകുട്ടിയെ വിവാഹത്തിനുശേഷം സ്നേഹിക്കുന്നതിൽ പരാജയപ്പെട്ടാലോ എന്നു ഭയപ്പെടുകയാണു്. അതുകൊണ്ടാണു് ഇതുവരെ വിവാഹത്തെക്കുറിച്ചു ഞാൻ തീരുമാനമൊന്നും എടുക്കാത്തതു്.''

മിസ്സിസ്സ് ഹോപ്‌കിൻസിന്റെ സ്വരം ഗൗരവത്തിലായി: ''ശരി, അതു സംഭവിക്കാൻ സാധ്യതയുള്ള കാര്യ

മാണ്. പക്ഷേ, നിങ്ങളുടെ മനസ്സ് ഇപ്പോൾത്തന്നെ ഏതെങ്കിലും പെൺകുട്ടിയിൽ ഉറച്ചുപോയിട്ടുണ്ടെങ്കിൽ—"

ഞാൻ ഇടയിൽ കടന്നു തടസ്സപ്പെടുത്തി: "അക്കാര്യങ്ങളൊന്നും കണക്കിലെടുക്കാതെതന്നെ ഒരു യുവാവിന്ന് ഏതെങ്കിലും യുവതിയെ പ്രേമിക്കണമെങ്കിൽ അതിന്ന് അല്പം സാമർത്ഥ്യംവേണമെന്നുകൂടി ഞാൻ വിശ്വസിക്കുന്നു. മിസ്സിസ് ഹോപ്കിൻസ്, ഒരു കാര്യം ഞാൻ തുറന്നു പറയട്ടെ. വാസ്തവത്തിൽ ഒരു പെൺകുട്ടിയെ പ്രേമിക്കുവാനോ വിവാഹംചെയ്യാൻ പ്രേരിപ്പിക്കുവാനോ ഉള്ള സൂത്രങ്ങളൊന്നും എനിക്കു വശമില്ല. ഇതെല്ലാം അറിയാമായിരുന്നെങ്കിൽ ഞാൻ ശ്രമിക്കുമായിരുന്നു. ഒന്നോ രണ്ടോ അവസരങ്ങൾ പരീക്ഷിച്ചുനോക്കുകയും ചെയ്യാമായിരുന്നു."

ഇത്തരം ഒരു പ്രധാനസംഗതിയെക്കുറിച്ചുള്ള എന്റെ അഗാധമായ അജ്ഞത മനസ്സിലാക്കിയിട്ടാകാം മിസ്സിസ്സ് ഹോപ്കിൻസ് ഒരു കൊച്ചുകുട്ടിയെപ്പോലെ കുടുകുടാ ചിരിക്കാൻതുടങ്ങി. അനന്തരം ഉപദേശഭാവത്തിൽ അവർ പറഞ്ഞു:

"എന്നാൽ എൻെറ ഭർത്താവു് ബോബ് എന്നെ എങ്ങനെയാണു സ്നേഹിച്ചതെന്നു പറയാം. ശ്രദ്ധിക്കുക. അദ്ദേഹം മരിച്ചിട്ടു മൂന്നു കൊല്ലമായെങ്കിലും ഒരൊററ നിമിഷംപോലും അദ്ദേഹത്തെ മറക്കാൻ എനിക്കു സാധ്യമല്ല. അത്രയ്ക്കു് അഗാധമായിരുന്നു അദ്ദേഹത്തിൻെറ സ്നേഹം. അതുകൊണ്ടു് എൻെറയും ബോബിൻെറയും കഥ പറഞ്ഞാൽ അതിൽനിന്നു നിങ്ങൾക്കു ചില സൂചനകൾ കിട്ടുമെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങളുടെ വിവാഹജീവിതം സന്തോഷകരമാക്കാൻ അതു നിങ്ങളെ തീർച്ചയായും സഹായിക്കുമെന്നു് എനിക്കു് ഉറപ്പുണ്ടു്."

അവർ ഒരുനിമിഷം നിശ്ശബ്ദയായി ഇരുന്നശേഷം തുടൻ: "ഞാൻ ആ കഥ ആദ്യംമുതൽതന്നെ പറയേണ്ടിയിരിക്കുന്നു."

അതു രസകരമായിരിക്കുമെന്നു ഞാൻ ഭാവിച്ചു. "ആ കഥ പറയുകയാണെങ്കിൽ ഞാൻ നിങ്ങളോടു കൃതജ്ഞനായിരിക്കും. നിങ്ങളുടെ കഥ തുടങ്ങുന്നതിനു മുമ്പു് ഞാൻ പോയി കുറച്ചു കാപ്പികുടി കൊണ്ടുവരാം."

കാപ്പികുടി കഴിഞ്ഞു് ഞങ്ങൾ സിഗററ്റു കത്തിച്ചു. മിസ്സിസ്സ് ഹോപ്കിൻസ് തൻെറ കസേര എൻെറയടുത്തേക്കു കുറേക്കൂടി നീക്കിയിട്ടു. എന്നിട്ടു കൈയിലുണ്ടായിരുന്ന സഞ്ചി തുറന്നു് ഒരു പുതപ്പെടുത്തു കാലു രണ്ടും മൂടി. (അപ്പോഴേക്കും തീ മുഴവൻ കെട്ടിരുന്നു.)

ആ മുറിയുടെ കണ്ണാടിജനലിൽക്കൂടി നോക്കിയപ്പോൾ പുറത്തു് അതികഠിനമായി മഞ്ഞുപെയ്യുന്നതു കണ്ടു. അതിനാൽ സ്റ്റീമർ കമ്പനിക്കാരുടെ തീവണ്ടി കുറെക്കൂടി താമസിക്കുമെന്നു് ഞാൻ മിസ്സിസ്സ് ഹോപ്കിൻസിനെ അറിയിച്ചശേഷം നിർബ്ബന്ധം അവരുടെ കഥ പറയാൻ അപേക്ഷിച്ചു.

അവർ കഥ ആരംഭിച്ചു: "ആബെർഡീൻ മുതൽ ബ്രെമെർ വരെ ഒരു റോഡുണ്ടു്. ആ റോഡരുകിലാണു് ബാൾട്ടെർ എന്ന ഗ്രാമം. സുപ്രസിദ്ധമായ ബാൽമോറൽ കൊട്ടാരത്തിനു് ഒരല്പം ഇപ്പുറത്താണതു്. ബാൾട്ടെറിൽനിന്നു വീതികുറഞ്ഞ ഒരു പാത നേരെ കെയ്ൻഗോൺ പർവ്വതംവരെ പോയി അതിൻെറ ഒരു കൊടുമുടിയായ ലോക്നഗറിൽ അവസാനിക്കുന്നുണ്ടു്. ഈ ലോക്നഗറിന്റെ അടിവാരത്തു് ഒരു വലിയ തടാകവുമുണ്ടു്. സ്കോട്ടുലണ്ടുകാർ അതിനെ ലോക് എന്നു വിളിക്കുന്നു. നിങ്ങൾക്കു് അതു് അറിയാമെന്നു തോന്നുന്നു!"

ഞാൻ ഉത്തരം നല്കി: "ഉവ്വ്! കഴിഞ്ഞ വേനല്ക്കാലത്ത് എൻെറ അവധിക്കാലം ചെലവാക്കിയതു് അവിടെയാണു്. അവിടത്തെ പ്രകൃതിസൗന്ദര്യം അതിമനോഹരമാണു്."

മിസ്സിസ്സ് ഹോപ്കിൻസ്: "നിങ്ങൾ പ്രകൃതിസൗന്ദര്യത്തെക്കുറിച്ചു പറയുകയാണെങ്കിൽ, അത്തരം ഒരു സ്ഥലം ലോകത്തിൽ മറ്റെവിടെയെങ്കിലും ഉണ്ടോ എന്നു ഞാൻ സംശയിക്കുകയാണു്. ഒരു ഭാഗത്തു പച്ചപിടിച്ച കെയ്ൻഗോൺ പർവ്വതനിര. അതിൻെറ ചരിവു് പച്ചപ്പുതപ്പു വിരിച്ചപോലെയാണു്. അതിൽ ഗോതിക്കമാനങ്ങൾപോലെയുള്ള പൈൻവൃക്ഷങ്ങളും കാണാം. ആ ചരിവു് ഡീനദിയുടെ കരവരെ എത്തുന്നു. നിങ്ങൾ ഡീനദി കടന്നു് അപ്പുറം എത്തിയാൽ കാണാം അതേ ചരിവു പച്ചവെൽവെററുപുതപ്പുപോലെ പരന്നു്, മുകളിലേക്കു കിടക്കുന്നതു്. വളരെ ശാന്തമായ പ്രദേശം. പാട്രിഡ്ജ് മുതലായ പക്ഷികളുടെ സംഗീതം മാത്രമാണു നിങ്ങൾക്കു് അവിടെ കേൾക്കാൻ കഴിയുന്നതു്. ഡീനദി ഒഴുകുന്ന ശബ്ദവും കേട്ടെന്നുവരും. ഉം, അതെല്ലാം പോകട്ടെ. ഞാൻ ആ സ്ഥലം വളരെക്കൊല്ലങ്ങൾക്കു മുമ്പു വിട്ടതാണു്. എങ്കിലും ലോക്നഗറിൻെറ താഴ്വരയിലുള്ള ലോക്തടാകത്തിൻെറ തീരത്തു് ഒരു മരക്കുടിലിലാണു് ഞാൻ ജനിച്ചതു്. എന്റെ പിതാവിനു വസ്തുവകകളൊന്നും ഉണ്ടായിരുന്നില്ല. കുറെ കോഴികൾ മാത്രമായിരുന്നു അദ്ദേഹത്തിൻെറ സ്വത്തു്. ഞാനാണു് അവയെ നോക്കിവളർത്തിയിരുന്നതു്. നിങ്ങൾക്കറിയാമോ മിസ്റ്റർ, എൻെറ കുട്ടിക്കാലത്തു് ഞാൻ കാഴ്ചയ്ക്കു വളരെ സുന്ദരിയായിരുന്നു. പതിനഞ്ചാമത്തെ വയസ്സുമുതലാണു് ഞാൻ കൂടുതൽ വളരാൻതുടങ്ങിയതു്. ഇരുപതിൽ അതു നിലയ്ക്കുകയുംചെയ്തു.

അപ്പോഴേക്കും എനിക്ക് ആറരയടിപ്പൊക്കമുണ്ടായി ക്കഴിഞ്ഞു. പക്ഷേ, എൻെറ ശരീരം ഒതുങ്ങിയതായിരു ന്നു. വെറുതെ കൊഴുത്തു തടിച്ചതായിരുന്നില്ല. 'രാക്ഷ സി' എന്നു വിളിച്ച് എൻെറ അയല്ക്കാർ എന്നെ പരി ഹസിക്കാറുണ്ടായിരുന്നു. എങ്കിലും എൻെറ പിതാവു പറയും:

"'ആ വൃത്തികെട്ട കുട്ടക്ക് സൗന്ദര്യം വിലയിരുത്താനു ള്ള കഴിവില്ല. ഒരു ഹൈലാൻഡക്കു നല്ല പൊക്കവും വണ്ണവും ഇല്ലെങ്കിൽ ആ ആൾ ഒരു ഹൈലാൻഡർ അല്ല.'

"എൻെറ അയല്ക്കാർ എന്നെക്കുറിച്ച് അസൂയയുള്ള വരായിരുന്നെന്നു തോന്നുന്നു. അതിനാലാകണം അവർ എന്നെ വൃത്തികെട്ടവൾ, രാക്ഷസി എന്നെല്ലാം വിളിക്കു മായിരുന്നു. അതെല്ലാംമൂലം ഞാൻ വളരെ വിഷമിക്കുക യുംചെയ്തു.

"ഞങ്ങളുടെ രാജ്യത്തു നിങ്ങളുടെ നാട്ടിലെപ്പോലെ വിവാഹം ഏർപ്പാടുചെയ്യുന്ന പതിവില്ല. ഇവിടെ ആൺ കുട്ടികളേയും പെൺകുട്ടികളേയും അടുത്തിടപെടാൻ അനു വദിക്കുന്നുണ്ട്. സ്വന്തം ഇഷ്ടപ്രകാരം ഇണയെ തെര ഞ്ഞെടുക്കാനും അനുവദിക്കപ്പെടും. പിന്നീടാണു വിവാ ഹം നടക്കുന്നതു്. അതിനെല്ലാമായിട്ടാണ് എനിക്കു പ്രായ മായപ്പോൾ മാതാപിതാക്കൾ എന്നെ 'ബാൾറൂംഡാൻസ്' പഠിക്കാൻ അയച്ചതു്. ഒരു ബോയ്ഫ്രണ്ടിനെ കണ്ടുപി ടിക്കുക എന്നതായിരുന്നു ഉദ്ദേശം. പക്ഷേ, എൻ്റെ ചീത്ത പ്പേർ ഗ്രാമത്തിൽനിന്നും ബാല്ലെറ്റിൽ എത്തിയെന്നു തോ ന്നുന്നു. അല്ലെങ്കിൽപ്പിന്നെ ഡാൻസുചെയ്യാൻ ഒരു പ ങ്കാളിയെ കിട്ടാൻപോലും എനിക്കു വിഷമമുണ്ടായതു് എന്താണു്? ഡാൻസുചെയ്യാൻവേണ്ടി സ്ത്രീകളുടെ അവ സരം വരുമ്പോൾ ഞാൻ ആരെയെങ്കിലും തെരഞ്ഞുപിടി

ച്ചാൽ ഉടനെ അയാളുടെ മുഖം വാടുന്നതു ഞാൻ കാണാറുണ്ടായിരുന്നു. വേറൊരു കാര്യംകൂടി ഉണ്ടായിരുന്നു. ആരെങ്കിലും എനിക്കു ഡാൻസിന്നു പങ്കാളിയായി വന്നാൽത്തന്നെ അയാളുടെ തല എന്റെ കഴുത്തിനുമുകളിൽ എത്തുകയില്ലായിരുന്നു. എന്റെ സ്വന്തം ഗ്രാമത്തിലെ മറ്റു പെൺകുട്ടികൾ ധാരാളം യുവാക്കളുമായി പ്രേമത്തിലാകുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ആ അവസരത്തിൽ എനിക്കു ദേഷ്യംവരാറുണ്ടു്. പലപ്പോഴും ഞാൻ സങ്കടപ്പെടാറുമുണ്ടു്. അവസാനം ഞാൻ ബാൾറൂംഡാൻസ് പഠിക്കുന്നതു നിർത്തി വീട്ടിൽ വന്നു് അച്ഛൻെറയടുത്തു് 'ഹൈലാൻഡ്നൃത്തം' പഠിക്കാൻ തുടങ്ങി. ഏതെങ്കിലും ഒരു യുവാവിനെ ശരിക്കു തെരഞ്ഞെടുക്കുന്നതുവരെ യുവാക്കളോടു സംസാരിക്കുകപോലുമില്ലെന്നു ഞാൻ ശപഥംപോലും ചെയ്തു. എന്നെക്കാൾ ആറിഞ്ചെങ്കിലും പൊക്കക്കൂടുതലും അതിനടുത്ത വണ്ണവും ഉള്ള ഒരാളായിരിക്കണം എന്റെ പങ്കാളിയെന്നും ഞാൻ തീരുമാനിച്ചിരുന്നു. പക്ഷേ, എൻെറ ഭാവനയിലുണ്ടായിരുന്നതരത്തിലുള്ള യുവാക്കൾ ഹൈലാൻഡുകാരുടെയിടയിൽ അപൂർവ്വമായിരുന്നു. എനിക്കൊരു ബോയ്ഫ്രണ്ടില്ലെന്നു പറഞ്ഞു് ഏതെങ്കിലും പെൺകുട്ടികൾ കളിയാക്കിയാൽ, 'നീ പോയി എലിപോലെയുള്ള ആൺകുട്ടികളെ സ്നേഹിക്കു്. എനിക്കു് അവരെ ഒരിക്കലും വേണ്ട' എന്നു ഞാൻ തിരിച്ചടിക്കുമായിരുന്നു.

"'നിന്നെ ഗേൾഫ്രണ്ടാക്കാൻ ഒരു രാക്ഷസൻ തടാകത്തിൽനിന്നു പൊങ്ങിവരും—അതുവരെ കാത്തിരിക്കു്" എന്നു പറഞ്ഞു മററു ചിലർ എന്നെ കളിയാക്കിയിരുന്നു. അവർ എന്നെപ്പററി ചീത്തവാക്കുകൾപോലും പറയാൻ തുടങ്ങിയപ്പോൾ വീട്ടിൽനിന്നു പുറത്തിറങ്ങുന്നതുപോലും ഞാൻ നിർത്തി. എനിക്കു നല്ല നിശ്ചയമുണ്ടായിരുന്നു.

എൻെറ അച്ഛൻെറ വാക്കുകൾ എങ്ങനെയാണു സത്യമല്ലാതാകുന്നത്? അദ്ദേഹവും ഒരു മനുഷ്യൻതന്നെയല്ലേ?

"ഇനി, എന്തൊരു അത്ഭുതകരമായ സംഭവമാണു നടന്നതെന്നു കേൾക്കുക, മിസ്റ്റർ. അത്തരം സംഭവങ്ങൾ സ്വപ്നങ്ങളിലും നോവലുകളിലും മാത്രമേ നിങ്ങൾ കാണുകയുള്ളു. നിങ്ങളുടെ ജീവിതത്തിൽ ഒരിക്കലും അത്തരം ഒരു സംഭവം കേട്ടുകാണുകയില്ല.

"എല്ലാ കൊല്ലവും സെപ്തംബറിൽ ബ്രെമെറിൽ വലിയൊരു മേള നടക്കുന്നതു നിങ്ങൾക്ക് അറിയാമല്ലോ. ആ മേളയിൽ സ്കോട്ട്ലണ്ടുകാർ മുഴുവൻ പങ്കെടുക്കും. അവിടെ ഹൈലാൻഡുകാരുടെ ദേശീയവിനോദങ്ങളെല്ലാം അന്നു നടക്കാറുണ്ട്. ദേശീയഹൈലാൻഡുനൃത്തങ്ങൾ അഭിനയിക്കപ്പെടുകയുംചെയ്യും. രാജാവും രാജ്ഞിയും ആ മേള കാണാൻ വരാറുണ്ട്."

ആ മേള ഞാനും കഴിഞ്ഞവർഷം കാണുകയുണ്ടായെന്നു പറഞ്ഞു.

അതു കേട്ടപ്പോൾ മിസ്സിസ്സ് ഹോപ്കിൻസിൻെറ ശബ്ദം വികാരഭരിതമായി. അവർ ചോദിച്ചു: "ഉവ്വോ മിസ്റ്റർ? എങ്ങനെ? ഒന്നാന്തരമല്ലേ?"

"തീർച്ചയായും. അന്നു ഞാൻ എത്രമാത്രം ആഹ്ലാദിച്ചുവെന്നു പറയുക വയ്യ. കെയ്ൻഡ്രോക്-ഹെഡ് കുന്നിൻെറ അടിവാരത്തുവെച്ചാണു് അതു നടന്നത്."

മിസ്സിസ്സ് ഹോപ്കിൻസ് തുടർന്നു: "അപ്പോൾ ഈ ഹൈലാൻഡിനെക്കുറിച്ചു കുറെയെങ്കിലും മനസ്സിലാക്കാൻ നിങ്ങൾക്കു കഴിഞ്ഞിരിക്കുമെന്നു ഞാൻ കരുതുന്നു. നിങ്ങളൊരു വിദേശിയായതുകൊണ്ടാണു് ഇതു കഴിഞ്ഞതു്. എന്നാൽ ഈ ഇംഗ്ലീഷുകാരുടെ കാര്യം അറിയാമോ? സ്കോട്ട്ലണ്ടിലെ യാതൊരു നല്ലകാര്യവും അവർക്കു സഹി

ക്കകയില്ല. അവർ പോയി തുലയട്ടെ—ഞാൻ എൻെറ കഥ പറയാം.

"ഒരിക്കൽ എൻെറ അയല്ക്കാരായ കുറെ പെൺകുട്ടികളുടെകൂടെ ഞാനും ഈ മേള കാണാൻ പോയി. വലിയൊരു ജനക്കൂട്ടമാണ് അന്നുണ്ടായിരുന്നത്. മൈതാനത്തു പലയിനം കളികൾ നടക്കുന്നുണ്ടായിരുന്നു. ഗുസ്തി, ഘനമുള്ള ഹൈലാൻഡ്പന്ത് എറിയൽ, ഹാമർത്രോ മുതലായവയെല്ലാം അതിലുണ്ടായിരുന്നു. ഏറ്റവും രസകരമായതു് ഇരുപത്തഞ്ചടി നീളവും അതിനൊത്ത വണ്ണവുമുള്ള വലിയൊരു മരക്കഷണം എറിയുന്നതായിരുന്നു. ആ കളികളിൽ ഒരാൾ എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കുന്നതായി ഞാൻ കണ്ടു. അയാൾക്ക് ഏഴടിയെങ്കിലും പൊക്കമുണ്ടായിരുന്നു. നല്ല ഒതുങ്ങിയ ശരീരം. അല്പംപോലും കൊഴുത്തതല്ല. പക്ഷേ, പൊക്കത്തിനൊത്ത വണ്ണമുണ്ടായിരുന്നു. നെഞ്ചുവീതി ഏറ്റവും കുറഞ്ഞതു നാല്പതിഞ്ചെങ്കിലും കാണും. അയാൾ ഏതാണ്ട് എല്ലാ കളികളിലും എല്ലാവരെയും തോല്പിക്കുന്നുണ്ടായിരുന്നു. ജോർജ്ജ് അഞ്ചാമൻ ചക്രവർത്തിതന്നെ സിംഹാസനത്തിൽനിന്നു് ഇറങ്ങിവന്നു് അയാളെ അനുമോദിക്കുകയും കൈപിടിച്ചു കുലുക്കുകയും ചെയ്തു. ചക്രവർത്തി അയാളുടെ കഴുത്തിൽ സ്വർണ്ണമെഡലുള്ള ഹാരം അണിയിച്ചപ്പോൾ വലിയ കരഘോഷം മുഴങ്ങി. ഒരു സംഘം ആളുകൾ ചേർന്നു് അയാളെ തോളിലേററി ഡാൻസുചെയ്യാൻതുടങ്ങി.

"ജനക്കൂട്ടത്തിൽനിന്നു് അയാൾ പുറത്തുകടന്ന ഉടനെ ഒരുപററം പെൺകുട്ടികൾ അയാളെ അനുമോദിക്കാനായി ചുറ്റും കൂടി. ഞാനും എങ്ങനെയോ അയാളുടെ അടുത്തെത്തി കൈപിടിച്ചു ചുംബിച്ചു. അയാൾ ഉടനെ എന്തുചെയ്തെന്നറിയാമോ? എന്നെ എടുത്തു മുകളിലേക്ക്

ഉയർത്തിക്കൊണ്ടു 'നിന്നെ ഞാൻ ദൂരെ എറിയട്ടെ' എന്നു മൃദുവായി ചോദിച്ചു. എനിക്കു് ആകപ്പാടെ വലിയ ലജ്ജതോന്നി. പക്ഷേ, ഒരു കാര്യം ഞാൻ സമ്മതിക്കുന്നു. ഹൃദയാന്തർഭാഗത്തു സന്തോഷംകൊണ്ടു വീർപ്പുമുട്ടുകയായിരുന്നു. ആ യുവാവുമായി ഞാൻ പ്രേമത്തിലായി. പ്രഥമ ദർശനത്തിലെ അനുരാഗത്തിൽ! നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?"

ഞാൻ മറുപടി നല്കി: "അങ്ങനെ ഒരു കാര്യത്തെപ്പററി പല പുസ്തകങ്ങളിലും ഞാൻ വായിച്ചിട്ടുണ്ടു്. അങ്ങനെ ഇടയ്ക്കിടയ്ക്കു സംഭവിക്കുന്നുവെന്നും ഞാൻ സമ്മതിക്കുന്നു."

അവർ തുടർന്നു: "ഞാൻ അതിനുശേഷം എന്തുചെയ്തെന്നോ? വാസ്തവത്തിൽ ഞാൻ അന്നു് ഒരു ഉന്മാദിനിയെപ്പോലെയായി. നേരെ ചെന്നു ഡാൻസുചെയ്യേണ്ടവരുടെ പട്ടികയിൽ എന്റെ പേരും കൊടുത്തു. അതു കഴിഞ്ഞപ്പോഴാണു ഭയന്നു് എന്തൊരു വിഡ്ഢിയാണു ഞാനെന്നു് ഓർത്തുപോയതു്. ഇത്രയധികം ഡച്ചുരാജ്ഞിമാരുടെയും രാജാക്കന്മാരുടെയും മുമ്പിൽ ഞാനെങ്ങനെ നൃത്തംചെയ്യുമെന്നായിരുന്നു എന്റെ ഭയം. എന്തെങ്കിലും ഒരല്പം തെററു കാണിച്ചാൽ പിന്നെ പറയേണ്ടതില്ലല്ലോ. പക്ഷേ, ആ വലിയ മനുഷ്യൻ ഡാൻസുചെയ്യാനുള്ള പുരുഷന്മാരിൽ പെട്ടമെന്നു് അറിഞ്ഞപ്പോൾ എനിക്കു പ്രലോഭനം തട്ടുത്തുനിത്താൻ കഴിഞ്ഞില്ല. ഞാൻ രംഗത്തു പ്രത്യക്ഷപ്പെട്ടു. എന്നെ കണ്ടപ്പോൾ ആ വലിയ മനുഷ്യൻ പുഞ്ചിരിച്ചുകൊണ്ടു് അടുത്തുവന്നു്, 'ഇന്നു നീയാണു് എന്റെ പങ്കാളി' എന്നു പറഞ്ഞു.

"ഏതായാലും അന്നത്തെ എന്റെ പ്രകടനം പ്രതീക്ഷിച്ചതിലും അങ്ങേയററം വിജയിച്ചു. ഞാനൊരിക്കലും

അതു മറക്കുകയില്ല. മതിമറന്നാണു ഞാൻ അന്നു ഡാൻസുചെയ്തതു്. ഞങ്ങളുടെയിടയിൽ ഒരു പ്രത്യേകതരം ഡാൻസുണ്ടു്. വളരെ പ്രാചീനവും വിഷമകരവുമായ ഒന്നാണതു്. അതിൽ കാൽവിരലിൽ ഊന്നിനിന്നുകൊണ്ടു ചുഴലിക്കാററുപോലെ ശരീരം മുഴവൻ ചുഴററിക്കൊണ്ടു നൃത്തംചെയ്യണം. ആ നൃത്തം അച്ഛൻെറയടുത്തുനിന്നും ഞാൻ നന്നായി പഠിച്ചിരുന്നു. ഞാൻ നൃത്തംചെയ്തുകൊണ്ടിരുന്നപ്പോൾ കൈയടിക്കു പുറമെ കൈയടി ഉയന്നു. ഓരോ നിമിഷത്തിലും കൈയടി ഉണ്ടായിരുന്നു. രാജാക്കന്മാരും റാണിമാരും പ്രഭുക്കളും പ്രഭ്വിമാരും എല്ലാം എന്നെ പ്രോത്സാഹിപ്പിച്ചു. അവരെല്ലാം എൻെറ കൈപിടിച്ചു കുലുക്കി. സന്തോഷവും അഭിമാനവുംകൊണ്ടു ഞാൻ വിജൃംഭിതയായി.

"മേടയിൽനിന്നു വെളിയിൽവന്നപ്പോൾ ആ വലിയ മനുഷ്യൻ എൻെറ മുമ്പിൽ വന്നു വീണ്ടും എന്നെ എടുത്തു തൻെറ തലയ്ക്കു മുകളിൽ ഉയത്തിപ്പിടിച്ചു: 'എന്തു മനോഹരമായി നീ ഇന്നു നൃത്തംചെയ്തു! നീ ഇത്ര നല്ല ഒരു നത്തകിയാണെന്നു ഞാൻ അറിഞ്ഞതേയില്ല' എന്നു് എന്നോടു സ്നേഹപൂവ്വം പറയുകയുംചെയ്തു. പെട്ടെന്നു് എന്നെ താഴെ നിത്തിയശേഷം അടുത്ത നിമിഷത്തിൽ എൻെറ ചുണ്ടുകളിൽ ചുംബിച്ചു. വീണ്ടും അതേ സ്നേഹസ്വരത്തിൽ അദ്ദേഹം പറഞ്ഞതു്, 'ഞാൻ നിന്നെ വളരെ വളരെ ഇഷ്ടപ്പെടുന്നു, ഞാൻ നിന്നെ പ്രേമിക്കുന്നു' എന്നാണു്. എന്തുപറയാനാണു മിസ്റ്റർ! ആ നിമിഷം നെടുവീർപ്പുകൾകൊണ്ടു ഞാൻ മരിക്കുമെന്നു തോന്നി. എൻെറ മുഖം അദ്ദേഹത്തിൻെറ മാറിൽ ചേത്തുകൊണ്ടു ഞാൻ മന്ത്രിച്ചു: 'നിങ്ങൾ എൻെറ അടുത്തുണ്ടായതിനാലാണു ഞാൻ അത്ര നന്നായി നൃത്തംചെയ്തതു്!'

“മററു പെൺകുട്ടികൾക്ക് എൻെറനേരെ അസൂയ തോന്നിക്കാണും. പക്ഷേ, ബോബ് അവരെയൊന്നും നോക്കിയതുപോലുമില്ല. അന്നരാത്രി ഞങ്ങൾ രണ്ടുപേരുംകൂടി കുന്നിൻെറ മുകളിൽക്കയറി അവിടെയിരുന്നു. അന്നു മനോഹരമായി പാടാൻ എനിക്കു കഴിഞ്ഞു. സുപ്രസിദ്ധമായ ആ ഗാനമില്ലേ? ‘നീ എന്റെ ജീവിതത്തിലേക്കു വരികയില്ലേ’ എന്ന ആ ഗാനം. അതാണു ഞാൻ പാടിയതു്. ബോബ് അതനുസരിച്ചു കുഴലൂതുകയുംചെയ്തു. അദ്ദേഹം ഒന്നാന്തരം ഒരു പൈപ്പ്‌വായനക്കാരനായിരുന്നു. അങ്ങനെ അന്നുരാത്രി ഞാനും ബോബും ‘എൻഗേജ്ഡ്’ ചെയ്തു.

“തുടർന്നു പത്തുകൊല്ലം ഞാൻ ബോബിൻെറ കൂടെ താമസിച്ചു. നിങ്ങൾക്കറിയാമല്ലോ, മിസ്റ്റർ. ഈ രാജ്യത്തു പെൺകുട്ടികൾക്കു വളരെ വിലക്കുറവാണു്. വാസ്തവത്തിൽ യുവാക്കളേക്കാൾ കൂടുതൽ യുവതികൾ ഈ നാട്ടിലുണ്ടു്. അതിനാലാകണം ഈ രാജ്യത്തെ യുവാക്കൾ ഒരുതരം താറുമാറായ കൂട്ടരായിരിക്കുന്നതു്. വളരെ വയസ്സായതിനു ശേഷമേ അവർ വിവാഹംചെയ്യാറുള്ളൂ. പക്ഷേ, ബോബ് നേരെ മറിച്ചായിരുന്നു. തന്നെയുമല്ല അദ്ദേഹം എന്നെ ഹൃദയം തുറന്നു സ്നേഹിച്ചിരുന്നു. എങ്ങനെയാണു് അദ്ദേഹം എന്നെ സ്നേഹിച്ചിരുന്നതെന്നു് അറിയാമോ? നിത്യവും രാവിലെ ഉണരുമ്പോൾ എൻെറ തലയണക്കീഴെനിന്നു് എനിക്കു് ഒരു കത്തു കിട്ടാറുണ്ടായിരുന്നു. ‘ഈ ലോകത്തിലേക്കു് ഏററവും സുന്ദരിയാരാണു്? അതു് എൻെറ പ്രിയപ്പെട്ട ഭാര്യയാണു്,’ എന്നോ ‘എൻെറ ജീവിതത്തിൻെറ മുഴുവൻ ഉത്തരവാദിത്വം ആർക്കാണു്? എൻെറ പ്രിയപ്പെട്ട ഭാര്യയ്ക്കാണു്’ എന്നോ ‘ഞാൻ ഭക്ഷിക്കുകയോ ഉറങ്ങുകയോ നടക്കുകയോ ചെയ്യു

മ്പോൾ ആരെയാണു് എല്ലായ്പോഴും ഓക്കുന്നതു്? അതു് എന്റെ പ്രിയപ്പെട്ട ഭായ്യയെയാണ് എന്നോ എഴുതിയിരിക്കും ആ കത്തുകളിൽ. ഈ പ്രേമവാക്കുകളെല്ലാം അദ്ദേഹം എൻെറ മേൽ കോരിച്ചൊരിയും. ജോലിക്കു പോകുന്നതിനുമുമ്പു വീട്ടുജോലികളിൽപ്പോലും അദ്ദേഹം സഹായിച്ചിരുന്നു. കേൾക്കുമ്പോൾ നിങ്ങൾ ഒരുപക്ഷേ, അത്ഭുതപ്പെട്ടേക്കും മിസ്റ്റർ. എൻെറ പത്തുകൊല്ലത്തെ വിവാഹജീവിതത്തിൽ ഒരിക്കലെങ്കിലും അദ്ദേഹം എന്നെ വഴക്കുപറഞ്ഞിട്ടില്ല.

"പക്ഷേ, ഞാൻ നിർഭാഗ്യവതിയായിരുന്നു. അദ്ദേഹം അധികകാലം ജീവിച്ചില്ല. മൂന്നു കൊല്ലം മുമ്പ് ഇതുപോലെ ഒരു ശിശിരദിവസം അദ്ദേഹം മിൽപോർട്ടിൽ വെച്ചു മരിച്ചു. അതുകൊണ്ടാണ് എല്ലാക്കൊല്ലവും ഈ കാലത്തു് ഞാൻ മിൽപോർട്ടിൽ പോകുന്നതു്."

ഇത്രയും പറഞ്ഞു് അവർ ടൗവലെടുത്തു കണ്ണുപൊത്തി. അവരുടെ ശബ്ദം കനത്തതും കണ്ണീരുനിറഞ്ഞതുമായിരുന്നു.

വാസ്തവത്തിൽ അത്തരം ഒരു ശോകാന്ത്യകഥയല്ല ഞാൻ പ്രതീക്ഷിച്ചതു്. എനിക്കു മനസ്താപമുണ്ടായി. പിന്നീടു കുറേനേരത്തേക്കു ഞങ്ങൾ നിശ്ശബ്ദരായിരുന്നു.

വെളിയിൽ ഒരു ശബ്ദം കേട്ടു. ഞാൻ തല പുറത്തേക്കിട്ടു നോക്കി. അപ്പോൾ ഒരാൾ വിളിച്ചുപറയുന്നതു കേട്ടു: 'സ്റ്റെർലിങ്ങിലേക്കുള്ള തീവണ്ടി ഉടനെ പുറപ്പെടും.' ഞാൻ ഈ സന്ദേശം മിസ്സിസ്സ് ഹോപ്കിൻസിനെ അറിയിച്ചു. അവർ ഉടനെ ഹാൻകച്ചീഫ് പോക്കററിലിട്ടശേഷം സോക്സും ഷൂസും ധരിച്ച് എൻെറ കൈപിടിച്ചു കുലുക്കി യാത്രപറഞ്ഞു. ഞാൻ പെട്ടെന്ന് എൻെറ

നോട്ടുബുക്കെടുത്തു തുറന്നു് അവരുടെ നേരെ നീട്ടിക്കൊണ്ടു് മേൽവിലാസം ആവശ്യപ്പെട്ടു. അവർ വളരെവേഗം തൻെറ മേൽവിലാസം അതിൽ കുറിച്ചശേഷം പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "ഇത്ര നല്ല ഒരു അവസരം ഉണ്ടാക്കിയതിനു നിങ്ങൾക്കു വളരെ നന്ദി."

ഞാനും അതേനന്ദി തിരിയെ കൊടുത്തു. അവസാനം കനത്ത കാൽവെപ്പുകളോടെ അവർ തീവണ്ടി കയറാൻ അതിവേഗം പോകുന്നതു കണ്ടു.

ഞാൻ ആ കൈയക്ഷരത്തിൽ നോക്കി. വളരെ വിചിത്രമായ അക്ഷരങ്ങൾ! ഉരുണ്ടു് അടുക്കും ചിട്ടയുമില്ലാത്ത അക്ഷരങ്ങൾ!

* * *

മിസ്സിസ്സ് ഹോപ്കിൻസിൻെറ ഈ കഥ മുഴുവൻ എൻെറ മനസ്സിൽ തെളിഞ്ഞുവന്നു. ഞാൻ ആ കടലാസ് വീണ്ടും നിവർത്തി. അവരുടെ വിചിത്രസ്വഭാവം വെളിവാക്കുന്ന ഈ വാചകങ്ങൾ അതിൽ കുറിച്ചിരുന്നു:

"ഇല്ല. ഇത്തവണയും ഞാൻ വിജയിച്ചില്ല. എൻെറ യുവത്വം നാശത്തിൻെറ വക്കത്തെത്തിയിരിക്കുന്നു. മറ്റൊരു മാർഗ്ഗവും ഇല്ലാതിരുന്നതിനാൽ ഒരുവിധത്തിൽ മദ്ധ്യവയസ്കനായ ഒരു മുടന്തനെ സമ്പാദിച്ചു. അയാൾക്കു കുടിക്കാനും രസിക്കാനുംവേണ്ടി വളരെയധികം പണം ചെലവാക്കി. എന്നാൽ പണം മാത്രമാണോ? അല്ല. ഞാൻ അയാൾക്കു് എല്ലാം കൊടുത്തു. എൻേറതായ എല്ലാം അയാൾ അപഹരിച്ചു. എന്നാൽ എന്നെ കല്യാണംകഴിക്കാൻമാത്രം അയാൾ സമ്മതിച്ചില്ല. എനിക്കു വിവാഹംചെയ്യണം. രണ്ടു കുട്ടികളോടുകൂടി ഒരമ്മയുടെ സമാധാനപരമായ കുടുംബജീവിതം നയിക്കണം. എൻെറ

ഈ ആഗ്രഹം കൂടിപ്പോയയോ? അതോ അങ്ങനെ ആശിക്കു ന്നതു കുററകരമാണോ?—''

ആ കടലാസ് മടക്കി പോക്കററിൽ നിക്ഷേപിച്ച ശേഷം ചിന്തകളിൽ മുഴുകി ഞാനങ്ങനെ ഇരുന്നുപോയി. അപ്പോഴാണു വാതിലിൽ ആരോ മുട്ടുന്നതു കേട്ടതു്.

"അകത്തുവരൂ!'' ഞാൻ പറഞ്ഞു.

എൻെറ ഹോട്ടലുടമയായ മിസ്സ് റോസ് കടന്നു വന്നു് ആശംസിച്ചശേഷം പറഞ്ഞു: "ബ്രേക്ഫാസ്റ്റ് തയ്യാറായിരിക്കുന്നു.''

ഞാൻ മിസ്സ് റോസിനോടു ചോദിച്ചു: "മിസ്സ് റോസ്, ഞാനിവിടെ വരുന്നതിനു തൊട്ടു മുമ്പു് ഈ മുറിയിൽ ആരാണു താമസിച്ചിരുന്നതു്?''

മിസ്സ് റോസ് എന്നെ ഇടങ്കണ്ണിട്ടു നോക്കിക്കൊണ്ടു തിരിച്ചടിച്ചു: "എന്താണു, അവളുടെ തലമുടിയുടെയോ തലയണയുടെയോ വാസനയുണ്ടോ ഇവിടെ? പക്ഷേ, അതിനു സാദ്ധ്യതയില്ലല്ലോ? ഞാൻ ഉറകളെല്ലാം മാററിയതാണു്. ഓ! നിങ്ങളെങ്ങനെ ഇതു മനസ്സിലാക്കിയെന്നതു് ഞാൻ എന്തിനാണു് അന്വേഷിക്കുന്നതു്? നിങ്ങൾ വരുന്നതിനുമുമ്പു് ഈ മുറിയിൽ മിസ്സ് ലോറ സ്മിത്താണു് താമസിച്ചിരുന്നതു്. എന്തൊരു വലിയ ശരീരമാണു് അവൾക്കുള്ളതു്. അതേസമയം അവളെപ്പോലെ ഇങ്ങനെയൊരു ലജ്ജയില്ലാത്ത ജന്തുവിനെ ലോകത്തിലൊരിടത്തും ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ആദ്യം അവൾ പറഞ്ഞു അവളുടെ വിവാഹം ഉറപ്പിച്ചിരിക്കയാണെന്നു്. അവളുടെ പ്രേമകഥയും വിശദമായി പറഞ്ഞു. ബ്രൈമെറിലെ ഒരു പ്രസിദ്ധ കായികവിദഗ്ദ്ധനാണത്രെ അവളുടെ ഭാവി ഭർത്താവു്.''

ഇത്രയും പറഞ്ഞു മിസ്സ് റോസ് പൊട്ടിച്ചിരി

ക്കാൻ തുടങ്ങി: "എല്ലാം ശുദ്ധ നുണയാണു്. അവൾ പറഞ്ഞതു മുഴുവൻ വെറും കള്ളത്തരമാണു്. ഈ മുറിയിൽ അവൾ ഒരുമാസം താമസിച്ചു. അക്കാലത്തു മദ്ധ്യവയസ്കനും മുടന്തനും മുഴുക്കുടിയനുമായ ഒരുത്തനുമായി അവൾ പുലർത്തിയ ബന്ധംകാരണം എന്റെ ഹോട്ടലിന്റെ നല്ല പേരുപോലും ഉലഞ്ഞു. ഏതായാലും ഇന്നലെ രാവിലെ അവൾ സ്ഥലംവിട്ടു. അതിൽ എനിക്കു സന്തോഷമേയുള്ളൂ. ഇനി വരിക. അല്ലെങ്കിൽ പോറിഡ്ജ് തണുത്തുപോകും."

"ശരി, ഞാൻ വരുന്നു."

# സ്രാവ്

സമുദ്രം തടാകംപോലെ ശാന്തമായിരുന്നു. ഒരൊററ വലിയ തിരമാലയില്ല. ഒരിടത്തും യാതൊരു ശബ്ദമില്ല. ഇളംതെന്നൽ കടന്നുപോകുമ്പോൾ തെങ്ങോലകൾ ഇളകുന്നതുപോലെ ജലത്തിന്റെ ഉപരിതലത്തിൽ മാത്രം ചെറുചലനങ്ങളുണ്ടായിരുന്നു. ആകാശത്തിൻെറ പാനപാത്രത്തിൽനിന്നു ചന്ദ്രികച്ചാറു കവിഞ്ഞൊഴുകി. ഭൂമിയും സമുദ്രവും ആകാശവും ആ പ്രകാശപ്രസരത്തിൽ ആറാടി. നിലാവൊളി അലിഞ്ഞുചേർന്ന സമുദ്രജലം വെട്ടിത്തിളങ്ങി. പ്രകൃതിയാകെ സ്വപ്നസമാനമായ ആ സ്വർഗ്ഗീയാനുഭൂതിയിൽ മുഴുകി. ഹെയർദ്വീപിലെ നാണംകുണുങ്ങികളായ യുവതികൾ നടക്കുന്നതുപോലെ, അങ്ങകലെനിന്നും ചെറുകല്ലോലങ്ങൾ അലസഗമനംനടത്തിയിരുന്നു. ആ തരംഗങ്ങളുടെ മർമ്മരശബ്ദം മാത്രമായിരുന്നു നിശയുടെ നിശ്ശബ്ദതയ്ക്കു ഭംഗംവരുത്തിയത്.

കാർമേഘമെല്ലാംകൂടി ആ സമുദ്രഭാഗത്തുനിന്നു യാത്രപറഞ്ഞുപോയി അകലെ ചക്രവാളത്തിൽ ഒരു കമ്പത്തിൽപോലെ നിശ്ചലമായി നിലകൊണ്ടു.

യേശുദാസൻ ശ്രദ്ധാപൂർവ്വം ചുറ്റും നോക്കി. അതെ, ഇതുതന്നെയാണു 'തൊള്ളായിരം പാർ.' ഇവിടെ നിന്നുകൊണ്ടു തൂത്തുക്കുടിയിലേക്കു നോക്കിയാൽ ഹെയർദ്വീപിലെ വിളക്കുമാടത്തിൽ ശുക്രനക്ഷത്രംപോലെ മിന്നിത്തിളങ്ങുന്ന വെളിച്ചം കാണാം. ഇടത്തുഭാഗത്ത് തൂത്തുക്കുടിപ്പള്ളിയുടെ മുകളിലുള്ള വിളക്കും കാണാൻകഴിയും. ഈ സമുദ്രഭാഗം തൂത്തുക്കുടിത്തീരത്തുനിന്ന് ഏതാണ്ടു പതിന

ഞ്ചുനാഴിക അകലെയാണു്. അതെ, ഇതുതന്നെയാണു് സ്ഥലം. യേശുദാസൻ തോണി തുഴയുന്നതു നിത്തി. നങ്കൂരം താഴ്ത്തുകയുംചെയ്തു. തോണി നിശ്ചലമായി. തോണിക്കകത്തുനിന്നു ചൂണ്ടകളും ചരടും എടുത്തു് യേശുദാസൻ ഏററവുംനല്ല ചൂണ്ട തിരയാൻതുടങ്ങി. വിരലിൻെറ അഗ്രംകൊണ്ടു് അവൻ ഓരോ ചൂണ്ടയുടേയും മൂച്ച് പരിശോധിച്ചു. പിന്നീടു് രണ്ടുകൈകൊണ്ടും ചൂണ്ടച്ചരടു വലിച്ചു് അതിൻെറ ബലം നോക്കിയശേഷം തോണിയിലിരുന്ന തകരപ്പാത്രം തുറന്നു് ഒരുകഷണം ഇറച്ചിയെടുത്തു് ആറിഞ്ചുനീളമുള്ള ആ വലിയ ചൂണ്ടയിൽ ആഞ്ഞുതറച്ചു. എന്നിട്ടു് ആ ഇരയും ചൂണ്ടയും സാവധാനം വെള്ളത്തിൽ താഴ്ത്തി. എട്ടുപത്തടി ആഴത്തിൽ അതു് എത്തിയശേഷം ചൂണ്ടച്ചരടിൻ്റെ മറ്റേയറ്റം തോണിയുടെ പലകയിൽ ഒരിടത്തു് ഭദ്രമായി കെട്ടി. തുടന്നു് തോണിക്കകത്തുനിന്നു് അവൻ ഒരു വലിയ കുന്തം എടുത്തു. അതു കൈയിൽ മുറുകെപ്പിടിച്ചുകൊണ്ടു തോണിയുടെ അരികിൽ ജലത്തിലേക്കു ശ്രദ്ധാപൂർവ്വം നോക്കി അവൻ നിന്നു. നല്ല നിലാവുണ്ടായിരുന്നതിനാൽ ജലത്തിൽ പത്തടിവരെയെങ്കിലും ആഴത്തിലുള്ള വസ്തുക്കൾ ശരിക്കു കാണാമായിരുന്നു. അങ്ങനെ എന്തിനേയോ കാണാൻവേണ്ടി യേശുദാസൻ പതുങ്ങിനിന്നു.

പെട്ടെന്നു് അവൻെറ മുഖത്തു് ബീഭത്സമായ പുഞ്ചിരി പരന്നു. യമദൂതനെ അനുസ്മരിപ്പിക്കുന്ന കായികബലമുള്ള അവൻ്റെ ശരീരത്തിലെ മാംസപേശികൾ ഉരുണ്ടുകൂടി. കാത്തിരുന്ന ആ ജീവിയുടെ ദശനം അവനു ലഭിച്ചിരിക്കുന്നു. ആ ജീവി ഒരുനിമിഷം പള്ളിളിച്ചുകാണിച്ചശേഷം വീണ്ടും ജലത്തിൽ അപ്രത്യക്ഷമായില്ലേ?

ഈ സ്രാവിനെക്കൊണ്ടു് യേശുദാസൻ ഈയിടെ

യായി വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. കുറേദിവസമായി അവൻ ഇവിടെ ശംഖുശേഖരിക്കാൻ വരുന്നെങ്കിലും ഈ സ്രാവിൻെറ ഉപദ്രവംകാരണം അവന്നു് അതിനു കഴിയുന്നില്ല. 'തൊള്ളായിരം പാറി'ലെ ഈ ഭാഗം മറ്റു ഭാഗങ്ങളേക്കാൾ ആഴമുള്ളതായതിനാൽ സാധാരണ ശംഖുപിടിത്തക്കാർ ഇവിടെ വരാറില്ല. എന്നാൽ യേശുദാസൻെറ കാര്യം വ്യത്യസ്തമാണു്. അവൻെറ ബലിഷ്ഠശരീരത്തിനു് സാധാരണമീൻപിടുത്തക്കാരുടെ ഒരു അഞ്ചിരട്ടി ശക്തിയുണ്ടു്; ആറരയടി ഉയരവും നാല്പത്തിയഞ്ചു് ഇഞ്ചിൽ കുറയാത്ത നെഞ്ചളവും ഉണ്ടു്. ചെങ്കോട്ടവനങ്ങളിൽനിന്നു വെട്ടിക്കൊണ്ടുവന്ന ഒത്തപൊക്കവും വണ്ണവുമുള്ള തേക്കിൻതടിയെ അനുസ്മരിപ്പിക്കുന്ന ശരീരമായിരുന്നു അവൻേറതു്. ഒരല്പം മാംസം അധികമില്ല. നല്ല ഉറച്ച ശരീരം.യേശുദാസന്റെ ജീവിതനിഘണ്ടുവിൽ ഭയമെന്നും ഉൽക്കണ്ഠയെന്നും രണ്ടു വാക്കുകളേയില്ലായിരുന്നു. പത്തു വയസ്സായപ്പോൾമുതൽ അവൻ കടലുമായി മല്ലടിച്ചു ജീവിക്കാൻ തുടങ്ങിയതാണു്. ഇക്കാലംകൊണ്ടു് അവൻ കടലിനെക്കുറിച്ചു് നല്ല ബോധവാനായിത്തീൎന്നു. പതിനഞ്ചുവയസ്സുമുതൽ അവൻ ഒന്നാംതരം മുങ്ങൽകാരനാണു്. ഒരിക്കൽ ശ്വാസംകഴിച്ചു മുങ്ങിയാൽ അഞ്ചുമിനിട്ടെങ്കിലും കടലിനടിയിൽ ജീവിക്കാൻ അവനു ബുദ്ധിമുട്ടില്ലായിരുന്നു. അതിനാൽ മറ്റുള്ളവർ മുങ്ങിയിറങ്ങാൻ മടിച്ചിരുന്ന ഭാഗങ്ങളിൽ യാതൊരു വിഷമവുമില്ലാതെ മുങ്ങാൻ അവനു സാധ്യമായിരുന്നു. ഇതെല്ലാംകൊണ്ടു തൻെറ പ്രവൎത്തനമണ്ഡലത്തിൽ എതിരറ്റവനായിരുന്ന യേശുദാസനു മറ്റു സാധാരണമീൻപിടുത്തക്കാൎക്കു സ്വപ്നംകാണാൻ കഴിയാതിരുന്നത്ര ശംഖുകൾ ശേഖരിക്കാൻ കഴിഞ്ഞിരുന്നു.

ഇവിടെവന്നു കുറെ ദിവസത്തേക്കു് യേശുദാസൻ

വളരെ ആകർഷണീയമായി സമ്പാദിച്ചിരുന്നു. നാലഞ്ചു ദിവസം ആ ഭാഗ്യം നീണ്ടുനിന്നു. എന്നാൽ അതിനുശേഷം ആ സ്രാവിൻെറ ആക്രമണം ആരംഭിച്ചു.

അതൊരു വലിയ സ്രാവായിരുന്നു. കുറഞ്ഞതു പതിനഞ്ചടിയെങ്കിലും നീളം കാണും. ആദ്യം കുറെ ദിവസം അതു് അകലെയാണു നീന്തിയിരുന്നതു്. ഒരു ദിവസം യാദൃച്ഛികമായി അതു് യേശുദാസനെ കണ്ടു. എന്നാൽ അവൻെറ ഭാഗ്യമെന്നു പറയട്ടെ, അപ്പോഴേക്കും ഏട്ടമത്സ്യങ്ങളുടെ ഒരു വ്യൂഹം ആവഴിക്കു വരികയും സ്രാവ് അവയെ പിന്തുടൎന്നു് അപ്രത്യക്ഷമാകുകയുംചെയ്തു. അതിനുശേഷം യേശുദാസൻ പലപ്രാവശ്യം ഈ സമുദ്രഭാഗം സന്ദൎശിച്ചു. പക്ഷേ, സ്രാവു വിട്ടുപോയിരുന്നില്ല. അവിടെനിന്നു പോകുകയില്ലെന്ന മട്ടിൽ അതു് അവിടെയും ഇവിടെയുമായി അലഞ്ഞു സഞ്ചരിക്കുകയായിരുന്നു. അതിനാൽ യേശുദാസൻ അവിടത്തെ മുങ്ങൽ നിൎത്താൻ നിൎബ്ബന്ധിതനായി. മററു സ്ഥലങ്ങളിൽ പോകാൻ നിവൃത്തിയുമില്ല. ഒന്നാമതായി അവിടമെല്ലാം മീൻപിടുത്തക്കാരെക്കൊണ്ടു നിറഞ്ഞുകഴിഞ്ഞിരുന്നു. രണ്ടാമതായി ഇത്തരം ഒരു ജന്തുവിനെ പേടിച്ചു് ഇതുപോലെ സമൃദ്ധിയായി ശംഖുകിട്ടുന്ന ഒരു സ്ഥലം ഉപേക്ഷിച്ചുപോകുന്നതു് അവൻെറ വ്യക്തിത്വത്തെ സ്പൎശിക്കുന്നതായിരുന്നു. അതെല്ലാംകൊണ്ടാണു കുറേദിവസമായി യാതൊന്നും സമ്പാദിച്ചില്ലെങ്കിലും ഈ ഉപദ്രവകാരിയെ എങ്ങനെയെങ്കിലും നശിപ്പിക്കണമെന്നു ദൃഢനിശ്ചയംചെയ്തുകൊണ്ടു് അവൻ അതിനായി ശ്രമിച്ചതു്.

എന്തോ ഒന്നു പെട്ടെന്നു വെള്ളത്തിനടിയിൽ മിന്നി. യേശുദാസൻ സൂക്ഷിച്ചുനോക്കി. അതേ, ആ സ്രാവുതന്നെയാണതു്. ആ ചെകുത്താൻ രണ്ടുമൂന്നുപ്രാവശ്യം

ഉരുണ്ടുമറിഞ്ഞു് അവൻെറ ക്രൂരമായ പല്ലുകൾ യേശുദാസൻെറ നേരെ ഇളിച്ചുകാണിച്ചു. നിലാവു തട്ടിയ ആ പല്ലുകൾ അറപ്പുവാളിൻെറ പല്ലുകൾപോലെ തിളങ്ങി. ആ വൃത്തികെട്ട ജന്തു യേശുദാസൻെറ നേരെ കൊഞ്ഞനം കാണിച്ചതുപോലെയായിരുന്നു ആ പ്രകടനം. പക്ഷേ, ആ ചെകുത്താൻ എന്തുകൊണ്ടു വെള്ളത്തിനടിയിൽനിന്നു പൊങ്ങിവരുന്നില്ല! ഇടയ്ക്കിടയ്ക്കു് അവൻെറ ഉടൽ കാണാം. ഇടയ്ക്കിടയ്ക്കു് അപ്രത്യക്ഷമാകുകയുംചെയ്യുന്നു. എങ്കിലും അവൻ എവിടെ പോകും? മുകളിൽ വരാതെ കഴിയുകയില്ല. ഇര വിഴുങ്ങണമല്ലോ! ആ കൊതിയൻ സ്രാവിനു് ഇറച്ചിയുടെ മണമടിച്ചാൽ മതി, ഭ്രാന്തു കയറും. അവൻ കുപ്രസിദ്ധനും അക്രമിയുമാണു്. അതുകൊണ്ടാണു് ദൈവം അവനു ചെറിയ കണ്ണുകളും കുറഞ്ഞ കാഴ്ചയും നല്കിയിരിക്കുന്നതു്. പക്ഷേ, ഘ്രാണശക്തി അത്യധികമാണു്. എന്തെങ്കിലും ആഹാരസാധനത്തിന്റെ ഒരല്പം വാസന ലഭിച്ചാൽ അവൻ പാഞ്ഞുവന്നു് അതു വിഴുങ്ങും. സ്രാവിനെ സംഹരിക്കുന്നതിനു് അതു കൂടുതൽ പ്രയോജനംചെയ്യുന്നുണ്ടു്.

കുന്തം കൈയിൽ മുറുകെപ്പിടിച്ചുകൊണ്ടു യേശുദാസൻ അങ്ങനെ ഒരുതരം സമാധിയിലായ അവസ്ഥയിൽ ശ്രദ്ധയോടെ നോക്കിയിരുന്നു.

*　　*　　*

പക്ഷേ, പല്ലിളിച്ചുകാണിക്കുന്ന ഈ വൃത്തികെട്ട ജന്തുവിൻെറ മോന്ത കണ്ടശേഷം എന്താണു് യേശുദാസൻെറ ഹൃദയത്തിൽ ആ അൽഫോൻസയുടെ വൃത്തികെട്ട മുഖം വീണ്ടും വീണ്ടും പ്രത്യക്ഷപ്പെട്ടുന്നതു്? യേശു

ഒരുനിമിഷം ചിന്തിച്ചു. കാരണം മനസ്സിലായി. അൽഫോൻസയുടെ മുഖത്തിനു് ഈ ക്രൂരനും കൊതിയനുമായ സ്രാവിൻെറ മോന്തയുമായി വലിയ സാമ്യമുണ്ട്. അയാളുടെ തടിച്ചുവീത്തു മാംസം തുങ്ങുന്ന മുഖത്തു കണ്ണുകളുണ്ടോ എന്നു് ഒററനോട്ടത്തിൽ മനസ്സിലാകുകയില്ല. നാസാഗ്രം അസാമാന്യമായി തടിച്ചു വീതി കൂടിയതാണു്. വായുടെ പിളപ്പാകട്ടെ ഏതാണ്ട ചെവികൾവരെ എത്തുന്നതാണെന്നു പറയാം. വൃത്തികെട്ട മോണ കാട്ടി അയാൾ ചിരിക്കുമ്പോൾ യേശുവിനു് അറപ്പുതോന്നാറുണ്ട്. കുഴികളിലെന്നപോലെ സ്ഥിതിചെയ്യുന്ന അയാളുടെ കണ്ണുകളിൽ സൂക്ഷിച്ചുനോക്കിയാൽ അവയുടെ ക്രൂരതയും വഞ്ചകത്വവും ആക്കും മനസ്സിലാകും. പക്ഷേ, ദൈവാനുഗ്രഹമെന്നു പറയട്ടെ, ആളുകൾ പലപ്പോഴും അതൊന്നും ശ്രദ്ധിക്കാറില്ല. എങ്കിലും അയാൾ എന്തു ദുരാഗ്രഹിയുംവഞ്ചകനും ദുസ്സ്വഭാവിയുമാണെന്നു് യേശുദാസനു് അറിയാം.

എന്നാൽ മററുള്ളവരെ സംബന്ധിച്ചിടത്തോളം അൽഫോൻസ പണക്കാരുടേയും യാഥാസ്ഥികരുടേയുമിടയിലെ ഒന്നാന്തരം ആളായിരുന്നു. പരവരുടെയിടയിൽ ഏററവും മാന്യമായ കുടുംബത്തിലാണു് അയാളുടെ ജനനം. അയാൾ പ്രസിദ്ധനായ ഒരു വ്യാപാരിയും വലിയ ധനികനുമാണു്. പൂവ്വതീരത്തെ ഈ ഭാഗത്തുള്ള ആളുകൾ അയാളുടെ ആജ്ഞാനുസാരികളാണു്. തെരഞ്ഞെടുപ്പിൽ അയാൾ തൻെറ സ്വന്തം സ്ഥാനാത്ഥികളെ നിത്തുകയും സ്വാധീനത്താൽ ജയിപ്പിക്കുകയും ചെയ്യും. തൻെറ സമുദായത്തിലേയും ആ നാട്ടിലേയും നേതാക്കളെ സൃഷ്ടിക്കുന്നതു് അയാളാണു്. അതെല്ലാംകൊണ്ടാണു് ഈ സ്ഥലത്തെ ആളുകളുടെയിടയിൽ 'രാജസ്രഷ്ടാവ്'' എന്നു്

അൽഫോൻസ അറിയപ്പെടുന്നതു്. അയാളുടെ സ്വാധീനം ഈ തീരത്തുനിന്നു മദ്രാസുവരെയും മദ്രാസു മുതൽ ഡൽഹിവരെയും വ്യാപിക്കുന്നതാണു്.

എന്നാൽ യേശുദാസനെ സംബന്ധിച്ചിടത്തോളം അൽഫോൻസ ഒരു വ്യത്യസ്തമനുഷ്യനാണു്. അൽഫോൻസയുടെ സ്വഭാവത്തിന്റെ മറുവശം ആഞ്ജെലയെ കൊണ്ടുവന്ന ഉടനെ യേശുവിനു മനസ്സിലായി. ആഞ്ജെലയുടെ വരവിനുമുമ്പു് യേശുവും അൽഫോൻസയെ മററുള്ളവരെപ്പോലെ വളരെ നല്ലവനും മതവിശ്വാസിയുമായ ക്രിസ്ത്യാനിയായിട്ടായിരുന്നു കണക്കാക്കിയിരുന്നതു്.

അൽഫോൻസയേയും ആഞ്ജെലയേയുംപററി ഒരുമിച്ചു് ഓർത്ത ഉടനെ യേശുവിന്റെ ശരീരത്തിൽ ചൂടുകയറി. കല്ലുപോലെ ഉറച്ച മാംസപേശികൾ വിജൃംഭിച്ചു. യാതൊന്നിനുമല്ലാതെ അവൻ കൈയിലിരുന്ന കുന്തം തലയ്ക്കുമീതെ ചുഴററി.

യേശുവിന്റെ ഹൃദയം അസ്വസ്ഥമാകാൻതുടങ്ങി. 'ഓ, ആ നശിച്ച സ്രാവു വന്നു് ഈ ഇര വിഴുങ്ങുന്നില്ലല്ലോ!' അങ്ങനെ വന്നാൽ അവനു് അതിനെ കൊന്നു കഷണം കഷണമാക്കാം.

*  *  *

യേശുദാസനു് ഇവിടെനിന്നു വളരെ അകലെ ഒരു സ്ഥലത്തുനിന്നാണു് ആഞ്ജെലയെ ലഭിച്ചതു്. ആഞ്ജെല പശ്ചിമതീരത്തുകാരിയായ ഒരു യുവതിയാണു്. തൂത്തുക്കുടിയിൽനിന്നു കന്യാകുമാരിവരെ എത്താൻ രണ്ടു ദിവസം മുഴുവനും തോണി തുഴയണം. കന്യാകുമാരിയിൽ പൂർവ്വതീരം അവസാനിക്കുന്നു. അവിടെനിന്നു് അറബിക്കടലിന്റെ കിഴക്കുഭാഗത്തുള്ള ഇന്ത്യയുടെ പശ്ചിമതീരം ആരം

ഭിക്കുന്നു. കന്യാകുമാരിയിൽനിന്നു് ഈ പശ്ചിമതീരത്തു കൂടി നടന്നാൽ ഒരുദിവസത്തിനകം നിങ്ങൾക്കു കൊളച്ചലിൽ എത്താം. മുമ്പു് ഈ സ്ഥലം മുഴവൻ തിരു-കൊച്ചിയിലായിരുന്നു. ഇപ്പോൾ അതു തമിഴ്നാട്ടിലാണു്.

പൂർവ്വതീരത്തെ മീൻപിടുത്തക്കാരിൽ ഒരാളായ യേശുദാസൻ ചെമ്മീൻ പിടിക്കാനായിട്ടാണു കൊളച്ചലിൽ വന്നതു്. തൻെറ നാട്ടിലെ ഒരു വലിയ മത്സ്യവ്യാപാരിയായ മൈക്കിളിൻെറ തോണിക്കാരനായിരുന്നു അവൻ. കന്യാകുമാരിയിൽനിന്നുതന്നെ ധാരാളം ചെമ്മീൻ കിട്ടിയിരുന്നു. എന്നാൽ കൂടുതൽ വടക്കോട്ടു പോകുന്തോറും അവക്കു കൂടുതൽ ചെമ്മീൻ ലഭിച്ചു.

തൂത്തുക്കുടിയിലെ മീൻപിടുത്തക്കാരുടെയിടയിൽ അവഗണിക്കപ്പെട്ടവനായിരുന്നെങ്കിലും യേശുദാസനെ അവഗണിക്കാൻ മൈക്കിളിനു കഴിഞ്ഞില്ല. യേശുവിൻെറ വില മൈക്കിളിനു് അറിയാമായിരുന്നു. ആഞ്ഞടിക്കുന്ന തിരമാലകളെ മുറിച്ചുകൊണ്ടു യാതൊരു അപകടവും വരുത്താതെ തോണി നയിക്കാൻ യേശുവിനുള്ള പ്രത്യേക കഴിവിനെപ്പററി മൈക്കിളിനു നല്ല നിശ്ചയമുണ്ടായിരുന്നു. യേശു അമരക്കാരനായ തോണിക്കു മുങ്ങുക സാധ്യമല്ല. കൂടാതെ ആ വിശാലമായ സമുദ്രത്തിൽ വലയിടുന്നതിനു് ഏററവും നല്ല ഭാഗം തെരഞ്ഞെടുക്കുന്നതിൽ യേശുവിനോടു കിടപിടിക്കുന്നവരായി ആരും ഉണ്ടായിരുന്നില്ല. അവനു് എന്തോ പിശാചിൻെറ സിദ്ധിയുണ്ടെന്നു് ആളുകൾ ധരിച്ചിരുന്നു. യേശു തൊടുന്ന വല വളരെയധികം മീൻ കൊണ്ടുവരുമായിരുന്നു.

ഈ സ്ഥലത്തെ ആളുകൾ കടലിനെ ഭയപ്പെടുന്നില്ല എന്നു പറയുന്നതിൽ സത്യമില്ല. എന്നാൽ യേശു ഒരിക്കലും കടലിനെ ഭയപ്പെട്ടിരുന്നില്ല. നേരെമറിച്ചു താൻ

തന്നെ ഒരു കടൽജീവിയാണെന്നമട്ടിൽ അവൻ കടലിനെ സ്നേഹിച്ചിരുന്നു. കടലിൽ പോകുമ്പോൾ അവനു തന്റെ അഭയസങ്കേതം കണ്ടെത്തിയതുപോലെ തോന്നുമായിരുന്നു.

കൊളച്ചലിൽ വന്നതിനുശേഷം മൈക്കിളിൻെറ നാലു തോണിയിലുണ്ടായിരുന്ന ഇരുപതു ജോലിക്കാരും കഠിനമായി അദ്ധ്വാനിച്ചു. നിത്യവും ധാരാളം മത്സ്യവും ലഭിച്ചു. നാഗർകോവിലിലും കന്യാകുമാരിയിലും നിന്നുവരെ മീൻകച്ചവടക്കാർ അവിടെ എത്തിയിരുന്നു. മൈക്കിൾ പണം വാരിക്കൂട്ടി. അയാൾ തൻെറ ജോലിക്കാർക്കും സുലഭമായി പണം കൊടുത്തിരുന്നു. ഇക്കാര്യത്തിൽ മൈക്കിൾ ഒരിക്കലും പിശുക്കനായിരുന്നില്ല. എല്ലാവർക്കും തങ്ങളുടെ സ്ഥിരശമ്പളംകൂടാതെ ലാഭത്തിന്റെ ഒരംശവും മൈക്കിൾ കൊടുത്തിരുന്നു. മൈക്കിളിനു് ഏററവും ഇഷ്ടപ്പെട്ട യേശുദാസനു പണം കൊടുക്കുന്നതിനെപ്പററി പ്രത്യേകം പറയേണ്ടതില്ലല്ലോ.

ചെറുപ്പക്കാരായ ആ മീൻപിടുത്തക്കാർക്കു പണം കൈയിൽ കിട്ടിയാൽ മനസ്സു മാറും. അവരെ സംബന്ധിച്ചിടത്തോളം പൂർവ്വതീരത്തെ പെൺകുട്ടികൾ ഒന്നിനും കൊള്ളുകയില്ല. മഹാവൃത്തികെട്ട കൂട്ടർ. പ്രായം ഏതായാലും ശരീരം കരിക്കട്ടപോലെ കറുത്തു പരുപരുത്തതാണു്; പലകപോലെയുള്ള മനുഷ്യശരീരങ്ങൾ! അവരുടെ ശരീരത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയാതെ യൗവനംപോലും തോററു പിൻവാങ്ങുകയാണു്.

എന്നാൽ പശ്ചിമതീരത്തെ യുവതികൾ പാടേ വ്യത്യസ്തരാണു്. അവരുടെ രൂപലാവണ്യം ആകർഷണീയമാണു്; മാദകമാണു്. ചിലർ അതീവ സുന്ദരികളായിരിക്കും. തങ്ങളുടെ വസ്ത്രധാരണത്തെക്കുറിച്ചുപോലും അവർക്കു

വലിയ താൽപര്യമില്ലാത്തതുപോലെ തോന്നും. വെറും മുണ്ടും ബ്ലൗസും ആയിരിക്കും അവരുടെ സാധാരണവേഷം. ആ വേഷത്തിൽ ഏതൊരു യുവതിക്കും സാധാരണക്കാരനായ ഒരു യുവാവിനെ ആകർഷിക്കാൻ കഴിയും.

വെളുപ്പാൻകാലമാണ് ചെമ്മീൻപിടിക്കാൻ ഏറ്റവും പററിയസമയം. ആ സമയത്തു ചെമ്മീൻ പിടിക്കണമെങ്കിൽ അദ്ധരാത്രിക്കുതന്നെ തോണിയും വലയും തയ്യാറാക്കണം. അതിനാൽ മൈക്കിളിൻെറ തോണികളിലെ ജോലിക്കാർക്ക് സാധാരണയായി ഒരൊററ രാത്രിയിൽപ്പോലും ഒഴിവു ലഭിക്കാറില്ല. അതുകൊണ്ടാവാം ഒരല്പം 'സുഖിക്കാനായി' അവരുടെ ഹൃദയങ്ങൾ വെമ്പൽകൊള്ളുന്നതു്. തന്നെയുമല്ല ഈ സ്ഥലത്തു് അങ്ങനെ സുഖിക്കാനുള്ള അവസരങ്ങളും വസ്തുക്കളും വളരെ കുറവാണ്. മൈക്കിൾ ഒരു സ്ത്രീലമ്പടനല്ലാത്തതിനാൽ അയാൾക്ക് ഇമ്മാതിരി കാര്യങ്ങളെക്കുറിച്ചു വലിയ ശ്രദ്ധയില്ല. കുറേ ചാരായക്കുപ്പികൾ കിട്ടിയാൽ അയാൾക്കു പരമാനന്ദമായി. യേശുദാസനാകട്ടെ ഇത്തരം യാതൊരു സ്വഭാവവുമില്ല.

*            *            *

സ്ത്രീകളുടെ കാര്യം യൗവനാരംഭത്തിൽ യേശുവിനെ സംബന്ധിച്ചിടത്തോളം വലിയ ജിജ്ഞാസയും അത്ഭുതവും സൃഷ്ടിച്ചിരുന്നു. പിന്നീടാണ് അവൻ സ്ത്രീലോകത്തെ മുഴുവൻ വെറുക്കാൻതുടങ്ങിയതു്. അതിനു കാരണമുണ്ടായിരുന്നു. ജനനംമുതൽ അവനൊരു സാമൂഹ്യജീവിയായിരുന്നില്ല. വളരെ അപൂർവ്വമായി മാത്രമാണ് അവൻ മററുള്ളവരുമായി ഇടപെട്ടിരുന്നതു്. സെൻറ് മേരീസ് പള്ളിയിലെ വൃദ്ധപുരോഹിതനാണ് അവനെ വളർത്തി

കൊണ്ടുവന്നതു്. മാതാപിതാക്കളുണ്ടായിരുന്നെങ്കിലും യേശു അവരെക്കുറിച്ചു കേട്ടിട്ടേയില്ല. അവനെ വളർത്തിക്കൊണ്ടുവന്ന പള്ളിവികാരിയും അവൻെറ ജനനത്തെക്കുറിച്ചു യാതൊന്നും അവനെ അറിയിച്ചില്ല. പള്ളിയിലെ അച്ചനെ അവൻ അപ്പൻ എന്നു വിളിച്ചു. ചെറുപ്പകാലത്തു് അവനു് അല്പം വിദ്യാഭ്യാസം നല്കിയതും ഈ പുരോഹിതൻതന്നെയാണു്. ചെറുപ്പത്തിൽ അവനെ ഒരു കോൺവെൻറ് സ്കൂളിൽ അയച്ചുനോക്കിയെങ്കിലും വലിയ പ്രയോജനം ഉണ്ടായില്ല. പഠിക്കാൻപററിയ തലച്ചോറു് അവനില്ലായിരുന്നു. അതിനാൽ ഒരുദിവസം ആ പുരോഹിതൻ അവനോടു പറഞ്ഞു:

"നീ ഒരു മീൻപിടുത്തക്കാരൻെറ മകനാണു്. നീ കടലിൽ പോയി മീൻപിടിച്ചും ശംഖുപെറുക്കിയും ജീവിക്കുക. ഞാൻ ഇനി എത്രനാൾ ജീവിക്കുമെന്നു് എനിക്കുതന്നെ അറിഞ്ഞുകൂടാ. അടുത്തു് എന്നെങ്കിലും ഞാൻ മരിക്കും. നീ സ്വന്തമായി നിൻെറ ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്നതു കണ്ടാൽ എനിക്കു സമാധാനമായി മരിക്കാം."

അന്നു് യേശുവിനു് എന്തു പ്രായമുണ്ടായിരുന്നെന്നോ? വെറും പതിനഞ്ചു്! എങ്കിലും പ്രായപൂർത്തിവന്ന ഒരാളുടെ ആകാരസൗഷ്ഠവം അപ്പോൾത്തന്നെ അവനുണ്ടായിരുന്നു. ഏതായാലും അധികംദിവസം കഴിയുന്നതിനുമുമ്പു് ആ വൃദ്ധപുരോഹിതൻ ചരമമടഞ്ഞു. അതോടെ യേശുവിൻെറ ഏകആശ്രയം കടൽ മാത്രമായി.

ശംഖുപെറുക്കിയും മീൻപിടിച്ചും സമ്പാദിച്ചിരുന്ന പണത്തിൽ നല്ലൊരു ഭാഗം അവൻ സ്വന്തം ഭക്ഷണത്തിനും മററുള്ളവർക്കു കാപ്പിയും ഊണും വാങ്ങിക്കൊടുക്കുന്നതിനും ചെലവഴിച്ചു. ബാക്കിയുള്ളതു് അവൻ പള്ളി

യിലേക്കു സംഭാവനയായി കൊടുത്തിരുന്നു. ഇതെല്ലാം കണ്ടു് ഇടയ്ക്കിടയ്ക്കു മൈക്കിൾ ഉപദേശിക്കും:

"യേശൂ, കുറെ രൂപ സമ്പാദിച്ചുവെക്കു്. നിനക്കു കല്യാണംകഴിച്ചു കുടുംബം പുലർത്തണമെന്നു മറന്നുപോകരുതു്."

യേശു ഇതുകേട്ടു പൊട്ടിച്ചിരിക്കും: "എനിക്കു് ആരാണു് പെണ്ണുതരാൻപോകുന്നതു്?"

മൈക്കിൾ പറയും: "നീ ആയിരം രൂപ ഉണ്ടാക്കു്. അപ്പോൾ ഒന്നാന്തരം കുടുംബത്തിൽനിന്നു ഞാൻ ഒരു പെണ്ണിനെ കെട്ടിച്ചുതരികയില്ലേ എന്നു നോക്കിക്കോ. പെണ്ണു മാത്രമല്ല, കുറഞ്ഞതു മൂവ്വായിരം രൂപ സ്ത്രീധനവും വാങ്ങിത്തരും."

യേശു പിന്നെയും ഉറക്കെ ചിരിക്കയേ ഉള്ളു: "ഹാ! ഹാ! ഹാ! ഓ, നല്ലതമ്പി, അപ്പനും അമ്മയും ആരാണെന്നു് അറിഞ്ഞുകൂടാത്ത ഒരു ചെറുക്കനു് ആരും പെണ്ണു തരികയില്ല. അവനു പണമുണ്ടായിട്ടു് എന്താണു കാര്യം? പിന്നെ, എന്റെ കർത്താവേ, ഈ കത്തോലിക്കർ എന്തു പഴഞ്ചന്മാരാണു്! പെണ്ണിനെ കെട്ടിച്ചുകൊടുക്കാൻ പണമില്ലെങ്കിൽ അവർ വെറുതെ വീട്ടിൽ നിർത്തും. എന്നാൽപ്പോലും എനിക്കു് ആരും തരാൻപോകുന്നില്ല. അതുകൊണ്ടാണു് ഇതിനെപ്പററിയൊന്നും തലവേദനയുണ്ടാക്കണ്ട എന്നു ഞാൻ പറയാറുള്ളതു്."

എന്നാൽ ചിലപ്പോൾ യേശുവിന്റെ മനസ്സിൽ വികാരങ്ങളുടെ വേലിയേറ്റം ഉണ്ടാകാറുണ്ടു്. അത്യുത്കടമായ വൈകാരികവേലിയേററമുണ്ടായ അത്തരം ഒരു രാത്രിയെക്കുറിച്ചു് യേശു നന്നായി ഓർക്കാറുണ്ടു്.

അന്നു രാവിലെയും പതിവുപോലെ മീൻതോണി

കൾ കരയ്ക്കടുക്കുകയായിരുന്നു. കുറെ തോണികൾ വന്നു കഴിഞ്ഞു. മററുള്ളവ കടൽക്കാക്കകളെപ്പോലെ അകലെ നിന്നു പാഞ്ഞുവരികയായിരുന്നു. അവയിൽ ഒന്നിൽ മൈക്കിളിൻെറ തോണികളുടെ നായകനായ യേശു നില്ക്കുന്നുണ്ടായിരുന്നു. ഇന്നു് അവൻെറ തോണി നിറയെ മത്സ്യങ്ങളാണു്. പലതരം മത്സ്യങ്ങൾ—പലാമീൻ, പാര, നെയ്മീൻ മുതലായവ. കരയടുത്ത ഉടനെ അവൻ കരയിലേക്കു ചാടി. തോണി കരയിൽ കയററി മീനെല്ലാം എടുത്തു വില്ക്കാൻ മററു ജോലിക്കാരോടു് ആജ്ഞാപിച്ചു. എന്നിട്ടു് അവൻ കരയിൽക്കൂടി നടന്നു. കുറേ ചെന്നപ്പോൾ മൊത്തക്കച്ചവടക്കാർ അവൻെറ ചുറ്റും കൂടി: "നീ എന്തു മീനാണു് കൊണ്ടുവന്നിരിക്കുന്നതു് യേശു?"

യേശു അവരോടു മറുപടി പറഞ്ഞില്ല. വളരെ ഗൗരവത്തിൽ അവൻ ലേലസ്ഥലത്തേക്കു പോയി. അവിടെ മററു തോണികളിലെ മീൻ ലേലം നടക്കുകയായിരുന്നു. യേശു ശ്രദ്ധിച്ചു. ആ മെലിഞ്ഞ ലേലക്കാരൻ വിൻസൻറ് അത്യുച്ചത്തിൽ വിളിച്ചുപറയുകയായിരുന്നു: "പന്ത്രണ്ടു രൂപാ... പന്ത്രണ്ടര... പന്ത്രണ്ടേമുക്കാൽ, പന്ത്രണ്ടേമുക്കാൽ..." ആ മീൻ അവൻ വെറും പതിന്നാലു രൂപയ്ക്കു ലേലംചെയ്തു. യേശുവിനു് അതു തീരെ പിടിച്ചില്ല. അവൻ വിൻസെൻറിൻെറ നേരെ നോക്കി വെറുപ്പോടെ വിളിച്ചു: "നായിൻെറ മോനേ! എത്ര നല്ല മീൻ, എത്രയധികം പിടിച്ചുകൊണ്ടുവന്നാലും നല്ല വില കിട്ടുകയില്ല. ഈ തെണ്ടി ഒരിക്കലും വിലകൂട്ടുകയില്ല. ഇവനു മൊത്തക്കച്ചവടക്കാരുമായി രഹസ്യമായ ഏർപ്പാടുണ്ടു്."

യേശു തീരത്തിൻെറ മറേറത്തലയ്ക്കലേയ്ക്കു നടക്കുകയായിരുന്നു. പെട്ടെന്നു് ആൾക്കൂട്ടത്തിനിടയിൽനിന്നു് ഒരു മീൻകച്ചവടക്കാരി പുറത്തുവന്നു് യേശുവിന്റെ കൈ

VERSITY LIB

യിൽ കയറിപ്പിടിച്ചു: "യേശു, നീ എനിക്കു കുറച്ചു മീൻ ചില്ലറയായിട്ടു തരണം—" അവൾ ആവശ്യപ്പെട്ടു.

യൗവനം മുററിത്തഴച്ചുനില്ക്കുന്ന ഈ സ്വൈരിണി ഈ ചന്തയിലുള്ളവർക്കെല്ലാം നല്ല പരിചിതയാണ്. ഈ നാട്ടിലെ ഒരു മീൻപിടുത്തക്കാരനായ വൃദ്ധൻപീറ്ററുടെ നാലാമത്തെ ഭാര്യയാണവൾ. വളരെക്കാലമായി സുഖക്കേടുകാരണം പീററർ കിടപ്പിലാണ്. മീൻപിടിക്കാൻ അയാൾക്ക് കഴിഞ്ഞിരുന്നില്ല. അതിനാൽ ചന്തയിൽ മീൻ വിററ് അവൾ കുടുംബം പുലർത്തിയിരുന്നു. അവളൊരു വൃത്തികെട്ടവൾ ആയിരുന്നു. മുഖത്തിനു യാതൊരു ചന്തവുമില്ല. വെററിലക്കറപിടിച്ച പല്ലുകൾ എപ്പോഴും വെളിയിൽ കാണാം. ഇങ്ങനെയൊക്കെയാണെങ്കിലും അങ്ങനെ വെറുതെ തള്ളിക്കളയാവുന്നവളായിരുന്നില്ല.

അവളുടെ പിടിയിൽനിന്നു് കൈ എടുക്കാൻ ശ്രമിച്ചപ്പോൾ യേശു അവളെ ഒന്നു നോക്കി. ആ കണ്ണുകളിൽ ഒരു വശീകരണശക്തി തിളങ്ങിയിരുന്നു. വെററിലക്കറ പിടിച്ച പല്ലുകൾ വെളിയിൽക്കാണിച്ച് അവൾ യേശുവിൻെറ നേരെ ലജ്ജയില്ലാതെ ചിരിച്ചു.

അകലെ തോണികളിൽനിന്നു മീൻ ഇറക്കുന്നുണ്ടായിരുന്നു. കച്ചവടക്കാരും ധാരാളം എത്തിയിരുന്നു. യേശു അവിടെനിന്നു് പിന്നെയും നടന്നു ധാരാളം തോണികൾ കയററിവെച്ചിട്ടുള്ള ഒരു ഭാഗത്തേക്കു പോയി. ആ തോണികളിൽ പലതും പുതുതായി നിർമ്മിക്കുന്നവയോ കേടുപാടു പോക്കാൻ കയററിവെച്ചിരിക്കുന്നവയോ ആയിരുന്നു. യേശു അവയിൽ ഒന്നിൻെറ മേൽക്കൂരയ്ക്കു താഴെ കയറിനിന്നു. അവന്റെ ദേഹത്തുനിന്നു് അപ്പോഴും ഉപ്പുവെള്ളം കലൻ വിയർപ്പ് ഇററിറ്റു വീണിരുന്നു.

എന്നാൽ അവൾ മീൻ വില്ക്കുന്നിടത്തേക്കു തിരിച്ചു

പോയില്ല. ചന്തയിലേക്കു പുറംതിരിഞ്ഞു് അവൾ യേശു വിൻെറ നേരെ നോക്കി നിന്നു. അവനു് ഇതു തീരെ പി ടിച്ചില്ല. അവൻ ഉറക്കെപ്പറഞ്ഞു:

"മീൻ വില്ക്കുന്നിടത്തു പോ. എൻെറ കൈയിൽ മീനില്ല."

എന്നിട്ടും അവൾ അനങ്ങിയില്ല. അതേ വൃത്തികെട്ട ചിരിയും പ്രദർശിപ്പിച്ചു് അവൾ നിന്നു. യേശുവിനു് കടുത്ത ദേഷ്യംവന്നു: "ഇവിടെനിന്നു പോ!" അവൻ അലറി. എങ്കിലും അവൾ പിന്നെയും അവിടെനിന്നു പോയില്ല. യേശുവിൻെറ അടുത്തേക്കു നീങ്ങി അവൾ മന്ത്രിച്ചു: "ഇന്നു രാത്രി ഇവിടെ വാ! നീ എന്തൊരു ചെറുപ്പക്കാരനാണെന്നും മീൻപിടിക്കാൻ നിനക്കു് എന്തു മിടുക്കുണ്ടെന്നും ഞാൻ നോക്കട്ടെ."

ആ വാചകങ്ങൾ യേശുവിന്റെ ഹൃദയത്തിൽ തട്ടി.

അന്നു രാത്രി അത്യുത്ക്കടമായ ജിജ്ഞാസയാൽ പ്രേരിതനായി യേശു ആ തോണികളുടെ മറവിൽ വന്നു. ആ സ്ത്രീ അപ്പോഴേക്കും അവിടെ എത്തി തന്നെ കാത്തുനില്ക്കുന്നതാണു് യേശു കണ്ടതു്.

യേശുവിനെ കണ്ട ഉടൻതന്നെ അവൾ കൈക്കു കടന്നു പിടിച്ചു് ഒരു തോണിപ്പുരസ്സകത്തേക്കു വലിച്ചുകൊണ്ടു പോയി. ഈ സ്ഥലത്തിനു് ഒരു ഗുണമുള്ളതു സന്ധ്യ മയങ്ങിയാൽ പിന്നെ ഇവിടെ ആരും കാണുകയില്ല എന്നതാണു്. ഇനി അഥവാ ആരെങ്കിലും ഉണ്ടെങ്കിൽത്തന്നെ അവരാരും ഇതൊന്നും ശ്രദ്ധിക്കാറുമില്ല. അവക്കു് അവരുടെ കാര്യങ്ങൾതന്നെ ശ്രദ്ധിക്കാനുണ്ടാകും.

തോണിപ്പുരസ്സകത്തു കയറിയ ഉടനെ അവൾ തന്റെ മാറിടം അനാവൃതമാക്കി. സാധാരണപോലെ അവൾ

വെറുമൊരു തുണിമാത്രമേ മാറത്തിട്ടിരുന്നുള്ളൂ. ഈ പ്രവൃത്തിതന്നെ യേശുവിൻെറ ഹൃദയം മരവിപ്പിച്ചു.

തുടന്ന് യേശുവിൻെറ വിശാലമായ മാറിടത്തിൽ മുഖമുരച്ചുകൊണ്ട് അവൾ പതിഞ്ഞസ്വരത്തിൽ പറഞ്ഞു:

"നിന്നെപ്പോലെ ഒരു നല്ല ചെറുപ്പക്കാരനെ ഈ പ്രദേശത്തെങ്ങും ഞാൻ കണ്ടിട്ടില്ല. നീ ഇവിടെ എന്നും വരാമോ?"

തിരമാലകളിൽപ്പെട്ടുലയുന്ന തോണിപോലെ യേശുവിൻെറ ശരീരം വിറയ്ക്കാൻതുടങ്ങി. അവനു സംസാരിക്കാൻ കഴിഞ്ഞില്ല. മദ്യപനെപ്പോലെ അവൻെറ ബോധം മങ്ങി. അങ്ങനെ നിന്നപ്പോൾ, അവൾ കൊഞ്ചിക്കുഴഞ്ഞസ്വരത്തിൽ തൻെറ ചെവിയിൽ ഇങ്ങനെ മന്ത്രിക്കുന്നത് യേശു കേട്ടു:

"നാളെമുതൽ നീ എനിക്കു മീൻ ചില്ലറയായി തരും—ഇല്ലേ?"

ആ അബോധാവസ്ഥയിൽ പെട്ടെന്ന് ആ ആശയം യേശുവിൻെറ ബുദ്ധിയിൽ തട്ടി. അവളുടെ ലക്ഷ്യം യേശുവിനു മനസ്സിലായി. അതോടെ അവൻെറ കൈകൾ അയഞ്ഞു.

ഈയിടെയായി ധാരാളം മൊത്തക്കച്ചവടക്കാർ മത്സ്യവ്യാപാരത്തിൽ ഏർപ്പെട്ടു ലേലച്ചന്തയിൽ വരാൻ തുടങ്ങിയതോടെ ചില്ലറയായി മത്സ്യം വാങ്ങി വിറ്റു ജീവിക്കുന്ന മീൻകാരികൾക്കു വലിയ ഒരു പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടി വന്നിരിക്കുയാണ്. മൊത്തക്കച്ചവടക്കാർ വരുന്ന മത്സ്യം മുഴവൻ ലേലത്തിൽ വാങ്ങും. അവരിൽനിന്നു വലിയ വിലകൊടുത്തുവേണം ചില്ലറക്കച്ചവടക്കാരായ മീൻകാരികൾക്കു വാങ്ങാൻ. അതുകാരണം ആ സാധു

ക്കൾക്കുള്ള ലാഭം ദിനംതോറും കുറഞ്ഞുകുറഞ്ഞു വരിക യാണു്. ഈ പരിതഃസ്ഥിതിയിൽ ഈ സ്ത്രീക്കു വേറെ ലക്ഷ്യമൊന്നുമില്ല—തൻെറ ശരീരബന്ധംകൊണ്ടു് യേശ്രുവിൻെറ പക്കൽനിന്നു കുറഞ്ഞവിലയ്ക്കു മീൻ കിട്ടണം. യേശ്രു പെട്ടെന്നു് അവളെ തള്ളിമാററി ആ പുരയിൽനിന്നു വെളിയിൽ കടന്നു. ആ രാത്രിമുതൽ അവൻെറ മനസ്സിൽ സ്ത്രീവർഗ്ഗത്തെക്കുറിച്ചുള്ള വെറുപ്പു നിറഞ്ഞു.

അന്നു രാത്രി അങ്ങനെ അവളെ പുറംതള്ളിപ്പോയെങ്കിലും അവനെപ്പോലെയുള്ള ഒരു ചെറുപ്പക്കാരനുണ്ടാകാവുന്ന വികാരങ്ങളിൽനിന്നു മനസ്സിനു പൂർണ്ണമായി മോചനംനല്കാൻ അവനു ചിലപ്പോൾ കഴിഞ്ഞിരുന്നില്ല. ഇടയ്ക്കിടയ്ക്കു് ആ വൈകാരികവേലിയേററം അവനിലുണ്ടാകാറുണ്ടു്. അപ്പോൾ അവൻ തോണിയുമെടുത്തു് ഒരു ഭ്രാന്തനെപ്പോലെ കടലിൽ അവിടെയും ഇവിടെയും തുഴയും. കുറേനേരം അങ്ങനെ തുഴഞ്ഞു ശരീരം ക്ഷീണിക്കുമ്പോൾ അവനു് ആശ്വാസമാകും. അവന്റെ ആ അബോധാവസ്ഥയ്ക്കു കടൽ മാത്രമാണു സാക്ഷിനില്ക്കുന്നതു്. യാതൊരു മനുഷ്യനും അതിനെപ്പററി അറിഞ്ഞുകൂടാ—അവൻെറ നല്ലതമ്പിയായ മൈക്കിളിനുപോലും.

*  *  *

കൊളച്ചലിൽ മൈക്കിളിൻെറ മീൻപിടുത്തക്കാർ കടപ്പുറത്തുതന്നെ ഓലകൊണ്ടു കുറെ താല്ക്കാലിക ഷെഡ്ഡുകൾ കെട്ടിയിരുന്നു: ഒരു രാത്രി അതിലൊന്നിൽ യേശ്രു മാത്രം ചിന്താമഗ്നനായി കിടന്നു. മീൻപിടുത്തക്കാരുടെ മററു ഷെഡ്ഡുകളിലൊന്നിലും ആരുമില്ല. എല്ലാവരും സുഖിക്കാനായി പോയിരിക്കയാണു്. അവർ കുറെ കള്ളു കുടിക്കും. എന്നിട്ടു പെണ്ണുങ്ങൾക്കുവേണ്ടി പരക്കംപായും.

ഒരു ഷെഡ്ഡിൽ കുറെ ചാരായക്കുപ്പികളും മുമ്പിൽ ഒരു 'കുന്നു്' ഉണക്കമീൻ കറിയുമായി മൈക്കിളുമുണ്ടു്.

യേശ്ശു കിടന്ന ഷെഡ്ഡു് നിലാവിൽ കുളിച്ചു നി ല്കയാണു്. ഓലക്കണ്ണികളുടെ ഇടയിൽക്കൂടി നിലാവു് അ വൻെറ ദേഹത്തു് ഒളിച്ചുകളിനടത്തുന്നു. മനംമയക്കുന്ന ഈ അന്തരീക്ഷത്തിൽ അങ്ങനെ കിടന്നപ്പോൾ അവനു തോന്നി, സൂസയുടെ കൂടെ പോകുകയായിരുന്നു ഭേദം എന്നു്. സൂസ വന്നു് അവൻെറ രണ്ടു കൈയും പിടിച്ചു വലിച്ചുകൊണ്ടു പറഞ്ഞതാണു്:

"തമ്പീ, ഇന്നു രാത്രി ഞങ്ങളുടെ കൂടെ വാ! ഞങ്ങൾ ഒരു പെണ്ണിനെ കണ്ടുവെച്ചിട്ടുണ്ടു്. അവളെ കണ്ടാൽ മതി നിന്റെ തല തിരിയും. ഞാൻ അധികം ആളുകളെ കൊണ്ടുപോണില്ല. നീ, ഞാൻ, പിച്ച, സാമുവൽ."

യേശ്ശുവിനു് ഇതു കേട്ടിട്ടു് എന്തെന്നില്ലാത്ത വെറു പ്പാണുണ്ടായതു്.

"ഛരീ! ഛരീ! ഒരു പെണ്ണും നാലു തടിമാടന്മാരും! ഛരീ!"

അവൻ സൂസയെ വഴക്കുപറഞ്ഞു: "പോടാ നാ യിൻെറ മോനേ! നിന്നെപ്പോലെ ഇത്തരം ഇടപാടിനൊ ന്നും എന്നെ കിട്ടുകയില്ല. ഞാനെന്താടാ മൃഗമാണോ? ഒരു സാധുപെണ്ണും നാലു ചെന്നായ്ക്കളും!"

സൂസയുടെ ശബ്ദം താഴ്ന്നു. അവൻ പറഞ്ഞു: "എ ന്തു ചെയ്യാനാ തമ്പീ! മദ്രാസ്സർക്കാരു് ഈ ബിസ്സിന സ് നിരോധിച്ചിരിക്കയാണു്. അതുകാരണം അത്തരം പെണ്ണുങ്ങളെല്ലാം ഇവിടെനിന്നു കൊച്ചിക്കും ആലപ്പുഴ ക്കും കൊല്ലത്തിനുമെല്ലാം പോയി. ഇവിടെ ഇപ്പോൾ ഒ രെണ്ണത്തിനെ കിട്ടാൻ വലിയ കഷ്ടപ്പാടാണു്. വളരെ വിഷമിച്ചു് ഒരു പെണ്ണിനെ ഇന്നലെ പറഞ്ഞുവെച്ചിട്ടു ണ്ടു്. ഇവിട്ടത്തുകാരിയല്ല. തിരുവാലൂരുനിന്നോ മറേറാ

വന്നതാണ്. അവളുടെ സൂക്ഷിപ്പുകാരൻ വയസ്സൻ വലിയ തുകയാണു ചോദിക്കുന്നതു്. അതുകൊണ്ടാണു നീയും വരാൻ പറഞ്ഞതു്. നിൻെറ കൈയിൽ ധാരാളം പണമുണ്ടല്ലോ. നിനക്കു ഞങ്ങളുടെ കൂടെ വന്നാലെന്താ?

യേശു ഇതു കേട്ടയുടനെ സൂസയുടെ കഴുത്തിനു പിടിച്ചു വെളിയിൽ തള്ളി. വീണ്ടും അവൻ വന്നു തന്റെ ഷെഡ്ഡിൽ കിടന്നു.

എന്നാൽ സ്ത്രീയുടെ നഗ്നശരീരത്തെക്കുറിച്ചുള്ള ചിന്ത അവനെ 'ഹരം' പിടിപ്പിച്ചു. അവന്റെ ഞരമ്പുകൾ വലിഞ്ഞു മുറുകി. അവനിൽ ലൈംഗികാഭിലാഷം കൊടുമ്പിരിക്കൊണ്ടു. പക്ഷേ, എന്തുചെയ്യണം! സൂസയും കൂട്ടരും പോയിടത്തു പോകണോ? ഛീ! ഛീ! ജീവിതത്തിൽ ഒരിക്കലും അതു സാദ്ധ്യമല്ല. ഒരു പെണ്ണും കൊടി പിടിച്ച നാലു ചെറുപ്പക്കാരും! നാലുപേരെന്നു സൂസ പറഞ്ഞുവെന്നേയുള്ളു. ആ പെണ്ണിനെക്കുറിച്ചു് അറിയുമ്പോൾ മററുള്ളവരും അവളെ അന്വേഷിച്ചെത്തും. കുടിച്ചു വെളിവില്ലാത്തതിനാൽ ആക്കും ബോധവും കാണുകയില്ല.

പായിൽ കിടന്നുകൊണ്ടു് യേശു പലതും ചിന്തിക്കാൻതുടങ്ങി. എന്നാൽ ആ മത്തുപിടിപ്പിക്കുന്ന ചിന്ത അവൻെറ ഹൃദയത്തിൽ ഇക്കിളിയുണ്ടാക്കി. അവനു ദേഹമാകെ എന്തോ ഒരുതരം അസുഖം അനുഭവപ്പെട്ടു. അതോടെ കിടക്കാൻ കഴിഞ്ഞില്ല. കരയിൽ തോണികൾ കയററിവെച്ചിരുന്നു. എന്നാൽ എത്ര ആരോഗ്യമുള്ളവനാണെങ്കിലും അവനു് ഒററയ്ക്കു് ഒരു തോണി കടലിലിറക്കാൻ കഴിയുകയില്ല. അതിനാൽ അവൻ മൈക്കിളിനെ സമീപിച്ചു.

"നല്ലതമ്പീ! എന്നെ ഒന്നു വന്നു സഹായിക്കാമോ? എനിക്കു് ഒരു തോണി കടലിൽ ഇറക്കണം."

മൈക്കിൾ അത്ഭുതപ്പെട്ടുപോയി. "ഈ നേരംപോയനേരത്തു തോണിയുംകൊണ്ടു നീ എന്തു ചെയ്യും? നീ ഒരു വിചിത്രമനുഷ്യനാണു് യേശു. എല്ലാവരും രസിക്കാനും സുഖിക്കാനും പോയിരിക്കയാണു്. നിനക്കു് അത്തരം കാര്യങ്ങളൊന്നുമില്ല?"

യേശു മറുപടി നല്കി: "ഈ നിലാവത്തു മത്തിപ്പുലപ്പുകൾ കാണാം. ഈ ചെമ്മീൻകാലം അധികം നീണ്ടുനില്ക്കുമെന്നു തോന്നുന്നില്ല. എവിടെയെങ്കിലും മത്തി ഉണ്ടോ എന്നു ഞാൻ പോയി നോക്കട്ടെ. ഉണ്ടെങ്കിൽ നാളെമുതൽ നമുക്കു വേറെ വല കൊണ്ടുപോകാം. ഇവിടെ ഉള്ളിടത്തോളം കാലം നമുക്കു നന്നായി പണിയെടുക്കാം. കഴിവുള്ളിടത്തോളം ലാഭം ഉണ്ടാക്കരുതോ? കാലവഷം തുടങ്ങിയാൽപ്പിന്നെ ഇവിടെ മീൻപിടുത്തം ഉണ്ടാകുകയില്ല. അപ്പോൾ നമുക്കു തൂത്തുക്കുടിക്കു പോകണമല്ലോ"

മൈക്കിളിനു് ആ ആശയം പിടിച്ചു. "കൊള്ളാം. എന്നാൽ വാ."

അവർ രണ്ടുപേരുംകൂടി ഒരു തോണി കടലിൽ തള്ളിയിറക്കി. എന്നിട്ടു പകുതിമനസ്സോടെ ചോദിച്ചു: "ഞാൻ വരണ്ടോ?"

"വേണ്ട. ഇന്നു പകൽ മുഴുവൻ നിങ്ങൾ വലിയ ജോലി ചെയ്തതാണു്. ഇനി ഷെഡ്ഡിൽ പോയി വിശ്രമിച്ചോളൂ."

യേശു തോണിതുഴയാൻ തുടങ്ങി. ചന്ദ്രൻ ഉദിച്ചതോടെ വേലിയേറ്റം തുടങ്ങിയിരുന്നു. യൗവനയുക്തയായ ഒരു യുവതിയെപ്പോലെ കടലാകെ മാദകമായ അവസ്ഥയിലായിരുന്നു. ഇനി ഭൂമി ഉറങ്ങാൻ അവൾ സമ്മതിക്കു

കയില്ല. അതുകൊണ്ടാകാം അവൾ തിരമാലകൾകൊണ്ട തീരത്ത് ആഞ്ഞടിക്കുന്നത്. തലയിൽ വെള്ളവും നിറച്ച്, അകലെനിന്നും ഓടിവന്ന് ഉഗ്രമായി അലറിക്കൊണ്ട തിരമാലകൾ തകരുകയാണ്. ഈ തിരകൾ അങ്ങനെ തട്ടിത്തകരുന്ന ഭംഗമേഖലകൾ തരണംചെയ്യാൻ മിക്ക മീൻപിടുത്തക്കാരും വിഷമിക്കാറുണ്ട്. എന്നാൽ അവിടംകടന്ന് ആഴമുള്ള ഭാഗങ്ങളിലെത്തിയാൽ കടൽ ഏറെക്കുറെ ശാന്തമായിരിക്കും. അവിടെ അലകളുടെ ആസ്സാലനങ്ങളുണ്ടാകും. തൊട്ടിയാട്ടത്തിലെന്നപോലെ തോണികൾ അവിടെ ഇളകിമറിയുകയും ചെയ്തേക്കാം. എന്നാൽ തീരമട്ടത്തു കാണുന്നതുപോലെ ഒരായിരം ക്രൂരമായ കൈകൾകൊണ്ട് എന്തിനെയും തകർത്തു തരിപ്പണമാക്കുന്ന ആ വൈരാഗ്യം അവിടെ കാണുകയില്ല.

ഇന്നു രാത്രി ആ തിരമാലകളെ മുറിച്ചു കടന്നുപോകാൻ യേശു ശ്രമിച്ചില്ല. തുഴ മുറുകെപ്പിടിച്ച് അവൻ ആഞ്ഞാഞ്ഞു വലിച്ചു യാത്രചെയ്തു. അങ്ങനെ തുഴഞ്ഞ് അവൻ അകലെ ഒരു സ്ഥലത്തെത്തി. ആ തീരത്തു വിജനവും ശാന്തവുമായ ഒരു തെങ്ങിൻതോപ്പുണ്ടായിരുന്നു. അവിടെ നിലാവ് ഒളിച്ചുകളിച്ചു. അവിടെ എത്തിയപ്പോഴേക്കും യേശു അല്പം തളർന്നു. അവൻെറ കൈകൾ കുഴഞ്ഞു. പെട്ടെന്ന് ഒരു വലിയ തിരവന്നടിച്ച് അവൻെറ തോണി നേരെ കരയിലാക്കിയിട്ടു. അതോടെ തോണി അവിടെ ഉറച്ചുപോയി. യേശുവിൻെറ മനസ്സു തികഞ്ഞ അനാസ്ഥയിലായിരുന്നു. തന്മൂലം അവൻ അതൊന്നും അത്ര ശ്രദ്ധിച്ചില്ല. തോണിയിൽത്തന്നെ നിശ്ശബ്ദനായി ഇരുന്നതേയുള്ളു. അവനു വലിയ ക്ഷീണമുണ്ടായിരുന്നു. എന്നാൽ അവൻെറ ഉള്ളിൽ എന്താണു സംഭവിച്ചിരിക്കുന്നത്? മനസ്സിനെ മത്തുപിടിപ്പിക്കുന്ന ആ

ചിന്തയിൽനിന്ന് അവനു രക്ഷപ്പെടാൻ കഴിയുന്നില്ല. ശരീരം തളർന്നതിനാൽ അവനു വിശ്രമിക്കണമെന്നുണ്ട്. പക്ഷേ, ഹൃദയം പടക്കുതിരയെപ്പോലെ കുതിക്കുകയാണ്. പെണ്ണിനുവേണ്ടിയുള്ള അത്യുത്ക്കടമായ ആഗ്രഹം! അവനു ഭ്രാന്തുപിടിക്കുന്നതുപോലെ തോന്നി!

എന്നാൽ കടലിൻെറ കളി നോക്കുക. അവൻെറ തോണി തള്ളി കരയിൽ ആക്കിയശേഷം കടൽ പുറകോട്ടുപോയി. ഇനിയുമൊരു വലിയതിര വരുന്ന ലക്ഷണമില്ല. അവൻ തോണിയിലിരുന്നുകൊണ്ടു ചുററും ശ്രദ്ധിക്കാൻ തുടങ്ങി. ഏതാണ്ടു പതിനഞ്ചടി അകലെ മാത്രം തിരകളുണ്ട്. എന്നാൽ അവയിൽ ഒന്നുംതന്നെ അവന്റെ തോണിയുടെ അടുത്ത് എത്തത്തക്കവിധം വലുതല്ല. യേശു ആ തിരകളിലേക്കു തുറിച്ചുനോക്കിനിന്നു. തീരമടുത്തു നുരയും പതയും കുമിഞ്ഞുകൂടുകയാണ്. അവയിൽ വീണ്ടും തിരകൾ വന്നടിക്കുന്നു. എവിടെയും പതക്കുമ്പാരങ്ങൾ മാത്രം. അവ നിലാവിൽ പഞ്ഞിക്കുനകൾപോലെ തോന്നി. അത്ര വെണ്മയേറിയതും ഘനംകുറഞ്ഞതുമായിരുന്നു അവ. പെട്ടെന്ന് ആ പതക്കുമ്പാരങ്ങളുടെയിടയിൽ അവൻെറ ദൃഷ്ടി തറച്ചു. അവൻെറ അലസതാഭാവം അവസാനിച്ചു. കണ്ണുകൾ തിളങ്ങി. അവിടെ അവൻ എന്തോ ഒന്നു കണ്ടെത്തിയിരിക്കുന്നു. പിന്നെ ഒരു നിമിഷംപോലും കളഞ്ഞില്ല. അവൻ നേരെ ഓടിച്ചെന്നു തിരകളിലേക്ക് എടുത്തു ചാടി.

അല്പസമയത്തിനുള്ളിൽ ആ തിരകൾക്കിടയിൽ അവൻ തിരഞ്ഞതു കണ്ടെത്തി. തിരകളുടെ നൃത്തത്തിനനുസരിച്ചു പൊങ്ങിയും താണുംകൊണ്ടിരുന്ന ഒരു തലയായിരുന്നു അതു്. നിറയെ തലമുടിയുള്ള തല! അവൻ അതിൻെറനേരെ നീന്തി ആ മുടിക്കെട്ടിൽ പിടിക്കാൻ

ശ്രമിച്ചു. പക്ഷേ, എന്തൊരു അത്ഭുതം! അവൻെറ പിടി യിൽനിന്നു രക്ഷപ്പെടാനെന്നോണം ആ തല പെട്ടെന്നു കുടഞ്ഞു. യേശു വീണ്ടും ശ്രമിച്ചു. വീണ്ടും ആ തെറിപ്പി ക്കൽതന്നെ. ആ തലമുടിയിൽ കടന്നുപിടിക്കാൻ ആ തല അവനെ സമ്മതിക്കുന്നില്ല. യേശുവിന് അല്പം സമാ ധാനമായി. അപ്പോൾ ആ ആളിന് ഇപ്പോഴും ജീവനു ണ്ട്! വെള്ളത്തിൽ മുങ്ങിയിട്ടും ജീവൻ നഷ്ടപ്പെട്ടിട്ടില്ല. എന്നാൽ എന്താണ് ആ ആൾ തല കുടയുന്നത്? ആത്മ ഹത്യയ്ക്കുള്ള ശ്രമമാണോ?

യേശുവിന് ആ ആളിന്റെ ആശയം മനസ്സിലായി. ഒട്ടും താമസിയാതെ അവൻ കടലിൽ ഊളിയിട്ടു. മത്സ്യ ത്തെപ്പോലെ വെള്ളത്തിനടിയിലൂടെ നീന്തിച്ചെന്ന് അ വൻ ആ വഴങ്ങാത്ത തലമുടിക്കെട്ടിനു കടന്നുപിടിച്ചു. അതൊരു ഭാരമേറിയ തലമുടിതന്നെയായിരുന്നു. അവൻ തലമുടിയിൽ പിടിച്ചു വലിച്ച് ആ ആളിൻെറ ശരീരം തിരമാലകൾ ആഞ്ഞടിക്കുന്ന മേഖലയ്ക്കു വെളിയിൽ കൊ ണ്ടുവന്നു.

ബോധം നശിച്ച ഒരു സ്ത്രീയുടെ ശരീരമായിരുന്നു അത്. അവൾ കണ്ണു രണ്ടും അടച്ചിരുന്നു.

അവൻ ആ ശരീരം താങ്ങിയെടുത്തു തൻെറ തോ ണിയുടെ പലകയിൽ കിടത്തി. ഉൽക്കണ്ഠകൊണ്ട് അവ ൻെറ ഹൃദയം പിടഞ്ഞു. വയറു നിറയെ ഉപ്പുവെള്ളം കുടിച്ച് അവൾ മരിച്ചുകഴിഞ്ഞോ എന്ന് അവനു തോ ന്നി. അവൻ തൻെറ കൈ അവളുടെ മൂക്കിൻെറ അടു ത്തു പിടിച്ചു നോക്കി. അല്പസമയം കാത്തു. അതാ അവളു ടെ മൂക്കിൽനിന്നും ദീർഘനിശ്വാസത്തിൻെറ ശബ്ദത്തോ ടെ ശ്വാസം പുറത്തേക്കു വരുന്നു; ആ ശബ്ദം കേട്ട് യേശു വിന്റെ ഹൃദയം സന്തോഷിച്ചു. സാവധാനം ശാന്തമായി

അവൻ തന്റെ കൈ അവളുടെ ഹൃദയഭാഗത്തു വെച്ചു. ഹൃദയം ശരിക്കു പ്രവർത്തിക്കുന്നുണ്ട്. അപ്പോഴേക്കും അവൾ സാധാരണഗതിയിൽ ശ്വാസോച്ഛ്വാസംനടത്തിത്തുടങ്ങിയിരുന്നു.

എന്നാൽ പിന്നെ എന്താണ് അവൾ ചലനരഹിതയായി കിടക്കുന്നത്? ഇത്രയധികം ഉപ്പുവെള്ളം കുടിച്ചോ? വെറുമൊരു ഒറ്റമുണ്ടും ബ്ലൗസും മാത്രമാണ് അവൾ ധരിച്ചിരുന്നത്. അവ നനഞ്ഞു് അവളുടെ ശരീരത്തോട് ഒട്ടിക്കിടന്നിരുന്നു. യേശു അവളുടെ വയറിന്മേൽ കൈ വച്ച് അധികം വെള്ളം കുടിച്ചിട്ടുണ്ടോ എന്നു നോക്കി. എന്നാൽ വയർ സാധാരണരീതിയിലായിരുന്നു. ഉപ്പുവെള്ളം കുടിച്ചതിന്റെ യാതൊരു ലക്ഷണവുമില്ല. തന്നെയുമല്ല, അവൻ ആ വയറിന്മേൽ കൈവെച്ചു തിരുമ്മിയപ്പോൾ പേശികൾ വലിയുന്നതും അനുഭവപ്പെട്ടു. എന്നിട്ടും അവൾ കണ്ണു തുറന്നതേയില്ല.

യേശു അല്പം അന്ധാളിച്ചു. അവളുടെ മുഖത്തുതന്നെ നോക്കി അവൻ അട്ടത്തിരുന്നു. അവളുടെ കണ്ണുകൾക്കു താഴെ കറുത്ത കുഴികളുണ്ടായിരുന്നെങ്കിലും മുഖം സുന്ദരമായിരുന്നു; കവിളുകൾ തുടുത്തതായിരുന്നു. ശരീരത്തിനു തങ്കത്തിന്റെ നിറവും. അവളുടെ ആ ഭാവം നിരാശ്രയയായ ഒരു പെൺകുട്ടി നിശ്ശബ്ദമായ ഭാഷയിൽ തന്നോടു രക്ഷയ്ക്കുവേണ്ടി കനിഞ്ഞു് അപേക്ഷിക്കുന്നതായി യേശുവിനു തോന്നി.

അവൾ ബോധംകെട്ടു കിടക്കുകയല്ല. ആത്മഹത്യ ചെയ്യാൻ വന്നതാണ്. അതു കണ്ടുപിടിക്കപ്പെട്ടു. പോലീസിന്റെ ശിക്ഷയെക്കുറിച്ചായിരിക്കാം അവളുടെ ഭയം. യേശു അവളെ കുലുക്കിക്കൊണ്ട് ഉറക്കെ ചോദിച്ചു: "നീ എന്തിനാണു ചാകാൻ വന്നത്?"

അവളാകട്ടെ അനങ്ങുകയോ കണ്ണുകൾ തുറക്കുകയോ സംസാരിക്കുകയോ ചെയ്തില്ല. യേശുവിനു ദേഷ്യംവന്നു. അവൻ വഴക്കപറഞ്ഞു:

"നീ പറഞ്ഞില്ലെങ്കിൽ നിന്നെ ഞാൻ പോലീസിൽ ഏല്പിക്കും."

അതു കേട്ട ഉടനെ അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് അപേക്ഷിച്ചു: "ദയവുചെയ്ത് എന്നെ പോലീസിനു കൊടുക്കരുതേ! അള്ളാ നിങ്ങളെ തുണയ്ക്കട്ടെ." അവൾ യേശുവിന്റെ കൈകളിൽ മുറുകെ പിടിച്ചു.

യേശു: "നീ എന്തിനാണ് കടലിൽച്ചാടി ചാകാൻ വന്നതു്?"

അവൾ അതിനു മറുപടിയായി വിതുമ്പിക്കരഞ്ഞതേയുള്ളു. കൂടുതലൊന്നും പറഞ്ഞില്ല. എന്നാൽ യേശു അവളെ അങ്ങനെ വെറുതെ വിടാൻ തയ്യാറില്ലായിരുന്നു.

"നീ മറുപടി പറഞ്ഞില്ലെങ്കിൽ നിന്നെ പോലീസിൽ ഏല്പിക്കുകയല്ലാതെ എനിക്കു വേറെ നിവൃത്തിയില്ല."

അവൾ താഴ്ന്ന സ്വരത്തിൽ വിലപിച്ചുകൊണ്ടു മറുപടി പറഞ്ഞു: "നിങ്ങൾക്ക് എന്താണ് അറിയേണ്ടതു്?"

"നീ എന്തിനാണു ചാകാൻപോയതു്?"

"ഞാൻ എന്തുചെയ്യാനാണ്? എന്നെ എന്തുപദ്രവമാണു ചെയ്തിരുന്നതെന്നോ?"

"ഉം, എന്തുപദ്രവം?"

"അതു നിങ്ങൾക്കു മനസ്സിലാകുകയില്ല."

"എന്താ, നീ പറഞ്ഞാൽ എനിക്കു മനസ്സിലാകുകയില്ലേ?"

അവൾ പറയാൻതുടങ്ങി: "എന്റെ കെട്ടിയവൻ

തിരുവാല്ലൂരുനിന്നു മൂന്നു ദിവസം മുമ്പാണ് എന്നെ ഇവിടെ കൊണ്ടുവന്നതു്. ഈ മൂന്നു ദിവസവും രാത്രിയിൽ ഓരോ കൂട്ടം രാക്ഷസന്മാർ വന്നു് എന്നെ കടിച്ചുചവയ്ക്കുകയായിരുന്നു. എൻെറ കെട്ടിയവൻ അവരുടെയടുത്തു നിന്നു പണം വാങ്ങും. എനിക്കു് ഇനി കൂടുതൽ സഹിക്കാൻവയ്യ."—അവൾ വീണ്ടും പൊട്ടിക്കരയാൻതുടങ്ങി.

യേശുവിനു് അത്ഭുതമുണ്ടായി. വിവാഹിതനായ ഒരുവൻ തൻെറ ഭാര്യയെ പണത്തിനുവേണ്ടി ഇങ്ങനെ തള്ളിവിടുന്നതു് അവനു് ഊഹിക്കാൻപോലും സാദ്ധ്യമല്ലായിരുന്നു. അവൻ ചോദിച്ചു: "നീ എന്താണു തടസ്സം പറയാതിരുന്നതു്?"

"ആദ്യത്തെ രാത്രിയിൽ ഞാൻ ബോധംകെട്ടു വീണു. എഴുന്നേല്ക്കാൻപോലും എനിക്കു കഴിഞ്ഞില്ല. നിങ്ങൾക്കു കാണണണോ ആ വയസ്സൻ നായ് എന്നെ എങ്ങനെ ശിക്ഷിച്ചുവെന്നു്?"

അവൾ ഒരുനിമിഷം പരുങ്ങി. എന്നിട്ടു ബ്ലൗസ് അഴിച്ചു തൻെറ നഗ്നമായ മാറിടം അവനു കാണിച്ചുകൊടുത്തു.

യേശു നോക്കി. അവളുടെ സ്തനങ്ങളിൽ ഒന്നു് മീനാക്ഷിക്ഷേത്രത്തിൻെറ സുവർണ്ണതാഴികക്കുടംപോലെ തോന്നി. മറേറതാകട്ടെ, ആരോ നീചൻ കടിച്ചു മുറിച്ചതുപോലെ ഭയാനകമായിരുന്നു. അവൻ ഈ കാഴ്ചകണ്ടു് പെട്ടെന്നു കണ്ണടച്ചു. അവൻ വിറച്ചുപോയി. അവൻ്റെ കണ്ണുകൾ നിറഞ്ഞു.

ആർദ്രസ്വരത്തിൽ അവൻ ചോദിച്ചു: "നിൻെറ പേരെന്താണു്?"

"ആമിനക്കുട്ടി"—അവളൊരു മുസ്ലീം ആയിരുന്നു.

യേശു വീണ്ടും ചോദിച്ചു: "നിനക്കറിയാമോ,

ആത്മഹത്യ കുററകരമാണ്. നിൻെറ മതവും അങ്ങനെ യല്ലേ പറയുന്നതു്?''

അവൾ നിശ്ശബ്ദയായി തലയാട്ടി. ആത്മഹത്യ ശിക്ഷാർഹമാണെന്നു് അവൾക്കറിയാം.

''അപ്പോൾ കുററമാണെന്നു് അറിഞ്ഞിട്ടും നീ എന്തിനാണു് ആ കുററം ചെയ്യാൻ പോയതു്? നിനക്കു് ഇവിടെനിന്നു് ഓടിപ്പോകരുതായിരുന്നോ?''

അവൾ ഇതു കേട്ട് യേശുവിൻെറ നേരെ മുഖമുയർത്തി. പനിനീർപ്പൂവിൽനിന്നു ഹിമകണങ്ങൾപോലെ അപ്പോഴും അവളുടെ മുഖത്തുനിന്നു ജലകണങ്ങൾ ഇററിററു വീഴുന്നുണ്ടായിരുന്നു. ദയനീയമായി അവൾ പറഞ്ഞു:

''നിങ്ങൾ എന്താണു പറയുന്നതു്? ഞാൻ എവിടെ ഓടിപ്പോകും?''

''എന്തു്, നിൻെറ വാപ്പയുടെയും ഉമ്മയുടെയും അടുത്തേക്കു്.''

അവൾ ദീർഘമായി നിശ്വസിച്ചു. എനിക്കു് ഈ ലോകത്തിൽ ആരുമില്ല. എന്നെ വളർത്തിയിരുന്ന ആ വയസ്സിത്തള്ള അയാൾക്കു വെറും നൂറുരൂപയ്ക്കു് എന്നെ വിററതാണു്.''

''അയാളെ ഉപേക്ഷിക്കരുതോ നിനക്കു്?''

''അയ്യോ, എൻെറ അള്ളാ! അതിനൊന്നും പററുകയില്ല. ഉപേക്ഷിക്കുന്ന കാര്യം പറഞ്ഞാൽ ആ കിളവൻ ചെകുത്താൻ എന്നെ തല്ലാൻതുടങ്ങും. വയസ്സനാണെങ്കിലും അതിനെല്ലാമുള്ള കരുത്തു് അയാൾക്കുണ്ടു്.''

ആ യുവതി യേശുവിനോടു തൻെറ കഥ വളരെ ശാന്തസ്വരത്തിൽ പറയാൻതുടങ്ങി. ആ കഥ കേട്ടുകൊണ്ടിരുന്നപ്പോൾ തങ്ങൾ തമ്മിൽ പൊരുത്തമുണ്ടോ എന്നു

പോലും യേശുവിനു തോന്നി. അവരുടെ ഹൃദയങ്ങൾ അത്രക്ക് ഐകരൂപ്യംപ്രാപിച്ചുകഴിഞ്ഞിരുന്നു. ഒരുപക്ഷേ, അതുകൊണ്ടാകാം അവൾക്ക് തൻെറ സ്വകാര്യജീവിതത്തിലെ നിരവധി ഏടുകൾ യാതൊരു സങ്കോചവും കൂടാതെ യേശുവിന്റെ മുമ്പിൽ തുറന്നുവെയ്ക്കാൻ കഴിഞ്ഞതു്. ഒരുപക്ഷേ, അവൻെറ ഹൃദയത്തിൽ അനുകമ്പ സൃഷ്ടിക്കണമെന്നു് അവൾ ആഗ്രഹിച്ചുകാണും. അതിനാലാകാം അവൾ തൻെറ മാറിടം അവൻെറ മുമ്പിൽ തുറന്നുകാണിക്കാൻപോലും സന്നദ്ധയായതു്. അവൾ ചോദിച്ചു:

"നിങ്ങൾ എന്തിനാണു് എന്നെ രക്ഷപ്പെടുത്തിയതു്? ഞാൻ മരിക്കുകയായിരുന്നു നല്ലതു്. നശിപ്പിക്കപ്പെട്ട ഒരു സ്ത്രീയാണു ഞാൻ. മരിക്കാൻവേണ്ടിയാണു ഞാൻ കടലിൽ ചാടിയതു്. പക്ഷേ, മരിക്കാൻ കഴിഞ്ഞില്ല. എനിക്കു പേടിയായിരുന്നു.

യേശു: "നീ എന്നോടുകൂടി പോരുന്നോ?"

"എങ്ങോട്ടു്?"

"എൻെറ വീട്ടിലേക്കു്"

അവൾ അത്ഭുതപ്പെട്ടുപോയി. "എവിടെയാണതു്? എന്നെ കൂടെ കൊണ്ടുപോയാൽ എന്തുചെയ്യും?"

യേശു ധൈര്യപൂർവ്വം മറുപടി നല്കി: "ഞാൻ നിന്നെ കല്യാണംകഴിക്കും."

അല്പസമയം നിശ്ശബ്ദയായി ഇരുന്നശേഷം അവൾ പറഞ്ഞു: "ഛീ! ഛീ! അങ്ങനെയൊന്നും പറയാതെ. ഞാൻ കൊള്ളരുതാത്തവളാണു്."

യേശു ശാന്തനായി മറുപടി നല്കി: "നീ കൊള്ളരുതാത്തവളാണോ നല്ലവളാണോ എന്നു ദൈവമാണു തീരുമാനിക്കേണ്ടതു്. പിന്നെ, വെറുക്കപ്പെടേണ്ട എന്തെ

ങ്കിലും നീ ചെയ്യുന്നതു ഞാൻ കണ്ടിട്ടുമില്ല. നിന്നെ ഞാൻ കടലിൽനിന്നു് എടുത്തതാണു്. ഇനി നീ എന്റേതാണു്."

അന്നു രാത്രി യേശു മൈക്കിളിന്റെ കുടിലിലേക്കു മടങ്ങിച്ചെന്നില്ല. അവൻ നേരെ തോണി തുഴഞ്ഞു് ആ യുവതിയുമായി തന്റെ സ്വന്തം നാട്ടിലേക്കു പോരികയാണുണ്ടായതു്.

ഒരുപക്ഷേ, യേശു എവിടെയെങ്കിലും തോണിമുങ്ങി മരിച്ചുകാണുമെന്നു വിചാരിച്ചു മൈക്കിൾ കുറേദിവസത്തേക്കു് അസ്വസ്ഥനായിരുന്നു. നാട്ടിൽ മടങ്ങിച്ചെല്ലുമ്പോൾ നാട്ടുകാരോടു് എന്തു സമാധാനം പറയുമെന്നായിരുന്നു അയാളുടെ ചിന്ത. അതിനാൽ യേശു കടലിൽ മുങ്ങിച്ചത്തു എന്നു് അയാൾ തന്റെ കൂട്ടത്തിലുള്ളവരെ പറഞ്ഞു ധരിപ്പിച്ചു.

തകന്ന ഹൃദയവുമായി മൈക്കിൾ നാട്ടിൽ മടങ്ങിവന്നപ്പോൾ കണ്ടതു് യേശു അവിടെ നേരത്തെതന്നെ എത്തിയിരിക്കുന്നതാണു്. അവനെ കണ്ടപ്പോൾ മൈക്കിളിനു് കഠിനമായ ദേഷ്യം ഉണ്ടായി. അയാൾ അവനെ അത്യധികം അധിക്ഷേപിച്ചു.

നാട്ടിൽ വന്ന ഉടനെതന്നെ യേശു ആമിനയുമായി പള്ളിവികാരിയുടെ അടുത്തുപോയി. താനൊരു മുസ്ലീം പെണ്ണാണെന്ന കാര്യം ഒരുവിധത്തിലും വെളിയിൽ പറയരുതെന്നു് അവൻ ആമിനയെ പഠിപ്പിച്ചിരുന്നു. ആമിനയെന്ന അവളുടെ പേർ ആഞ്ചെല എന്നാക്കി മാററുകയും ചെയ്തു.

യേശു പള്ളിക്കു ധാരാളം പണം കൊടുത്തിരുന്നതിനാൽ അവരുടെ വിവാഹത്തിനു തടസ്സമൊന്നുമുണ്ടായില്ല. വിവാഹത്തിനുശേഷം ആ കടൽത്തീരത്തിന്റെ

ആളൊഴിഞ്ഞ ഒരു ഭാഗത്തു് ഒരു വീട്ട കെട്ടി അവർ താമസമാക്കി.

യേശു വിവാഹംചെയ്തതു് ഒരു വേശ്യയെയാണെന്നറിഞ്ഞു മൈക്കിൾ കോപിഷ്ഠനായി. ഒരു ദിവസം അയാൾ ചെന്നു് യേശുവിൻെറ പക്കൽനിന്നു വലയും തോണിയും തിരികെ വാങ്ങിക്കൊണ്ടുപോന്നു. അങ്ങനെ മറ്റുള്ളവരുടെ തോണികളിൽ ദിവസക്കൂലിക്കു ജോലിചെയ്യാൻ യേശു നിർബ്ബന്ധിതനായി.

എന്നാൽ ഇത്രയുംകാലം യേശു മൈക്കിളിൻെറ മീൻപിടുത്തക്കാരുടെ തലവനായിരുന്നു. മറെറാരുത്തൻെറ കീഴിൽ പണിയെടുക്കുക അവനു് അസഹ്യമായിരുന്നു. അതിനാൽ എങ്ങനെയെങ്കിലും തനിക്കും സ്വന്തമായി വലയും തോണിയും വാങ്ങണമെന്നു് അവൻ തീരുമാനിച്ചു.

* * *

ആകാശത്തിൻെറ അത്യുന്നതിയിൽനിന്നു ചന്ദ്രൻ സാവധാനം പശ്ചിമാഭിമുഖമായി കീഴോട്ടിറങ്ങുകയായിരുന്നു. യേശു അപ്പോഴും കൈയിൽ കുന്തവും മുറുകെപ്പിടിച്ചു ജലത്തിൻെറ അഗാധതയിലേക്കു നോക്കി നിശ്ചലനായി നിന്നു. ചൂണ്ടക്കൊളുത്തിലെ മാംസക്കഷണം അവിടെത്തന്നെ തൂങ്ങിക്കിടന്നു. തൻെറ തലയ്ക്കു മുകളിൽ മരണം തൂങ്ങിക്കിടപ്പുണ്ടെന്നു് ആ സ്രാവു് അറിഞ്ഞോ എന്തോ? അതുകൊണ്ടാണോ ആ ഇരയുടെ അടുത്തേക്കു് അതു വീണ്ടും വരാത്തതു്? സ്രാവുകൾ പൊതുവെ ബുദ്ധിയുള്ളവയല്ല. ഈ പ്രത്യേക ഒരെണ്ണം അതിനൊരു അപവാദമാണോ? അല്പം മുമ്പു മാത്രമാണു് അവൻ ഏതാണ്ടു് ഒരു പത്തടി ആഴത്തിൽ ചുററിക്കറങ്ങുന്നതു കണ്ടതു്. എന്നാലും എന്താണു് അവൻ ഈ ഇര വിഴുങ്ങാ

ത്തു്? യേശു അസ്വസ്ഥനായി. ജോലിതീൻ നേരം വെളുക്കുന്നതിനു മുമ്പു തിരികെ പോകണം. എങ്കിലേ പിറേറദിവസം രാവിലെ വന്നു് ഉപദ്രവം കൂടാതെ ശംഖു പെറുക്കാൻ സാധിക്കുകയുള്ളൂ. ശംഖു ശേഖരിച്ചില്ലെങ്കിൽ അവനു തന്റെ വീട്ടും തോണിയും നഷ്ടമാകാം. അതോടൊപ്പം ഒരുപക്ഷേ, വേറെ ചിലതും—

അവന്റെ ഹൃദയം പിടഞ്ഞു. അൽഫോൻസ രാത്രിയിൽ ഉറങ്ങുകയില്ല. രാത്രി മുഴുവൻ അയാൾ കാറിൽ കയറി തെരുവുകളിൽ സഞ്ചരിക്കും. എന്നിട്ടും ആ പട്ടണത്തിലുള്ള എല്ലാവരും പുറമെ ധരിച്ചുവെച്ചിരിക്കുന്നതു് അയാൾ ഒരു യഥാൎത്ഥ കത്തോലിക്കനാണെന്നാണു്. കാലത്തു പത്തുമണിക്കു് ഉറക്കം കഴിഞ്ഞെണീററാലുടനെ അയാൾ നിത്യകൎമ്മങ്ങൾ കഴിഞ്ഞു പള്ളിയിലേക്കു് അതിവേഗം പോകും. നിത്യവും ആ സമയത്തു് അയാളുടെ കാർ ആ പള്ളിയുടെ മുററത്തു് ആളുകൾ കാണാറുണ്ടു്. വിചിത്രമെന്നു പറയട്ടെ, അൽഫോൻസയുടെ ആ വലിയ കാറിൻെറ മുൻവശത്തിനു് ഈ വലിയ സ്രാവിൻെറ വായുടെ ആകൃതിതന്നെയാണുള്ളതു്. പള്ളിക്കു വെളിയിൽ ഈ കാറു കണ്ടാൽ അൽഫോൻസാ പള്ളിയിൽ വന്നിട്ടുണ്ടെന്നു് ആൎക്കും മനസ്സിലാകും. പള്ളിയിലെ പുരോഹിതന്മാൎക്കു അൽഫോൻസയെ വലിയ പേടിയാണു്. അവരെല്ലാം അയാളുടെ ആജ്ഞാനുവൎത്തികളാണു്. ഈ നാട്ടിൽ അൽഫോൻസയെക്കാൾ വലിയ ഒരു ദൈവഭക്തനില്ലെന്നു് അവരെല്ലാം പറയാറുണ്ടായിരുന്നു.

യേശുവിനെ ചെറുപ്പത്തിൽ വളൎത്തിക്കൊണ്ടുവന്ന പുരോഹിതൻ കുറെക്കാലം മുമ്പു മരിച്ചുപോയിരുന്നു. ഇപ്പോഴത്തെ പുരോഹിതൻ അൽഫോൻസയുടെ വെറു

മൊരു പാവമാത്രമാണ്. ആ പുരോഹിതനാണ് ഒരു ദിവസം യേശ്ശുവിനോടു പറഞ്ഞതു്:

"മററുള്ളവരുടെ തോണിയിൽ പണിയെടുത്തു നീയെന്തിനാണു് ആരോഗ്യവും സമയവും കളയുന്നതു്? നിനക്കു സ്വന്തമായി ഒരു തോണി വാങ്ങി പണിയെടുത്തുകൂടെ?"

യേശ്ശു ചോദിച്ചു: "അതിനു പണം എവിടെയുണ്ടു് അച്ചാ! ഞാൻ ഉണ്ടാക്കുന്ന പണം മുഴവൻ ചെലവാക്കുകയാണെന്നു് അച്ചനറിയാമല്ലോ?"

ആ പുരോഹിതൻ അതുകേട്ട് ഉപദേശിച്ചു: "അൽഫോൻസ നല്ലൊരു ക്രിസ്ത്യാനിയാണു്. പരവജാതിയിൽ ജനച്ചതിനാൽ ആ കൂട്ടത്തിൽപ്പെട്ട മറെറാരുവൻ കഷ്ടപ്പെടുന്നതു് അയാൾക്കു സഹിക്കുകയില്ല. നിനക്കു് ഒരു ദിവസം അയാളെ പോയി കണ്ടാലെന്താ? ഒരു തോണി വാങ്ങാൻ നിനക്കു കുറെ പണം തരുന്നതിനു ഞാൻ അയാളോടു പറയാം.

"അൽഫോൻസ ഈ നാട്ടിലെ ഒരു കോടീശ്വരനാണ്. ഈ തുറമുഖത്തു സാമാനം കയറ്റിയിറക്കുന്ന വലിയ തോണികളിൽ മുക്കാൽ ഭാഗവും അയാളുടേതാണ്.

"പിന്നെ, അയാൾക്കില്ലാത്ത ബിസ്സിനസ് എന്താണു്? കയററുമതിയും ഇറക്കുമതിയും എല്ലാം. ഈ നാട്ടിലെ നിരവധി വലിയ ഉപ്പുഫാക്ടറികളുടെ ഉടമയുംകൂടിയാണു് അയാൾ. ഒരു സാധാരണമീൻപിടുത്തതോണിയുടെ വിലയായ അഞ്ഞൂറു രൂപയും മററും അയാൾക്കു വെറും പൊടിപോലെയാണു്. അയാൾ വിചാരിച്ചാൽ യേശ്ശുവിനു് അതു കൊടുക്കുന്നതിനു യാതൊരു ബുദ്ധിമുട്ടുമില്ല.

അടുത്തദിവസം യേശ്ശു അൽഫോൻസയുടെ ഓഫീ

സിൽ പോയി. പള്ളിയിൽനിന്നു മടങ്ങിവന്ന അൽഫോൻസ ആഫീസിൽ ഉണ്ടായിരുന്നു. അയാളുടെ കണ്ണുകളിൽ അപ്പോഴും ഉറക്കം തൂങ്ങിപ്പിടിച്ചു കിടക്കുന്നുണ്ടായിരുന്നു. യേശുവിനെ കണ്ടപ്പോൾ അയാൾ കോട്ടുവായിട്ടുകൊണ്ടു ചോദിച്ചു: "നിന്റെ പേരാണോ യേശു എന്നു്?"

യേശുവിനു് ആ ചോദ്യം അത്ര പിടിച്ചില്ല. 'നിങ്ങൾ വലിയ പണക്കാരനായിരിക്കും. അതിനാൽ മററുള്ളവരെ താങ്കൾ എന്നു വിളിക്കയില്ലായിരിക്കും. പക്ഷേ, നിങ്ങൾ എന്നെങ്കിലും വിളിക്കുന്നതിനു് എന്താണു വിഷമം?' എന്നു ചോദിക്കാൻ യേശുവിൻെറ നാവു പൊങ്ങിയതാണു്. പക്ഷേ, അവൻ അൽഫോൻസയുടെ ദയയ്ക്കു വേണ്ടി വന്നവനാണു്. തന്മൂലം അവൻ ആ വാക്കിലെ അധിക്ഷേപം വിഴുങ്ങിക്കൊണ്ടു ശാന്തനായി പറഞ്ഞു:

"അതെ സാർ."

അൽഫോൻസ തൻെറ സാധാരണമായ വൃത്തികെട്ട മാതിരിയിൽ ചിരിച്ചുകൊണ്ടു ചോദിച്ചു: "നീ കേരളത്തിൽനിന്നു് ഒരു പെണ്ണിനെ കെട്ടിക്കൊണ്ടുവന്നു എന്നു പറയുന്നതു ശരിയാണോ? അവൾ വലിയ സുന്ദരിയാണെന്നു കേട്ടു."

യേശുവിനു് അതു തീെര രസിച്ചില്ല. അൽഫോൻസയേപ്പോലെ മാന്യനായ ഒരാൾ തന്നെപ്പോലെയുള്ള ഒരു സാധുമീൻപിടുത്തക്കാരന്റെ സ്വകാര്യജീവിതത്തെപ്പററി ഇങ്ങനെ ജിജ്ഞാസുവാകുമെന്നു് യേശു പ്രതീക്ഷിച്ചില്ല.

യേശു മറുപടി പറഞ്ഞില്ല. അവൻ നിശ്ശബ്ദനായി നിന്നതേയുള്ളു. അതു കണ്ടിട്ടു് അൽഫോൻസ തൻെറ സ്വതഃസിദ്ധമായ ക്രൂരതനിറഞ്ഞ ചിരിയോടെ പറഞ്ഞു: "നിന്നെപ്പററി എല്ലാവിവരവും എനിക്കു മൈക്കിളിൽനിന്നു കിട്ടിയിട്ടുണ്ടു്. പക്ഷേ, പള്ളിയിൽവെച്ചു് ഈ

കല്യാണം നടത്താൻ നിനക്ക് എങ്ങനെ കഴിഞ്ഞു? അച്ഛൻെറയടുത്തു് സത്യമെല്ലാം ഒളിച്ചു അല്ലേ?"

അൽഫോൻസയുടെ ആഫീസിൽനിന്നു വേഗം വെളിയിൽപോയാലോ എന്നു് യേശു ആലോചിച്ചു. ആ സമയം അൽഫോൻസതന്നെ മാനേജരെ വിളിച്ചു് ഉത്തരവിട്ടു: "ഇവന്റെ പേരു് യേശുദാസൻ എന്നാണു്. ഇവനെ തൻെറ മുറിയിൽ കൊണ്ടുപോയി എന്താണു വേണ്ടതെന്നു ചോദിക്കു്."

യേശു മാനേജരോടു തന്റെ വിവരമെല്ലാം പറഞ്ഞു പണം ചോദിച്ചു. മാനേജർ പണം കൊടുക്കാമെന്നു സമ്മതിക്കുകയുംചെയ്തു. എന്നാൽ അയാൾ പറഞ്ഞു: "പണം പലിശയ്ക്കു കൊടുക്കുന്നതാണു ഞങ്ങളുടെ തൊഴിൽ എന്നു നിനക്കു് അറിയാമല്ലോ. അതുകൊണ്ടു് നീ ചില കരാറിൽ ഏർപ്പെടാനുണ്ടു്. എന്നാൽ മാത്രമേ രൂപ തരികയുള്ളു."

"എന്തെല്ലാമാണു കരാറുകൾ?"

"ആദ്യത്തേതു നിനക്കു വലകെട്ടാനുള്ള നൈലോൺ നൂലു മുഴവൻ ഞങ്ങളുടെ കടയിൽനിന്നു വാങ്ങണം. രണ്ടാമത്തേതു നിത്യവും മീൻപിടിച്ചു നീ സമ്പാദിക്കുന്നതു് എന്തായാലും അതിന്റെ പകുതി തുക തോണിയുടെയും നൈലോൺ നൂലിൻെറയും വിലയുടെ പലിശയായി ഇവിടെ തരണം. പിന്നെ, മുതലു മുഴവൻ തരാൻമാത്രം രൂപ ഉണ്ടാകുമ്പോൾ തന്നു കണക്കുതീർക്കാം."

യേശു ഇതുകേട്ടു് അത്ഭുതപ്പെട്ടു: "എൻെറ സമ്പാദ്യത്തിന്റെ പകുതി ദിവസേന തന്നുകഴിഞ്ഞാൽ പിന്നെ എനിക്കു് എന്തുണ്ടു്?"

"എന്തു് അസംബന്ധമാണു് നീ പറയുന്നതു്? നിന്നെപ്പോലെ ഒരു ചെറുപ്പക്കാരൻ ദിവസം നൂറു രൂപയെ

ങ്കിലും ഉണ്ടാക്കണം. പിന്നെ ഇതാണു ഞങ്ങളുടെ ഇട പാട്ട്. ഈ നാട്ടിലെ മീൻപിടുത്തക്കാരു മുഴവൻ ഞങ്ങളുടെയടുത്തുനിന്നു് പണം കൊണ്ടുപോകുന്നതു് ഈ വ്യവസ്ഥകളിലാണു്. അതുകൊണ്ടു് നീയും അതെല്ലാം സമ്മതിക്കുകയാണെങ്കിൽ ഞാൻ മുതലാളിയോടു ശുപാർശ ചെയ്യാം."

ഒരു തോണി എങ്ങനെയെങ്കിലും സ്വന്തമാക്കുകയെന്നതു് ജീവിതലക്ഷ്യങ്ങളിൽ ഒന്നായിരുന്നതിനാൽ യേശു ഇക്കാര്യത്തെക്കുറിച്ചു രണ്ടാമതു് ഒരിക്കൽക്കൂടി ചിന്തിക്കാൻ മിനക്കെട്ടില്ല. എല്ലാവ്യവസ്ഥകൾക്കും അവൻ സമ്മതിക്കുകയുംചെയ്തു. അങ്ങനെ ഒരാഴ്ചയ്ക്കകം അവൻ നൈലോൺവലയും തോണിയും സ്വന്തമാക്കി മീൻപിടുത്തം തുടങ്ങി.

ആദ്യദിവസംതന്നെ അവനു ധാരാളം മീൻ കിട്ടി. പക്ഷേ, എത്രയധികം പിടിച്ചുകൊണ്ടു വന്നാലെന്താണു്, കരയിൽ ആ നശിച്ചലേലക്കാരനുണ്ടാകും—വിൻസെന്റ്. അവനു മൊത്തക്കച്ചവടക്കാരുമായി രഹസ്യമായഏപ്പാടുകളുണ്ടു്. എല്ലാവർക്കും അതറിയാമെങ്കിലും അവനെ ലേലക്കാരന്റെ സ്ഥാനത്തുനിന്നു മാറ്റാൻ വലിയവിഷമമാണു്. അവൻ അൽഫോൻസയുടെ ആളായതാണു കാരണം. അതുപോലെ മീൻ വാങ്ങുന്ന മൊത്തക്കച്ചവടക്കാരും. അവരും അൽഫോൻസയുടെ ആൾക്കാർതന്നെ. ഉണക്കമീൻ കച്ചവടത്തിനായി അയാൾ അവർക്കു ധാരാളം പണം കടംകൊടുക്കാറുണ്ടു്. അൽഫോൻസയാണു് ഈ നാട്ടിലെ 'ഫിഷർമെൻ സൊസൈററി'യുടെ പ്രസിഡണ്ടു്. അങ്ങനെ ഏതെല്ലാംവിധത്തിൽ വെള്ളത്തുള്ളികൾ വീണാലും അവസാനം ഒലിച്ചു ചെന്നെത്തുന്നതു് അയാളുടെ കുളത്തിൽത്തന്നെ.

യേശുവിൻെറകൂടെ കടലിൽ മീൻപിടിക്കാൻ പോകുന്ന മരിയദാസൻ ഒരുദിവസം ചോദിച്ചു: "നീ വലയും തോണിയും എല്ലാം വാങ്ങിയതു ശരിതന്നെ. പക്ഷേ, ഈ കടം നിന്റെ ആയുസ്സിൽ എന്നെങ്കിലും വീട്ടിത്തീക്കാൻ കഴിയുമെന്നുവിചാരിക്കുന്നുണ്ടോ? പിന്നെ, നീ നൈലോൺ നൂലിനു റാത്തലിന്ന് എന്തു വിലയാണു കൊടുത്തതു്?"

"മുപ്പതു രൂപ."

മരിയദാസൻെറ കണ്ണുകൾ വിടന്നു: "നീ എന്താണു പറയുന്നതു്? ഫിഷർമെൻ സൊസൈററിയുടെ പേരിൽ അൽഫോൻസയ്ക്കു ഗവണ്മെൻറിൽനിന്നു കൺട്രോൾ വിലയ്ക്കുള്ള പെർമിററു കിട്ടിയിട്ടുണ്ട്. നൈലോൺ നൂലിനു ഗവണ്മെൻറു നിശ്ചയിച്ചിരിക്കുന്ന വില പന്ത്രണ്ടു രൂപയാണെന്നു നിനക്കു് അറിഞ്ഞുകൂടേ?"

യേശുവിനു മരിയദാസൻെറ വാക്കുകൾ അത്ര പിടിച്ചില്ല. തിരക്കുപിടിച്ചു ചെയ്തതുകാരണം താൻ വലിയ വിഡ്ഢിത്തമാണു കാണിച്ചതെന്നു് യേശുവിനു് അറിയാമായിരുന്നു. അതുകൊണ്ടു് അവൻ ദേഷ്യത്തിൽ പറഞ്ഞു: "നിത്തു്! നീ നിൻെറ പണിനോക്കു്!"

ആദ്യത്തെ ദിവസം പിടിച്ച മീൻ വിററിട്ടു് അവന്നു് 60 രൂപയാണു കിട്ടിയതു്. ഏതാണ്ടു് മുന്നൂറു പൗണ്ടു് ഒന്നാന്തരം മീനുണ്ടായിരുന്നു. പച്ചവെള്ളത്തിൻെറ വിലയ്ക്കാണു് അതു മുഴവൻ വിററുപോയതു്. യേശുവിനു സങ്കടംവന്നു. അവൻ നേരെ അൽഫോൻസയുടെ ആഫീസിൽ ചെന്നു് മുപ്പതു രൂപ അവിടെ കൊടുത്തു. ബാക്കി മുപ്പതു രൂപ അവനും വേറെ അഞ്ചുപേരുംകൂടി വീതിച്ചെടുത്തു.

അന്നുരാത്രി ഏതാണ്ടു പന്ത്രണ്ടുമണിക്കു് ആരോ പടിക്കുവെളിയിൽനിന്നു തന്നെ വിളിക്കുന്നതു് യേശു കേട്ടു.

വേനൽക്കാലമായതിനാൽ യേശ്രുവും ആഞ്ചെലയും മുററത്തുള്ള ഒരു വേപ്പുമരത്തിൻെറ തണലിൽ കിടന്നു് ഉറങ്ങുകയായിരുന്നു. ആ വിളി കേട്ട് അവർ രണ്ടുപേരും ഞെട്ടിയുണൎന്നപ്പോൾ ഒരാൾ മുററത്തിനപ്പുറത്തു നില്ക്കുന്നതാണു കണ്ടതു്. വഴിവിളക്കിലെ നേരിയ വെളിച്ചത്തിൽ അതു് അൽഫോൻസയാണെന്നു് യേശ്രുവിനു മനസ്സിലായി. ആഞ്ചെല ഉടനെതന്നെ തൻെറ തുണിയെല്ലാം വാരിയെടുത്തു കുടിലിനകത്തേക്കു് ഓടിപ്പോയി. എന്നാൽ അൽഫോൻസയുടെ നോട്ടം അവളെ പിന്തുടന്നു. യേശ്രു അതു കണ്ടു. അവൻ ചോദിച്ചു:

"എജമാനൻ ഈ രാത്രിയിൽ എന്തിനാണാവോ ഇവിടെ വന്നതു്? എന്നെ വിളിപ്പിച്ചിരുന്നുവെങ്കിൽ ഞാൻ വരുമായിരുന്നല്ലോ?"

അൽഫോൻസ ചിരിച്ചുകൊണ്ടു പറഞ്ഞു: "നിനക്കു് അറിയാമോ യേശ്രു, ആരെങ്കിലും എൻെറയടുത്തുനിന്നു പണം വാങ്ങിയാൽ ഞാൻ അവരെ ഒരിക്കലും കടക്കാരായി കണക്കാക്കാറില്ല. അവരെല്ലാം എൻെറ സഹോദരന്മാരാണു്. പിന്നെ നീ എൻെറ ജാതിയിൽപ്പെട്ടവനാണു്. അതു കണക്കാക്കിയാൽ നിൻെറ ഭാര്യ എന്റെ ബന്ധുവാണു്. നീ ഈ മുപ്പതു ശ്രുപ എടുത്തു് അവൾക്കു് എന്തെങ്കിലും ആഭരണം ഉണ്ടാക്കിച്ചുകൊടുക്കു്."

ആ നിമിഷം ആയിരം കൈയുകൾ ഹൃദയത്തിലേക്കു കടന്നുവന്നു വിലക്കുന്നതുപോലെ യേശ്രുവിനു തോന്നി—'യേശ്രു! നീ ആ പണം എടുക്കരുതു്!' പക്ഷേ, അതു തിരസ്കരിക്കാനും നിവൃത്തിയില്ല. പ്രത്യാഘാതങ്ങൾ പ്രതീക്ഷിക്കാത്തവയാകും.

യേശ്രു അന്നു് ആ പണം എടുത്തു.

അങ്ങനെ അൽഫോൻസ എന്തെങ്കിലും കാരണമുണ്ടാക്കി അവരുടെ കുടിലിൽ നിത്യവും രാത്രിയിൽ വരിക പതിവാക്കി. ആഞ്ജെല ഇതു കണ്ടിട്ട് ഒരുദിവസം പരാതിപ്പെട്ടു: "ഇതു് എന്തൊരു നാശംപിടിച്ച ഏർപ്പാടാണ്! അയാളുടെ നോട്ടം കണ്ടാൽ എന്നെ വിഴുങ്ങുമെന്നുതോന്നും. നിങ്ങൾ അയാളുടെ തോണിയും വലയും തിരികെ കൊടുത്തേക്കൂ. നമുക്കു് അയാളുമായി ഇടപാടൊന്നും വേണ്ട."

പക്ഷേ, എന്തെല്ലാം ഉപദ്രവങ്ങളുണ്ടായാലും ശരി, ആ വലയും തോണിയും അങ്ങനെ തിരികെ കൊടുക്കാൻ സാധ്യമല്ല. അൽഫോൻസ അതിന്റെ കാരണം ചോദിച്ചാൽ എന്തു മറുപടി പറയും? കൂടാതെ, നിത്യവും മീൻ പിടിച്ചു കിട്ടുന്നതിൽനിന്നു ചെലവിനുള്ളതു കഴിഞ്ഞാൽ ആദ്യത്തെ ദിവസത്തെപ്പോലെയൊന്നും ബാക്കിയുണ്ടാകാറില്ലായിരുന്നു. വളരെ കഷ്ടപ്പെട്ടിട്ടും അവന്റെ വരുമാനം ഒരിക്കലും നിത്യം രണ്ടു രൂപയിൽ കൂടുതൽ ആകാറില്ലായിരുന്നു.

രാത്രിയിൽക്കൂടി മീൻപിടിക്കാൻ പോയാൽ അവന്റെ വരുമാനം കൂടുമായിരുന്നു. പക്ഷേ, ആഞ്ജെലയെ ഒററയ്ക്കു വീട്ടിൽ വിട്ടിട്ട് അവനു് അതിനു നിവൃത്തിയില്ലായിരുന്നു. ഈ ചിന്തകൾകൊണ്ടു് യേശു പുകഞ്ഞു.

സാമ്പത്തികപ്രശ്നങ്ങൾ ഗുരുതരമായപ്പോൾ ഒരു ദിവസം യേശു രാത്രിയിലും മീൻപിടിക്കാൻ പോകാൻ തീർച്ചയാക്കി. വീട്ടിൽ സൂക്ഷിച്ചിരിക്കണം എന്നു പല പ്രാവശ്യം ആവർത്തിച്ചു പറഞ്ഞിട്ടാണു് അവൻ പോയതു്. എന്നാൽ രാവിലെ പഴ്സു നിറയെ പണവുമായി മടങ്ങിവന്ന അവൻ കണ്ടതു് ആഞ്ജെല തറയിൽ കമിഴ്

ന്നുകിടന്നു കരയുന്നതാണ്. കരഞ്ഞുകരഞ്ഞ് അവളുടെ കണ്ണും മുഖവും വീർത്തിരുന്നു.

യേശു ചോദിച്ചു: "എന്തുപററി നിനക്ക്?"

അവനെ നോക്കി പൊട്ടിക്കരഞ്ഞുകൊണ്ട് അവൾ പറഞ്ഞു: "ദയവുചെയ്ത് ഇന്നുതന്നെ ആ വലയും തോണിയും മടക്കിക്കൊടുത്തേക്ക്. നമുക്ക് എന്നിട്ട് വേറെ എവിടെയെങ്കിലും പോകാം. ഇവിടെ ഇനി താമസിക്കാൻ എനിക്ക് ഇഷ്ടമില്ല."

"ഉം, എന്താണ്?"

"കഴിഞ്ഞ രാത്രി അൽഫോൻസ വന്ന്. എന്റെ കൈക്കു കയറിപ്പിടിച്ചു വലിച്ചിഴയ്ക്കുകയും അനാവശ്യം പറയുകയും ചെയ്തു. ഇനി ഞാനിവിടെ താമസിക്കുന്നില്ല."

ഇതു കേട്ടപ്പോൾ യേശുവിന്റെ ദേഹത്തിലുള്ള രക്തം മുഴുവൻ മുഖത്തേക്ക് ഇരച്ചുകയറി. ദേഷ്യത്തോടെ അവൻ അതിവേഗം അൽഫോൻസയുടെ ആഫീസിലേക്കു ചെന്നു. എന്നാൽ അന്ന് അൽഫോൻസ ഭാഗ്യവാനായിരുന്നു. അയാൾ അവിടെ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നെന്ന് ആക്കും പറയാൻ വയ്യ. അൽഫോൻസയെ ആഫീസിൽ കാണാതിരുന്നതിനാൽ അതേ ദേഷ്യത്തോടെ യേശു മടങ്ങിപ്പോന്നു. അന്നു രാത്രി അവൻ അൽഫോൻസയെ കാത്തുനിന്നു. രാത്രി ഏതാണ്ട് ഒരുമണിയായപ്പോൾ അൽഫോൻസ അവരുടെ വീട്ടിലേക്കു നടന്നുവന്നു. ഇത്തരം കാര്യങ്ങളിലെല്ലാം അയാൾ കാർ ഉപയോഗിക്കാറില്ല. കുറച്ചകലെയുള്ള നാല്ക്കവലയിൽ കാറിട്ടശേഷം നടന്നു പോകാറാണു പതിവ്. ഡ്രൈവർ അവിടെ കാത്തിരുന്നുകൊള്ളും.

അൽഫോൻസ യേശുവിന്റെ വീടിന്റെ ചെറിയ

മുള്ളുഗേററു തള്ളിത്തുറന്നു കയറിയ ഉടനെ യേശു അയാളുടെ നേരെ പുലിയെപ്പോലെ ചാടിവീണു. അൽഫോൻസ പേടിച്ചുപോയി. ഒന്നുരണ്ടടി പുറകോട്ടു ഞെട്ടിമാറിയശേഷം അയാൾ യേശുവിനെ അത്ഭുതത്തോടെ നോക്കി: 'ഇവനെന്താണു് ഭ്രാന്തുപിടിക്കയാണോ! ഇവൻെറ ഇന്നത്തെ സ്വത്തു മുഴുവൻ എൻെറ കൈയിലാണു്!' അയാൾ മനസ്സിൽ കരുതി.

യേശു അലറി: "ഇന്നലെ താൻ എന്തിനാണു് എൻെറ കെട്ടിയവളെക്കേറിപ്പിടിച്ചു വലിച്ചിഴച്ചതു്? ഇതു മാന്യന്മാക്കു ചേന്ന പണിയാണോ? ഇനിയും തന്നെ എന്നെങ്കിലും ഈ പരിസരത്തു കണ്ടാൽ അന്നു ഞാൻ തൻെറ കുടലെടുക്കും. നായിൻെറ മോനേ! ഇവിടെനിന്നു വേഗം പൊയ്ക്കോ. ഞാൻ പറയുന്നതു് ഓർത്തോ, എൻെറ പേരു് യേശുദാസൻ എന്നാണു്. ഞാൻ ഈ ലോകത്തിൽ ആരെയും കണക്കാക്കാറില്ല."

അൽഫോൻസയുടെ സ്രാവുപോലെയുള്ള മുഖത്തു വികൃതമായ പുഞ്ചിരിയുണ്ടായി. പല്ലിറുമ്മിക്കൊണ്ടു് അയാൾ പറഞ്ഞു: "ഉം. ഈ വേശ്യയെ എനിക്കു തരാതെ നീ എത്രത്തോളം പോകുമെന്നു കാണണം."

കോപാക്രാന്തനായ യേശു ആ നീചൻെറ നാക്കു പിഴുതെടുക്കാൻതന്നെ തയ്യാറായി. പക്ഷേ, ആഞ്ജെല തടഞ്ഞു. അവൾ അൽഫോൻസയോടു വെറുപ്പോടെ പറഞ്ഞു: "ജീവൻ വേണമെങ്കിൽ പൊയ്ക്കോ."

യേശുവിൻെറ ഭയാനകമായ മുഖം കണ്ടിട്ടു ചാട്ടവാറേറ്റ നായയെപ്പോലെ അൽഫോൻസ സ്ഥലംവിട്ടു. പക്ഷേ, പിറേറദിവസംമുതൽ വിഷമതകൾ ഉണ്ടാകാൻ തുടങ്ങി.

അന്നു ഞായറാഴ്ചയായിരുന്നു. ചെറുപ്പകാലംമുതൽ

ഞായറാഴ്ചതോറും പള്ളിയിൽ പോകുക യേശുവിൻെറ സ്വഭാവമായിരുന്നു. അന്നു കാലത്തും അവനും ആഞ്ജെലയുംകൂടി പള്ളിയിൽ പോയി. പക്ഷേ, പള്ളിക്കാരിൽ ഒരാൾ വെളിയിൽ വന്നു പറഞ്ഞു:

"യേശുദാസൻ, നിനക്കു പള്ളിയിൽ കയറാൻ അനുവാദമില്ല. അച്ചൻ ഉത്തരവിട്ടുകഴിഞ്ഞു."

യേശു ഇതുകേട്ട് അമ്പരന്നുപോയി. ഓർമ്മവെച്ച കാലംമുതൽ അവൻ വളർന്നതു് ഈ പള്ളിയുടെ പരിസരത്തിലാണു്. ഇന്നു് ഏതോ ഒരുത്തൻ വന്നു പറയുകയാണു് 'നിനക്കു പള്ളിയിൽ പ്രവേശനം ഇല്ല' എന്നു്. യേശു ഉഗ്രമായി ഗർജ്ജിച്ചു: "ഈ പള്ളി തന്റെ അപ്പന്റെ വകയാണോ? ഇന്നു ഞായറാഴ്ചയാണു്. എന്നെ ദേഷ്യം പിടിപ്പിക്കാതെ."

ആ സമയം വൈദികൻ അവിടേക്കു വന്നു. അദ്ദേഹം യേശുവിൻെറ അട്ടത്തുചെന്നിട്ടു പറഞ്ഞു: "യേശു, നീ ഒരു വേശ്യാസ്ത്രീയെയാണു് കല്യാണംകഴിച്ചിട്ടുള്ളതു്. അവൾ ക്രിസ്ത്യാനിയുമല്ല. മുസ്ലീം അല്ലേ അവൾ? അതു നീ എന്നോടു പറഞ്ഞിട്ടില്ല. കർത്താവിൻെറ ഈ ദേവാലയം അശുദ്ധമാക്കാൻ നിന്നെപ്പോലെ ഒരു പാപിയെ ഞാൻ സമ്മതിക്കില്ല. നീ ഇനി ഈ പള്ളിയിൽ കയറാൻ പാടില്ല."

ഇതെല്ലാം ആരുടെ പണിയാണെന്നു മനസ്സിലാക്കാൻ യേശുവിനു് അധികംസമയം വേണ്ടിവന്നില്ല. അതിനാൽ അവൻ രണ്ടാമതു് ഒരു വാക്കു പറയാതെ ആഞ്ജെലയുടെ കൈയുംപിടിച്ചു വീട്ടിലേക്കു തിരിച്ചു. മടങ്ങിവന്നു് അവൻ കമഴ്ന്നുകിടന്നു് ഒരു കുട്ടിയെപ്പോലെ കരയാൻതുടങ്ങി.

ഇക്കൂട്ടർ അല്പം ശാന്തതയോടെ ജീവിക്കാൻ അവനെ അനുവദിക്കില്ലേ? അവൻ പള്ളിയിൽനിന്നു മടങ്ങിവന്ന് ഏതാനും നിമിഷം കഴിഞ്ഞപ്പോൾ അൽഫോൻസയുടെ മാനേജർ അവന്റെ വീട്ടിൽ വന്നു. യേശുവിനെ കണ്ടയുടനെ അയാൾ ഉച്ചത്തിൽ പറയാൻതുടങ്ങി:

"നീ എന്തൊരു റാസ്കലാണ്! ഒരു ദുഷിച്ച പെണ്ണിനുവേണ്ടി നീ പള്ളിയിലെ അച്ചൻെറയടുത്തു നുണ പറയാൻപോലും ധൈര്യപ്പെട്ടല്ലോ?"

കണ്ണീർ തുടച്ചുകളഞ്ഞശേഷം യേശു ഗൗരവത്തിൽ മറുപടിനല്കി: "നിർത്തു് ഈ വാക്കുകൾ! വേറെ എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയൂ. അല്ലെങ്കിൽ ഉള്ള മാനവുംകൊണ്ടു സ്ഥലംവിട്ടു."

"ഉം. എനിക്കു നിന്നോടു വേറെയും പലതും പറയാനുണ്ടു്. നീ വാങ്ങിയ നൈലോൺ നൂലിൻെറയും ബോട്ടിൻെറയും കടം വേഗം തീർക്കാൻ മുതലാളി ഉത്തരവായിട്ടുണ്ടു്. അതു പറയാനാണു ഞാൻ വന്നതു്. ഒന്നുകിൽ പണം തിരികെ തരിക. അല്ലെങ്കിൽ നിനക്കു തോണിയും വലയും മററു പലതും നഷ്ടപ്പെടും."

അതു പറഞ്ഞു മാനേജർ അർത്ഥഗർഭമായി പുഞ്ചിരിച്ചു. യേശുവിന് അതു സഹിക്കാൻ കഴിഞ്ഞില്ല. അവൻ ഉച്ചത്തിൽ അലറി:

"നിങ്ങളുടെ കടം ഞാൻ ഒരു മാസത്തിനകം തീർക്കും. അതിന്നു് എനിക്കു കഴിഞ്ഞില്ലെങ്കിൽ വന്നു തോണിയും വലയും കൊണ്ടുപൊയ്ക്കോ. അതിനിടയ്ക്കു നിങ്ങൾ ആരെങ്കിലും തോണിയിൽ വന്നു തൊട്ടുപോയാൽ തല കാണുകയില്ല."

കിതച്ചുകൊണ്ടു് യേശു തുടന്നു: "എനിക്കു തോണിയുള്ളതുകൊണ്ടു ഞാൻ മീൻപിടിക്കുന്നു. മീനിനു കിട്ടുന്ന

വിലയുടെ പകുതി നിത്യവും തൻെറ കാല്ക്കൽ വെയ്ക്കുന്നുണ്ടല്ലോ. കൂടാതെ നിങ്ങളുടെ ഫിഷർമെൻ സൊസൈറ്റിയിലേക്കു നിർബ്ബന്ധമായ പിരിവിനും ഞാൻ പണം തരണം. ഇതിനെല്ലാം നിങ്ങളുടെ ആ ലേലക്കാരൻ വിൻസെൻറുണ്ട്. അവനും നിങ്ങളുടെ ആൾതന്നെ. അവനും എൻെറ രക്തം ഊററിയെടുക്കുകയാണ്. എല്ലാ ഫിഷർമെൻ സൊസൈററികൾക്കും സക്കാരു കൺട്രോൾ നിരക്കിൽ നൈലോൺനൂല്വ തരുന്നുണ്ട്. എന്നിട്ട് അതു വാങ്ങി നിങ്ങൾ മൂന്നിരട്ടി വിലയ്ക്കല്ലേ തരുന്നത്? ഇങ്ങനെയാകുമ്പോൾ ഇവിടത്തെ ഒരു മീൻപിടുത്തക്കാരനു പണം സമ്പാദിക്കാനോ നിങ്ങളുടെ കടം വീട്ടാനോ എങ്ങനെ കഴിയും?''

മാനേജർ ദേഷ്യത്തിൽ മറുപടി നല്കി: ''നിൻെറയടുക്കൽനിന്നു് ഇതെല്ലാം കേൾക്കാനല്ല ഞാൻ വന്നതു്. പറഞ്ഞതിനു നിനക്കു് എന്താണു മറുപടി എന്നു വച്ചാൽ പറയുക. ഞാൻ അതു് യജമാനനോടു പറഞ്ഞുകൊള്ളാം.''

യേശു: ''ഞാൻ അവസാന മറുപടി പറഞ്ഞുകഴിഞ്ഞു. ഒരു മാസത്തിനകം എനിക്കു കടം വീട്ടാൻ കഴിഞ്ഞില്ലെങ്കിൽ അപ്പോൾ തോണിയും വലയും ഞാൻതന്നെ എടുത്തുകൊണ്ടുവന്നു നിങ്ങളുടെ ഓഫീസിൽ തന്നുകൊള്ളാം. പക്ഷേ, സൂക്ഷിച്ചോ. ഈ ഒരു മാസത്തിനുള്ളിൽ എന്നെ ഉപദ്രവിക്കരുതു്.''

യേശുവിൻെറ ദേഷ്യഭാവം മനസ്സിലായ മാനേജർ നിശ്ശബ്ദം സ്ഥലം വിട്ടു.

മദിരാശിഗവണ്മെൻറിൻെറ വക ശംഖുശേഖരണം താമസിയാതെ തുടങ്ങുമല്ലോ എന്നു് യേശു ഓത്തു. അവൻ ശംഖു ശേഖരിക്കുന്നതിൽ വിദഗ്ദ്ധനാണു്. ഒരു ദിവസം ഇരുനൂറു ശംഖു ശേഖരിക്കാൻ കഴിഞ്ഞാൽ

മുപ്പതു രൂപ കിട്ടും. അതിൽ ആക്കും ഓഹരി കൊടുക്കുന്ന പ്രശ്നവുമില്ല. ശ്രമിച്ചാൽ കൂടുതൽ നേടാനും കഴിയും. അങ്ങനെ വളരെ എളുപ്പത്തിൽ കടം മുഴുവൻ വീട്ടാൻ അവനു സാധിക്കും. അവൻെറ ജീവിതംതന്നെ കുഴപ്പത്തിലാണ്. ജീവൻ പോയാലും തോണി തിരികെ കൊടുക്കുന്നതു് അവനു് അസാദ്ധ്യമായിരുന്നു. ആ തോണി അവനു ജീവനേക്കാൾ വലുതാണ്. അവൻെറ അഭിമാനത്തിൻെറ പ്രശ്നമാണ്. അവനെ സംബന്ധിച്ചിടത്തോളം ആ തോണിക്ക് ആഞ്ജെലയുടെയത്ര സ്ഥാനമുണ്ടു്. ജീവൻ നിലനില്ക്കുന്നിടത്തോളംകാലം ഇവയിൽ ഏതെങ്കിലും ഒന്നിനു് അപമാനം ഏല്ക്കുകയെന്നതു് അവനു് അസഹനീയമായിരുന്നു.

* * *

ശംഖു ശേഖരിക്കുന്നതിൽ ആദ്യദിവസങ്ങളിൽ അവനു വലിയ ഭാഗ്യം സിദ്ധിച്ചു. ഇങ്ങനെയായാൽ ഒരു മാസംകൊണ്ടു് ആയിരം രൂപയെങ്കിലും എളുപ്പത്തിൽ സമ്പാദിക്കാൻ കഴിയുമെന്നു് അവൻ പ്രതീക്ഷിച്ചു. എന്നാൽ പെട്ടെന്നു് ആ സ്രാവിനെക്കൊണ്ടുള്ള ഉപദ്രവം ആരംഭിച്ചു.

രാത്രി കൂടുതൽ ഇരുട്ടിത്തുടങ്ങി. ആ ദുഷ്ടസ്രാവാകട്ടെ ജലത്തിനടിയിലെ അന്ധകാരത്തിൽ മറഞ്ഞശേഷം ഒളിച്ചിരിക്കയാണ്. പൊങ്ങിവരുന്നതേയില്ല.

പെട്ടെന്നു് ഞെട്ടിപ്പിക്കുന്ന ഒരു ചിന്ത അവൻെറ മനസ്സിൽക്കൂടി പാഞ്ഞുപോയി. ഈ അദ്ധരാത്രിക്കു് അവൻ കടലിൽ വന്നിരിക്കയാണ്. അൽഫോൻസസ്സു് ഇതു് അറിയാമോ ഇല്ലയോ എന്നു് ആക്കറിയാം! അൽഫോൻസ രാത്രിയിൽ ഉറങ്ങുകയില്ല. രാത്രി മുഴുവൻ തെരുവുകളിൽ

അലഞ്ഞുനടക്കും. അയാളുടെ ആളുകളും നഗരത്തിൻെറ ഓരോ മുക്കിലും മൂലയിലും ഉണ്ടാകും. അയാൾ ആഞ്ജെലയെ ഒററയ്ക്കു വീട്ടിൽ കണ്ടാൽ എന്തുതന്നെ ചെയ്യുകയില്ലെന്നു് ആരറിഞ്ഞു!

ഈ ചിന്ത മനസ്സിൽ കടന്ന ഉടനെ യേശു കുന്തം എടുത്തു തോണിക്കുള്ളിൽ തള്ളിയിട്ടശേഷം ചൂണ്ടയും ചരടും വെള്ളത്തിൽനിന്നു വലിച്ചുകയററി. ചൂണ്ടയിൽനിന്നു് ഇര വലിച്ചെടുത്തു് കടലിൽ എറിഞ്ഞു. അവൻ ഒരു നിമിഷംപോലും പാഴാക്കിയില്ല. തോണിയിലെ പായ നിവത്തി അതിവേഗം യാത്രതിരിച്ചു. ഒരു മണിക്കൂർകൊണ്ടു് അവൻ തീരത്തെത്തി. കരയടുത്ത ഉടനെ മറെറാന്നും ശ്രദ്ധിക്കാതെ തോണിയിൽനിന്നു കുന്തവും എടുത്തു് അവൻ നേരെ വീട്ടിലേക്കു പായുകയാണുണ്ടായതു്. തോണി കരയ്ക്കു കയററിവയ്ക്കാൻപോലും നിന്നില്ല. നങ്കൂരത്തിൽത്തന്നെ നിത്തിയതേയുള്ളു. അതിവേഗം അവൻ വീട്ടിലെത്തി. ഗേറ്റു തുറന്നുകിടക്കുന്നതു കണ്ടപ്പോൾത്തന്നെ അവൻെറ ഹൃദയം പിടഞ്ഞു. മുററത്തു കയറിയ യേശു അവിടെ ഒരു നിമിഷം നിശ്ചലനായി നിന്നു.

തെരുവുവിളക്കിൻെറ പ്രകാശം മുറ്റത്തു് എത്തിയിരുന്നു. അവൻ ആ മങ്ങിയവെളിച്ചത്തിൽ ചുറ്റും നോക്കി. ഏതാണ്ടു് ഇരുപതടി അകലെയുണ്ടായിരുന്ന വേപ്പിന്റെ നിഴലിലാണു് അവൻെറ കണ്ണുകൾ തടഞ്ഞതു്. അവിടെ അൽഫോൻസ ഒരു വസ്ത്രത്തിന്റെ അററം പിടിച്ചു വലിക്കുന്നതു് അവൻ കണ്ടു. ആ പിശാചിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കുന്ന ആഞ്ജെലയേയും ആ മരത്തിൻെറ മറവിൽ അവൻ കണ്ടു.

'ആഞ്ജെല! ഇവിടെ കിടന്നു നിലവിളിച്ചാൽ

പോലും ആരും ഓടിയെത്താനില്ല. അത്രയ്ക്കു ജനശൂന്യമാണ് ഇവിടം.'

അൽഫോൻസ ഗേററിനു പുറംതിരിഞ്ഞു നില്ക്കുകയായിരുന്നു. യേശു വന്നതു് അയാൾ കണ്ടില്ല.

യേശുവിൻെറ ശിരസ്സിലേക്കു ശരീരത്തിലുണ്ടായിരുന്ന രക്തം മുഴുവൻ ഇരച്ചുകയറി. അവനറിയാതെതന്നെ കൈയിലിരുന്ന കുന്തത്തിൽ പിടി മുറുകുകയും അവൻ അതു തലയ്ക്കു മുകളിൽ ഉയർത്തിപ്പിടിക്കുകയുംചെയ്തു. പെട്ടെന്നാണു് അതു സംഭവിച്ചതു്. ഉള്ളിലുണ്ടായ ഒതുങ്ങാത്ത പകയോടെ അവൻ ആ കുന്തം അൽഫോൻസയുടെ നേരെ വലിച്ചെറിഞ്ഞു. കണ്ണടച്ചു തുറക്കുന്ന സമയത്തിനിടയ്ക്കു കുന്തം അൽഫോൻസയുടെ ശരീരത്തിൽ തുളഞ്ഞുകയറി. അയാളിൽനിന്നു് ഒരു ശബ്ദംമാത്രം പുറത്തുവന്നു. അൽഫോൻസ തറയിൽ വീണു; ശരീരം നിശ്ചലമായി. അവിടമാകെ രക്തം തളംകെട്ടി. അങ്ങനെ പ്രതീക്ഷിച്ചതിലും വലിയ ഒരു സ്രാവിനെ യേശുദാസൻ അന്നു വധിച്ചു.

# രണ്ടു സാഗരനാടകങ്ങൾ

ആ കപ്പൽ മാഴ്സേതുറമുഖത്തുണ്ടായിരുന്ന ഏതാനും മണിക്കൂറുകൾക്കുള്ളിൽ രണ്ടു നാടകങ്ങൾ ഒന്നിനു പുറകെ മററൊന്നായി 'ക്ലൈമാക്സി'ൽ എത്തി. രണ്ടും തികച്ചും അപ്രതീക്ഷിതമായ വിധമാണ് അവസാനിച്ചതു്.

മാഴ്സേയിൽനിന്നു് ഏതാണ്ടു് ഇരുപതുനാഴിക അകലെ മെഡിറ്ററേനിയന്റെ തീരത്തുള്ള 'ലാ മാർനേ' എന്ന ചെറിയ ഗ്രാമത്തിൽ ഞങ്ങൾ വന്നുചേൎന്നു. തോമസ് കുക്ക് കമ്പനി ഏപ്പ്പാടുചെയ്തതായിരുന്നു ഞങ്ങളുടെ 'കോച്ച് ടൂർ.' കപ്പലിലെ യാത്രക്കാരെയും വഹിച്ചു് അതിരാവിലെ ഏതാനും ബസ്സുകൾ തുറമുഖത്തുനിന്നു യാത്ര പുറപ്പെട്ടതാണു്. മെഡിററേനിയൻെറ അടുത്തുള്ള ഫ്രഞ്ചുതീരത്തു് ഒരുദിവസം മുഴവൻ ഞങ്ങൾ 'തകൎത്തു.' നല്ല സ്വാദുള്ള സാൻഡ്‌വിച്ച് വയറുനിറയെ കഴിച്ചു; തൃപ്തിയാവോളം ഷാംപെയ്ൻ കുടിച്ചു. മദ്ധ്യതരണ്യാഴിയിലെ നീലശാന്തജലത്തിൽ നീരാടി. വൈകുന്നേരം ബസ്സുകളിൽ തിരികെ പോരാൻ ഭാവിച്ചപ്പോഴാണു് ബോബി ഞങ്ങളുടെ ബസ്സിൽ കയറി എൻെറ അടുത്തു വന്നിരുന്നതു്. വന്നയുടനെ എന്റെ വലത്തുകൈ എടുത്തു് അമത്തിക്കൊണ്ടു പറഞ്ഞു:

"സെൻ, ഞാൻ നിങ്ങളെയാണു് അന്വേഷിച്ചിരുന്നതു്."

ഞാൻ ജിജ്ഞാസയോടെ അയാളുടെ മുഖത്തു നോക്കി. "നിങ്ങൾക്കു പ്രത്യേകിച്ച് എന്തെങ്കിലും എന്നോടു ചോദിക്കാനുണ്ടോ? അതോ, നിങ്ങൾ എത്ര കുപ്പി ഷാം

പെയ്ൻ കുടിച്ചു എന്നും ഈ ചുരുങ്ങിയ സമയത്തിനു ള്ളിൽ എത്ര ഫ്രഞ്ചുയുവതികളുമായി ശൃംഗരിച്ചു എന്നും ഉള്ളതിൻെറ കണക്കു ഞാൻ കേൾക്കണ്ടേ?''—പക്ഷേ, ഞാൻ അത്ഭുതപ്പെട്ടുപോയി. ബോബി ആ പഴയ ബോബി ആണെന്നു തോന്നിയില്ല. അയാളുടെ കണ്ണുക ളിൽ എനിക്കു സുപരിചിതമായ ആ ചഞ്ചലഭാവം ക ണ്ടില്ല. മുഖം ഗൗരവപൂർണ്ണമായിരുന്നു. അല്പം അന്യമ നസ്കഭാവവും ഉണ്ടായിരുന്നു.

സത്യം പറഞ്ഞാൽ ബോബിയെ അത്തരം ഒരു ഭാ വത്തിൽ കാണാമെന്നു പ്രതീക്ഷിക്കാവുന്നതല്ല. ബോബി ഗൗരവക്കാരനായിരിക്കുന്നു; അന്യമനസ്കനായിരിക്കു ന്നു! ഇതു തികച്ചും അസ്വാഭാവികമായ കാര്യമാണു്.

ഞാൻ ചോദിച്ചു: ''നിങ്ങൾക്കു് എന്തുപററി?''

അയാൾ സംക്ഷിപ്തമായി പറഞ്ഞു: ''ഒരു അത്ഭുത സംഭവം നടന്നിരിക്കുന്നു.''

ബോബി നിശ്ശബ്ദനായി. എങ്കിലും എൻെറ കൈ അയാളുടെ കൈയിൽവെച്ചുകൊണ്ടേയിരുന്നു. അതിനാൽ അയാൾക്കു് ഇനിയും എന്തെങ്കിലും പറയാനുണ്ടാകും എന്നു ഞാൻ കരുതി.

''എന്നോടു വിശദമായി പറയൂ. ഇനിയും എന്തോ പറയാനുണ്ടെന്നു തോന്നുന്നല്ലോ?''

''ഉവ്വ്. പറയാനുണ്ടു്. പക്ഷേ, എങ്ങനെ ഞാൻ പറയും? വാക്കുകൾ കിട്ടുന്നില്ല.''

ഞാൻ വിസ്മയിച്ചു. ബോബി ഒരു ഒന്നാംകിട വാ ചാലനാണു്. സ്ത്രീകളോടു ശൃംഗരിക്കുന്നതിൽ അതിവിദ ഗ്ദ്ധനാണു്. ആ ബോബിക്കു വാക്കുകൾ കിട്ടുന്നില്ല!

''എന്തു്, നിങ്ങൾക്കു വാക്കുകൾ കിട്ടുന്നില്ലേ? നെൽ

നദിയിൽ വെള്ളമില്ലെന്നാണോ ഞാൻ വിശ്വസിക്കേണ്ടതു്?''

ബോബി എൻെറ മുഖത്തു ദൃഷ്ടികൾ ഉറപ്പിച്ചു. വാക്കുകൾ കിട്ടിയമട്ടിൽ പുഞ്ചിരിച്ചശേഷം ശാന്തനായി മറുപടി പറഞ്ഞു: "അല്പസമയം മുമ്പ് ആ പഴയ ബോബി മരിച്ചു. ഒരുപക്ഷേ, മദ്ധ്യതരണ്യാഴിയിലേതു പോലെയുള്ള ആഴത്തിലാണു താഴ്ന്നതു്. മരിക്കുന്നതിനു മുമ്പു വളരെയധികം കഷ്ടപ്പെടേണ്ടിവന്നു. എന്നാൽ ആ മരണത്തിനുശേഷം ആ കഷ്ടപ്പാടുകളേക്കാൾ എത്രയോമടങ്ങ് ആനന്ദമാണു ഞാൻ അനുഭവിച്ചതു്. ആ സമയത്തു ഞാൻ നിങ്ങളെ അന്വേഷിക്കയായിരുന്നു. നിങ്ങളെ മാത്രം. നിങ്ങളാണു് എൻെറ ഈ മരണത്തിനു കാരണമെന്ന കാര്യം അറിയാമോ?''

മറെറാരവസരത്തിലാണെങ്കിൽ ബോബി തമാശ പറയുകയാണെന്നു ഞാൻ കരുതുമായിരുന്നു. എന്നാൽ ഇപ്പോൾ അയാളുടെ ഗൗരവംനിറഞ്ഞ മുഖവും ഭയാനകമായ ഭാവവും ഗംഭീരമായ സ്വരവുംമൂലം ബോബി തമാശ പറയുകയാണെന്നു് എനിക്കു തോന്നിയില്ല.

ഞാൻ പറഞ്ഞു: "എനിക്കു് ഒന്നും മനസ്സിലാകുന്നില്ല, ബോബി. ഏതുവിധത്തിലാണു് ഞാൻ ഇതിനു് ഉത്തരവാദിയാകുന്നതെന്നു് അറിയുന്നില്ല.''

ബോബി: "നിങ്ങളറിയാതെതന്നെ എന്തൊരു ഉപകാരമാണു് നിങ്ങൾ എനിക്കു ചെയ്തതെന്നു മനസ്സിലാകുമ്പോൾ സ്വയം അഭിനന്ദിക്കും.''

അല്പസമയം മുമ്പു ബസ്സു നീങ്ങാൻ ആരംഭിച്ചിരുന്നു. ലാ മാർനേഗ്രാമത്തിൽനിന്നു ഞങ്ങൾ നിമ്നോന്നതമായ ഒരു വഴിയിലൂടെ യാത്രയായി. വണ്ടിനെപ്പോലെ മുരണ്ടുകൊണ്ടു ഞങ്ങളുടെ ബസ്സ് ഒരു പൈൻകാട്ടിലൂടെ നീങ്ങി.

ബോബി വീണ്ടും ആരംഭിച്ചു: "നാം ബോംബെ വിട്ട രണ്ടാംദിവസമാണു് നിങ്ങൾ എനിക്കു് ആദ്യത്തെ ഉപകാരം ചെയ്തതു്. അന്നു പകൽ മുഴവൻ ഞാൻ കൽക്കട്ടയിൽനിന്നു വന്ന മിസ് മജ്ജുംദാരുടെ പുറകെ ഭ്രാന്തു പിടിച്ചു നടക്കുകയായിരുന്നു. വൈകുന്നേരം ഡിന്നറിനു ശേഷം നിങ്ങളാണു് എന്നെ ഒരു മൂലയിൽ വിളിച്ചു മന്ത്രിച്ചതു്—പണ്ഡിതനായ സമർ റോയ് മിസ് മജ്ജുംദാരുടെ കാമുകനാണെന്നു്. നിങ്ങൾ അതു് ഓക്കുന്നുണ്ടോ?"

"ഉം."

ബോബി തുടർന്നു: "ഞാനൊരു പഴയ പാപിയാണു്. വൈനും സ്ത്രീയും എന്റെ നിത്യസഖികളാണെന്നതു സത്യമാണു്. എന്നാൽ മറ്റൊരാളുടെ 'വസ്തു'വിൽ ഞാൻ കണ്ണുവെയ്ക്കുകയില്ല. അന്നുരാത്രി നിങ്ങൾ എനിക്കു മുന്നറിയിപ്പുതന്നില്ലായിരുന്നുവെങ്കിൽ എന്തെങ്കിലും കളങ്കം സംഭവിക്കുമായിരുന്നു. പക്ഷേ, എനിക്കു് എങ്ങനെ അറിയാം ഇക്കാര്യമെല്ലാം? ലൗഞ്ജിന്റെ ഒരു മൂലയിൽ പുസ്തകക്കൂനകളുടെയിടയിൽ റോയ് സദാസമയവും കുത്തിയിരിക്കുന്നതു് എല്ലാവരും കണ്ടിട്ടുള്ളതാണു്. അതേസമയം മിസ് മജ്ജുംദാരുടെ ചുററും ആരാധകന്മാർ കൂടിനില്ക്കുന്നതും എല്ലാവരും കാണാറുണ്ടു്. എല്ലാവരുടേയും കാഴ്ചക്കു് അതീതമായി എന്തു ബന്ധമാണു് അവക്കുള്ളതെന്നു ഞാൻ എങ്ങനെ അറിയും? കൂടാതെ ആദ്യദിവസം മിസ് മജ്ജുംദാർ എന്നിൽ അല്പം കൂടുതൽ താല്പര്യം കാണിച്ചതായും എനിക്കു തോന്നി."

ഞാൻ: "പുറമേ എന്തെല്ലാം തോന്നിയാലും എനിക്കു് അവരെ കൽക്കട്ടയിൽവെച്ചുതന്നെ അറിയാം. അവരോടൊന്നിച്ചു കൽക്കട്ടയിൽനിന്നു ബോംബെവരെ ഒരേ

തീവണ്ടിയിൽ ഒരേ കമ്പാർട്ടുമെൻറിലാണു് ഞാൻ യാത്ര ചെയ്തതു്.''

ബോബി: ''ഉം. അതു പിന്നീടു് എനിക്കു മനസ്സിലായി. അന്നുരാത്രി മറ്റു് എല്ലാവരും ഉറങ്ങാൻ തങ്ങളുടെ ക്യാബിനുകളിൽ പോയിക്കഴിഞ്ഞപ്പോൾ കപ്പലിൻെറ മേൽത്തട്ടിലെ ഒരു ഒഴിഞ്ഞ കോണിൽവെച്ചു് റോയ് മിസ് മജ്ജുംദാരെ ആലിംഗനംചെയ്യുകയായിരുന്നു. ഞാൻ യാദൃച്ഛികമായാണു് അവരെ കണ്ടതു്. മിസ് മജ്ജുംദാരുടെ വാക്കുകളും ഞാൻ കേട്ടു: 'നിങ്ങൾ എൻെറ ഡിയറസ്റ്റ് ഡിയർ ഡാർലിംഗ് ആണു്' എന്നു്. ഇപ്പോൾ അതെല്ലാം ഓർക്കുമ്പോൾ എനിക്കു ചിരിക്കാൻതോന്നുകയാണു്. ഏഡനിൽനിന്നു് എന്തെല്ലാം സാധനങ്ങളാണു റോയ് മിസ് മജ്ജുംദാർക്കുവേണ്ടി വാങ്ങിയതെന്നു നിങ്ങൾ കണ്ടോ? മൈ ലോർഡ്! അത്ര വിലകൂടിയ സാധനങ്ങൾ ലക്ഷപ്രഭുക്കൾകൂടി വാങ്ങുകയില്ല.''

ബോബി ഒരുനിമിഷം നിർത്തി. വീണ്ടും തുടന്നു: ''മജ്ജുംദാരെ ഉപേക്ഷിച്ചതിനാൽ ഞാൻ ഒരു അപവാദത്തിൽനിന്നു രക്ഷപ്പെട്ടു. അതു നിങ്ങളുടെ ഉപദേശംകൊണ്ടാണു്. എന്നാൽ അതേസമയം ഞാൻ ഒരു അപകടത്തിൽനിന്നുകൂടി രക്ഷപ്പെട്ടു എന്ന കാര്യം അപ്പോൾ അറിഞ്ഞില്ല. പിന്നീടാണു് എനിക്കു് അതു മനസ്സിലായതു്. അതിനാലാണു ഞാൻ നിങ്ങൾക്കു നന്ദിപറഞ്ഞതു്.''

ഞാൻ ചോദിച്ചു: ''നിങ്ങൾ എന്തു് അപകടത്തിൽ നിന്നു രക്ഷപ്പെട്ടു എന്നാണു പറയുന്നതു്?''

ബോബി മറുപടിനല്കി: ''അതു ഞാൻ പിന്നീടു പറയാം.'' അയാൾ വിഷയം മാറ്റി: ''ആരെന്തു പറഞ്ഞാലും ബോംബെയിൽനിന്നു വരുന്ന ചെറുപ്പക്കാരിൽവെച്ചു റോയിക്കു തുല്യനായി മറെറാരാളില്ല. എന്തൊരു ആകർഷ

ണീയമായ പേഴ്സണാലിററി! മിതഭാഷി! സംസാരി ക്കുന്നതോ, എന്തു മധുരമായി! അയാൾ എന്നെ വളരെയധികം ആകർഷിക്കുകയുണ്ടായി. ഞങ്ങൾതമ്മിൽ പിന്നീട്ട് എന്തു ലോഹ്യത്തിലായിരുന്നെന്നു നിങ്ങൾ കണ്ടതാണല്ലോ. ഷേക്സ്പിയർ എന്നു പറഞ്ഞാൽ റോയിക്കു ഭ്രാന്താണ്. ഈയിടെ നിത്യവും വൈകുന്നേരം ഞാൻ റോയിയെ ഷേക്സ്പിയർകൃതികൾ പാടിക്കേൾപ്പിക്കുന്നതു നിങ്ങൾ കേട്ടിരിക്കും. പക്ഷേ, യാതൊരു മുറുമുറുപ്പുംകൂടാതെ എൻെറ കുടിയുടെ ചെലവുകളെല്ലാം അയാളാണു കൊടുക്കുന്നതു്."

ബോബിക്ക് എന്തെല്ലാം കുററങ്ങളും കുറവുകളും ഉണ്ടെങ്കിലും ശരി, ചില കാര്യങ്ങളിൽ അയാളൊരു ജീനിയസ്സാണ്. മണിക്കൂറുകണക്കിന് ഇത്ര അനർഗ്ഗളമായി ഷേക്സ്പിയർകൃതികൾ മറ്റൊരാൾ പാടുന്നതു ഞാൻ കേട്ടിട്ടില്ല. വാഗ്നറുടെയോ മൊസാർട്ടിൻെറയോ കൃതികൾ വയലിനിൽ ആവാഹിക്കുന്നതിൽ അയാൾ അതുല്യനാണ്. ഇതിനെല്ലാംപുറമെ അയാളൊരു ഒന്നാംകിട ചിത്രകാരൻകൂടിയാണ്. ഷേക്സ്പിയറുടെ 'കിംഗ് ലിയർ' എന്ന നാടകം ബോംബെയിൽ അവതരിപ്പിച്ചിരുന്ന കാലത്താണ് ഞാൻ ബോബിയുമായി പരിചയപ്പെട്ടതു്.

അയാൾ വീണ്ടും സമർ റോയിയുടെ കാര്യത്തിലേക്കു തിരിഞ്ഞു. "എന്തൊരു നല്ല കുട്ടിയാണു റോയ്! മിസ് മജുംദാരുമായി അയാൾ എങ്ങനെയാണു മാനസികമായി അടുക്കുന്നതെന്നു ഞാൻ അത്ഭുതപ്പെടുന്നു. ആ വശീകരണശക്തിയുള്ള ശരീരമൊഴികെ അവൾക്ക് എന്താണുള്ളതു്?"

"മജുംദാർ അല്പം കൂടുതൽ സല്ലാപപ്രിയയാണ്. എങ്കിലും അവൾ റോയിയെ പ്രേമിക്കുന്നുണ്ട്. ഒരുപക്ഷേ,

നിങ്ങൾക്ക് അറിയില്ലായിരിക്കും. അവരുടെ കല്യാണ കാര്യമെല്ലാം തീർച്ചയാക്കിയിരിക്കയാണ്."

"എന്ത്! കല്യാണമോ? ഇല്ല. അതൊന്നും നടക്കാൻ പോകുന്നില്ല."

"എന്താണത്?" ഞാൻ ആരാഞ്ഞു.

ബോബി ചുരുക്കിപ്പറഞ്ഞു: "ആ കഥയെല്ലാം ഞാൻ പിന്നീടു പറയാം."

അടുത്തനിമിഷം അയാൾ വീണ്ടും നിശ്ശബ്ദനായി, വെളിയിലേക്കു കണ്ണയച്ചുകൊണ്ടിരുന്നു. അയാൾ എന്തോ അഗാധമായി ചിന്തിക്കുന്നതുപോലെ തോന്നി.

പാമ്പിനെപ്പോലെ വളഞ്ഞുപുളഞ്ഞ് ആ കുന്നിൻ പാതയിലൂടെ ബസ്സു നീങ്ങിക്കൊണ്ടിരുന്നു. പശ്ചിമാകാശത്തുനിന്ന്, ചുറ്റുമുള്ള ശൂന്യമായ ചുണ്ണാമ്പുകല്ലിൻകുന്നുകളിൽ സൂര്യരശ്മി പതിച്ചു. അങ്ങകലെ ഇടത്തുഭാഗത്ത് മദ്ധ്യതരണ്യാഴിയിലെ ശാന്തനീലജലം വെട്ടിത്തിളങ്ങുന്നതും കാണാമായിരുന്നു.

അതു നോക്കിക്കൊണ്ടു ബോബി മൃദുവായി പറഞ്ഞു: "നിങ്ങൾക്ക് അറിയാമോ? ലൂസിയുടെ സ്വഭാവത്തിന് ഈ മദ്ധ്യതരണ്യാഴിയുമായി അസാമാന്യമായ സാമ്യമുണ്ട്. എന്നാൽ അത് എനിക്കു മുമ്പു തോന്നിയിരുന്നില്ല."

ഞാൻ സവിസ്മയം ജിജ്ഞാസയോടെ ചോദിച്ചു: "ഏതു ലൂസി? ലൂസി ഡോനാട്?"

ബോബി: " അതെ. അവളെപ്പറ്റി നിങ്ങളോടു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എനിക്കു ചെയ്ത രണ്ടാമത്തെ ഉപകാരം ലൂസിയെ പരിചയപ്പെടുത്തിത്തന്നതാണ്. നിങ്ങൾക്ക് ഒരുപക്ഷേ, ഓർമ്മയുണ്ടാകും. ഏഡനിൽ എത്തുന്നതിന്റെ തലേ രാത്രി കടൽ ഒരല്പം

ക്ഷോഭിച്ചിരുന്നു. നിങ്ങളെല്ലാം നേരത്തെ കിടന്നു. എന്നാൽ ഞാൻ പതിവില്ലം രണ്ടുകുപ്പി ബിയർകൂടി അധികം കുടിച്ചതിനാൽ വിഷമമൊന്നും ഇല്ലാതെ ഇരുന്നു. അന്നു രാത്രി, ലൂസി എങ്ങനെയുണ്ടെന്നു നോക്കാൻ നിങ്ങൾ എന്നെ അയച്ചു. തീർച്ചയായും നിങ്ങൾ അതു മറന്നു കാണുകയില്ല.''

''അപ്പോൾ ഞാൻ എന്തു പറഞ്ഞെന്നോ ആരോടു പറഞ്ഞെന്നോ ഓർക്കുന്നില്ല. അത്തരം ഒരു അവസ്ഥയിലായിരുന്നു ഞാൻ.''

''നിങ്ങളുടെ അപേക്ഷ സ്വീകരിച്ചു ഞാൻ സ്ത്രീകളുടെ ക്യാബിനടുത്തു പോയി. അപ്പോൾ ലൂസിയുടെ ക്യാബിനു് അടുത്തുള്ള മിസ് മജ്ജുംദാരുടെ ക്യാബിന്റെ ഭാഗത്തുനിന്നു സമർറോയ് വരുന്നതു കണ്ടു. അയാളുടെ കവിളുകൾ ഒട്ടിയിരുന്നു. അയാൾക്കു കടൽച്ചൊരുക്കു ബാധിച്ചതുപോലെ തോന്നി. ആ അവസ്ഥയിലും ആ സാധു മിസ് മജ്ജുംദാരെ കാണാൻ പോയി. പക്ഷേ, അയാൾക്കു് അകത്തു കടക്കാൻ കഴിഞ്ഞെന്നു തോന്നുന്നില്ല. മജ്ജുംദാരുടെ മുറിയുടെ അടുത്തുകൂടി കടന്നുപോയപ്പോൾ തുറന്നു കിടന്ന വാതിലിൽക്കൂടി ഞാൻ അകത്തേക്കു നോക്കി. അഞ്ചോ ആറോ യുവാക്കൾ മിസ് മജ്ജുംദാരുടെ കിടക്കയ്ക്കു ചുററും കൂടിനിന്നു് അനുഭാവം പ്രകടിപ്പിക്കുന്നുണ്ടായിരുന്നു. അവർ അവരുടെ കാര്യം നോക്കട്ടെ എന്നു കരുതി ഞാൻ നേരെ ലൂസിയുടെ ക്യാബിൻെറ വാതിലിൽ മുട്ടി. ആ ക്യാബിനിലെ മറേറ ബത്തിലുണ്ടായിരുന്ന ആ അമേരിക്കക്കാരി സ്ത്രീ വന്നു വാതിൽ തുറന്നു. അപ്പോഴൊന്നും എനിക്കു ലൂസിയെ അത്ര നന്നായി അറിയാൻ പാടില്ലായിരുന്നു. കണ്ടിട്ടുണ്ടെന്നല്ലാതെ കാര്യമായി ശ്രദ്ധിച്ചിട്ടില്ല. ആ അമേരിക്കക്കാരിയോടു ഞാൻ ലൂസി

യുടെ വിവരം അന്വേഷിച്ചു. അവർ മുകളിലത്തെ ബെത്ത് കാണിച്ചുതന്നു. അവിടെ ലൂസി അർദ്ധബോധാവസ്ഥയിൽ കിടക്കുന്നതാണു ഞാൻ കണ്ടതു്. ഇടയ്ക്കിടയ്ക്കു ശക്തി മുഴവൻ ഉപയോഗിച്ചു് ഓക്കാനവും ഛർദ്ദിയും തടയാൻ അവൾ ശ്രമിച്ചിരുന്നു. ഞാൻ അവളുടെ സമീപത്തു ചെന്നു 'നിങ്ങൾക്കു് എങ്ങനെയുണ്ടു്? കൂടുതൽ അസുഖം തോന്നുന്നുണ്ടോ' എന്നു ചോദിച്ചു. ആദ്യം അവൾ എന്നെ കാര്യമായി ശ്രദ്ധിച്ചില്ല. അനന്തരം ഏതാനും നിമിഷം എന്നെ തുറിച്ചുനോക്കിയശേഷം പെട്ടെന്നു കിടക്കയിൽനിന്നു് എഴുന്നേററു് അവൾ ഒരുതരം കക്കശസ്വരത്തിൽ പറയുകയാണു്; ഒരുപക്ഷേ, നിങ്ങൾക്കു തെററിപ്പോയിരിക്കും. നിങ്ങൾ അടുത്ത ക്യാബിനായിരിക്കും അന്വേഷിക്കുന്നതു്: അപ്പോൾ ഞാൻ നിങ്ങളെപ്പററി പറഞ്ഞു. നിങ്ങളാണു് എന്നെ അയച്ചതെന്നും നിങ്ങൾക്കു സുഖമില്ലാത്തതിനാൽ വരാൻ കഴിയാത്തതാണെന്നും ഞാൻ പറഞ്ഞു. എന്നാൽ ലൂസി അതേസ്വരത്തിൽത്തന്നെ വീണ്ടും മറുപടിനല്കി: 'വളരെ നന്ദിയുണ്ടു്. എനിക്കു യാതൊന്നും ആവശ്യമില്ല. സുഖംതന്നെ.' ഇത്രയും പറഞ്ഞുകഴിഞ്ഞയുടനെ അവൾ ശക്തിയായി ഛർദ്ദിക്കാൻ തുടങ്ങി. അതിൽ രക്തംകൂടി ഉണ്ടായിരുന്നതു ഞാൻ കണ്ടു.

"എങ്കിലും അവളുടെ വാചകങ്ങൾ എന്റെ അഭിമാനത്തിനു മുറിവേല്പിച്ചു. എന്തൊരു മര്യാദയില്ലാത്തവളാണു് അവൾ! അവളുടെ ആരോഗ്യത്തെപ്പററിയുള്ള എന്റെ അന്വേഷണത്തിനു് ഇത്ര മര്യാദകെട്ട മറുപടിയാണോ അവൾ പറയേണ്ടതു്? ഞാൻ അല്പം കടുത്തഭാഷയിൽ മറുപടിപറയാൻപോയതാണു്. പക്ഷേ, അവൾ നിങ്ങളുടെ സുഹൃത്തിൻെറ മകളാണല്ലോ എന്നോർത്തു ഞാൻ അടങ്ങി."

ഞാൻ പറഞ്ഞു: "ലൂസിയുടെ അച്ഛൻ എന്റെ മൂത്ത ജ്യേഷ്ഠൻെറ സുഹൃത്തായിരുന്നു. അവർ രണ്ടുപേരും ഒരുമിച്ച് മദ്ധ്യപ്രദേശിൽ താമസിച്ചിട്ടുണ്ട്. എനിക്ക് അന്നുമുതൽ ലൂസിയെ അറിയാം."

ബോബി: "അതെന്തുമാകട്ടെ. എന്തൊരു പെണ്ണാണ് അവൾ! ഓ! എന്തൊരു സ്വഭാവം! ഏതായാലും അവളുടെ മുറിയിൽനിന്നു വന്ന ഉടനെ ഒരു ഡോക്ടറെ വിളിച്ച് അവൾക്കു വേണ്ട മരുന്നുകൾ കൊടുക്കാൻ ഞാൻ ഏർപ്പാടുചെയ്തു. എന്നാൽ അവൾ എന്തുകൊണ്ട് ഇത്ര കർക്കശമായി പെരുമാറി എന്നതോർത്ത് എൻെറ മനസ്സു വേദനിച്ചുകൊണ്ടേയിരുന്നു. അല്പനേരം ആലോചിച്ചപ്പോൾ തലേ രാത്രിയിൽ നടന്ന സംഭവം എൻെറ ഓർമ്മയിലെത്തി. നിങ്ങളുടെയെല്ലാം കാഴ്ചയ്ക്ക് അപ്പുറത്താണ് അതു നടന്നത്. അന്നു വൈകുന്നേരം ഞാൻ പതിവിലേറെ കുടിച്ചിരുന്നു. ആ തെറിച്ച ആസ്ട്രേലിയക്കാരി പെണ്ണാകട്ടെ, അണ്ണാനെപ്പോലെ എൻെറ കണ്ണിൻമുമ്പിൽ ഓടിച്ചാടി നടക്കുകയായിരുന്നു. അവൾ അല്പം കൂടുതൽ ശൃംഗരിക്കുന്ന കൂട്ടത്തിലാണെന്നും എനിക്ക് അറിയാം. രാത്രി പന്ത്രണ്ടു മണിയായപ്പോൾ അവളെ ലാണ്ടറിമുറിയുടെ അടുത്തുള്ള ആളൊഴിഞ്ഞ ഒരു മൂലയിൽ എത്തിക്കാൻ എനിക്കു കഴിഞ്ഞു. അവിടെ നിന്ന് ഞാൻ അവളുമായി സൊള്ളുകയായിരുന്നു. പെട്ടെന്ന് ആ ലാണ്ടറിമുറിയുടെ വാതിൽ തള്ളിത്തുറന്ന് ഒരു സ്ത്രീരൂപം ഞങ്ങളുടെ മുമ്പിൽക്കൂടി കടന്നുപോയി. അവൾ ആരാണെന്ന് എൻെറ സ്വപ്നാവസ്ഥയിൽ എനിക്കു ശരിക്കു മനസ്സിലായില്ല. പിന്നീടു ലൂസിയെ കണ്ടപ്പോൾ അതു് അവളല്ലാതെ മററാരുമായിരുന്നില്ലെന്ന് എനിക്കു തോന്നി.

അത്ര രാത്രിയാകുന്നതുവരെ ലാണ്ടറിമുറി തുറന്നുകിടക്കുമെന്നു ഞാൻ കരുതിയില്ല.''

ബോബി ഒരുനിമിഷം നിത്തിയശേഷം എന്നോടു ചോദിച്ചു: ''നാം ഏഡനിലെത്തിയ അന്നു രാവിലെ മാത്രമാണു കടൽ ശാന്തമായതു് അല്ലേ?''

''അതെ''—ഞാൻ മറുപടിനല്കി: ''അന്നു രാവിലെ എല്ലാവക്കും ഏറെക്കുറെ സുഖമായി.''

ബോബി തുടന്നു: ''ആ രാവിലെ സൂര്യോദയത്തിനു മുമ്പു് ഞാൻ കപ്പലിൻെറ മുകൾത്തട്ടിൽ നില്ക്കുകയായിരുന്നു. ലൂസി അവിടെവന്നു് എൻെറ അടുത്തുനിന്നശേഷം അഭിവാദനംചെയ്തു. അവളുടെ ശബ്ദം വരണ്ടിരുന്നു. താൻ തലേരാത്രിയിൽ എന്തോ പറഞ്ഞതിൽ ഖേദിക്കുന്നു എന്നും ക്ഷമിക്കണം എന്നും മാത്രം പറഞ്ഞിട്ടു് അവൾ തിരിഞ്ഞുനടന്നു. സത്യം പറയാമല്ലോ, മിസ്റ്റർ സെൻ, അവളുടെ വാക്കിലോ പ്രവൃത്തിയിലോ ഖേദത്തിൻെറ യാതൊരു അംശവുമുണ്ടായിരുന്നില്ല. തന്നെയുമല്ല, എന്തെങ്കിലും ഒരു വാക്കു പറയുന്നതിനു് അവൾ എനിക്കു് അവസരം തന്നതുപോലുമില്ല. കാലത്തുതന്നെ ആ ദിവസത്തിൻെറ രസം മുഴുവൻ എനിക്കു നഷ്ടപ്പെട്ടു. അതിനുശേഷം ഞാൻ അവളെ പലപ്പോഴും കാണുകയുണ്ടായി. കപ്പലിൻെറ മുകൾത്തട്ടിൽ നില്ക്കുകയോ ഇരിക്കുകയോ ചെയ്തുകൊണ്ടു് അവൾ കടലിലേക്കു നോക്കുകയായിരിക്കും പതിവു്. നിങ്ങൾ അതു കണ്ടിരിക്കും അല്ലേ?''

''ഉവ്വ്. ഉവ്വ്. അവൾ ഏകാന്തത ഇഷ്ടപ്പെടുന്നു എന്നു് എനിക്കു് അറിയാം.''

''എന്നാൽ ശൃംഗാരികളായ ചെറുപ്പക്കാർ അവളുടെ അടുത്തു പരാജയപ്പെട്ടിരിക്കയാണു്. കുറേ ദിവസം അവർ അവളുടെ ചുററും ചുററിപ്പററി നടക്കുന്നതു

ഞാൻ അകലെനിന്നു ശ്രദ്ധിച്ചു. എന്നാൽ അവൾ വലിയ ഗൗരവം കാണിച്ചതിനാൽ ഒരൊററയൊരുത്തൻ പോലും അവളോട്ട് അടുക്കാൻ ധൈര്യപ്പെട്ടില്ല. പക്ഷേ, ആ അഗാധവും ഗൗരവപൂർണ്ണവുമായ സ്വഭാവത്തിൽ ഞാൻ ആകൃഷ്ടനായി. ആ വിരട്ടുകുതിരയെ ഇണക്കാൻ കഴിഞ്ഞില്ലെങ്കിൽ സ്ത്രീകളെ വശീകരിക്കുന്നതിൽ എനിക്കുള്ള സാമർത്ഥ്യവും പരിചയവും വ്യഥാവിലാകുമെന്നു ഞാൻ കണക്കാക്കി.''

"പക്ഷേ, ലൂസി അത്ര മര്യാദകെട്ടവളല്ല.'' ഞാൻ പറഞ്ഞു.

"ഞാൻ എങ്ങനെയാണ് അതു് ആ സമയത്തു് അറിയുന്നതു്? ഇന്നു രാവിലെ മാത്രമാണു ഞാൻ അതു മനസ്സിലാക്കുന്നതു്. ഇക്കാലമത്രയും ഞാൻ വിചാരിച്ചിരുന്നതു് അവൾ അഹങ്കാരിയും മര്യാദയില്ലാത്തവളുമാണെന്നായിരുന്നു. ആ അഹങ്കാരം തകക്കാനുള്ള ശ്രമത്തിലാണ് എൻെറ മരണം സംഭവിച്ചതു്. ദയവായി ശ്രദ്ധിക്കുക. ഞാൻ നിങ്ങളോട്ട് എല്ലാം പറയാം.''

ബോബി തുടന്നു: "അവളുടെ അഹങ്കാരം ഉടയ്ക്കാനുള്ള ശ്രമത്തിൽ ഞാൻ ആ അസ്ട്രേലിയൻയുവതിയുമായുള്ള ബന്ധം നിത്തി. എൻെറ സുഹൃത്തുക്കളായ എല്ലാ ആംഗ്ലോ-ഇന്ത്യൻ യുവതികളുമായുള്ള ബന്ധവും ഉപേക്ഷിച്ചു. പക്ഷേ, എൻെറ മദ്യപാനം കൂടിയതേയുള്ളു. നിത്യവും വൈകുന്നേരം കപ്പലിൻെറ മുകൾത്തട്ടിലിരുന്നു നിശ്ശബ്ദം വയലിൻ വായിക്കുകയും മദ്യക്കുപ്പികൾ കാലിയാക്കുകയുമായി എൻെറ പതിവ്. അതു് ഒരുപക്ഷേ, നിങ്ങൾ ശ്രദ്ധിച്ചിരിക്കും. എന്നാൽ എൻെറ ഉദ്ദേശം എന്താണെന്നു നിങ്ങൾക്കു് അപ്പോൾ മനസ്സിലായിരിക്കുക

യില്ല. സംഗീതത്തിൻെറ വലയിൽ ആ ഒരൊററ പെൺകുട്ടിയെ പിടിക്കുക എന്നതായിരുന്നു എൻെറ ലക്ഷ്യം.

"നാം പോർട്ട്സെയ്ദിൽ എത്തിയതിൻെറ തലേ രാത്രി പൗർണ്ണമിയായിരുന്നു. ആകാശവും സമുദ്രവും നിലാവൊളിയിൽ മുങ്ങി. ഏതാണ്ടു പത്തു മണിയായപ്പോൾ നിങ്ങളും റോയിയും കിടന്നു. മുകൾത്തട്ടിൽ ഞാൻ മാത്രമാണു് ഉണ്ടായിരുന്നതു്. മെൻഡൽസൻെറ 'മിഡ് സമ്മർ നൈററ്സ് ഡ്രീമി'ൻെറ രാഗസുധ എൻെറ വയലിനിൽനിന്നു പ്രവഹിച്ചിരുന്നു. അടുത്തു വെച്ചിരുന്ന ജിൻകുപ്പിയിൽനിന്നു ഞാൻ ഇടയ്ക്കിടെ അല്പാല്പം കുടിച്ചു. വയലിൻ വായിക്കാൻ ആരംഭിച്ചപ്പോൾ ഞാൻ ലൂസിയെക്കുറിച്ചു് ഓർത്തു. എന്നാൽ സംഗീതം ഹൃദയത്തിൽ നിറഞ്ഞതോടെ ഈ ലോകത്തിലുള്ള മറെറല്ലാം മറന്നു. അന്നത്തെ ആ വയലിൻവായന നിർത്തിയപ്പോൾ ഏതാണ്ടു രണ്ടുമണിയായിക്കാണും. വയലിൻ പെട്ടിയിൽ വെച്ചശേഷം തലയുയർത്തി നോക്കിയപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. എൻെറ തൊട്ടുമുമ്പിൽ സമുദ്രാഭിമുഖമായി നോക്കിക്കൊണ്ടു് ഒരു യുവതി നില്ക്കുന്നു. അതു ലൂസിയായിരുന്നു. അവൾ ആ സംഗീതം കുറെ അധികം നേരമായി ആസ്വദിക്കുന്നതുപോലെ തോന്നി. വയലിൻ പെട്ടിയിലാക്കിയ ഉടനെ അവൾ ഒരു കസേര വലിച്ചെടുത്തു് എൻെറ അടുത്തിരുന്നു. കസേര വലിച്ചെടുക്കുന്നതിനിടയിൽ എൻെറ ജിൻകുപ്പി കടലിൽ മറിഞ്ഞുപോയെന്നുമാത്രം. അതു പോകട്ടെ. ഞാൻ ലൂസിയെപ്പററി പറയാം. സംഗീതം ഇഷ്ടപ്പെട്ടോ എന്നു ഞാൻ അവളോടു ചോദിച്ചു. പക്ഷേ, ആലാപനയിൽ ചില തെററുകൾ വരുത്തിയെന്നാണു് അവൾ പറഞ്ഞതു്. ഞാൻ അതിൽ പ്രതിഷേധിച്ചു. അതിനു സാധ്യതയില്ല എന്നു ഞാൻ മറു

പടി കൊടുത്തു. എന്നാൽ ലൂസിയാകട്ടെ ഒരക്ഷരം പറയാതെ പെട്ടി തുറന്നു വയലിനെടുത്തു രാഗങ്ങൾ ആലപിക്കാൻതുടങ്ങി. ഞാൻ അത്ഭുതംകൊണ്ടു് അമ്പരന്നു. സംഗീതത്തിൽ അനേകകാലത്തെ പരിചയമുള്ള ഒരാൾക്കല്ലാതെ അത്ര നന്നായി ആ രാഗങ്ങൾ വായിക്കുവാൻ കഴിയുകയില്ല. ഞാൻ അവളോടു് എന്തോ പറയുവാൻ തയ്യാറാകുകയായിരുന്നു. അപ്പോഴേക്കും വയലിൻ താഴെവെച്ചു് അവൾ സ്ഥലം വിട്ടുകഴിഞ്ഞിരുന്നു.

"അടുത്തദിവസം അവളോടു സംഗീതത്തെപ്പററി സംസാരിക്കാൻ ഞാൻ ശ്രമിച്ചു. എന്നാൽ അവൾ വളരെ ഗൗരവത്തിൽ നിശ്ശബ്ദം കടലിലേക്കു നോക്കി നിന്നതേയുള്ളു. അതിനാൽ ഞാൻ അവിടെനിന്നു പോയി. ഡിന്നറിനുശേഷം ഞാൻ അവളെ കണ്ടു് പോർട്ട് സെയ്ദിൽ എൻെറകൂടെ വരാൻ അഭ്യത്ഥിച്ചു. അവൾക്കു് എന്തെങ്കിലും സമ്മാനം കൊടുക്കുക എന്ന ഉദ്ദേശം എനിക്കുണ്ടായിരുന്നു. സമ്മാനങ്ങൾ കൊടുത്താൽ പെൺകുട്ടികൾക്കു സന്തോഷവും സ്നേഹവും കൂടുമെന്നു് എനിക്കറിയാം. പക്ഷേ, അവൾ ചുട്ട മറുപടിയാണു നല്കിയതു്. 'നിങ്ങൾക്കു കൂട്ടുകൂടി പോർട്ട്സെയ്ദിൽ പോകണമെങ്കിൽ വേറെ ആരുടെയെങ്കിലും കൂടെ പോകുക, എനിക്കു കൂട്ടിൻെറ ആവശ്യമില്ല' എന്നാണു് അവൾ പറഞ്ഞതു്.

"അന്നുരാത്രി ഏതാണ്ടു പത്തരമണിക്കു നിങ്ങളെല്ലാവരും ബാച്ചായി പോർട്ട്സെയ്ദിൽ ഇറങ്ങിപ്പോയി. ഞാൻ നിങ്ങളുടെകൂടെ വന്നില്ല. ഉറങ്ങാൻ പോകുന്നു എന്നാണു ഞാൻ നിങ്ങളോടു പറഞ്ഞതു്. ഓക്കുന്നോ?"

"ഉവ്വ്." ഞാൻ പറഞ്ഞു.

ബോബി: "എന്നാൽ സത്യം നേരെ മറിച്ചായിരുന്നു. രാത്രി രണ്ടു മണിക്കു ഞാൻ പോർട്ട്സെയ്ദിൽ

ഒറ്റയ്ക്കു് ഇറങ്ങി. ആ സ്ഥലം എത്ര കുപ്രസിദ്ധമാണെന്നു് എനിക്കു് അറിയാം. കൊലപാതകം, മോഷണം, കവച്ച്, വ്യഭിചാരം, ബലാൽസംഗം— അങ്ങനെ അവിടെ ഇല്ലാത്തതൊന്നുമില്ല. അതിനാൽ ഞാൻ ഉടുപ്പിനുള്ളിൽ ഒരു റിവോൾവർകൂടി എടുത്തുവെച്ചു. ഇറങ്ങിയ ഉടനെ വേശ്യകളുടെ ദല്ലാളുകൾ എന്നെ പിന്തുടരാൻതുടങ്ങി. അവരെ ഒഴിവാക്കാൻ റോഡുവിട്ടു് ഒരു ഇടവഴിയിലേക്കു തിരിയേണ്ടിവന്നു. കുറെ വളവും തിരിവും കഴിഞ്ഞു് ആ ഇടവഴിയുടെ തലയ്ക്കൽ എത്തിയപ്പോൾ അവിടെ ഒരു പാക്കു് കണ്ടു. ഒരുപക്ഷേ, നിങ്ങൾ ആ ഭാഗത്തൊന്നും പോയിക്കാണുകയില്ല.''

‘‘ഇല്ല. ആ അദ്ധരാത്രിക്കു് ആളൊഴിഞ്ഞ ആ നഗരത്തിൽ അധികം സഞ്ചരിക്കാൻ ഞങ്ങൾ ധൈര്യപ്പെട്ടില്ല.''

‘‘ആ പാക്കിൻെറ മൂലയിൽ ഒരു പഴക്കടയിൽ വെളിച്ചം ഉള്ളതു ഞാൻ കണ്ടു. അതിൻെറ മുമ്പിൽ ലൂസിയും അവളുടെ സഹയാത്രികയായ ആ അമേരിക്കൻസ്ത്രീയും കൂടി തണ്ണിമത്തൻ തിന്നുന്നതാണു കണ്ടതു്. ഞാൻ ഞെട്ടിപ്പോയി. ആ അദ്ധരാത്രിക്കു് അബലകളായ ആ രണ്ടു സ്ത്രീകൾ എന്തൊരു അപകടകരമായ കാര്യമാണു ചെയ്തതു! ചുററും നിരവധി അപകടങ്ങൾ കാത്തിരിക്കുന്നുണ്ടെന്നു് അവർ സ്വപ്നത്തിൽപ്പോലും വിചാരിച്ചുകാണുകയില്ല. ഏതായാലും ഞാൻ അവരുടെ അടുത്തു പോയില്ലെങ്കിലും അകലെനിന്നു് അവരെ ശ്രദ്ധിച്ചു. അപ്പോൾ ഏതാനും നിമിഷത്തിനുശേഷം ഞാൻ നേരത്തെ വിചാരിച്ചതു സംഭവിച്ചു. എവിടെനിന്നോ ഒരു അറബി പെട്ടെന്നു് അവിടെയെത്തി ലൂസിയുടെ കൈക്കു കയറിപ്പിടിച്ചുവലിച്ചു. അവളും വിട്ടുകൊടുത്തില്ല. അവൻെറ കരണ

ത്തു് ഒരടി കൊടുക്കാനുള്ള കരുത്തു് അവൾക്കുണ്ടായി. ഉടനെ കുഴപ്പം ആരംഭിച്ചു. നാലോ അഞ്ചോ അറബികൾ കൂടി അവിടെയെത്തി. എല്ലാവരുംകൂടി ആ രണ്ടു യുവതികളെ വലിച്ചിഴയ്ക്കാൻ തുടങ്ങി. അതു നഗരത്തിന്റെ ആളൊഴിഞ്ഞ ഒരു മൂലയായിരുന്നു. യാത്രക്കാർ അധികവും വലിയ തെരുവുകളിൽ സാമാനങ്ങൾ വാങ്ങുന്നതിൽ വ്യാപൃതരായിരുന്നു. അതിനാൽ ആരും ആ സ്ഥലത്തേക്കു വരാൻ സാദ്ധ്യതയില്ല. ഞാൻ ഏതായാലും ഒട്ടും വൈകിയില്ല. കൈയിൽ റിവോൾവറു കണ്ടതോടെ അറബികൾ അമ്പരന്നുപോയി. കണ്ണടച്ചു തുറക്കുന്ന സമയത്തിനിടയ്ക്കു് ആ യുവതികളെ അവിടെ വിട്ടിട്ട് അവരെല്ലാം അപ്രത്യക്ഷരായി. ആ കടക്കാരൻപോലും ഓടിക്കളഞ്ഞു. ഭാഗ്യവശാൽ ആ സമയം ആ വഴിക്കു് ഒരു കുതിരവണ്ടി വന്നു. ഞാൻ അതു നിർത്തി ആ വിറയ്ക്കുന്ന യുവതികളെ അതിൽ പിടിച്ചുകയറ്റി. ആ അമേരിക്കൻ യുവതി വിറയ്ക്കുന്ന സ്വരത്തിൽ എന്നോടു വീണ്ടും വീണ്ടും നന്ദി പറഞ്ഞുകൊണ്ടിരുന്നു. ലൂസിയാകട്ടെ അകത്തു കടന്ന ഉടനെ പൊട്ടിക്കരയാൻ തുടങ്ങി.

"ആ കുതിരവണ്ടി ഞങ്ങളെ തുറമുഖത്തു് എത്തിച്ചു. ഞങ്ങൾ താഴെ ഇറങ്ങിയപ്പോൾ റോയിയെയും മിസ് മജ്ഞൂദാരെയും കണ്ടു. മജ്ഞൂദാർ ഏതാണ്ടു് പോർട്ട്സെയ്ദിന്റെ പകുതിയോളം വാങ്ങിയിട്ടുണ്ടായിരുന്നു. രണ്ടു പോർട്ടർമാരായിരുന്നു അവ ചുമന്നിരുന്നതു്. തീർച്ചയായും റോയിയുടെ ചെലവിലായിരിക്കണം അവ വാങ്ങിയതു്. നടന്ന സംഭവം ചുരുക്കത്തിൽ വിവരിച്ചശേഷം ഞാൻ ലൂസിയെയും ആ അമേരിക്കൻസ്ത്രീയെയും റോയിയെ ഏല്പിച്ചുകൊടുത്തു.

"രാത്രി ഏതാണ്ടു് അവസാനിക്കാറായപ്പോളാണു്

ഞാൻ കപ്പലിൽ വീണ്ടും എത്തിയതു്. അമ്പതു പവൻ വില കൊടുത്തു ഞാൻ ഒരു നെക്‌ലെസ് വാങ്ങി. അതു ലൂസിക്കുവേണ്ടിയാണെന്നു് നിങ്ങൾക്കു് അറിയാമല്ലോ. വെളുപ്പിനു നാലരമണിക്കു നിങ്ങളുടെ ക്യാബിന്റെ അടുത്തുകൂടി കടന്നുപോയപ്പോൾ നിങ്ങൾ കൂർക്കം വലിക്കുകയായിരുന്നു. റോയിയും ഉറങ്ങുകയായിരുന്നു. ഞാൻ നേരെ കപ്പലിന്റെ മുകൾത്തട്ടിലേക്കാണു പോയതു്. കപ്പൽ അപ്പോൾ മാത്രമാണു തുറമുഖം വിട്ടതു്. ഫെർഡിനാൻഡ് ഡി ലെസെപ്സിന്റെ പ്രതിമയ്ക്കു താഴെക്കൂടി തിരിഞ്ഞു കപ്പൽ കടലിൽ എത്തുകയായിരുന്നു. എന്നാൽ എന്നെക്കാൾ മുമ്പുതന്നെ ലൂസി അവിടെ എത്തിയിരിക്കുന്നതു കണ്ടു് അത്ഭുതപ്പെട്ടു. അവൾ കടലിലേക്കു നോക്കി നില്ക്കുകയായിരുന്നു. പ്രഭാതത്തിലെ ഇളംതെന്നൽ അവളുടെ സൗരഭ്യമുള്ള തലമുടിയിൽ തലോടിക്കളിച്ചു. ഞാൻ അവളുടെ അടുത്തു പോയി നിന്നു. സാവധാനം അവളുടെ വലതുകൈ പിടിച്ചു് 'നിനക്കു ഞാൻ ഒരു സമ്മാനം തരാൻ ആഗ്രഹിക്കുന്നു' എന്നു പറഞ്ഞു. ലൂസി വരണ്ടതെങ്കിലും മൃദുലസ്വരത്തിൽ മറുപടി നല്കി: 'ഇനി നിങ്ങൾ കൂടുതൽ എന്താണു തരാനുള്ളതു്? അല്പം മണിക്കൂറുകൾക്കു മുമ്പു മാത്രമാണു് നിങ്ങൾ എന്റെ അഭിമാനം സംരക്ഷിച്ചുതന്നതു്. ഒരുപക്ഷേ, എന്റെ ജീവൻതന്നെയായിരിക്കും രക്ഷപ്പെട്ടത്തിയതു്. ദയവായി ഇനിയും എന്തെങ്കിലുംകൂടി തന്നു് എന്നെ കൂടുതൽ കടക്കാരിയാക്കാതിരിക്കൂ. നിങ്ങളോടു് ഇപ്പോഴുള്ള കടംതന്നെ എന്റെ ആയുഷ്ക്കാലത്തിനിടയ്ക്കു വീട്ടാൻ സാധിക്കുകയില്ല' എന്നാണു് അവൾ പറഞ്ഞതു്. ഇത്രയും പറഞ്ഞു് അവൾ നിശ്ശബ്ദം അവിടെനിന്നു പോയി.

"എന്റെ ഹൃദയം വീണ്ടും മുറിവേറ്റു. ആ നെക്‌ലെസ്

കടലിൽ വലിച്ചെറിയാൻ ഞാൻ തീരുമാനിച്ചു. മതിയായി. ആ പെണ്ണിന്റെ പുറകെ ഇനി പോകുകയില്ല എന്നു ഞാൻ ഉറച്ചു.

"എന്നാൽ അടുത്തദിവസം നടന്ന സംഭവം എന്നെ വീണ്ടും ചിന്താകുലനാക്കി. ലഞ്ചിനുശേഷം നിങ്ങളെല്ലാം ഉറങ്ങാൻ പോയി. ഞാൻ നടുക്കുള്ള തട്ടിലായിരുന്നു. അവിടെ ഒരു കസേരയിട്ട് അതിലിരുന്നു വിശ്രമിക്കുകയും എൻെറ സ്വന്തം ചിന്തകളുമായി കളിക്കുകയും ചെയ്തു. അടുത്ത് ഒരുകുപ്പി കോണ്യാക്കും ഉണ്ടായിരുന്നു. അതിൽനിന്നു് ഇടയ്ക്കിടെ അല്പാല്പം കുടിച്ചും ചിന്തിച്ചും ഞാൻ അങ്ങനെ ഇരുന്നപ്പോൾ ലൂസി എൻെറ അടുത്തേക്കു ശരംപോലെ പാഞ്ഞുവന്നു. അവളുടെ കാൽ തട്ടി ആ വിലകൂടിയ മദ്യക്കുപ്പി പൊട്ടിത്തകർന്നു. എനിക്കു് അവളോടു പെട്ടെന്നു ദേഷ്യമാണുണ്ടായതു്. അവൾ അതിവേഗം വന്നു എങ്കിലും അത്ര വെളിച്ചത്തിൽ ഇരുന്ന കുപ്പി കണ്ടില്ല എന്നു വിചാരിക്കാൻ കഴിഞ്ഞില്ല. എന്നാൽ അതു മനഃപൂർവ്വംതന്നെ ചെയ്തതാണെന്നു മനസ്സിലായപ്പോൾ എന്റെ കോപം അപ്രത്യക്ഷമായി. അവൾക്കു് എന്നോടു താല്പര്യക്കുറവ് ഇല്ലെന്നു് എനിക്കു മനസ്സിലാകുകയും ചെയ്തു.

"അന്നു രാത്രി നിങ്ങളും ഞാനും ഒരുമിച്ചാണു് ഡാൻസിനു പോയതു്. ഓർക്കുന്നുണ്ടോ?"

"തീർച്ചയായും. കുറച്ചുദിവസം മുമ്പുമാത്രം കഴിഞ്ഞതല്ലേ ആ സംഭവം?" ഞാൻ പ്രതിവചിച്ചു.

ബോബി: "ഡാൻസ് നടന്നുകൊണ്ടിരുന്നപ്പോൾ എന്താണു നടന്നതെന്നു നിങ്ങൾ ഓർക്കുന്നുണ്ടോ?"

ഞാൻ: "അത്രയധികം സ്ത്രീപുരുഷന്മാരുടെയിടയിൽ നിങ്ങളെ ആദ്യം കണ്ടുപിടിക്കാൻ എനിക്കു കഴി

ഞ്ഞില്ല. തന്നെയുമല്ല ഞാനും നൃത്തംചെയ്യുന്നതിൻെറ തിരക്കിലായിരുന്നു.''

ബോബി: ''എന്നാൽ കേട്ടോളു. പറയാം. ആദ്യം എൻെറകൂടെ ഡാൻസുചെയ്യാൻ ഞാൻ മിസ് മജുംദാരോട്ട് അപേക്ഷിച്ചു. അവളുടെ ചുററും നന്നായി ഡ്രസ്സു ചെയ്തു വേറെ ചിലർ നില്ക്കുന്നതു കണ്ടുകൊണ്ടുതന്നെയാണ് അവളെ വിളിച്ചതു്. എന്നാൽ ഡാൻസുചെയ്യാൻ നന്നായി അറിഞ്ഞുകൂടാ എന്നുപറഞ്ഞു് അവൾ ഒഴിഞ്ഞു മാറുകയാണുണ്ടായതു്. പക്ഷേ, അല്പസമയത്തിനുശേഷം അവൾ ഫസ്റ്റ ക്ലാസിലെ മിസ്റ്റർ വറുച്ചയുടെകൂടെ ഡാൻസുചെയ്യുന്നതു ഞാൻ കണ്ടു. അതു തികച്ചും സാമൂഹ്യവിരുദ്ധമായ കാര്യമായിരുന്നു. പ്രത്യേകിച്ചും അവൾ ബോസ്റ്റണിലുണ്ടായിരുന്നതുകൊണ്ടു് ഡാൻസിൻെറ മര്യാദകളെല്ലാം അറിയേണ്ടവളാണ്. ഞാൻ അപമാനിക്കപ്പെട്ടു. എനിക്കു കഠിനമായ ദേഷ്യം ഉണ്ടായി. ഡാൻസുചെയ്യുകയില്ല എന്നു തീരുമാനിച്ചു ഞാൻ വെളിയിൽ പോകുകയായിരുന്നു. ആ സമയം ലൂസി എന്നെ സമീപിച്ചു കൈക്കു കയറി പിടിച്ചു. അതു സ്ത്രീകളുടെ അവസരമല്ലായിരുന്നതിനാൽ ഞാൻ അത്ഭുതപ്പെട്ടു. എന്നാൽ ലൂസിക്കു യാതൊരു തടസ്സവുമില്ലായിരുന്നു. അവളുടെ ആ പെരുമാറ്റം എൻെറ എല്ലാ കോപവും അപമാനവും കഴുകിക്കളഞ്ഞു. പിന്നീട്ട് ഞാൻ ലൂസിയുടെകൂടെ ഡാൻസുചെയ്യുന്നതു് നിങ്ങൾ കണ്ടിരിക്കും, ഇല്ലേ? പിന്നെ, അപ്പോൾ നിരവധി ആളുകൾ ഉണ്ടായിരുന്നിട്ടും മിസ് മജുംദാർ മിസ്റ്റർ വറുച്ചയുടെകൂടെ മാത്രമേ ഡാൻസുചെയ്യുകയുണ്ടായുള്ളു എന്നും രണ്ടുപ്രാവശ്യത്തെ ഡാൻസിനുശേഷം രണ്ടുപേരും അവിടംവിട്ടു പോയി എന്നും നിങ്ങൾ കണ്ടോ? ഒരുപക്ഷേ,

റോയിക്കു ഡാൻസു ചെയ്യാൻ അറിയാൻപാടില്ലായിരിക്കും. അതുകൊണ്ടാകാം അയാൾ വരാതിരുന്നതു്."

ഞാൻ: "അതെ, അതു ഞാൻ ശ്രദ്ധിച്ചു. എന്നാൽ ലൂസി ഒരു റൗണ്ട് ഡാൻസിനുശേഷം നിങ്ങളെ വിട്ടു പോയതും ഞാൻ ശ്രദ്ധിക്കുകയുണ്ടായി. എന്തുപററി?"

ബോബി ഏതാനും നിമിഷം നിശ്ശബ്ദനായിരുന്നു. അനന്തരം അയാൾ തൻെറ പാൻറിൻെറ പോക്കററിൽ കൈയിട്ടു് കുറെ മിട്ടായികളെടുത്തു നീട്ടി: "എടുക്കൂ. ഇവ ലൂസിയുടെ സമ്മാനമാണു്. നിങ്ങളെവേണം ഞാൻ ആദ്യം തീററാൻ."

ഞങ്ങൾ രണ്ടുപേരുംകൂടി ആ സമ്മാനം പങ്കിട്ടെടുത്തു.

ഈ സമയംകൊണ്ടു് ഞങ്ങളുടെ ബസ്സ് കുന്നിൻെറ കിഴക്കുഭാഗത്തു് എത്തിയിരുന്നു. ഇനി ഇറക്കമാണു്. മെഡിററേനിയൻ ഞങ്ങളുടെ കാഴ്ചയിൽനിന്നു മറഞ്ഞു. കുന്നിലെ പാതയുടെ അവസാനമായെന്നു തോന്നി. ബോബി കണ്ണുമടച്ചിരുന്നു മിട്ടായിയുടെ മധുരം നുണഞ്ഞു കൊണ്ടു പറഞ്ഞു:

"എന്തു വിചിത്രമായിരിക്കുന്നു! അവൾ തന്നത്താൻ വന്നു് എൻെറ കൈക്കു പിടിച്ചു. എനിക്കു തോന്നി ഒരു പക്ഷേ, ഞാൻ അവളുടെ ഹൃദയം വശീകരിച്ചുകഴിഞ്ഞു എന്നു്. അതുകൊണ്ടാണു് ഡാൻസു നടന്നപ്പോൾ ഞാൻ അവളെ മാറോടണച്ചു് ആലിംഗനം ചെയ്യാൻ ശ്രമിച്ചതു്. പക്ഷേ, അതോടെ തീർന്നു! എന്നോടൊപ്പം ഡാൻസു ചെയ്തിരുന്ന ആളെവിടെ! ആ മൃദുലശരീരത്തിന്റെ ചലനങ്ങളെവിടെ? അവൾ ഒരു തടിക്കഷണം പോലെ തോന്നി. ഒരു വിധത്തിൽ ഡാൻസ് അവസാനിപ്പിച്ചു് തുടുത്ത മുഖവുമായി അവൾ ക്യാബിനിലേക്കു പോയി. എന്താണു സംഭവിച്ചതെന്നു് എനിക്കു വാസ്തവത്തിൽ മനസ്സിലാ

യില്ല. അവളെപ്പോലെയുള്ള ഒരു പെണ്ണിനെ മനസ്സിലാക്കാൻ വിഷമംതന്നെയാണു്.''

ബോബിയിൽനിന്നു് ഒരു ദീർഘനിശ്വാസം ഉയന്നു. അയാൾ വീണ്ടും പറയാൻതുടങ്ങി: ''ഞങ്ങളുടെ തീൻമേശയിൽവെച്ചു കഴിഞ്ഞരാത്രി എന്താണു നടന്നതു് എന്നു് ഒരുപക്ഷേ, നിങ്ങൾക്കു് അറിഞ്ഞുകൂടായിരിക്കും. എന്നാൽ, ഞങ്ങളുടെ ഒപ്പമിരുന്ന പലരും അതു് അത്ഭുതത്തോടെയാണു ശ്രദ്ധിച്ചതു്. ഡൈനിംഗ്റൂമിൽ റോയ് എന്റെ കൂട്ടുകാരൻ ആണെന്നു നിങ്ങൾക്കു് അറിയാമല്ലോ? ഇന്നലെ രാത്രി ഡിന്നർസമയത്തു് മദ്യം ഇഷ്ടംപോലെ സൗജന്യമായി നല്കിയിരുന്നു. അപ്പോൾ ഞാൻ അതുവരെ കണ്ടിട്ടില്ലാത്ത ഒരു കാഴ്ച കാണുകയുണ്ടായി. റോയ് കുടിക്കുന്നു! ഒരു ഗ്ലാസ്സ് ബിയർപോലും അയാൾ കുടിക്കുന്നതു ഞാൻ അതുവരെ കണ്ടിട്ടില്ല. ആ റോയ് പെഗ്ഗുകണക്കിനു വിസ്കി കുടിക്കുന്നു. 'നിങ്ങൾ എന്താണു ചെയ്യുന്നതു് റോയ്?' എന്നു പറഞ്ഞു ഞാൻ ഒച്ചയെടുത്തു. പക്ഷേ, മറുപടി പറയാതെ അയാൾ കുടി തുടന്നു. നിങ്ങളെല്ലാവരും ഡാൻസിനു പോയിരിക്കയായിരുന്നു. ഞാൻ അവിടെ യാദൃച്ഛികമായി എത്തിനോക്കിയപ്പോൾ മിസ് മജുംദാരും മിസ്റ്റർ വറുച്ചയുംകൂടി ഡാൻസുചെയ്യുന്നതു കണ്ടു. ലൂസിയെ അവിടെയെങ്ങും കണ്ടതേയില്ല. എനിക്കു ഡാൻസിലുള്ള താൽപര്യമെല്ലാം നഷ്ടപ്പെട്ടു. ഞാൻ മുകൾത്തട്ടിൽ വന്നു് റോയിയുടെ അടുത്തിരുന്നു. അയാൾ ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഛർദ്ദിക്കുന്നതാണു കണ്ടതു്. നെഞ്ചുവേദനകൊണ്ടു് അയാൾ മുരളാനും തുടങ്ങി. ഞാൻ ആകെ പരിഭ്രമിച്ചു. ഒരു കപ്പു വെള്ളം അത്യാവശ്യമായിരുന്നു. എന്നാൽ ആ സമയത്തു് അവിടെനിന്നു പോകാനും നിവൃത്തിയില്ല. ആ ഉൽക്കണ്ഠാകുല

മായ അവസരത്തിൽ ലൂസി അപ്രതീക്ഷിതമായി അവിടെ എത്തി. ഒരുപക്ഷേ, റോയിയുടെ ഞരക്കംകേട്ടു വന്നതായിരിക്കും. ഞാൻ അഭ്യർത്ഥിച്ചതനുസരിച്ച് അവൾ എവിടെനിന്നോ ഒരു ജഗ്ഗിൽ വെള്ളം കൊണ്ടുവന്നു. ഞാൻ റോയിയുടെ മുഖത്തു കുറേശ്ശെ വെള്ളം തളിച്ചതോടെ അയാളുടെ സ്ഥിതി ഭേദമായി. ഛർദ്ദി നിന്നു. പക്ഷേ, എക്കിട്ടം ആരംഭിച്ചു. എന്താണു ചെയ്യേണ്ടതെന്ന് ഞാൻ ലൂസിയോടു് ആരാഞ്ഞു. അവൾ ഒരല്പസമയം ആലോചിച്ചശേഷം, 'ഒരു നിമിഷം കാക്കുക' എന്നു പറഞ്ഞു പെട്ടെന്നു പോയി. അല്പസമയത്തിനുള്ളിൽ കൈയിൽ ഒരു കപ്പ് ചൂടു ബോവറിലുമായി അവൾ മടങ്ങിവന്നു. ഞാൻ അതു റോയിയുടെ വായിൽ ഒഴിച്ചുകൊടുത്തു. അയാളുടെ സ്ഥിതി ഭേദമായിത്തുടങ്ങി. എങ്കിലും ആ രാത്രി മുഴുവൻ ഞങ്ങൾ രണ്ടുപേരും റോയിയുടെ അടുത്ത് ഇരുന്നു. നേരം പുലരാറായപ്പോൾ ഞാൻ ലൂസിയുടെ കരം ഗ്രഹിച്ചുകൊണ്ടു പറഞ്ഞു: 'ഇന്നു രാവിലെ എട്ടുമണിക്കു നമ്മൾ മാഴ്സേയിൽ എത്തും. നിന്നോടൊപ്പം കോച്ച് ടൂറിൽ വരാൻ ഞാൻ ആഗ്രഹിക്കുന്നു, ദയവായി വിസമ്മതിക്കരുത്' എന്ന്. അവൾ അപ്പോൾ എന്നത്തെക്കാളും കൂടുതൽ ശാന്തയായിട്ടാണ് എനിക്കു തോന്നിയത്."

ഈ സമയംകൊണ്ടു ബസ്സ് കുന്നിൻപാത വിട്ട് മാഴ്സേനഗരത്തിൻെറ പ്രാന്തപ്രദേശങ്ങളിൽ എത്തിയിരുന്നു. ബോബി സംസാരം തുടർന്നു:

"കപ്പൽ തുറമുഖത്ത് അടുത്ത ഉടനെ ആദ്യം ഇറങ്ങിയതു ഞാനാണ്. ആദ്യത്തെ കോച്ചിന്റെ ആദ്യത്തെ സീററിൽ ലൂസിയുമായി യാത്രചെയ്യുകയായിരുന്നു എന്റെ ഉദ്ദേശം. ഞങ്ങൾ നേരത്തെ ലാ മാർനേ ഗ്രാമത്തിൽ എത്തി. 'ഒന്നു രണ്ടു മണിക്കൂറിനകം ഇവിടെ ആളുകൾ

നിറയും. അതുകൊണ്ടു നമുക്ക് ആളൊഴിഞ്ഞ കടപ്പുറത്തു കൂടി കുറെ നടക്കാം' എന്നു ഞാൻ ലൂസിയോടു പറഞ്ഞു. അവൾ യാതൊരു എതിർപ്പും പ്രകടിപ്പിച്ചില്ല. തീരെ ജനശൂന്യമായ ഒരു സ്ഥലത്തെത്തിയപ്പോൾ ഞാൻ വീണ്ടും ആ വിഷയം എടുത്തിട്ടു: 'അന്നു രാത്രി ഞാൻ നിനക്ക് ഒരു സമ്മാനം തരാൻ ആഗ്രഹിച്ചു. എന്താണ് അതു തിരസ്കരിച്ചതു്? നിൻെറ നോട്ടത്തിൽ ഞാൻ വെറുമൊരു ധൂർത്തനായിരിക്കാം. പക്ഷേ, മനുഷ്യർ തമ്മിൽ ചില സാമാന്യമര്യാദയെല്ലാം വേണം.' ഞാൻ അവളോടു പറഞ്ഞു.

"ലൂസിയുടെ മുഖത്തു യാതൊരു ഭാവഭേദവും കണ്ടില്ല. വ്യക്തമായ സ്വരത്തിൽ അവൾ എനിക്കു മറുപടി നല്കി: 'അത്ര നിസ്സാരമായ ഒരു സാധനംകൊണ്ടു ഞാൻ എന്തു ചെയ്യും? ആ സമ്മാനത്തിനു നിങ്ങൾ എന്തു വില കൊടുത്തു?' എന്നാണു് അവൾ ചോദിച്ചതു്.

"ഞാൻ അതിന്റെ വില പറഞ്ഞു. അതു കേട്ടപ്പോൾ അവൾ പറയുകയാണു്: 'എനിക്ക് അതിലും വിലകൂടിയതാണു വേണ്ടതു്. അതു തരാമോ? നിങ്ങൾ എൻെറ സ്ത്രീത്വത്തിൻെറ പരിപാവനതയും എൻെറ ജീവൻതന്നെയും രക്ഷിച്ചു എന്ന് എനിക്കറിയാം. ഇത്രയും കാലം നിങ്ങളോട്ട് എങ്ങനെ പെരുമാറി എന്നോർത്തു ഞാൻ ലജ്ജകൊണ്ടു മരിക്കുകയാണു്. എന്നാലും ഞാൻ ചോദിക്കുന്നതു നിങ്ങൾ തരുമോ എന്നറിയാൻ ആഗ്രഹിക്കുന്നു.'

"ആ അവസരത്തിൽ ഞാൻ ആ വെല്ലുവിളി സ്വീകരിച്ചു: 'തീർച്ചയായും തരാം. പറയൂ. നിനക്ക് എന്താണു വേണ്ടതു്?' എന്നു ഞാൻ ആരാഞ്ഞു.

"നിങ്ങൾക്ക് അറിയാമോ സെൻ, അവൾ എന്താണു ചോദിച്ചതെന്നു്? അവൾ പറയുകയാണു്, 'ഈ ലോക

ത്തിൽവെച്ച് ഏററവും വിലപിടിച്ചതു നിങ്ങളുടെ വാക്കാണ്. നിങ്ങൾ ഇനി ഒരിക്കലും കൂടുതൽ കുടിക്കുകയില്ലെന്നും ചീത്ത സ്ത്രീകളുമായി കൂട്ടുകൂടുകയില്ലെന്നും എനിക്കു വാക്കു തരൂ.''

''ഞാൻ സ്തബ്ധനായിപ്പോയി. എത്രയോ പെൺകുട്ടികളെ ഞാൻ കണ്ടിട്ടുണ്ട്! വൈവിധ്യമേറിയ സ്വഭാവമുള്ള എത്രയെത്ര സ്ത്രീകളുമായി സഹവസിച്ചിട്ടുണ്ട്! യുവതികളെ വശീകരിക്കുന്നതിൽ ഞാൻ വളരെ മിടുക്കനാണെന്ന ഒരു ഭാവവും എനിക്കുണ്ടായിരുന്നു. എന്നാൽ എൻെറ അഹങ്കാരമെല്ലാം ആ നിമിഷത്തിൽ ആവിയായിപ്പോയി. ഞാൻ ലൂസിക്കു കീഴടങ്ങി. അവൾക്കു വാക്കു കൊടുത്തു. ലൂസി എൻെറ കരം ഗ്രഹിച്ചുകൊണ്ടു പറയുകയാണ്—'നിങ്ങളെ പരിശുദ്ധനാക്കാൻവേണ്ടി തീയിലിടേണ്ടിവന്നു. എന്നാൽ എന്നെ വിശ്വസിക്കു, ഞാൻ നിങ്ങളെ വേദനിപ്പിച്ചപ്പോഴെല്ലാം ഞാനും ഒപ്പം വേദനിക്കുകയായിരുന്നു!' അവളുടെ സ്വരം നനഞ്ഞു. അവൾ തുടർന്നു: 'അതിനു നിങ്ങൾക്ക് എൻെറമേൽ എന്തു ശിക്ഷയും നല്കാം. അതു സ്വീകരിക്കാൻ ഞാൻ തയ്യാറാണ്.'

''ഞാൻ എന്തു ശിക്ഷയാണു അവൾക്കു കൊടുക്കുന്നതു്, സെൻ? അഗാധമായ ആനന്ദത്തോടെ ഞാൻ അവളെ മാറോടണച്ച് ആലിംഗനംചെയ്തു. എന്നാൽ അതോടൊപ്പം തലേ നിമിഷം ജീവിച്ചിരുന്ന ബോബിയെ ഞെക്കിക്കൊല്ലേണ്ടിവന്നു. അതെ, ഞെക്കിക്കൊന്നു ലാ മാർനേയുടെ മണ്ണിൽ കുഴിച്ചിടേണ്ടിവന്നു. അങ്ങനെ ഒരു വാക്കുകൊടുക്കുക എന്നതിൻ്റെയർത്ഥം എന്താണെന്നു നിങ്ങൾക്ക് അറിയാമല്ലോ? പ്രത്യേകിച്ച് എന്നെപ്പോലെയുള്ള ഒരു മനുഷ്യൻെറ കാര്യത്തിൽ. എന്നാലും, വാക്കു വാക്കാണ്. ഞാൻ അതു ജീവിതകാലം മുഴുവൻ പാലിക്ക

ണം. ഒരുപക്ഷേ, ഒരു സ്ത്രീക്കു കീഴടങ്ങുന്നതു് എൻെറ ജീവിതത്തിൽ ആദ്യമായിട്ടായിരിക്കാം. അല്ല, സ്ത്രീക്കു മാത്രമല്ല ഞാൻ കീഴടങ്ങിയതു്. പ്രേമത്തിനു്, യഥാർത്ഥപ്രേമത്തിനാണു് ഞാൻ കീഴടങ്ങിയതു്.''

''ടാക്സികളെയും ട്രാമുകളെയും ഒഴിവാക്കിക്കൊണ്ടു് ഞങ്ങളുടെ ബസ്സ് മാഴ്സെയിൽക്കൂടി ഓട്ടുകയായിരുന്നു. നഗരം വൈദ്യുതപ്രകാശത്തിൽ കുളിച്ചുനിന്നു. യുവതീയുവാക്കന്മാർ റോഡിൻെറ ഇരുവശത്തുമുള്ള പുൽത്തകിടികളിൽ ഇരുന്നും കിടന്നും സൊള്ളിയിരുന്നു.

ബോബിയുടെ കഥ കേട്ടിട്ടു് എൻെറ ഹൃദയം ആനന്ദംകൊണ്ടു നിറഞ്ഞു. അല്പസമയത്തെ നിശ്ശബ്ദത ഭേദിച്ചുകൊണ്ടു്, ബോബി പറഞ്ഞു:

''എന്നാൽ സമർ റോയിക്കു് എന്തൊരു ദൗർഭാഗ്യമാണുണ്ടായതു്!''

''ഉം. എന്താണു്?'' ഞാൻ ആരാഞ്ഞു.

ബോബി: ''ഇന്നുരാവിലെ മിസ് മജൂംദാരെപ്പററി ലൂസി എൻെറയടുത്തു് ഒരു നീണ്ട കഥ പറഞ്ഞു. ബോസ്റ്റണിൽനിന്നുള്ള ആ സ്ത്രീ ലൂസിയുടെ മുറിയിൽത്തന്നെയാണെന്നു നിങ്ങൾക്കറിയാമല്ലോ. ചില വിവരങ്ങൾ കേട്ടപ്പോൾ അവർ ലൂസിയോടു പറഞ്ഞുവത്രെ, താൻ ഇതെല്ലാം പ്രതീക്ഷിച്ചതാണെന്നു്. ബോസ്റ്റണിൽനിന്നുള്ള ആ സ്ത്രീയാണു് മിസ് മജൂംദാരുടെ യഥാർത്ഥ സ്വഭാവം വെളിവാക്കിയതു്. കുറെ വർഷങ്ങൾക്കുമുമ്പു് ആ സ്ത്രീയും മിസ് മജൂംദാരും ബോസ്റ്റണിൽ ഒരുമിച്ചു താമസിച്ചിരുന്നതാണു. ഒരു കാര്യം ഞാൻ പറയുമ്പോൾ നിങ്ങൾ ഞെട്ടരുതു്—നമ്മുടെ മിസ് മജൂംദാർ 'മിസ്സ്'മല്ല മജൂംദാരുമല്ല.''

ഞാൻ പ്രതിഷേധിച്ചു: ''ശുദ്ധ നുണ. അവളുടെ

അച്ഛൻ ഡോക്ടർ ഹിരൺ മജ്ജുംദാരെ അറിയാത്തവരായി കല്ക്കട്ടയിൽ ആരുമില്ല.''

ബോംബിയുടെ ശബ്ദത്തിനു യാതൊരു വ്യത്യാസവും വന്നില്ല. അയാൾ പുഞ്ചിരിച്ചുകൊണ്ടു് എൻെറ പ്രതിഷേധത്തിനു മറുപടി നല്കി:

''ശരിയായിരിക്കാം. പക്ഷേ, തൻെറ പുത്രി മിസ്സിസ് വറൂച്ചയാണെന്ന വിവരം ആ സാധുമനുഷ്യനു് ഇതുവരെ ലഭിച്ചുകാണുകയില്ല. വറൂച്ച ബോസ്റ്റണിൽ വിദ്യാർത്ഥിയായിരുന്ന കാലത്തു് മജ്ജുംദാരും അയാളുമായുള്ള രജിസ്റ്റർവിവാഹം രഹസ്യമായി നടന്നു. മിസ് മജ്ജുംദാർക്ക് അന്നു വെള്ളിനാണയങ്ങളുടെ വെളിച്ചത്തിൽ കണ്ണഞ്ചിപ്പോയി. വറൂച്ചയുടെ തിളങ്ങുന്ന കഷണ്ടിത്തലയെക്കാളും അവളെ കൂടുതൽ ആകർഷിച്ചതു് ആ വെള്ളിക്കാശുകളാണു്. എന്നാൽ വിവാഹത്തിനുശേഷം കുറച്ചുദിവസങ്ങൾക്കുള്ളിൽ എല്ലാം വെറും തട്ടിപ്പാണെന്നു് അവൾക്കു മനസ്സിലായി. കുറേക്കാലം മുമ്പുവരെ വറൂച്ചയുടെ കൈയിൽ ധാരാളം പണമുണ്ടായിരുന്നു. എന്നാൽ ആ പണം മുഴുവൻ അയാൾ അന്താരാഷ്ട്രീയ കുതിരപ്പന്തയങ്ങളിൽ കളയുകയാണുണ്ടായതു്. ഇന്നു് അയാൾ പാപ്പരാണു്. തൻെറ ഭർത്താവായ മിസ്റ്റർ വറൂച്ചയെ പഴയ സ്ഥാനത്തു പുനഃസ്ഥാപിക്കാൻവേണ്ടി പററിയ ഇരകളെ തേടുകയാണു് മിസ് മജ്ജുംദാർ ഇന്നു ചെയ്യുന്നതു്. അതിനുവേണ്ടി സമർ റോയിയെപ്പോലെയുള്ള നിരവധി യുവാക്കളുടെ മൃദുഗളങ്ങൾ അവൾ ഒടിച്ചിട്ടുണ്ടു്. ഈ കാലംകൊണ്ടു് അവൾ കുറേ ആയിരം പവൻ തട്ടിയെടുത്തിട്ടുണ്ടെന്നാണു ഞാൻ കേട്ടതു്. ഏതായാലും എനിക്കു നിങ്ങളോടു വലിയ കടപ്പാടുണ്ടു്, സെൻ. ആ സ്ത്രീയുടെ കെണിയിൽപ്പെടരുതു് എന്നു നിങ്ങൾ ബോധപൂർവ്വമോ

അബോധപൂർവ്വമോ എനിക്കു മുന്നറിയിപ്പു നല്കി. ആ മുന്നറിയിപ്പു നല്കിയില്ലായിരുന്നുവെങ്കിൽ എന്തൊരു വലിയ പിഴ ഞാൻ കൊടുക്കേണ്ടിവരുമായിരുന്നു എന്നോർക്കുകയാണ്. അങ്ങനെ കൊടുക്കേണ്ടിവന്നുവെങ്കിൽ ഞാൻ പിന്നീടു സ്വയം മാപ്പു നല്കുന്നതിനുപോലും കഴിവില്ലാത്തവനാകുമായിരുന്നു.''

ബോബി ഏതാനും നിമിഷം ശാന്തനായി. അനന്തരം വീണ്ടും സംഭാഷണം ആരംഭിച്ചു. അയാൾ എന്നോടു ചോദിച്ചു: ''മിസ് മജുംദാരുടെ ഈ ഇടപാടുകളൊന്നും റോയിക്ക് അറിഞ്ഞുകൂടാ എന്നു നിങ്ങൾക്കു തീർച്ചയുണ്ടോ? വളരെ വിചിത്രമായിരിക്കുന്നു അല്ലേ? എന്നാൽ ഒരുപക്ഷേ, അയാൾ ചിലതെല്ലാം ഈ ദിവസങ്ങൾകൊണ്ടു മനസ്സിലാക്കിയിരിക്കുമെന്നു ഞാൻ ഊഹിക്കുന്നു. അല്ലെങ്കിൽ റോയിയെപ്പോലെ ഇത്ര നല്ല ഒരു യുവാവ് ഇന്നലെ രാത്രിയിലെപ്പോലെ ഇങ്ങനെ കുടിക്കാൻ തുടങ്ങുന്നത് എന്താണ്? കഴിഞ്ഞതിനുമുമ്പുള്ള രാത്രിയിൽ മിസ് മജുംദാരെയും മിസ്റ്റർ വറുച്ചയെയും സംശയാസ്പദമായ അവസ്ഥയിൽ അർദ്ധരാത്രിക്കു റോയി കാണുകയുണ്ടായി എന്നു ലൂസി എന്നോടു പറഞ്ഞു. ആ മുറിയുടെ വാതിൽക്കൽ റോയി അങ്ങോട്ടുമിങ്ങോട്ടും അക്ഷമനായി നടക്കുന്നതും ലൂസി ശ്രദ്ധിക്കുകയുണ്ടായി. അയാൾ ഇടയ്ക്കിടയ്ക്ക് അകത്തു നടക്കുന്ന സംഭാഷണങ്ങൾ ശ്രദ്ധിച്ചതും ലൂസി കണ്ടു.''

ബോബി പറഞ്ഞ ഈ വിവരങ്ങൾ കേട്ടപ്പോൾ എനിക്ക് അല്പം ഖേദമുണ്ടായി. ഹൃദയത്തിൽ അതുവരെ നിറഞ്ഞുനിന്ന സന്തോഷം അപ്രത്യക്ഷമാകുകയും തൽസ്ഥാനത്തു ദുഃഖത്തിൻെറ കരിനിഴൽ വ്യാപിക്കുകയും

ചെയ്തു. എനിക്കു ചുററുമുള്ള ലോകത്തിൻെറ ഉജ്ജ്വലത തന്നെ മൂടൽമഞ്ഞിൽ മങ്ങുന്നതുപോലെ തോന്നി.

ഈ സമയംകൊണ്ടു ഞങ്ങളുടെ ബസ്സ് മാഴ്സേ നഗരത്തിന്റെ മനോഹാരിതയെ മുഴുവൻ പിന്നിലാക്കിക്കൊണ്ടു പുകയും പൊടിയും നിറഞ്ഞ തുറമുഖത്ത് എത്തിക്കഴിഞ്ഞിരുന്നു. അവസാനം അതു തുറമുഖഗേററിൽ വന്നു നിന്നു. യാത്രക്കാർ താഴെയിറങ്ങി തുറമുഖത്തു പ്രവേശിക്കാൻ തുടങ്ങി. ഞാൻ തുറമുഖത്തിൻെറ ഷെഡ്ഡിൽ കാൽ വെച്ച ഉടനെ എന്റെ ക്യാബിനിലെ സഹയാത്രികനായ ബിജയ്പാൽ ബംഗാളിയിൽ വിളിച്ചുപറഞ്ഞു:

"നിങ്ങൾ കേട്ടോ സെൻ, സമർറോയ് അയാളുടെ ക്യാബിനിൽ തൂങ്ങിച്ചത്തിരിക്കുന്നു. മറ്റെല്ലാവരും കപ്പൽ വിട്ടു നഗരം കാണാൻ പോയപ്പോളാണ് ഈ സംഭവം നടന്നതു്. അല്പം മുമ്പു മാത്രമാണ് തുറമുഖപോലീസ് ശവം എടുത്തുകൊണ്ടുപോയതു്. കപ്പൽ മൂന്നു മണിക്കൂർ താമസിച്ചേ പോകുന്നുള്ളു."

വൈദ്യുതാഘാതംപോലെ ആ വാർത്ത എന്റെ ഹൃദയത്തിൽ തുളഞ്ഞുകയറി. വൃദ്ധനായ സുരേഷ്റോയിയുടെ ഹൃദയത്തിൽ ഈ വാർത്ത എന്തൊരു ആഘാതമേല്പിക്കുമെന്ന ചിന്ത ഒരു മിന്നൽപോലെ കടന്നുവന്നു. പണ്ഡിതനായ തൻെറ ഏകപുത്രനാണ് അദ്ദേഹത്തിനു നഷ്ടപ്പെട്ടിരിക്കുന്നതു്.

ബോബി എന്നോടു് ഇംഗ്ലീഷിൽ ചോദിച്ചു: "സെൻ, എന്താണു പാൽ ഇപ്പോൾ പറഞ്ഞതു്? എന്താണു നിങ്ങൾ വല്ലാതിരിക്കുന്നതു്?"

ഞാൻ അയാളോടു് ആ വിവരം ചുരുക്കത്തിൽ പറഞ്ഞു. അതു കേട്ടപ്പോൾ അയാളുടെ മുഖം ഇരുണ്ടു. അന

ന്തരം അയാൾ താഴ്ന്ന സ്വരത്തിൽ പറയുന്നതു കേട്ടു: "ഇ ത്രയും സംഭവിക്കുമെന്നു ഞാൻ സംശയിച്ചതേയില്ല."

പെട്ടെന്ന് അയാൾ യാതൊന്നും പറയാതെ അന്യ മനസ്കഭാവത്തോടെ നഗരാഭിമുഖമായി പോയി.

രാത്രി കപ്പൽ തുറമുഖം വിട്ടുകയായിരുന്നു. ഞങ്ങൾ കപ്പലിൻെറ മേൽത്തട്ടിൽ നിന്നു—ഞാനും ബോബിയും. എൻെറ മാനസികാവസ്ഥ തികച്ചും അവ്യക്തമായിരുന്നു. എന്താണു ചിന്തിക്കുന്നതെന്നുപോലും എനിക്കു് അറിഞ്ഞുകൂടാ. കുറേ കഴിഞ്ഞപ്പോൾ ഞാൻ ബോബിയോടു ചോദിച്ചു:

"നിങ്ങൾ ഇപ്പോൾ എവിടെയാണു പോയതു്?"

ബോബി മറുപടി പറഞ്ഞു: "പട്ടണത്തിലെ പള്ളിയിൽ പോയതാണു്. ഞാൻ അവിടെ പോയി പ്രാർത്ഥിച്ചു. രണ്ടു മെഴുകുതിരികളും കത്തിച്ചു. ഒന്നു് സമർറോയിയുടെ പേരിൽ, മറെറാന്നു് ബോബി സിംഗക്കു വേണ്ടിയും.

MUL
284539

284539
032:3N243:1
K6

UNIVERSITY LIBRARY
8 FEB 1975
MADRAS.

Chn
5/11/70

12 DEC 1960
11/3181